...ANAKAM MOOLAM

032:3N25:23

032:3N23:23
F6

23:23 [F6]
MOOLAM.
MUL
050711

DOCTRINA·VIM·PROMOVET·INSITAM

Madras University Library.

Call Number 032: 3N23:23 (F6)

Accession Number 50711

Available for loan from

This book should be returned on or before the date last marked below.

O. 61

Ananda Press, Madras—10,000—12-9-50.

# കനകംമൂലം.

Kanakam moolam

# കനകം മൂലം

UNIVERSITY LIBRARY
17 MAR 19..
MADRAS

34

ധനത്തെപ്പററിയുള്ള അത്യാഗ്രഹംമൂലമുണ്ടായ നാശങ്ങളെ വിവരിക്കുന്ന
ഒരു നവീനകഥ.

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

MALAYALA MANORAMA,
KOTTAYAM.

മലയാളമനോരമപ്പത്രത്തിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്നതു്.

50711
632:3N23:23
[F6]

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

# മുഖവുര.

കനകം മൂലവും കാമിനി മൂലവും വളരെ അനൎത്ഥങ്ങൾ ലോകത്തിൽ ഉണ്ടായികൊണ്ടിരിക്കുന്നു എന്നുള്ളതു് അവിതൎക്കിതമായ ഒരു കാൎയ്യമാണ്. ഇതിൽ കനകം മൂലം ഉണ്ടായിട്ടുള്ള അനൎത്ഥങ്ങൾ, മലയാളമനോരമയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തീട്ടുള്ളതും ഇപ്പോൾ അച്ചടിച്ചു പുസ്തകരൂപേണ സജ്ജനസമക്ഷം സമൎപ്പിക്കുന്നതുമായ "കനകംമൂലം" എന്ന ഈ കഥയിൽ വളരെ രസകരമായി വിവരിച്ചിട്ടുണ്ടു്. ഈ വിധം കഥകൾ മലയാളഭാഷയിൽ വളരെ ദുൎല്ലഭങ്ങളായി കാണുകയാലും ജനസാമാന്യത്തിനു് ഇതിൽനിന്നു പല അറിവുകൾ സമ്പാദിക്കാനിടയുള്ളതിനാലും ഇതു ഇങ്ങനെ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

പ്രസാധകന്മാർ

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

UNIVERSITY LIBRARY
12 MAR. 1929
MADRAS.

# കനകം മൂലം

## ഒന്നാം അദ്ധ്യായം.

### രണ്ടു വിശേഷങ്ങൾ.

"അദ്ദേഹം വരികയില്ലായിരിക്കും, വരാതിരിക്കുമൊ?" എന്നു കമലാഭായി സന്തോഷവും സന്താപവും ഇച്ഛാഭംഗവും ധൃതിയും ഇടകലൎന്ന സ്വരത്തിൽ അടുത്തിരുന്ന അവളുടെ സഹോദരനോടു ചോദിച്ചു.

രഞ്ജിറ്റുസിംഗ് — "വരാതിരിക്കാൻ ന്യായമില്ല".

കമലാഭായി — "എങ്ങനെ വരുന്നു? വെളിയിലേക്കു നോക്കുക തന്നെ. എത്ര ഭയങ്കരമായി കാറ്റടിക്കുന്നു! മഴ പെയ്യുന്നു! ഈ സമയത്തു് അദ്ദേഹം വരാതിരിക്കുകയാണ് നന്നു്".

അവൾ ഇത്രയും പറഞ്ഞപ്പോഴേക്കു് ഒരു് ഉഗ്രൻകാറ്റു് അവർ ഇരുന്നിരുന്ന മുറിയുടെ മേൽപ്പുരയെ ഭേദിച്ചു ശക്തിയോടു കൂടെ അകത്തു കടന്നു ചുവരിൽ തൂക്കിയിരുന്ന പടങ്ങളെ തട്ടി താഴത്തിട്ടതിന്റെ ശേഷം രഞ്ജിറ്റുസിംഗ് എഴുതിക്കൊണ്ടിരുന്ന കടലാസ്സുകളെ നാലുപാടും ചിതറിച്ചു അവിടെ മങ്ങി എരിഞ്ഞിരുന്ന ദീപവും കെട്ടു. കമലാഭായി ഉടനെ തന്നെ വിളക്കു കത്തിച്ചു വെളിയിലേക്കു നോക്കി. മഴ തകൎത്തു പെയ്തുകൊണ്ടിരുന്നു. വൃക്ഷങ്ങൾ പരിഭ്രമത്തോടു കൂടി നൃത്തം ചെയ്തുകൊണ്ടിരുന്നു. ഇടക്കിടെ കഠിനമായ വിധത്തിൽ ഇടിനാദം മുഴങ്ങിക്കൊണ്ടുമിരുന്നു.

"ഈ രാത്രിയിൽ അദ്ദേഹം വരികയില്ല" എന്നു കമലാഭായി സന്താപസ്വരത്തിൽ പ്രശ്നം ചെയ്തു.

"അയാൾ വരാതിരിക്കുകയില്ല. പ്രതാപൻ പറഞ്ഞാൽ അതിനു് ഇളക്കമില്ല. വിശേഷിച്ചും അയാൾക്കു് ഇന്നത്തെ വണ്ടിക്കു ഡാൎജിലിംഗിലേക്കു പോകണം. പിന്നെ എപ്പോൾ തിരിച്ചു വരുമെന്നു പറയാനും പാടില്ല. അതുകൊണ്ടു നമ്മെ കാണാതെ അയാൾ പോകുകയില്ല."

കമലാഭായി ഉത്തരം ഒന്നും പറയാതെ അവളുടെ സഹോദരന്റെ മുഖത്തേക്കു തന്നെ നോക്കിക്കൊണ്ടിരുന്നു. ആ മുഖം സ്വല്പം വിളറിയിരുന്നു. പുരുഷസൌന്ദൎയ്യത്തെ കുറിക്കുന്ന പൂൎണ്ണലക്ഷണങ്ങൾ ആ മുഖത്തു ധാരാളം പ്രത്യക്ഷപ്പെട്ടിരുന്നു. നിബിഡമായി വളൎന്നുനിന്നിരുന്ന ശ്മശ്രുപൂരവും, വിശാലവും പാവനവും ആയ നെറ്റിത്തടവും, പ്രഭയേറിയവയും ഉജ്ജ്വലത്തുക്കളും ആയ നയനങ്ങളും, നേരിയ പുരികക്കൊടികളും അദ്ദേഹത്തെ വിശിഷ്ടനായ ഒരു പുരുഷനായി എണ്ണുന്നതിനു തകിയതോടു കൂടി മുഖത്തിന്റെ അധോഭാഗത്തിൽ ലീനമായിക്കിടന്ന മനക്കരുത്തില്ലായ്മയെയും, ഇളകി വശാകുന്ന മനഃസ്ഥിതിയെയും, സമാധാനകാംക്ഷയെയും കണ്ണാടിയിലെന്നപോലെ പ്രതിഫലിപ്പിച്ചിരുന്നു. ഇങ്ങനെ വിശിഷ്ടവും, അവിശിഷ്ടവും ആയ ഗുണങ്ങളെ പ്രദ്യോതിപ്പിച്ചുകൊണ്ടിരുന്ന ആ മുഖത്തു കഷ്ടാരിഷ്ടതകളെ ജയിക്കുന്നതിനു കഴിയാത്തതുകൊണ്ടുണ്ടാകാവുന്ന ഒരു കദനനിഴലും പ്രത്യക്ഷമായി സ്ഥലംപിടിച്ചിരുന്നു.

കമലാഭായിക്കു് ഇപ്പോൾ 20 വയസ്സു പ്രായമുണ്ടു്. അവളാകട്ടെ, പ്രഥമദൃഷ്ടിയിൽ കമനീയാംഗിയായ ഒരു യുവതിയാണെന്നു് ആൎക്കും തോന്നിപ്പോകും. അവളുടെ അംഗപ്രത്യംഗപരിശോധനക്കു പുറപ്പെടുന്ന ഒരുവനു് ഇച്ഛാഭംഗമുണ്ടാവാതെ നിവൃത്തിയില്ല. ഓരോ അംഗങ്ങളും, അവയവങ്ങളും വേണ്ടവിധത്തിലായിട്ടില്ലെന്നു് അങ്ങിനെയുള്ള ഒരാൾക്കു ബോദ്ധ്യപ്പെടുന്നതിനു് അത്ര എളുപ്പമല്ലാത്ത വിധത്തിൽ അവയുടെ പരസ്പരയോജിപ്പു് അത്രമാത്രം ആകൎഷണീയമായിരുന്നു എന്നൊരു ഗുണം ഇല്ലാതിരുന്നുമില്ല. അവളുടെ ഉടുപ്പും നടപ്പും, നടിപ്പും, പ്രശാന്തഗംഭീരമായ മന്ദഹാസവും അവൾ എളുപ്പത്തിൽ അളക്കപ്പെടാൻ പാടില്ലാത്ത ഒരു യുവതിയാണെന്നു് ആരെയും പ്രഥമവീക്ഷണത്തിൽ ബോദ്ധ്യപ്പെടുത്തിയിരുന്നു.

ഈ സഹോദരീസഹോദരന്മാർ തമ്മിലുള്ള പെരുമാററം സാധാരണന്മാൎക്ക് അത്ര രസിക്കുമെന്നു തോന്നുന്നില്ല. എങ്കിലും അതുകൊണ്ടവൎക്ക് രണ്ടുപേൎക്കും യാതൊരസുഖവുമുണ്ടായിരുന്നില്ല. സഹോദരിയെ ഏതുകാൎയ്യത്തിലും അനുകൂലിക്കുകയെന്നൊരു വ്രതമേ രഞ്ജിററുസിംഗിനുണ്ടായിരുന്നൊള്ളു. അവളുടെ കുശാഗ്രബുദ്ധിത്വത്തിലും അവസരോചിതമായ പ്രവൃത്തികളിലും അയാൾക്ക് അത്രമാത്രം വിശ്വാസമുണ്ടായിരുന്നു. കമലഭായിയാകട്ടെ ആ സഹോദരനെ അളവററു സ്നേഹിച്ചിരുന്നെങ്കിലും തൻെറ ഇഷ്ടത്തിനു വിപരീതമായി നില്ക്കുന്നതിന് അയാളെ അനുവദിച്ചിരുന്നില്ല. അവളുടെ സ്വഭാവം അങ്ങിനെയായിരുന്നു. ഈ നയം തന്നെ അവൾ അവളുടെ അഛനോടും ഏറക്കുറെ അനുവൎത്തിച്ചു വന്നിരുന്നു. പിതാവായ മോഹനസിംഗിനോട് ഇങ്ങിനെ അനുവൎത്തിക്കുകയല്ലാതെ ഗത്യന്തരമില്ലെന്നു ചില ചില്ലറ തടസ്ഥങ്ങൾക്കുശേഷം രഞ്ജിററുസിംഗും സമ്മതിച്ചുകൊടുത്തു.

ഈ കുടുംബത്തിൽ ഇവർ മൂന്നുപേർ മാത്രമെ അംഗങ്ങളായൊള്ളു. ചിലപ്പോൾ ഒരു വേലക്കാരിയുടെ സഹായം അപേക്ഷിതമായി വന്നിരുന്നു. എങ്കിലും അതിനെ സാധിക്കുന്നതിനു മാത്രം ആദായം ഏതൽക്കാലത്ത് ആ കുടുംബത്തിനില്ലായിരുന്നു. പെട്ടെന്ന് അധോഗതിയെ പ്രാപിച്ച ഒരു വലിയ കുടുംബക്കാരായിരുന്നു അവർ. പിതാവു മോഹനസിംഗിൻെറ അവിചാരിതമായ പ്രവൃത്തികൾ മൂലം കുടുംബസ്വത്തു മുഴുവനും നശിച്ചു. കഷ്ടിച്ചു ദിനചൎയ്യക്കുപോലും ഒരു കാശില്ലാതായി തീൎന്നു. നല്ല സ്ഥിതിയിൽ വളൎന്നു വന്നിരുന്ന ആ സഹോദരീസഹോദരന്മാൎക്കിതു കേവലം അസഹനീയമായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. കാലക്ഷേപത്തിനു നിവൃത്തിയില്ലാതായി എന്നു കണ്ടപ്പോൾ ഒരു കാലത്തു വിനോദത്തിനു മാത്രം പരിശീലിച്ചിരുന്ന സാഹിത്യസംബന്ധമായ പരിശ്രമങ്ങൾ രഞ്ജിററുസിംഗിനെ, കുറച്ചൊക്കെ സഹായിച്ചു. ഈ കുടുംബത്തിനു പെട്ടെന്നുണ്ടായ അധഃപതനത്തിനു ശേഷം കുറച്ചുനാൾ എന്താണ് ചെയ്യേണ്ടതെന്നറിയാതെ അവർ കുഴങ്ങിവശായപ്പോൾ രഞ്ജിററുസിംഗിനു ഭാഗ്യവശാൽ ഒരു പത്രാധിപത്യം കിട്ടി. പ്രതിമാസം 1000 രൂപയോളം ചെലവു ചെയ്തിരുന്ന ആ കുടുംബം 25 രൂപാകൊണ്ടു കാലക്ഷേപം ചെയ്യുന്നത് എങ്ങിനെയാണെന്നൂഹിക്കുകയാണ് നന്ന്. എന്നിട്ടും കമലാഭായി ഇളകിയില്ല. അവളുടെ ധൈൎയ്യം യുവാവായ രഞ്ജിററുസിംഗിനു വളരെ സഹായമായിരുന്നു. അവർ രണ്ടുപേരും കൂടി കുടുംബകാൎയ്യങ്ങളെ ശരിപ്പെടുത്താൻ വളരെ പണിപ്പെട്ടു. വീടും പറമ്പും വിററു കിട്ടിയ ഒരു നല്ല തുക സാധുക്കളായ കടക്കാൎക്കു വീതിച്ചു കൊടുത്തു. ഇനി പട്ടണത്തിൽ താമസിക്കുന്നതു ഭംഗിയായിരിക്കുകയില്ലെന്നു കരുതി, ആ കുടുംബം ലാഹൂറിൽനിന്ന് എട്ടു നാഴിക ദൂരെയുള്ള ഒരു ഗ്രാമത്തിൽ ഒരു ചെറിയ വീടു വാടകയ്ക്കെടുത്തു താമസമാരംഭിച്ചു. ആ സ്ഥലം തന്നെ തിരഞ്ഞെടുക്കുന്നതിനു വിശേഷാൽ ഒരു കാരണവും കൂടിയുണ്ടായിരുന്നു. കമലാഭായിയുടെ കുടുംബത്തിനു നല്ലകാലമായിരുന്നപ്പോൾ അവളെ വിവാഹം ചെയ്യാമെന്നു വാഗ്ദാനം ചെയ്തിരുന്ന പ്രതാപസിംഗിൻെറ അഛൻ ആ ഗ്രാമത്തിലെ പ്രധാനപുരോഹിതനായിരുന്നു. അഛനും മകനും ഈ കുടുംബത്തിൻെറ കഷ്ടകാലദശയിൽ അവരെ ഉപേക്ഷിച്ചില്ല. പ്രത്യുത അവരാൽ കഴിയുന്ന വിധത്തിലെല്ലാം സഹായം ചെയ്തുകൊണ്ടുമിരുന്നു. നേരം വെളുത്താൽ കുറേനേരം രഞ്ജിററുസിംഗ് വല്ലതും എഴുതിക്കൊണ്ടിരിക്കും. എട്ടു മണിക്കു ശേഷം ചവിട്ടുവണ്ടിയിൽ കയറി പട്ടണത്തിലേക്കു തിരിക്കും. തിരിച്ചുവരുന്നതു ചിലപ്പോൾ രാത്രിയിൽ പത്തു മണിക്കായിരിക്കും. ഒരു് ഏതദ്ദേശീയ വൎത്തമാനപത്രത്തിൻെറ ആധിപത്യം അത്ര സുഖകരമായ ഒരു പ്രവൃത്തിയല്ല. സൎവ്വും ചിലപ്പോൾ പത്രാധിപർ തന്നെ നോക്കേണ്ടിവരും. ഇങ്ങനെയൊക്കെ ഇരുന്നിട്ടും ആ കുടുംബത്തിൽ കമലാഭായിയുടെ ഭരണവൈശിഷ്ട്യംകൊണ്ടു സുഖമുണ്ടായിരുന്നു. എന്നാൽ ക്രമേണ അതിന് അനഭിലഷണീയമായ ഒരു മാററം സംഭവിച്ചു. പ്രകൃത്യാ ക്രൂരനായിരുന്ന പിതാവു വൃദ്ധനായി തീൎന്നതോടു കൂടി അയാൾ ഈ സഹോദരീസഹോദരന്മാരെ പലവിധത്തിലും ഉപദ്രവിച്ചുതുടങ്ങി. അഭിമാനക്ഷയകരമായ ദുൎവൃത്തികളിൽ ആസക്തനായിത്തീൎന്നു മദ്യപാനത്തിൽ പ്രസക്തി നാൾതോറും വളൎന്നുവന്നു. അതോടു കൂടി രോഗവും, അസംതൃപ്തിയും, ദുരാഗ്രഹവും വൎദ്ധിച്ചു. കഴിഞ്ഞ കാലങ്ങളെപ്പററി അയാൾ ഖേദിച്ചുതുടങ്ങി. ആ ഖേദം പശ്ചാത്താപംകൊണ്ടുണ്ടായതായിരുന്നില്ലാ. പിന്നെയോ, ന്യായമായ വിധത്തിൽ കോടതിമൂലം നിവൃത്തി സമ്പാദിച്ച അയാളുടെ പല കടക്കാരെയും ഉപദ്രവിക്കുന്നമെ

നുള്ള ഐകവിചാരം സാധിക്കാതെവന്നതിൽനിന്നുണ്ടായതുമാത്രമായിരുന്നു. അയാൾ നശിക്കുന്നതിനുള്ള പ്രധാനകാരണം വ്യവഹാരഭ്രമമായിരുന്നു. ഒടുവിൽ നിവൃത്തിയില്ലാതായപ്പോൾ ഹൃദയം തകൎന്ന് അയാൾ പിന്മാറി. അതോടുകൂടി പ്രതികാരബുദ്ധിയും, ദുരാലോചനകളും അയാളെ ജുഗുപ്സാവഹമായ ഒരു സത്വമാക്കിത്തീൎത്തിരുന്നു. അതിലേക്ക് അയാൾ എന്തും ചെയ്വാൻ തയാറുമാണ്. പണം—പണം—പണം എന്നൊരു വിചാരമേ അയാൾക്കുണ്ടായിരുന്നുള്ളു. ദൈവികകഥകൾ വായിച്ച് ആത്മാവിനു സമാധാനം ഉണ്ടാക്കണമെന്നു രഞ്ജിറ്റുസിംഗ് ഗുണദോഷിച്ചാൽ "നന്ദികെട്ട മറയാ, നിന്റെ അഛൻ പട്ടിണി കിടക്കുന്നതു നീ കാണുന്നില്ലേ? ഞാൻ സമ്പാദിച്ചാൽ നിനക്കു സുഖമായി എന്നായിരിക്കാം വിചാരം". എന്നിങ്ങനെയുള്ള ഹൃദയഭേദകങ്ങളായ ശകാരങ്ങൾകൊണ്ടു അയാളെ മടക്കും.

ഇങ്ങനെ ഉള്ള ഒരു കുടുംബത്തിൽ കഴിച്ചുകൂട്ടുക എന്നതു വളരെ പ്രയാസമായ ഒരു കാൎയ്യമാണെന്നുള്ളതിനു തൎക്കമില്ലല്ലോ. രഞ്ജിറ്റുസിംഗ് ഇതൊക്കെ ക്ഷമയോടുകൂടി സഹിച്ചു. കമലാഭായിയുടെ അസുഖത്തെ തൽക്കാലം കുറയ്ക്കുന്നതിന് അവളുടെ കാമുകനായ പ്രതാപസിംഗൻ അവിടെ ഉണ്ടായിരുന്നു. അയാൾ ഹിമാലയാപൎവ്വതത്തിൽ സൎവ് നടത്തുന്നതിനു നിശ്ചയിക്കപ്പെട്ടിരുന്ന സംഘത്തിലെ ഒരു സൎവ്വയരാണ്. കൽക്കട്ടായിലെ ഒരു സാങ്കതികവിദ്യാലയത്തിൽ പഠിച്ച് ഉന്നതപരീക്ഷകൾ ജയിച്ച ഉടനേ അദ്ദേഹം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടു. ഉദ്യോഗം കയ്യേൽക്കുന്നതിനായി പൎവ്വതങ്ങളിലേക്കു പോകുന്നതിനു മുമ്പ് അഛനേയും പ്രാണപ്രണയിനിയേയും ഒന്നു കാണുന്നതിനു മാത്രം തൽക്കാലത്തേക്കു സ്വന്തഗ്രാമത്തിൽ വന്നിരിക്കുകയാണ്. അദ്ദേഹത്തിന് ഉദ്യോഗം കയ്യേൽക്കുന്നതിനു മൂന്നു മാസത്തെ അവധി ഉണ്ടായിരുന്നു. എന്നാൽ പെട്ടെന്നുണ്ടായ ചില കാരണങ്ങളാൽ ആ സൎവ്സംഘം ഉടനേ തന്നെ ഉദ്യോഗസ്ഥലത്തേക്കു തിരിച്ചുകൊള്ളണമെന്നു ഗവൎമ്മെൻറിൽനിന്നു ഉത്തരവുണ്ടായതിന്റെ ഫലമായിട്ടാണ് യുവാവായ പ്രതാപസിംഗ്, ഡാൎജ്ജിലിംഗിലേക്ക് ഉടനെ പുറപ്പെടുന്നതിനു നിർബന്ധിതനായത്. ആ വിവരം അറിഞ്ഞ ഉടനെ താൻ അന്നു തന്നെ പോകുന്നു എന്നും പോകുന്നതിനു മുമ്പു കമലത്തിനെ കാണുമെന്നും പ്രതാപസിംഗ് കമലാഭായിക്ക് എഴുതിയിരുന്നു. ആ എഴുത്തിലെ താല്പൎയ്യം അനുസരിച്ചാണ് കമലാഭായി ക്ഷമയില്ലാതെ കാത്തിരിക്കുന്നതായി നാം ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ കണ്ടതു്.

രാത്രി മണി പത്തായി എന്നിട്ടും പ്രതാപസിംഗിനെ കണ്ടില്ല. അവരുടെ ആശ മിക്കവാറും അസ്തമിക്കാറായപ്പോൾ അവർ ഇരുന്നിരുന്ന മുറിയുടെ കതകു പെട്ടെന്നു തുറക്കപ്പെട്ടു. കമലയുടെ ഹൃദയം തുടിച്ചു. അടുത്ത നിമിഷത്തിൽത്തന്നെ അവളുടെ മുഖം മങ്ങി. ആഗതനായ മനുഷ്യൻ അവളുടെ പിതാവായിരുന്നു.

"പ്രതാപസിംഗ് വന്നില്ലാ ഇല്ലേ? ഈ കൂട്ടരൊക്കെ നന്ദികെട്ടവരാണ്. ഇവിടെ വന്നാൽ നമുക്കു വല്ലതും തരണമെന്നു വിചാരിച്ചു കടന്നുകളകയാണ് ചെയ്തത്" എന്നു സരോഷം അയാൾ പറഞ്ഞു.

"എന്റെ അഛാ, ഈ മാതിരി നീചവിചാരങ്ങൾ അഛനെ ഇനിയും മലിനപ്പെടുത്തുന്നുവല്ലോ."

മോഹനസിംഗ് —"എന്തു പറഞ്ഞു? കൊള്ളാം; നീചത്വമാണോ പറഞ്ഞതു്? എനിക്കു പണമുണ്ടായിരുന്നപ്പോൾ നിന്നെ കല്യാണം കഴിക്കാൻ അയാൾക്കും അയാളുടെ അഛനും ഉണ്ടായിരുന്ന ധൃതി എന്തായിരുന്നു ഞാൻ നിൎദ്ധനനായപ്പോൾ ചീഞ്ഞ പട്ടിയെ എന്നപോലെ അവർ നമ്മെ വെടിഞ്ഞില്ലേ? അവനെ ഒന്നു കണ്ടിരുന്നു എങ്കിൽ ഞാൻ ഒന്നു ചോദിക്കുമായിരുന്നു. നന്ദികെട്ട കൂട്ടം, എനിക്കു കാണേണ്ടാ. എന്താ, അവൻ വരുമെന്നോ? വരട്ടെ. ഞാൻ ഒന്നു ചോദിക്കാം. വരും, എവിടെ വരും? അവൻ രഹസ്യമായി ഇപ്പോൾ പത്തു കല്യാണം കഴിച്ചിരിക്കും. അവൻ അങ്ങനെയുള്ളവനാണ്"

രഞ്ജിറ്റുസിംഗ്— 'മതി, അഛാ മതി. നിരപരാധികളെ ശകാരിച്ച് ഇനിയും പാപം വൎദ്ധിപ്പിക്കണമെന്ന് അഛൻ വിചാരിക്കരുത്."

മോഹ—"മിണ്ടരുത്. നിന്റെ യോഗ്യതകളും നീതിവാക്യങ്ങളും ഒക്കെ എനിക്ക് അറിയാം". അദ്ദേഹം രണ്ടു കൈകൾകൊണ്ടും വയറു ഞെരിച്ചുപിടിച്ചുകൊണ്ടു പറഞ്ഞു. "അയ്യോ! കമലേ! എന്റെ വയറു പിളൎക്കുന്നു ആ ബ്രാണ്ടിക്കുപ്പി ഇങ്ങെടുക്കു്. ഒരു തുള്ളി മതി. അയ്യോ! എനിക്കു വയറുവേദന സഹിക്കാൻ പാടില്ല."

കമലം—"ബ്രാണ്ടിക്കുപ്പി ഒന്നും ഇല്ല. ഇന്ന് ആറു പ്രാവശ്യം അഛൻ കുടി

ച്ചിരിക്കുന്നു. പിന്നെ കുപ്പിയിൽ വല്ലതും കാണുമോ"?

മോഹനസിംഗ്—"കഷ്ടം കഷ്ടം. നീ ഇത്ര ഗുരുത്വമില്ലാത്തവളായിപ്പോയല്ലെ. രഞ്ജിററു്! നീ നിൻെറ അച്ഛനെ കൊല്ലും. ഒരു തുള്ളി ബ്രാണ്ടിയെ എനിക്കു വേണ്ടു. അതും നീ തരികയില്ല. ഞാൻ വെളിയിലേക്കു പോകുന്നു. എനിക്ക് ഇതു കൂടാതെ കഴികയില്ല.

രഞ്ജി—"അച്ഛാ, ഈ തണുപ്പത്തു പോകണ്ടാ, ഇന്ന് അതു കൂടാതെ കഴിയട്ടെ."

മോഹ—"പോ. നിനക്കെന്തറിയാം? എനിക്കിത്ര കൂടാതെ കഴിയുകയില്ല."

രഞ്ജി—എന്നാൽ ഞാൻ പോയിവരാം.

മോഹനസിംഗ് വെളിയിലേക്കു നോക്കി. കാററു് ഉഗ്രമായി അടിച്ചുകൊണ്ടു തന്നെ ഇരുന്നു. രഞ്ജിററുസിംഗ് ഇരുന്നിടത്തുനിന്ന് എഴുന്നേററു. സാവധാനത്തിൽ കമലം അയാളുടെ ചെവിയിൽ "അച്ഛൻ പോട്ടെ. അദ്ദേഹം വരികയാണെങ്കിൽ അതാണ് നന്ന്" എന്നു മന്ത്രിച്ചു.

രഞ്ജിററു് അവിടെത്തന്നെ ഇരുന്നു. മോഹനസിംഗ് തിരിഞ്ഞു നോക്കിയപ്പോൾ രഞ്ജിററുസിംഗ് പോയിട്ടില്ല. "നീ പോകണ്ടാ. നീ പോയാൽ ശരിയാകയില്ല. ഞാൻ ഇപ്പോൾ വന്നേക്കാം. ഒരു രൂപ തരു, അതു മതി."

രഞ്ജിററുസിംഗ് രൂപ കൊടുത്തു. തിരിഞ്ഞുനോക്കാതെ മോഹനസിംഗ് നടന്നു.

അഞ്ചു മിനിട്ടു കഴിഞ്ഞു പ്രതാപസിംഹൻ ചിരിച്ചുകൊണ്ടു മുറിക്കകത്തു കടന്നു വന്നു. കമല സന്തോഷംകൊണ്ട് അമ്പരന്നു.

"കമലം! ഞാൻ വരികയില്ലെന്നു വിചാരിച്ചു അല്ലെ? എന്നാൽ നീ എന്നെ അറിഞ്ഞിട്ടില്ല. രഞ്ജിററു്! എന്തൊരു മഴയാണിതു്"—എന്നു പറഞ്ഞ് അയാൾ കൈലേസ് എടുത്തു തല തുവർത്തി.

രഞ്ജിററുസിംഗ് മര്യാദ വിചാരിച്ചു മുറിയിൽനിന്നു പിന്മാറാൻ ഭാവിച്ചു.

അപ്പോൾ പ്രതാപസിംഗ്—"രഞ്ജിററു്, എനിക്കു താമസിക്കാൻ നേരമില്ല. ഒരു നേരംപോക്കു പറയാനുണ്ട്. ഇങ്ങോട്ടു വരിക."

രഞ്ജിററു്—"എന്തെന്നാണ് നേരംപോക്ക്? പറയു കേൾക്കട്ടെ"

പ്രതാപസിംഗ്—"ഇങ്ങനെ ഒരു നേരംപോക്ക് ഇതിനു മുൻപ് ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്."

കമല—"എന്നാൽ എനിക്കും ഒരു നേരംപോക്കു പറവാനുണ്ട്. പക്ഷെ അതു കേട്ടാൽ നിങ്ങൾ ലഹള കൂട്ടും."

പ്രതാപ—"തീർച്ചയായും എൻെറ നേരംപോക്കിനോളം കേമമാകുകയില്ല. സംശയമില്ല".

കമലം—"ആരു പറഞ്ഞു? എൻെറ നേരംപോക്കായിരിക്കും നന്ന്."

രഞ്ജിററു്—"ആട്ടെ. നിങ്ങൾ ശണ്ഠ പിടിക്കണ്ടാ. ഞാൻ മദ്ധ്യസ്ഥനാകാം. സ്ത്രീകൾ അബലകളല്ലേ? അവക്ക് അടക്കമില്ലല്ലൊ. കമലം! നീ തന്നെ പറയു, കേൾക്കട്ടെ."

കമലം—"എൻെറ കഥ സാരമില്ല. പക്ഷെ അതിൽ വളരെ രസികത്വമുണ്ട്. അതു കേട്ടാൽ നിങ്ങൾ അയാളെ കൊല്ലും"—എന്നു പ്രതാപനോടു പറഞ്ഞു.

പ്രതാ—"എന്ത്? കമലത്തിനെ വല്ലവരും ഉപദ്രവിച്ചുവെന്നോ"?

കമലം—"ഞാൻ പറഞ്ഞില്ലേ ലഹള കൂട്ടമെന്ന്? തുടങ്ങിയല്ലൊ".

പ്രതാ—"ഇല്ലാ ഞാൻ മിണ്ടാതെയിരിക്കാം. കേൾക്കട്ടെ."

കമലം—"ഉപദ്രവം ഒന്നും ആരും ചെയ്തില്ല. എങ്കില്യ അതു വളരെ നേരംപോക്കായിരുന്നു. ഇന്നു കാലത്തു ഞാൻ അമ്പലത്തിലേക്കു പോകുകയായിരുന്നു. വിചാരിച്ചിരിക്കാതെ മഴയും തുടങ്ങി. പോകാൻ നിവൃത്തിയില്ലാതായപ്പോൾ വഴിയരികെ ഒരൊഴിഞ്ഞ പീടികക്കെട്ടിടത്തിൽ കയറി ഞാൻ നിന്നു. അപ്പോൾ ആ വഴി ആ മഴയൊക്കെ നനഞ്ഞ് ഒരു മനുഷ്യൻ വന്നു. അയാളും അവിടെ കയറി നില്പായി. ഒരു സാധു. കരിയും ചെളിയും അയാളുടെ ദേഹത്തൊക്കെയുണ്ടായിരുന്നു. മുഖം വല്ലാതെ വിളറിയിരുന്നു. ഞാൻ അയാളെ ഒന്നുരണ്ടു തവണ സൂക്ഷിച്ചു നോക്കി. ഒരു മുപ്പതു വയസ്സു പ്രായം കാണും. അയാൾ എന്നോടു സാധാരണ രീതിയിൽ സംസാരിക്കാൻ തുടങ്ങി. ഗൌരവമായിട്ടാണ് സംസാരിക്കുന്നത്. മുഖത്തും എന്തോ ഒരു ഗൌരവമൊക്കെയുണ്ട്. അധികം താമസിയാതെ ഞങ്ങൾ രണ്ടുപേരും തുറന്നു സംഭാഷണം തുടങ്ങി. മഴ തകർത്തുകൊണ്ടിരുന്നു. ഞങ്ങൾ പല കാര്യങ്ങളെപ്പററിയും സംസാരിച്ചു. നിങ്ങളുടെ അച്ഛൻ ഒരു നല്ലയാളാണെന്നും മററും പറഞ്ഞു. ഒടുവിൽ ഞങ്ങൾ പിരിയാറായപ്പോൾ അയാൾ എൻെറ അടുക്കലേക്കു വന്നു. എന്തിനാണെന്നറിയാതെ ഞാൻ ശങ്കിച്ചു നിന്നപ്പോൾ അയാൾ എൻെറ മുഖത്തു തുറിച്ചു നോക്കി. എന്നിട്ടു ചോദിച്ചു, "നിങ്ങൾ ഈ പാവപ്പെട്ട എന്നെ ഭർത്താവായി സ്വീകരിക്കുമോ?"—ഞാൻ അന്ധാളിച്ചുപോയി! പിന്നെ പൊട്ടിച്ചിരിച്ചു.

ഞാൻ അവിടുന്ന് ഉടനേ തന്നെ കടന്നു. ഇതാണെന്റെ കഥ! നേരമ്പോക്കായിരിക്കുന്നില്ലേ"?

പ്രതാ—"ആ അധികപ്രസംഗിയെ ഞാൻ കണ്ടിരുന്നുവെങ്കിൽ അവന്റെ തല തല്ലിക്കീറുമായിരുന്നു".

കമലം—"ഹേയി. സാധു. സ്വല്പം ഭ്രാന്തില്ലയോ എന്നു സംശയിക്കുന്നു."

രഞ്ജിറവ്—"എന്നിട്ടു നീയെന്നോടിതിനെപ്പററി ഒന്നും പറഞ്ഞില്ലല്ലൊ. കഥ വളരെ നേരമ്പോക്കായിരിക്കുന്നുവെന്ന് എനിക്കു തോന്നുന്നു."

പ്രതാ—"മണ്ണാംകട്ടയാണ്. വകതിരിവു കെട്ടവൻ."

കമലം—"പോട്ടെ, ചീത്തയാണെങ്കിൽ ചീത്തയായിക്കൊള്ളട്ടെ. മററ കഥ കേൾക്കട്ടെ."

പ്രതാ—"അതിതിനേക്കാൾ ഒക്കെ നന്നു തന്നെ. സംശയമില്ല. എന്തതിശയകരമായിരിക്കുന്നു! ഞാൻ ഇങ്ങോട്ടു വരാൻ താമസിച്ചതു വഴിയിൽ സ്വല്പം താമസിക്കേണ്ടിവന്നതിനാലാണ്. ഇവിടുന്നു സ്വല്പം തെക്കായിട്ട് ഒരാൾ വണ്ടിയിൽ കയറി സാവധാനത്തിൽ വരികയായിരുന്നു. ഞാനും പുറകേയുണ്ടായിരുന്നു. ഇരുട്ടോ കഠിനം! അയാളുടെ വണ്ടി വഴി തെററി ഓടയിൽ മറിഞ്ഞു. ഞാൻ അതു പിടിച്ചു നേർവഴിയിൽ ഇട്ടുകൊടുത്തു. അയാൾ അതിനു നന്ദി പറഞ്ഞതിനു ശേഷം എന്റെ കയ്യിൽ ഈ കടലാസുകഷണം തന്നു. വല്ല പരസ്യക്കടലാസുമാണെന്നേ ഞാൻ വിചാരിച്ചൊള്ളു. വിളക്കത്തു വന്നു നോക്കിയപ്പോഴല്ലേ കാര്യം മനസ്സിലായതു്. 100 രൂപയുടെ ഒരു ഗവമ്മെൻറു നോട്ട്; എന്തതിശയം നോക്ക്"?

കമല നോട്ടു വാങ്ങി നോക്കി, അതൊന്നാന്തരം ഗവമ്മെൻറുനോട്ടു തന്നെയായിരുന്നു.

രഞ്ജിറവ്—"ഇതത്ഭുതകരമായിരിക്കുന്നു. അയാൾ തീച്ചയായിട്ടും കുബേരൻ തന്നെയായിരിക്കണം."

പ്രതാപ—"എനിക്കയാളുടെ പണമേ വേണ്ട. അയാൾക്കു വല്ല പിശകും പററിയിരിക്കണം. രഞ്ജിറവ്! ഈ പണം തിരിച്ച് ഏൽപ്പിക്കാൻ വഴി എന്താണ്"?

രഞ്ജിറവ്—"പരസ്യം ചെയ്തു നോക്കണം."

കമലം—"എന്തിനു പരസ്യം ചെയ്യുന്നു. നിങ്ങൾ വിചാരിക്കുന്നതിനേക്കാൾ കൂട്ടതലായ നിലയിലായിരിക്കും, ഈ ഉപകാരത്തെ അയാൾ കരുതിയിരിക്കുന്നത്. അതിനു പ്രതിഫലമായിട്ട് ഈ നോട്ടു തന്നു എന്നു വിചാരിക്കാൻ പാടില്ലേ"?

പ്രതാപ—"നമുക്കീ പണം വേണ്ടാ. കമലം! നീ ഇതു തിരിച്ചു കൊടുക്കണം, ഇതാ ഏററു വാങ്ങിക്കൊള്ളുക. എനിക്ക് ഇതിനെപ്പററി തക്കിക്കാൻ നേരമില്ല. ഞാൻ പോകുന്നു. രഞ്ജിറവ്! നാം വീണ്ടും കാണുമ്പോൾ നിങ്ങൾ ഒരു വലിയ പത്രാധിപരായിരിക്കണം. കമലം! നാം വീണ്ടും കാണുമ്പോൾ—" പ്രതാപൻ ശേഷമൊന്നും പറഞ്ഞില്ല. കമലത്തിന്റെ കണ്ണിൽനിന്നു സന്തോഷംകൊണ്ടോ സന്താപംകൊണ്ടോ എന്തോ കണ്ണുനീർ പെട്ടെന്നു തുടുതുടെ പൊഴിഞ്ഞു.

കമലം അവളുടെ കാമുകനോടു കൂടി പടിവാതുക്കൽവരെ പോയി.

"പ്രതാ—കമലം, ഞാൻ തിരിച്ചു വരുന്നതു നിന്നെ കല്യാണം കഴിക്കുന്നതിനായിരിക്കും".

കമലം—"അങ്ങേ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ"

അവർ പിരിഞ്ഞു.

## രണ്ടാം അദ്ധ്യായം

### കോടീശ്വരൻ.

വഷകാലം ആരംഭിച്ചിരിക്കുന്നു. തെക്കുപടിഞ്ഞാറൻകാററ് ഊക്കോടു കൂടി അടിച്ചു, രഞ്ജിറവുസിംഗ് താമസിച്ചിരുന്ന അഷ്ടഗ്രാമത്തിലെ നിവാസികളെ ആബാലവൃദ്ധം തണുപ്പിച്ചു ക്ലേശിപ്പിച്ചുകൊണ്ടിരുന്നു. വല്ലപ്പോഴും സൂര്യപ്രകാശമുണ്ടായാൽ ആ ഗ്രാമം അപരിമിതമായ വിധത്തിൽ രമണീയതരമായിരുന്നു. അണിയണിയായി നിരന്നുനിന്നിരുന്ന ചെറുവീടുകളുടെ ഇടയ്ക്കായി നിബിഡമായി വളർന്നുനിന്നിരുന്ന വൃക്ഷങ്ങൾ ആ ഗ്രാമത്തിന് എന്തെന്നില്ലാത്ത ഒരു രാമണീയകത്വം പ്രദാനം ചെയ്തുകൊണ്ടിരുന്നു. പച്ചിലമരങ്ങളുടെ ഇടയിൽക്കൂടി വ്യോമമണ്ഡലത്തിൽ പൊങ്ങി പ്രകാശിക്കുന്ന പൊന്നിൻകൊടിമരവും, ക്ഷേത്ര

ത്തിൻെറ മുകൾത്തട്ടിൽ ലസിച്ചുകൊണ്ടിരുന്ന സുവർണ്ണസ്തൂപികാഗ്രങ്ങളും, ബാലാക്കരശ്മി തട്ടി പ്രതിബിംബിച്ചു പ്രകാശിക്കുന്നതു കാണാനുള്ള രസികത്വം കേവലം അവർണ്ണ്യമത്രേ. ഇങ്ങനെയുള്ള കാഴ്ച കാണുന്നവനിൽ തീർച്ചയായിട്ടും കവിതാഭഗവതി വിളയാടാതിരിക്കാൻ നിവൃത്തിയില്ല.

സമീപത്തുണ്ടായിരുന്ന കുന്നിൻെറ മുകളിൽനിന്ന് ഈ മനോഹരമായ കാഴ്ച കണ്ടു നവംനവങ്ങളായ ആശയങ്ങളാൽ ആഹ്ളാദഭരിതരാകുന്നതിന് ആഗ്രഹിക്കാത്ത രസികന്മാർ ഉണ്ടോ എന്നു തന്നെ സംശയമാണ്. അതെങ്ങനെയെങ്കിലുമിരിക്കട്ടെ. ഈ കാഴ്ച രഞ്ജിറവുസിംഗിനെ അസാധാരണമായ വിധത്തിൽ ആഹ്ളാദചിത്തനാക്കിത്തീർത്തു. അയാൾ ഒരു പത്തു മിനിട്ടു നേരം ആ ഗ്രാമത്തിനു നേരെ നോക്കിക്കൊണ്ടുനിന്നതിനു ശേഷം പെട്ടെന്നു മറുഭാഗത്തേക്കു പിന്തിരിഞ്ഞു നോക്കി. അവിടേയും അയാളുടെ നയനങ്ങളെ വിസ്മയിപ്പിക്കുന്നതിനു മതിയായ ദർശനങ്ങൾ തയാറുണ്ടായിരുന്നു. എന്തൊരു കെട്ടിടം! ഇത്ര രമ്യമായ ഹർമ്മ്യത്തെ അയാൾ ഇതിനു മുമ്പു കണ്ടിട്ടുണ്ടായിരുന്നില്ല. ആകാശവീഥിയെ അലംകരിച്ചിരുന്ന ആ മാളികയുടെ മനോഹരതയെ വർണ്ണിക്കുന്നതിനു കാവ്യരസികനായ രഞ്ജിറവുസിംഗിനു തന്നേയും സാധിച്ചില്ല. അതിനടുത്തായിത്തന്നെ ചതുരാകൃതിയിലുള്ള ഒരു കെട്ടിടവും അയാൾ കണ്ടു. ആ കെട്ടിടത്തിൻെറ മദ്ധ്യഭാഗത്തുനിന്നു മേല്പോട്ടുയർന്നുനിന്നിരുന്ന ഒരു കുഴലിൽക്കൂടി "കുമുകുമാ"യെന്നു പുക പൊങ്ങിക്കൊണ്ടിരുന്നു. ഈ കെട്ടിടങ്ങളെല്ലാം 50 ഏക്കർ ചുററളവുള്ള ഒരു കുന്നിലാണ് കെട്ടപ്പെട്ടിരിക്കുന്നത്. അതിനു ചുററും പൊക്കമുള്ള മതിലുകളും ഇരിമ്പു പടിവാതിലുകളും ഉണ്ടായിരുന്നു. പ്രധാനപടിവാതിൽക്കലായി കെട്ടിടം പണിയുന്നതിലേക്കുപയോഗിക്കാനുള്ള അനേകം സാധനങ്ങളും അവശിഷ്ടങ്ങളും കുന്നുപോലെ കൂട്ടിയിരുന്നു. അവയൊന്നും ഇനിയും അവിടെനിന്നു മാററിയിട്ടില്ലാതിരുന്നതിനാൽ ഈ പുതിയ ഗൃഹം ഇപ്പോൾ മാത്രമേ പൂർത്തിയാക്കപ്പെട്ടിട്ടുള്ളുവെന്നു രഞ്ജിറവുസിംഗ് തീരുമാനിച്ചു.

രഞ്ജിറവുസിംഗ് ആ കെട്ടിടത്തെ വീണ്ടും വീണ്ടും നോക്കി. അതിനെപ്പററി ആ ഗ്രാമത്തിലും അയൽപ്രദേശങ്ങളിലും സാധാരണയായി നടന്നുവന്ന പല സംസാരങ്ങളും അയാൾ ഓർമ്മിച്ചു. ഒരു കോടീശ്വരൻ അവിടെ കുറെ സ്ഥലം വാങ്ങി ഒരു നാട്ടുംപുറഗേഹം നിർമ്മിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതായുള്ള വർത്തമാനം ആ ഗ്രാമവാസികൾ അറിഞ്ഞിട്ട് ഇപ്പോൾ കഷ്ടിച്ച് ഒരു കൊല്ലമെ ആയിട്ടുള്ളു. അതിനിടയ്ക്ക് ഇവിടെ ദിനംപ്രതി എന്നപോലെ, ബോമ്പയിൽനിന്നും, കൽക്കട്ടായിൽനിന്നും, പൂനായിൽനിന്നും, ലാഹൂറിൽനിന്നും വന്നുചേർന്നിരുന്ന സാമാനങ്ങൾക്കു കയ്യും കണക്കുമില്ലായിരുന്നു. അടുത്തുള്ള വലിയ പട്ടണങ്ങളിൽനിന്നു ദിവസംപ്രതി അനേകായിരം വേലക്കാർ അവിടെ വന്നു പണി ചെയ്തിരുന്നു. കല്ലും, മരവും കയററിക്കൊണ്ടു വന്നിരുന്ന വണ്ടികളുടെ എണ്ണം സാധുക്കളായ ആ ഗ്രാമവാസികളെ ഭ്രമിപ്പിച്ചു. പ്രധാനകെട്ടിടമായ മാളികയുടെ പണിയോടു കൂടി തന്നെ അടുത്തു കാണപ്പെട്ട ചതുരാകൃതിയിലുള്ള കെട്ടിടത്തിൻെറ പണിയും തുടങ്ങി. കമ്പികളും, ചക്രങ്ങളും, കുപ്പികളും, യന്ത്രങ്ങളും എല്ലാം ആ കെട്ടിടത്തിൽ സംഭരിച്ചു. ഒരു വലിയ പുകക്കുഴലും അതിൻെറ മദ്ധ്യഭാഗത്തായി സ്ഥാപിച്ചു. ഈ കോടീശ്വരൻെറ ഒരു വിനോദം, സ്വയമായി രസതന്ത്രവിദ്യകൾ പരിശീലിക്കുകയാണെന്നും അതിലേക്കു വേണ്ട സാമഗ്രികളെല്ലാം സംഭരിച്ചിട്ടുള്ള ഒരു ശാലയാണ് ആ ചതുരാകൃതിയിലുള്ള കെട്ടിടമെന്നും, ജനങ്ങൾ എങ്ങനെയോ അറിഞ്ഞിട്ടുണ്ടായിരുന്നു. ഇതിനൊക്കെയും വേണ്ടി അനവധി ധനം വെള്ളംപോലെ ചെലവഴിക്കുകയും ചെയ്തു. ഇങ്ങനെ പണം ചെലവഴിക്കത്തക്ക ശക്തിയുള്ള മനുഷ്യൻ ആരാണെന്നറിവാൻ അവർ കൌതുകത്തോടുകൂടി നോക്കിപ്പാർത്തു. ഒടുവിൽ സർവ്വവും പൂർത്തിയായി. അനേകം വണ്ടികൾ നിറയെ മേശ, കസേര, അലമാരി മുതലായ സാമാനങ്ങളും വിലയേറിയ രത്നകംബളങ്ങൾ, തോലുകൾ, ദന്തസാമാനങ്ങൾ മുതലായവയും വന്നുചേർന്നു. ഒടുവിൽ അവിടെ താമസിക്കുന്നതിനായി 40 വേലക്കാരും, അവിട്ടത്തെ ഉപയോഗത്തിനായി 50 കുതിരകളും സ്ഥലത്തെത്തി. ഇവയെല്ലാം കണ്ട് ഉടമസ്ഥനായ കോടീശ്വരനും അവിടെ എത്തിയിട്ടുണ്ടെന്നു ജനങ്ങൾ വിശ്വസിച്ചു.

"ദേവലോകസമാനമായ ഈ സ്ഥലത്തിൻെറ ഉടമസ്ഥനാരായിരിക്കാം? അദ്ദേഹം എന്തിനിവിടെ വന്നു"? ഈ മാതിരി ചോദ്യങ്ങൾ രഞ്ജിറവുസിംഗിൻെറ

മനസ്സിനെ ചലിപ്പിച്ചുകൊണ്ടിരുന്നു. "ഇങ്ങനെ പണം ചെലവുചെയ്യുന്നതിനു കെൽപ്പുള്ളവർ ആർ? അയാളുടെ പേരു് അൽപ്പം അറിയാൻ പാടില്ല. ബോമ്പായിലെ കോടീശ്വരന്മാരെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. അവരാരും ഇങ്ങനെ ഒരു മന്ദിരം പണിയിക്കുന്നതിനു് ഉദ്യമിക്കുമെന്നു തോന്നുന്നില്ല."

ഇങ്ങനെ ഒരോന്നു വിചാരിച്ചു രഞ്ചിററുസിംഗ് നിൽക്കുമ്പോൾ യാദൃശ്ചികമായി ഒരാൾ ആ കെട്ടിടത്തിൽനിന്നു വെളിയിലേക്കു വരുന്നതു കണ്ടു. ആ ആൾ അടുത്തുവന്നതോടു കൂടി അദ്ദേഹം രഞ്ചിററുസിംഗിൻെറ സ്യാലനാകാൻ പോകുന്ന പ്രതാപസിംഗിൻെറ അഛനായ അവിടത്തെ പ്രധാനപുരോഹിതനാണെന്നു് അയാൾക്കു മനസ്സിലായി. അദ്ദേഹത്തിൻെറ മുഖം അസാധാരണമായ വിധത്തിൽ ശോഭിച്ചിരുന്നു. കണ്ണുകളിൽ സന്തോഷാശ്രുക്കളുടെ അടയാളം കണ്ടിരുന്നു. അദ്ദേഹം രഞ്ചിററുസിംഗിനെ കണ്ടയുടനെ—

"എന്താ, ജോലിയൊന്നുമില്ലേ? പട്ടണത്തിലേക്കു പോകാറായില്ല, അല്ലേ"?

രഞ്ചിററു—"ഇല്ല, ഇന്നു പോകുന്നില്ല. ഞായറാഴ്ച, അല്ലേ"?

പുരോഹിതൻ—"ഒ! ഞാൻ ആ കാര്യം മറന്നുപോയി".

രഞ്ചിററു—"എന്താ, പുതിയ വീട്ടുകാരനെ കാണാൻ പോയിരുന്നു ഇല്ലേ"?

പുരോഹി—"അതേ, അതേ. എൻെറ രഞ്ചിററേ! അദ്ദേഹത്തെ ഒന്നു കാണേണ്ടതുതന്നെയാണ്. എന്തു മനുഷ്യൻ! എന്തു യോഗ്യൻ! എന്തു സൌമ്യവാൻ! എന്തു ധന്യൻ"!

രഞ്ചിററു—"അദ്ദേഹത്തിൻെറ കൂടെ ഭാര്യയും കുട്ടികളും ഒക്കെ ഉണ്ടോ"?

പുരോഹിതൻ—"ഭാര്യയും ഇല്ല, കുട്ടികളും ഇല്ല. വല്ല ബന്ധുക്കളും ഉണ്ടോ എന്നു തന്നെ എനിക്കു നിശ്ചയമില്ല. വളരെ വേലക്കാരുണ്ടു്. അവരോടു കൂടെ അദ്ദേഹം താമസിക്കുന്നു".

രഞ്ചിററു—"ആളു തരക്കേടില്ലെന്നു പറഞ്ഞല്ലോ".

പുരോ—"തരക്കേടില്ലെന്നോ? ദൈവസദൃശൻ എന്നു വേണം പറയാൻ. ഇത്ര കരുണയുള്ള ഒരു മനുഷ്യനെപ്പററി കേട്ടിട്ടതന്നേ ഇല്ല. അദ്ദേഹം എന്നെ ഭാഗ്യവാനാക്കിത്തീർത്തിരിക്കുന്നു".

ആ വന്ദ്യനായ പുരോഹിതൻെറ നയനയുഗളങ്ങൾ സന്തോഷാശ്രുക്കൾകൊണ്ടു നിറഞ്ഞു. അദ്ദേഹം വീണ്ടും വീണ്ടും പറഞ്ഞു "ഇത്ര കരുണയുള്ള ഒരു മനുഷ്യനെ ഞാൻ കേട്ടിട്ടതന്നേയില്ല. വെറും വാക്കു മാത്രമായിരുന്നെങ്കിൽ തന്നെയും ധാരാളം മതിയാകുമായിരുന്നു. അദ്ദേഹത്തിൻെറ കരുണയൊക്കെ പ്രവൃത്തിയിലാണ്. എന്താ അദ്ദേഹം ചെയ്തതെന്നു കേൾക്കുക. ഞാൻ ഇന്നു കാലത്തു് അദ്ദേഹത്തെ പോയി കണ്ടു. സാധുക്കളായ ഈ ഗ്രാമവാസികളെപ്പററി പറയുകയും ചെയ്തു. ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന ക്ഷേത്രത്തിൻെറ ചില ഭാഗങ്ങൾ നന്നാക്കുന്നതിനു ഞാൻ പെടുന്ന പാടും കഠിനമായ വർഷകാലംകൊണ്ടു കഷ്ടപ്പെടുന്ന ഈ ഗ്രാമവാസികളുടെ കഷ്ടതകളും ഞാൻ വിസ്തരിച്ചു. ഈ കാര്യങ്ങളെയെല്ലാം പററി ഞാൻ ഒരു മണിക്കൂറുനേരം സംസാരിച്ചു. ആ സമയം മുഴുവനും അദ്ദേഹം ശ്രദ്ധയോടു കൂടി കേട്ടുകൊണ്ടിരുന്നതല്ലാതെ ഒരക്ഷരംപോലും മറുപടി പറഞ്ഞില്ല. വരേണ്ടായിരുന്നു എന്നു വിചാരിച്ചു ഞാൻ യാത്ര പറഞ്ഞപ്പോൾ—എന്താ ധൃതിയായോ? ഒന്നു ചോദിച്ചുകൊള്ളട്ടെ. ഇരിക്കണം. ധൃതിയായോ? ആട്ടെ, ക്ഷേത്രം നന്നാക്കുന്നതിനു് എത്ര രൂപാ വേണം?"

ഞാൻ—"അയ്യായിരം രൂപ വേണം. അതിൽ ആയിരം രൂപ ഞങ്ങൾ പിരിച്ചെടുത്തിട്ടുണ്ടു്. ബാക്കിക്കു നിവൃത്തിയില്ലാതെ കഷ്ടപ്പെടുകയാണ്" ഉടനേതന്നെ "പാവപ്പെട്ടവൾക്കുവേണ്ടി നമുക്കു് എന്തു ചെയ്യാൻ കഴിയും"? എന്നാണ ചോദിച്ചതു്. ഒരായിരം രൂപ ഉണ്ടെങ്കിൽ ആ സാധുക്കൾക്കു വേണ്ട വിറകും പുതപ്പും വല്ല ആഹാരസാധനങ്ങളും വാങ്ങിച്ചു കൊടുക്കാൻ കഴിയു"മെന്നു ഞാൻ ഉത്തരം പറഞ്ഞു.

"ലാഹൂറിൽ ബാങ്കുണ്ടോ" എന്നാണ് പിന്നീടു ചോദിച്ചതു്. "ഉണ്ടു" എന്നു ഞാൻ ഉത്തരം പറഞ്ഞു. "എന്നാൽ ഈ ചെക്കു കൊണ്ടുപോയി കൊടുക്കുക. ആവശ്യമുള്ള പണം തരും." "എന്താണ്" നോക്കട്ടെ. ഇതാ അയ്യായിരം രൂപയുടെ ചെക്കെഴുതി തന്നു! പരമാർത്ഥം പറയുകയാണെങ്കിൽ ഞാൻ ഇളിഭ്യനായി. പറഞ്ഞതു തന്നെ എന്താണെന്നു് എനിക്കിപ്പോൾ അറിയാൻ പാടില്ല. ആ പാവങ്ങൾ രക്ഷിക്കപ്പെട്ടു."

രഞ്ചിററു—"അദ്ദേഹം വലിയ ഔദാര്യമുള്ളവൻ തന്നെ"

പുരോഹി—"തീർച്ചയായിട്ടും—പക്ഷേ ഒരു വിശേഷം കൂടിയുണ്ട്. ഇങ്ങിനെ ഒരു അഹംഭാവം ഇല്ലാത്ത ആളിനെ കാണുന്‍ പ്രയാസം." "എന്നെക്കൊണ്ടു് എന്തു

സാധിക്കും" എന്നപോലെയാണ് അദ്ദേഹം പെരുമാറിയതു്."

രഞ്ജിററു്—"ഇതൊരു നല്ലവൎത്തമാനം തന്നെ."

പുരോ—"ഞാൻ പോകുന്നു. എൻെറ കൂടെ വരുന്നോ"?

രഞ്ജിററു്—"ഇല്ല, എനിക്കു വേറെ ജോലിയുണ്ടു്. "പ്രബോധചന്ദ്രി"ക്കു് ഒരു ലേഖനം എഴുതികൊടുക്കണമെന്നു് എഴുത്തുവന്നിട്ടുണ്ടു്. ഇന്നു് അതു ശരിയാക്കണം. അതുകൊണ്ടു ഞാൻ വീട്ടിലേക്കു തന്നെ മടങ്ങുകയാണ്." "എന്നാൽ ആകട്ടെ" എന്നു പറഞ്ഞു് അവർ പിരിഞ്ഞു.

അനന്തരം രഞ്ജിററസിംഗ് സ്വഭവനത്തിൽ എത്തി അയാളുടെ ജോലിയിൽ പ്രവേശിച്ചു. എന്നാൽ അപ്പോൾ അയാൾക്കൊന്നും ചെയ്യാൻ പാടില്ലായിരുന്നു. അയാളുടെ ലേഖനങ്ങൾക്കു് അത്യാവശ്യമായ ആശയങ്ങൾ മനസ്സിൽ സംഭരിക്കുന്നതിനുള്ള ശ്രമങ്ങളൊക്കെ നിഷ്ഫലങ്ങളായിത്തീൎന്നു. വളരെ പണിപ്പെട്ടിട്ടും ചിന്നിച്ചിതറികിടന്നിരുന്ന അയാളുടെ ആശയങ്ങൾക്കു തൃപ്തികരമായ ഒരു സ്വരൂപം കൊടുക്കുന്നതിനു് അയാൾക്കു സാധിച്ചില്ല. അയാളുടെ ഏകാഗ്രചിത്തത്വം നശിച്ചിരിക്കുന്നു. പുതിയ രമ്യഹൎമ്മ്യവും അതിൻെറ ഉടമസ്ഥനും അയാളുടെ വിചാരങ്ങളെ അടിമപ്പെടുത്തി. യാതൊരു പ്രൌഢിയും കൂടാതെ വിശിഷ്ടകൃത്യങ്ങൾ പ്രവൎത്തിക്കുന്നതിനു തക്ക മനഃസംസ്കാരമുള്ള ഈ മഹാനാരായിരിക്കും? ഒരൊററ വരകൊണ്ടു് അനേകമാളുകൾക്കു സുഖവും സംതൃപ്തിയും പ്രദാനംചെയ്യുന്നതിനു സാധിച്ചിരിക്കുന്ന ഈ പുരുഷശിരോമണി ആരായിരിക്കാം? പ്രതാപസിംഗിൻെറ, നൂറു രൂപാനോട്ടും, ഈ സമയത്തു് അയാളുടെ ഓൎമ്മയിൽ എത്താതിരുന്നില്ല. ഇത്രവലിയ ഒരു തുക നിസ്സാരമായ ഒരു കാൎയ്യത്തിനു വേണ്ടി കൊടുക്കുന്നതിനു് ആ ഗ്രാമത്തിൽ രണ്ടു പേർ ഉണ്ടായിരിക്കാൻ പാടില്ല. പ്രതാപസിംഹനു കൊടുത്ത നോട്ടിൻെറ ഉടമസ്ഥനും ഇദ്ദേഹം തന്നെ ആയിരിക്കും—എന്തു—പേരു്—

മദനാമോഹനൻ എന്നാണ് പുരോഹിതൻ പറഞ്ഞതു്. തീൎച്ചയായിട്ടും മദനാമോഹനൻ തന്നെ ആയിരിക്കും. ആ നോട്ടു് ആളെ അറിഞ്ഞാൽ തിരിച്ചു കൊടുക്കണമെന്നു പ്രതാപൻ പറഞ്ഞിട്ടുണ്ടല്ലോ. മനോമോഹനനു് അതു തിരിച്ചു കൊടുക്കുന്നതിൽ യാതൊരബദ്ധവും വരാനില്ല. എന്നിങ്ങനെ വിചാരിച്ചു രഞ്ജിററസിംഗ് അയാളുടെ സഹോദരി ഇരുന്നിരുന്ന മുറിയിലേക്കു പോയി.

അവിടെ പിതാവായ മോഹനസിംഗനും ഉണ്ടായിരുന്നു. പുരോഹിതനുമായി കാലത്തു നടന്ന സംഭാഷണവും, അതിൽനിന്നു കമലാഭായിയെ ഏല്പിച്ചിട്ടുള്ള നോട്ടിൻെറ ഉടമസ്ഥൻ മനോമോഹനൻ ആണെന്നു താൻ ഊഹിച്ചു എന്നുള്ള വിവരവും രഞ്ജിററുസിംഗ് അവരെ മനസ്സിലാക്കി.

നോട്ടിൻെറ കഥ കേട്ടയുടനെ മോഹനസിംഗ് "ഛീ, ഛീ കമലം! നീ ഈ കഥ എന്നോടു പറഞ്ഞില്ലല്ലോ. പണത്തിനെപ്പററി പെണ്ണുങ്ങൾക്കെന്തറിയാം? ഈ നൂറു രൂപാ കൊണ്ടു് എന്തെല്ലാം കാൎയ്യങ്ങൾ സാധിക്കാമെന്നു നിനക്കറിയാമോ? ആ നോട്ടിങ്ങോട്ടു തരൂ. ഗുരുദാസൻെറ പേരിൽ നമുക്കിന്നു തന്നെ കേസു കൊടുക്കണം. നീ സംശയിക്കണ്ട. ഇങ്ങോട്ടു തന്നേക്കൂ. നിൻെറ അഛനാണ് പറയുന്നതു്. മംസാന്ത്ര്യാണി, ഗുരുദാസൻെറ പേരിൽ മാനനഷ്ടത്തിനു വ്യവഹാരപ്പെട്ടാൽ രൂപാ 2000 നാളെ നമ്മുടെ കയ്യിൽ ഇരിക്കും, ചുമതല ഒക്കെ ഞാനേററു. പ്രതാപനോടു ഞാൻ പറഞ്ഞുകൊള്ളാം. ഇങ്ങോട്ടു തരൂ." എന്നു സന്തോഷത്തോടും പരിഭ്രമത്തോടും, ധൃതിയോടും പറഞ്ഞു, മോഹനസിംഗ് കമലയോടടുത്തു.

കമല—"ഞാൻ തരികയില്ല. അഛാ, എനിക്കു തരാൻ പാടില്ല."

മോഹനസിംഗ്—"കമലേ നീ നാൾതോറും ചീത്തയായി വരുന്നു. ഈ പണം എനിക്കു പ്രയോജനം ഉള്ളതാണ്. നിനക്കു് അതറിയത്തക്ക ബുദ്ധിയില്ല. ചടകോർ കൊണ്ടുപോയ സ്വത്തെല്ലാം വീണ്ടെടുക്കാൻ ഇതുമതി. ഈ രൂപാ പലിശയോടു കൂടി നിന്നെ ഏല്പിക്കാം. ഒരു കൊല്ലത്തിനകം ഏല്പിക്കാം. ഞാൻ സത്യംചെയ്യുന്നു."

കമല—"വെറുതെ തൎക്കം പറഞ്ഞിട്ടു കാൎയ്യമില്ല. ഞാൻ തരികയില്ല. ഇതു് എൻെറ പണമല്ല. പ്രതാപസിംഗിൻെറ ആണ്. അതു കൊടുക്കാൻ എനിക്കു് അധികാരമില്ല. എൻെറ സഹോദരൻ പറയുന്നതുപോലെയും ചെയ്യാൻ ഞാൻ തയ്യാറില്ല. ആ നോട്ടിൻെറ ഉടമസ്ഥർ മനോമോഹനൻ തന്നെ ആയിരിക്കട്ടെ, എന്നാലും പ്രതാപസിംഗിൻെറ അനുവാദം കൂടാതെ ഞാൻ ചെയ്കയില്ല."

"മോഹനസിംഗ്—കമലം! നീ ചൊണക്കേട്ടിയാണ്. മനോമോഹനനു കൊടുക്കേണ്ട ആവശ്യം ഇല്ല. ഈ കുടുംബത്തിൽ

നിന്നു് ഈ പണം വെളിയിൽ പോകാൻ ഞാൻ സമ്മതിക്കുകയില്ല."

കമല—"അതുതന്നെ ആണു് ഞാനും പറയുന്നതു്."

മനോ—"ശരി ഇരുന്നോട്ടു് തന്നേക്കൂ."

കമലം—"തരികയില്ലെന്നു പറഞ്ഞല്ലോ"

അഛനും സഹോദരിയും തമ്മിൽ തർക്കം വർദ്ധിക്കുമെന്നു കണ്ടു രഞ്ജിറവുസിംഗ് അവിടെ നിന്നു് ഇറങ്ങി വെളിയിലേക്കു പോയി.

ഈ വിധമുള്ള നിസ്സാരകാര്യങ്ങളെപ്പററി ശണ്ഠകൂടുന്നതു രഞ്ജിറവുസിംഗിനു് അസഹനീയമായിരുന്നു. പണത്തിനു വേണ്ടി മനുഷ്യർ ചെയ്യുവരുന്ന അതിസാഹസങ്ങൾ പോലും അനഭിലഷണീയമാണെന്നായിരുന്നു അയാളുടെ വിശ്വാസം. ദ്രവ്യസമ്പാദ്യത്തിൽ അയാൾ അശേഷം കുതുകിയായിരുന്നില്ല. ദുരാഗ്രഹം അയാളുടെ ഒരു ദോഷവും ആയിരുന്നില്ല. എന്നു തന്നെയുമല്ല, നിരന്തരം അയാളുടെ അഛനിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന പണത്തിനെപ്പററിയുള്ള നിസ്സാരവാഗ്വാദങ്ങൾ മൂലം അയാൾക്കു പണത്തിനോടു വെറുപ്പും കൂടി തോന്നിയിരുന്നു. രഞ്ജിറവുസിംഗ് വെളിയിലിറങ്ങി അയാൾക്കു് ഏററവും പ്രിയപ്പെട്ട കുന്നിലേക്കു നടന്നുകൊണ്ടിരുന്നു. അയാളുടെ വിചാരം മുഴുവനും അവിടെ പുതുതായി താമസിക്കാൻ വന്ന ആ കോടീശ്വരനെപ്പററി ആയിരുന്നു. അയാൾ വീണ്ടും വീണ്ടും ആ കോടീശ്വരനെപ്പററി ഓരോന്നു വിചാരിച്ചുകൊണ്ടിരുന്നു. പെട്ടെന്നു് അയാൾ ആലോചനയിൽനിന്നു് ഉണർത്തപ്പെട്ടു. മെലിഞ്ഞു ദീർഘകായനായ ഒരാൾ വൃക്ഷങ്ങളുടെ ഇടയിൽ കൂടി റോഡിൽ കടന്നു് അയാളുടെ നേരെ വരുന്നതു കണ്ടു. ആ മനുഷ്യൻ രഞ്ജിറവുസിംഗിനെ സമീപിച്ചപ്പോൾ രഞ്ജിറവുസിംഗിന്റെ അടുത്തു വന്നു് ഈ വഴിയെ പോയാൽ എവിടെ ചെല്ലാമെന്നു ചോദിച്ചു. രഞ്ജിറവുസിംഗ് ഉത്തരം പറഞ്ഞതിനോടു കൂടി തന്നെ അയാളെ ആപാദചൂഡം ഒന്നു പരിശോധിക്കുകയും ചെയ്തു.

അയാളുടെ മുഖം വിളറിയിരുന്നു. കവിളുകൾ ഒട്ടിയിരുന്നു. എങ്കിലും വളഞ്ഞും കൂർത്തും ഇരുന്നിരുന്ന അയാളുടെ മൂക്കു മനഃക്കരുത്തിനേയും ദൃഢവ്രതത്തേയും സൂചിപ്പിച്ചിരുന്നു. മുഷിഞ്ഞു് അവിടവിടെ കരി പററിയിരുന്ന ഒരു് ഉടുപ്പായിരുന്നു അയാൾ ധരിച്ചിരുന്നതു്. വല്ല യന്ത്രശാലയിൽനിന്നും ജോലികഴിഞ്ഞു മടങ്ങിവരുന്ന ഒരു കൂലിക്കാരനാണെന്നു രഞ്ജിറവുസിംഗ് ആദ്യം സംശയിച്ചു. എന്നാൽ അയാളുടെ വിശാലമായ നെററിത്തടവും ഗംഭീരമായ മുഖഭാവവും അയാൾ വെറും കൂലിക്കാരൻ മാത്രമല്ലെന്നു വിളിച്ചറിയിച്ചു. അവർക്കെതിരായി നില്ക്കുന്ന ആ രമ്യഹർമ്മ്യം പണിയുന്നതിനു നിയമിക്കപ്പെട്ടിട്ടുള്ള ഒരു് എൻജിനിയർ ആയിരിക്കുമെന്നു് ഒടുവിൽ അയാൾ വിചാരിച്ചു. ഒടുവിൽ രഞ്ജിറവുസിംഗ് നിങ്ങൾ ആ കെട്ടിടത്തിലേക്കാണോ പോകുന്നതെന്നു ചോദിച്ചു. "അതെ" എന്നു മററയാൾ പ്രതിവചിച്ചു. അയാളുടെ ശബ്ദം ഗംഭീരവും, പെരുമാററം എളുപ്പത്തിൽ പരിചയപ്പെടാവുന്ന ഒരു മനുഷ്യന്റേതിൽനിന്നു വ്യത്യസ്തവും ആയിരുന്നു.

രഞ്ജിറവുസിംഗ്—"ഈ കെട്ടിടം പണിയുന്നതിനു നിങ്ങൾ ഏർപ്പെട്ടിരിക്കുകയായിരിക്കും?"

അന്യൻ—"അതേ, എനിക്കും അതിൽ ഒരു പങ്കുണ്ടു്."

രഞ്ജിറവുസിംഗ്—"ആ കെട്ടിടം വളരെ കേമമായിരിക്കുന്നു. അതിനെപ്പററിയുള്ള സംഭാഷണമേ ഇവിടങ്ങളിൽ കേൾക്കാനുള്ളൂ. അവർ പറയുന്നതുപോലെ തന്നെ കേമമാണോ"?

അന്യൻ—"എനിക്കറിയാൻ പാടില്ല. അവർ പറയുന്നതു ഞാൻ കേട്ടിട്ടില്ല."

അയാളുടെ പെരുമാററം തന്റെ ജിജ്ഞാസയെ പരിഹരിക്കുന്നതിനു് ഉതകുകയില്ലെന്നു രഞ്ജിറവുസിംഗ് തീർച്ചപ്പെടുത്തി. എന്നു തന്നെയുമല്ല തന്റെ ചോദ്യങ്ങൾ അനാവശ്യങ്ങളാണെന്നു് ആ അന്യനു് അഭിപ്രായമുള്ളതായും അയാൾക്കു തോന്നി. അതോടു കൂടിത്തന്നെ ആവശ്യമുണ്ടെങ്കിൽ ധാരാളം വിവരങ്ങൾ കൊടുക്കുന്നതിനു് അയാൾക്കു കഴിയുമെന്നും രഞ്ജിറവുസിംഗ് ഊഹിച്ചു.

അപ്പോഴേക്കും അവർ ആ കെട്ടിടത്തിനു തന്നെ അടുത്തു.—തീർച്ചയായിട്ടും ഇതു വളരെ വലുതായിരിക്കുന്നു. അല്ലാ, വളരെ കേമമായിരിക്കുന്നു—എന്നാൽ ഇങ്ങനെയുള്ള ഒരു വലിയ ഭവനത്തിൽ താമസിക്കുന്നതിനേക്കാൾ എനിക്കു് എന്റെ പാവപ്പെട്ട കുടിലിൽ താമസിക്കുകയാണു് അധികം സുഖം.

അന്യൻ—"നിങ്ങൾ അപ്പോൾ ധനത്തെ ബഹുമാനിക്കുന്നില്ലെന്നു പറയൂ".

രഞ്ജിറവുസിംഗ്—"അങ്ങനെ തന്നെ വേണം പറയാൻ. ആരാധിക്കത്തക്ക യോഗ്യത ധനത്തിനുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്റെ ഇപ്പോഴത്തെ നില

യെക്കാൾ ഉയരണമെന്നും എനിക്കാഗ്രഹം ഇല്ല. ഞാൻ വല്ലതും എഴുതിക്കൊടുത്തു കിട്ടുന്ന ആദായംകൊണ്ടു കാലക്ഷേപം ചെയ്യുന്നവനാണ്. ഞാൻ പണിപ്പെട്ട് എഴുതിയുണ്ടാക്കുന്ന പ്രബന്ധങ്ങളും, പ്രസംഗങ്ങളും, ലേഖനങ്ങളും, ഖണ്ഡകാവ്യങ്ങളും വിലയ്ക്കു വാങ്ങാൻ ആളുണ്ടാകണമെന്നേ എനിക്കാഗ്രഹമുള്ളു. ഈ വിധം കഷ്ടപ്പെട്ടുഴലുന്ന എനിക്കും കാലക്ഷേപത്തിനുവേണ്ടി കരിയിൽ കിടന്നു കഷ്ടപ്പെടുന്ന നിങ്ങൾക്കും ആ രമ്യഹർമ്മ്യത്തിൽ താമസിക്കുന്ന കുബേരനേക്കാൾ സംതൃപ്തിയും മനഃസുഖവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു.

അന്യൻ—"അതു വാസ്തവമായിരിക്കാം."

ആ അന്യന്റെ സ്വരത്തിൽ, പെട്ടെന്നുണ്ടായ വ്യത്യാസം ജിജ്ഞാസുവായ രഞ്ജിററുസിംഗിനെ ഉത്സാഹിപ്പിച്ചു.

"കാവ്യനിർമ്മാണം എത്രയോ ഉന്മേഷകരമായ ഒരു തൊഴിലാകുന്നു. മഹാന്മാരെഴുതിയിട്ടുള്ള കാവ്യങ്ങൾ മനസ്സിലാക്കുന്നതിനും സ്വകപോലകല്പിതങ്ങളായ മഹാകാവ്യങ്ങൾ നിർമ്മിക്കുന്നതിനും സാധിക്കുന്ന ഒരു മനുഷ്യന് ഈ ലോകത്തിൽ സുഖമല്ലാതെ ദുഃഖമുണ്ടാവാൻ പാടില്ല. ദുഃഖം മനസ്സിന്റെ അവസ്ഥാഭേദം ആകുന്നു. ആ അവസ്ഥാഭേദത്തെ നീക്കുന്നതിനു യഥാർത്ഥകവിതയ്ക്കുള്ള ശക്തി അത്ഭുതകരമാണ്. നിങ്ങളെ സന്തോഷിപ്പിക്കുന്നതിനും വ്യസനിപ്പിക്കുന്നതിനും നിങ്ങളുടെ മഹദ്വികാരങ്ങളെ ചലിപ്പിക്കുന്നതിനും ഉയർത്തുന്നതിനും കവിതയ്ക്കു സാധിക്കുന്നു. നിങ്ങൾ നിങ്ങളുടെ വീട്ടിലല്ല താമസിക്കുന്നത്. മഹാന്മാരുടെ പ്രതിഭാവിലാസങ്ങളിൽ നിങ്ങൾ ജീവിക്കുന്നു, വിചാരിക്കുന്നു, രസിക്കുന്നു. നിങ്ങൾക്കിപ്പോൾ ദുഃഖമെവിടെ? ഇനി കവിതാനിർമ്മാണത്തിലുള്ള സുഖത്തെപ്പററിപ്പറയുകയാണെങ്കിൽ നവംനവങ്ങളായ ആശയങ്ങൾ സങ്കല്പശക്തികൊണ്ടു മോടിപിടിപ്പിച്ചു വാക്കുകളായി രൂപീകരിക്കുമ്പോൾ സന്താനം ഇല്ലാത്ത ഒരു പിതാവിനു, പുത്രസന്താനമുണ്ടാകുമ്പോഴത്തേപ്പോലെയോ ആദ്യത്തെ കുട്ടിയെ കാണുന്നതിനു പുതിയ മാതാവിനുണ്ടാകുന്ന വിചാരംപോലെയോ അറിയാനും അളക്കാനും പിടിയില്ലാത്ത പല വികാരങ്ങൾ നമ്മെ ആഹ്ലാദഭരിതരാക്കുന്നു. ഈ ജോലികൊണ്ടു തന്നെ ഞാൻ ഭാഗ്യവാനായിരിക്കുന്നു. ഇതില്ലെങ്കിൽ എന്റെ ജീവിതം മിഥ്യ തന്നെ. ധനം എത്രയെങ്കിലും ഉണ്ടായിക്കൊള്ളട്ടെ. അതിന് ഇതിന്റെ അഭാവത്തിൽ എന്നെ സുഖിപ്പിക്കാൻ കഴികയില്ല. അല്ല, ഇതൊക്കെ ഞാൻ നിങ്ങളോട് എന്തിനു പറയുന്നു"?

ആ അന്യൻ പെട്ടെന്നു നിന്നു. അയാൾ രഞ്ജിററുസിംഗിനെ അപാദചൂഡം പരിശോധിച്ചു. അയാളുടെ മുഖം വികസിച്ചു.

അന്യൻ—"നിങ്ങൾ ഇപ്രകാരം പറയുന്നതു കേൾക്കുന്നതിന് എനിക്കു വളരെ സന്തോഷമുണ്ട്. ധനാരാധന സാർവ്വത്രികമല്ലെന്നു കാണുന്നതിൽ സന്തോഷിക്കാൻ ഉണ്ട്. അതിലും ഉപരിയായി. സഞ്ചരിക്കത്തക്ക സാമർത്ഥ്യമുള്ളവർ ഉണ്ടെന്നറിയുന്നതു തന്നെ സുഖകരമാണ്. എനിക്കു കൈ തരുന്നതിനു നിങ്ങൾക്കു സന്തോഷമുണ്ടോ?

അത് അസാധാരണയായ ഒരപേക്ഷയായിരുന്നു എങ്കിലും രഞ്ജിററുസിംഗിന് അസാമാന്യമായ സന്തോഷം ഉണ്ടായി. എളുപ്പത്തിൽ പരിചയപ്പെടാൻ പാടില്ലാത്ത ആളുകളെപ്പോലും പരിചയമാക്കുന്നതിനുള്ള തന്റെ സാമർത്ഥ്യത്തെപ്പററി രഞ്ജിററുസിംഗ് സ്വയം അഭിനന്ദിച്ചു. യദൃച്ഛയാ ലഭിച്ച ആ സ്നേഹിതന് അയാൾ കൈ കൊടുത്തു.

അന്യൻ—"ഈ ഗൃഹത്തിന്റെ യഥാർത്ഥസ്ഥിതിയെപ്പററി അറിയുന്നതിനു നിങ്ങൾക്കു കൌതുകമുള്ളതായി തോന്നുന്നു. എനിക്ക് ഈ കെട്ടിടങ്ങളൊക്കെ പരിചിതങ്ങളാണ്. അവിടെ നിങ്ങൾക്കു രസിക്കുന്നതായ ചില വേലകൾ ഇല്ലാതില്ല. ഇതാണ് പ്രധാന കെട്ടിടത്തിലേക്കു പോകാനുള്ള വഴി. വിരോധമില്ലെങ്കിൽ എന്റെ കൂടെ വരാം."

രഞ്ജിററുസിംഗിന് അയാൾ അാശിച്ചിരുന്ന സൌകര്യം ലഭിച്ചു. അതിനെ വഴിയാംവണ്ണം ഉപയോഗിക്കണമെന്നു തീർച്ചപ്പെടുത്തി. ഇരുവശവും നിബിഡമായി വളർന്നുനിന്നിരുന്ന വൃക്ഷച്ചെടികളുടെ നടുക്കൂടി അവർ സ്വച്ഛന്ദം മുമ്പോട്ടു നടന്നുപോയി; ഒടുവിൽ പ്രധാനമായ വഴിയിൽനിന്നു തിരിയുന്ന ഒരു ഇടവഴിയിൽ ചെന്നുചേർന്നു. രഞ്ജിററുസിംഗ് ആ വഴിയേ നടന്നു തുടങ്ങി.

അന്യൻ—"ഹേയ്! ഇങ്ങിനെ പോകാം, തരക്കേടില്ല".

രഞ്ജി—"നാം നേരെ കയറിച്ചെല്ലുന്നതു പക്ഷേ ഗൃഹാധിനാഥനായ മനോമോഹനനു സന്തോഷമാവുകയില്ലായിരിക്കാം."

അന്യൻ—"ഹേയ്! അങ്ങിനെയൊന്നും ഇല്ല. ആ ഗൃഹാധിനാഥൻ ഞാൻ തന്നെയാണ്".

## മൂന്നാം അദ്ധ്യായം

### അത്ഭുതകരമായ ഒരു വീട്.

രഞ്ജിററുസിംഗ് പരിചയപ്പെടുന്നതിനാഗ്രഹിച്ചിരുന്ന ആ വീടിൻെറ ഉടമസ്ഥൻ വിചാരിച്ചിരിക്കാതെ തനിക്കു പരിചയക്കാരനായിത്തീർന്നതിൽ അയാൾക്കുണ്ടായ ആഹ്ളാദവും വിസ്മയവും കേവലം അളവററതായിരുന്നു. തൻെറ പരിചയക്കാരൻ കോടീശ്വരനായ മനോമോഹനൻ തന്നെ ആണെന്നു വിശ്വസിക്കുന്നതിനുടനെ രഞ്ജിററുസിംഗിനു സാധിച്ചില്ല. അയാൾ വെറുതെ നേരമ്പോക്കു പറയുകയായിരിക്കാമെന്നു രഞ്ജിററുസിംഗ് ആദ്യം വിചാരിച്ചു. എന്നാൽ അവർ വീട്ടിൻെറ മുൻവശത്ത് എത്തിയപ്പോൾ കതകു തുറന്നുകൊടുക്കുന്നതിനായി അവിടെ ഹാജരായ ഒരു ഭൃത്യൻെറ ഭാവവും വേഷവും കണ്ടപ്പോൾ രഞ്ജിററുസിംഗിൻെറ സംശയങ്ങളൊക്കെ അസ്തമിച്ചു.

"എൻെറ പേരു പറയാതിരുന്നതു ക്ഷമിക്കണം" എന്നു മനോമോഹനൻ ചിരിച്ചുകൊണ്ടു പറഞ്ഞു. നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ തീർച്ചയായും നിങ്ങൾ തുറന്നു സംസാരിക്കുകയില്ലായിരുന്നു. നിങ്ങളുടെ യഥാർത്ഥയോഗ്യതയെ അറിയുന്നതിന് എനിക്കു സാധിക്കുകയുമില്ലായിരുന്നു. ഈ ഗൃഹാധിനാഥനോടാണ് സംസാരിക്കുന്നതെന്നു നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ തീർച്ചയായിട്ടും ഇത്ര കർശനമായ വിധത്തിൽ ധനത്തെപ്പററി നിങ്ങൾ അഭിപ്രായപ്പെടുകയില്ലായിരുന്നു.

രഞ്ജിററു—ഇങ്ങനെയുള്ള ഒരു സന്ദർശനത്തിനു ഞാൻ തയ്യാറായിരുന്നില്ല.

മനോമോഹ—ഞാൻ ഇങ്ങനെ പാവപ്പെട്ട ഒരു കൂലിക്കാരൻെറ വേഷത്തിൽ സഞ്ചരിക്കുമെന്നു നിങ്ങൾക്ക് ഊഹിക്കാൻപോലും വഴിയില്ലല്ലൊ. പരമാർത്ഥത്തിൽ ഞാനും ഒരു വേലക്കാരൻ തന്നെ. രസതന്ത്രം എൻെറ വിനോദവിദ്യകളിൽ ഒന്നാണ്. ദിവസവും വളരെ മണിക്കൂറുകൾ ഞാൻ എൻെറ പ്രയോഗശാലയിൽ ചെലവഴിക്കുന്നുണ്ട്. കുറച്ചു നേരത്തേക്കു ഞാൻ മടിയനായിരിക്കുകയാണ്. അബദ്ധത്തിൽ കുറച്ചു ചീത്തവായു ശ്വസിക്കേണ്ടിവന്നു. അതുകൊണ്ടുള്ള ദോഷം ഇല്ലാതാകുന്നതിനു സ്വല്പം നടക്കാമെന്നു വിചാരിച്ചു. അപ്പോഴാണ് നിങ്ങളെ കണ്ടെത്തിയത്. നിങ്ങൾ എനിക്കു മുമ്പുതന്നെ പരിചിതനും ആണ്. നിങ്ങളുടെ പേരു രഞ്ജിററുസിംഗ് എന്നല്ലേ?

രഞ്ജിററു—അതേ. പക്ഷേ എൻെറ പേരു നിങ്ങൾക്കറിയാൻ മാർഗ്ഗമെന്താണോ?

മനോമോ—ഞാൻ എൻെറ അയൽക്കാരെപ്പററി അന്വേഷിക്കാതിരുന്നില്ല. അപ്പോൾ നിങ്ങളെപ്പററി കേട്ടു. ഇവിടെ വരുന്നതിനു മുമ്പും ഞാൻ നിങ്ങളെപ്പററി കേട്ടിട്ടുണ്ട്. പ്രസിദ്ധമായ "ലോകോദ്ധാരണം" എന്ന കൃതിയുടെ കർത്താവു നിങ്ങളല്ലേ? നിങ്ങൾ അഷ്ടഗ്രാമത്തിൽ താമസിക്കുന്നുവെന്നും ഞാൻ അറിഞ്ഞു.

രഞ്ജിററു—"ലോകോദ്ധാരണം" എഴുതിയിട്ട് ഇപ്പോൾ മൂന്നു കൊല്ലം കഴിഞ്ഞിരിക്കുന്നു. അതിനെപ്പററി ചില സഹൃദയന്മാർ നല്ല അഭിപ്രായം പറഞ്ഞിട്ടുണ്ട്.

മനോമോ—അതൊരു നല്ല കൃതി തന്നെ. സംശയമില്ല. അലങ്കാരഭ്രമം സ്വല്പം കുറച്ചിരുന്നെങ്കിൽ അതു നിരർഗ്ഗളമായി ഒഴുകിക്കൊള്ളുമായിരുന്നു.

രഞ്ജിററു—ബാലകവിതയാണ്.

മനോമോ—അതൊരു ബാലകവിതയാണെങ്കിൽ ആ ബാലൻ ഒരു വൃദ്ധൻ തന്നെ.

രഞ്ജിററുസിംഗിനു സന്തോഷമായി. അയാൾ ആ അഭിപ്രായത്തിനായി സാദരം നന്ദി പറഞ്ഞു.

അവർ പ്രധാനമുറിയുടെ വാതുക്കൽ തന്നെ നിൽക്കുകയായിരുന്നു. അവരുടെ മുമ്പിലായി വിവിധനിറമുള്ള കുളുർകല്ലുകളാൽ നിർമ്മിക്കപ്പെട്ടിരുന്ന മനോഹരമായ ഒരു മുററം സൂര്യരശ്മി ഏററു ലാലസിക്കുന്നു. അതിൻെറ മദ്ധ്യത്തിലായി ഒരു കൃത്രിമഉറവിൽനിന്നു ജലശീകരങ്ങൾ നാലുപാടും വെഞ്ചാമരപോലെ ചിതറി, ആ പ്രദേശമെല്ലാം കുളുപ്പിച്ചുകൊണ്ടിരുന്നു. ആ മുററത്തിൻെറ രണ്ടററങ്ങളിലും രണ്ടു കൂററൻ പനകൾ രണ്ടു കാവൽക്കാരെപ്പോലെ വളർന്നു നിൽക്കുന്നു. കുളുർകല്ലുകൾകൊണ്ടു കെട്ടപ്പെട്ടിട്ടുള്ള അനേകം വളച്ചുവാതിലുകളാൽ ആ മുററം ചുററപ്പെട്ടിരുന്നു. ഈ മുററത്തിൻെറ രണ്ടു വശത്തുനിന്നും രണ്ടു കോവണിപ്പടികൾ മുകളിലത്തെ നിലകളിലേക്കു പോകുന്നതിനു സംഘടിപ്പിച്ചിട്ടുണ്ട്. അവയും കുളുർകല്ലുകളാൽ നിർമ്മിക്കപ്പെട്ടവയാണ്. അലങ്കാരം മതിയാ

യില്ലെന്നു വിചാരിച്ചോ എന്തോ ഒന്നാന്തരം പരവതാനികൾ കൊണ്ടു് ആ പടികൾ മൂടപ്പെട്ടും ഇരുന്നു. വള്ളച്ചുവാതിലുകളുടെ മദ്ധ്യേ ആയി കെട്ടിയിരുന്ന വേലിയുടെ പിത്തളക്കമ്പികൾ കണ്ടു രഞ്ചിററുസിംഗ് വളരെ വിസ്മയിച്ചു.

രഞ്ചിററു—ഈ പിത്തളക്കമ്പികൾ വളരെ അത്ഭുതകരമായിരിക്കുന്നു. ഇത്ര നേരിയ വിധത്തിൽ പിത്തളക്കമ്പികൾ കിട്ടുമോ?

മനോമോ.—അതു പിത്തളക്കമ്പികളല്ല. പിത്തളയെ ഇത്ര നേരിയ കമ്പികളാക്കാൻ സാധിക്കുകയില്ല. അതു സ്വർണ്ണമാണ്. ഇങ്ങനെ വരണം. ഞാൻ ഈ പൊടിയും ചെളിയുമൊക്കെ ഒന്നു കളയട്ടെ.

അവർ രണ്ടുപേരും കൂടി ആ മുററത്തിൽ ഇടത്തുവശത്തായുണ്ടായിരുന്ന ഒരു വാതലിന്റെ അടുക്കലേക്കു പോയി. അവർ അവിടെ ചെന്നെത്തിയ ഉടനെ കതകുകൾ സാവധാനത്തിൽ സ്വയം തുറന്നു. രഞ്ചിററു് ആശ്ചര്യപ്പെട്ടു.

മനോമോ—ഇതിലധികമൊന്നുമില്ല. നിങ്ങൾ കതകിന്റെ പടിയിൽ കാലു വയ്ക്കുമ്പോൾ നിങ്ങളുടെ ഭാരം പടിയുടെ താഴെ സൂക്ഷിച്ചിട്ടുള്ള ഒരു സ്പ്രിങ്ങിനെ അയച്ചു, വാതലിനെ തുറക്കുന്നു. അത്രേ ഉള്ളൂ. ഇതിലേ വരണം. ഇതാ, ഇതു് എന്റെ മുറിയാണ്. എന്റെ ഇഷ്ടംപോലെ തയാറാക്കിയിട്ടുള്ളതുമാണ്.

കുറേക്കൂടി അത്ഭുതകരങ്ങളായ വേലകളും, സുഖസൗകര്യങ്ങളും ആ മുറിയ്ക്കകത്തുണ്ടായിരിക്കുമെന്നു രഞ്ചിററുസിംഗ് വിചാരിച്ചിരുന്നെങ്കിൽ അയാൾ അവിടെ പ്രവേശിച്ചതിനോടു കൂടി ആ ധാരണയെല്ലാം പോയി. അതൊരു വെറും സാധാരണമുറി മാത്രമായിരുന്നു. അവിടവിടെയായി കുറെ കസേരകളും പൊടി നിറഞ്ഞ ഒരു പരവധാനിയും, പുസ്തകങ്ങൾ, കുപ്പികൾ, കടലാസുകൾ, ഇവ ചിതറിക്കിടന്ന ഒരു വലിയ മേശയും, ഒരു ചെറിയ ഇരിമ്പുകട്ടിലും മാത്രമേ അവിടെയുണ്ടായിരുന്നൊള്ളു. മനോമോഹനൻ തന്റെ അതിഥിയെ ഇരുത്തിയതിന്റെ ശേഷം, ഷർട്ടിന്റെ കയ്യ് ചുരുക്കി, ചുവരിൽ തൂക്കിയിരുന്ന ഒരു ചെറിയ ആണി തിരിച്ചപ്പോൾ ചൂടുള്ള വെള്ളം താഴെവെച്ചിരുന്ന പാത്രത്തിലും അദ്ദേഹത്തിന്റെ കയ്യിലും ആയി ധാരധാരയായി വീണുതുടങ്ങി.

“നോക്കു്, എന്റെ സുഖസാമഗ്രികളൊക്കെ ഇവയാണ്. ഇവിടെ മാത്രമേ എനിക്കു സുഖം കിട്ടുന്നൊള്ളു”—എന്നു പറഞ്ഞു മനോമോഹനൻ കയ്യും മുഖവും തോർത്തിയതിന്റെ ശേഷം അടുത്തു കിടന്നിരുന്ന ഒരു കസേരയിൽ ചെന്നിരുന്നു.

രഞ്ചിററു—നിങ്ങളുടെ സുഖം ഇങ്ങിനെയാണെന്നു ഞാൻ ഊഹിച്ചിരുന്നില്ല.

മനോമോ—ഇതു പരമാർത്ഥമാണ്. എനിക്കിത്രയൊക്കെയെ ആവശ്യമൊള്ളു. പിന്നെ എന്തിനാണ് ഈ ആഡംബരങ്ങളൊക്കെ എന്നു ചോദിക്കുന്ന പക്ഷം എനിക്കു സമാധാനം പറയാനുണ്ടു്. ധനം യഥാർത്ഥമായ സുഖം നൽകുകയില്ലെന്നു് എനിക്കു ബോദ്ധ്യമാണ്. ക്രമത്തിലധികം ധനം ലഭിക്കുന്നതു സുകൃതം ഇല്ലാത്തവനാണ്. അവൻ മററുള്ളവരേക്കാൾ. അധികം പാപം ചെയ്യുന്നതിനു പ്രേരിപ്പിക്കപ്പെടുന്നു. വിശേഷിച്ചും അവനൊരു വലിയ ചുമതലയും ഉണ്ടു്. അവന്റെ ധനത്തെ ന്യായമായ രീതിയിൽ വിനിയോഗിക്കേണ്ടിയിരിക്കുന്നു. ഒരു ധനവാൻ എത്രയാളുകളെ ചീത്തയാക്കുന്നതിനു ശക്തനാണെന്നു നിങ്ങൾക്കറിയാമോ? എനിക്കു വളരെ ധനമുണ്ടു്. ആ ധനത്തെ ന്യായമായ രീതിയിൽ ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യണം. അതവർക്കു ഗുണകരമായ വിധത്തിൽ വേണംതാനും. എന്റെ ഈ ആഡംബരങ്ങളുടെ രഹസ്യം അതാണ്. എന്റെ സുഖത്തിനല്ല. എന്റെ പണം ന്യായമായ വിധത്തിൽ ചെലവു ചെയ്യേണ്ടതെങ്ങനെയാണെന്നു് അന്വേഷിക്കുന്നതിനു് എനിക്കെന്റെ ബുദ്ധിയൊക്കെ ചെലവു ചെയ്യേണ്ടിവരുന്നു. ന്യായമായ വിധത്തിൽ ചെലവു ചെയ്യുന്നതിനാണ് ബുദ്ധി വേണ്ടതു്. വെറുതെ പണം കൊടുത്തുതീർക്കാം, അങ്ങിനെ എന്റെ ധനത്തെ എന്റെ അടുക്കൽനിന്നു പറഞ്ഞയക്കാം. എന്നാൽ ഒരുവനെ കാശിനു കൊള്ളരുതാത്തവനാക്കിത്തീർക്കാൻ എനിക്കാഗ്രഹമില്ല. ഞാൻ ചെലവു ചെയ്യുന്ന പണത്തിനു പ്രതിഫലമായി ജനങ്ങളെക്കൊണ്ടു വേല ചെയ്യിക്കണം. തൊഴിലുകളെ പോഷിപ്പിക്കുകയാണ് എന്റെ പ്രധാനകൃത്യം. അതിന്റെ ഫലമാണ് നിങ്ങൾ ഇവിടെ കാണുന്ന ഈ ആഡംബരങ്ങളെല്ലാം. ഞാൻ പറയുന്നതു നിങ്ങൾക്കു മനസ്സിലാകുന്നുണ്ടല്ലോ.

രഞ്ചിററു്—മുഴുവനും മനസ്സിലാകുന്നുണ്ടു്. ഒരു മനുഷ്യൻ പണം ചെലവു ചെയ്യേണ്ടതു് എങ്ങിനെ എന്നു് അറിയാ

തെ കുഴങ്ങുന്നതു് ഇന്നു് ആദ്യമായിട്ടാണു് ഞാൻ കാണുന്നതു്.

മനോ—പരമാർത്ഥത്തിൽ ഇതൊരു വലിയ ബുദ്ധിമുട്ടായി തീർന്നിരിക്കുകയാണു്. പക്ഷെ ഞാനൊരു നല്ല വിദ്യ കണ്ടുപിടിച്ചിട്ടുണ്ടു്. നിങ്ങൾ കൈ കഴുകുന്നില്ലേ? ഇല്ലെങ്കിൽ വേണ്ട ഈ കെട്ടിടമൊക്കെ ഒന്നു കാണണമെന്നുണ്ടായിരിക്കും. ഇവിടെ വരിക. ഈ കസേരയിൽ ഇരിക്കുക. ഞാനും അടുത്തു് ഈ കസേരയിൽ ഇരിക്കാം.

അവർ ഇരുന്നിരുന്ന മുറിയുടെ ഒരു മൂലയിലെ ഭിത്തി ഏകദേശം ഒരാറടി പൊക്കം വരെ കറുപ്പുചായം തേച്ചിരുന്നു. അതിന്റെ രണ്ടു വശത്തുനിന്നും ചുവരിൽ കൂടി രണ്ടിരിപ്പിടങ്ങളും നിർമ്മിച്ചിരുന്നു. അവർ രണ്ടുപേരും ആ ഇരിപ്പിടങ്ങളിൽ ഇരുന്നതിന്റെ ശേഷം മനോമോഹനൻ പറഞ്ഞു—നോക്കൂ, ഇതൊരു സൂത്രമാണു്. ഇവിടം മററിടങ്ങളുമായി യോജിപ്പിക്കപ്പെട്ടിട്ടുണ്ടു്. ഇതു പൊങ്ങുകയോ, താഴുകയോ, നീളുകയോ, ചുരുങ്ങുകയോ നമ്മുടെ ഇഷ്ടംപോലെ ചെയ്യും. ഈ കാണുന്ന ആണികളെല്ലാം ഓരോ മുറികളേയും കുറിക്കുന്നു. പ്രധാനമുറി കുളിമുറി, വായനമുറി, കിടപ്പുമുറി, വിനോദമുറി എന്നൊക്കെ ആ ആണികളിൽ എഴുതിയിരിക്കുന്നതു നോക്കുക. നമുക്കു് ഇപ്പോൾ മുകളിലോട്ടു പോകണമെന്നു വിചാരിക്കാം. അടുക്കള മുറി മുകളിലാണു്. അങ്ങോട്ടു പോകണമെങ്കിൽ അടുക്കളമുറി എന്നെഴുതിയിരിക്കുന്ന ആണി ഒന്നമർത്തിയാൽ മതി—

മനോമോഹനൻ ആ ആണി ഒന്നമർത്തി. എന്തോ, ഇളകുന്നതുപോലെയുള്ള ഒരു തോന്നൽ രഞ്ജിററുസിംഗിനു് ഉണ്ടായി. രണ്ടു മിനിട്ടിനുള്ളിൽ അവർ വേറെ ഒരു മുറിയിൽ ചെന്നുചേർന്നിരിക്കുന്നു. മുമ്പിലത്തെ മുറിയുടെ സ്ഥാനത്തു് ഒരു വലിയ കതകു മാത്രം കാണപ്പെട്ടു.

മനോമോ—ഇതാണു് അടുക്കള. എന്റെ അടുക്കള മുകളിലാണെന്നു ഞാൻ പറഞ്ഞില്ലേ? നാം ഇപ്പോൾ 80 അടി പൊക്കത്തിൽ വന്നിരിക്കുന്നു. വീണ്ടും ഞാൻ ഒരാണി അമർത്തുന്നു. വീണ്ടും നാം ആദ്യം പ്രവേശിച്ച മുറിയിൽ ആയിരിക്കുന്നു.

രഞ്ജിററുസിംഗിനു അത്ഭുതംകൊണ്ടു് ഒരു വാക്കു് ഉത്തരം പറയാൻ കഴിഞ്ഞില്ല. ഒടുവിൽ വളരെ പണിപ്പെട്ടു് "ഇതാണു് ഇന്ദ്രജാലം" എന്നു മാത്രം പറഞ്ഞു.

മനോമോ—"ഇതിൽ ഒരിന്ദ്രജാലവും ഇല്ല. ചില യന്ത്രങ്ങളുടെ ജോലി മാത്രമാണിതു്. ഇപ്പോൾ നാം മുകളിലോട്ടു പോകയും താഴോട്ടു വരികയും ചെയ്യിരിക്കുന്നു. ഇനി നമുക്കു പുറകോട്ടും മുന്നോട്ടും പോകാമോ എന്നു നോക്കാം."

മനോമോഹനൻ ഒരാണിയമർത്തി ഒരു ചെറിയ ഇളക്കത്തോടുകൂടി അവർ ഇരുന്നിരുന്ന മുറി കാണ്മനില്ലാതായി. അവർ ഇപ്പോൾ വേറെ ഒരു മുറിയിൽ വന്നിരിക്കുന്നു. എഴുന്നീററു വരൂ എന്നു മനോമോഹനൻ പറഞ്ഞു. ആ ഇരിപ്പിടങ്ങളിൽ ഫലനമില്ലാതായ ഉടനെ അവയും അവയുടെ ആദ്യത്തെ സ്ഥാനം കൈക്കൊണ്ടു ആ മുറി പൊക്കമുള്ളതും വിസ്താരമേറിയതുമായ ഒന്നായിരുന്നു. വളരെ വളരെ മാർദ്ദവമുള്ള പരവധാനികൾ അവിടെ വിരിച്ചിരുന്നു. മനോഹരങ്ങളായ അനേകം പടങ്ങളും ആ ചുവരുകളിൽ സ്ഥാപിച്ചിരുന്നു.

മനോമോ—ഇനി നമുക്കു വിനോദശാലയിലേക്കു പോകാം.

അവിടെ ചെന്നപ്പോൾ രഞ്ജിററുസിംഗിന്റെ സന്തോഷം വർണ്ണിക്കാൻ പാടില്ലാത്ത നിലയിൽ എത്തി. ലോകപ്രസിദ്ധന്മാരായ പല ചിത്രകാരന്മാരുടെയും മനോഹരങ്ങളായ പല ചിത്രങ്ങളും ആ മുറിയിൽ തൂക്കിയിരുന്നു.

രഞ്ജിററു്—"ഇതൊരു വിനോദശാലയാണെന്നു പറയുന്നു. ഇവിടെ ഒരു മേശപോലും ഞാൻ കാണുന്നില്ലല്ലോ?"

മനോമോ.—ഓ! അതിനൊന്നും പ്രയാസം ഇല്ല. പല മേശകളും കസേരകളും ഒക്കെ ഇട്ടു മുറിയുടെ ഭംഗിയെ കെടുത്തുന്നതു് ഉചിതമല്ലല്ലോ എന്നു വിചാരിച്ചു ഞാൻ അതൊക്കെ ഒളിച്ചു വെച്ചിരിക്കയാണു്. ഇതാ നോക്കണം, ഈ ആണി ഒന്നമർത്തിയാൽ നിങ്ങൾക്കു് ആവശ്യമുള്ള സാമഗ്രികൾ നിങ്ങളുടെ മുമ്പിൽ ഉണ്ടായിരിക്കും.

ഉടനെ തന്നെ രണ്ടു മൂന്നു മേശകളും അവിടെ പ്രത്യക്ഷപ്പെട്ടു കണ്ടു.

മനോമോ—ഇതൊന്നും സാരമില്ല. പക്ഷെ കുറെക്കൂടി രസകരമായ പൊടിക്കൈകൾ നമ്മുടെ കാഴ്ചബംഗ്ലാവിൽ പോയാൽ കാണാം.

മനോമോഹനൻ രഞ്ജിററുസിംഗിനെ വേറെ ഒരു മുറിയിലേക്കു കൊണ്ടുപോയി. അവിടം അസാധാരണമായ രീതിയിൽ അലങ്കരിക്കപ്പെട്ടിരുന്നു. തറ വിവിധവർണ്ണങ്ങളായ കുളുർകല്ലുകളാൽ നിർമ്മിക്കപ്പെട്ടതായിരുന്നു. പരവധാനികളുടെ സ്ഥാനം വിലപിടിച്ച ചർമ്മങ്ങളാണു് വഹിച്ചിരുന്നതു്. വിശേഷവിധിയായി യാതൊരു സാമാനങ്ങളും ആ മുറിയിൽ ഉണ്ടായിരു

ന്നില്ല. ഭിത്തിയോടു ചേർന്ന് ഏതാനും അലമാരികൾ വെച്ചിരുന്നു.

മനോമോ—"ഇതിനൊരു കാഴ്ചബംഗ്ലാവെന്നു നാമകരണം ചെയ്യാൻ പാടില്ല. എങ്കിലും കാണുന്നതിനു സാധനങ്ങൾ ഇല്ലാതെയും ഇല്ല.. ഈ അലമാരികൾക്കുള്ളിൽ ഞാൻ എന്റെ രത്നങ്ങൾ എല്ലാം സൂക്ഷിക്കുന്നു. അതുകളോടു കിടപിടിക്കാൻ ലോകത്തിൽ വേറെ ഉണ്ടെന്നു തോന്നുന്നില്ല. ഈ അലമാരികളെ ഒക്കെ എത്ര സൂക്ഷ്മമായി ഞാൻ പൂട്ടി സൂക്ഷിക്കുന്നുവെന്നു നോക്കുക. അതുകളുടെ അകം കണ്ടാൽ എത്ര വിശ്വസ്തനായ ഭൃത്യനാണെങ്കിലും കൈകടത്താൻ നോക്കാതിരിക്കയില്ല.

അദ്ദേഹം അദ്ദേഹത്തിന്റെ ഘടികാരച്ചങ്ങലയിൽനിന്ന് ഒരു വെള്ളിത്താക്കോൽ വേർപെടുത്തി എടുത്ത് ഒരലമാരി തുറന്നു. എന്തൊരതിശയം! രഞ്ജിററുസിംഗ് അത്ഭുതപരവശനായി ആർത്തുവിളിച്ചുപോയി. ഉടനെ ചെറിയ ചെറിയ പെട്ടികളിലായി അടക്കം ചെയ്തിരുന്ന രത്നങ്ങളുടെ പ്രഭ അയാളുടെ കണ്ണുകളെ മഞ്ഞളിപ്പിച്ചു. നവരത്നങ്ങളും അവിടെ സുലഭമായി ശേഖരിക്കപ്പെട്ടിരുന്നു. പച്ചയും, ചുവപ്പും, നീലയും, വെള്ളയും ആയ വിവിധരത്നങ്ങൾ കൈകൊണ്ടു വാരി ഒരു കൊച്ചുകുട്ടി അവന്റെ ഗോലിയെ എന്ന വിധത്തിൽ അവയുടെ ഉടമസ്ഥൻ പെരുമാറുന്നതു കണ്ടപ്പോൾ വാസ്തവത്തിൽ ഇതുകൾക്കൊന്നിനും വിലയില്ലയോ എന്നു രഞ്ജിററുസിംഗിനു തോന്നി.

ഇതൊക്കെ എന്താണ്.? "എന്തൊന്നാണിതിനൊക്കെ വില?" എന്നു രഞ്ജിററുസിംഗ് അത്ഭുതപാരവശ്യത്തോടുകൂടി ചോദിച്ചു.

മനോമോ—നിങ്ങളൊന്നു വിലമതിക്കുക കാണട്ടെ.

രഞ്ജിററു—ഒരു പതിനഞ്ചു ലക്ഷം രൂപാ വിലവരുമെന്നു തോന്നുന്നു.

മനോമോഹനൻ ചിരിച്ചുംകൊണ്ടു പ്രതിവചിച്ചു—"നിങ്ങളൊരു നല്ല നോട്ടക്കാരനല്ല. നിങ്ങൾ പറയുന്ന ആ തുക കൊടുത്താൽ ഇതാ! ഈ പെട്ടിക്കകത്തുള്ള രത്നങ്ങൾ വാങ്ങിക്കാൻ കഴികയില്ല. ഈ കണക്കു നോക്കുക. എനിക്കിതുവരെ ആകെ നാലു കോടി രൂപാ ഇതിലേക്കു ചിലവുണ്ട്."

രഞ്ജിററ്—എന്ത്, നാലു കോടി രൂപായിക്കു രത്നങ്ങളോ?

മനോമോ—ഇതൊക്കെ കാണുമ്പോൾ എന്റെ കർത്തവ്യകർമ്മത്തെ ഞാൻ ശരിയായി അനുഷ്ഠിച്ചിട്ടുണ്ടെന്ന് എനിക്കു തോന്നുന്നുണ്ട്. നോക്കണം. ഈ രത്നങ്ങളൊക്കെ ഈ നിലയിൽ വരണമെങ്കിൽ എത്ര മാത്രം വേല ചെലവുചെയ്തിരിക്കണം. അതിനു ധനം വേണം. നാം അവരെ സഹായിച്ചില്ലെങ്കിൽ ഈ തൊഴിൽ നശിച്ചുപോകും. അതായത് അനേകായിരം ആളുകൾക്ക് ആഹാരസമ്പാദനത്തിനു മാർഗ്ഗമില്ലാതെ ആയിത്തീരും. നിങ്ങൾ മുമ്പേ മുററത്തു കണ്ടു പിച്ചളയാണെന്നു സംശയിച്ച സ്വർണ്ണക്കമ്പികളും ഈ കൂട്ടത്തിൽ ഉൾപ്പെട്ടതാണ്. ധനമുണ്ടെങ്കിൽ ചുമതലകളും ഉണ്ട്. ഈ മാതിരി തൊഴിൽക്കാരെ പ്രോത്സാഹിപ്പിക്കുന്നതു് അതിനെ ശരിയായ വിധത്തിൽ ചെലവുചെയ്യുന്നതിനുള്ള ഒരു വഴിയാണ്. ഇതാ, ഈ ചുവപ്പുകല്ലു നോക്കണം. ഇതു ബർമ്മായിൽനിന്നുള്ള വരവാണ്. ഇതിനേക്കാൾ വലുതായിട്ട് ഈ വർഗ്ഗത്തിൽ നാലു രത്നങ്ങൾ മാത്രമേ ലോകത്തിൽ ഉള്ളൂ. പട്ടം തേച്ചു മിനുസപ്പെടുത്താതെ ഇരുന്നെങ്കിൽ ഇതു രണ്ടാമത്തെ വലിയ കല്ലായിരിക്കുമായിരുന്നു.

കുറേനേരം ആ വലിയ ചുവപ്പുകല്ലു കയ്യിലെടുത്തു കളിച്ചതിന്റെ ശേഷം നിസ്സാരമായ ഒരു സാധനത്തെ എന്നപോലെ മനോമോഹനൻ അതിനെ അകത്തേക്കെറിഞ്ഞു.

"നിങ്ങൾ നന്നെ ക്ഷീണിച്ചായിരിക്കാം? നമുക്ക് സ്വല്പം കാപ്പി കുടിക്കാം. വരൂ" എന്നു പറഞ്ഞ് അടുത്ത ഒരു മുറിയിലേക്ക് അവർ രണ്ടുപേരും പോയി.

## നാലാം അദ്ധ്യായം

## വിവിധരാജ്യങ്ങൾ

ആ ഇന്ദ്രജാലപ്രദർശനശാലയിൽ പ്രവേശിച്ചു സ്വല്പം കഴിഞ്ഞതിന്റെ ശേഷം രഞ്ജിററ്സിംഗിനു സ്വബോധം ഉണ്ടായിരുന്നോ എന്നുള്ള കാര്യം തന്നെ സംശയമാണ്. അവിടെ കണ്ട വിസ്മയകരങ്ങളായ കാഴ്ചകളും അളവററ ധനങ്ങളും അയാളുടെ തലച്ചോറിന്റെ യഥാർത്ഥനിലയെ ഒന്നു തെറിപ്പിച്ചിരുന്നുവെന്നു തീ

ത്തുതന്നെ പറയാം. അവർ പ്രവേശിച്ച പുതിയ മുറി ഐശ്വര്യധാടിയിലും കരകൌശലമോടിയിലും ഒട്ടും പിന്നോക്കമായിരുന്നില്ല. ആ മുറിയുടെ തറ മുഴുവനും ഏഷ്യാമൈനറിലെ വിശേഷപരവധാനികൾകൊണ്ടു മൂടപ്പെട്ടിരുന്നു. സുഖമായി വിശ്രമിക്കുന്നതിനുപയുക്തങ്ങളായി എന്തെല്ലാം സാധനങ്ങൾ മനുഷ്യബുദ്ധിയിൽ എത്തിയിരുന്നോ അവയൊക്കെ സുലഭമായി ആ മുറിയിൽ അതാതിന്റെ സ്ഥാനത്തു സംഭരിക്കപ്പെട്ടിരുന്നു. ചാരിയിരിക്കുന്നതിനും ചാരിക്കിടക്കുന്നതിനും കിടക്കയുള്ളതും, കിടക്കയില്ലാത്തതുമായ അനേകം കസേരകളും ചാരുകസേരകളും അണിയണിയായി ആ മുറിക്കകത്തു ശേഖരിച്ചിട്ടിരുന്നു ആ മുറിയുടെ ഒരററത്തെ ഭിത്തി മുഴുവനും കണ്ണാടികൊണ്ടു നിർമ്മിച്ചിരുന്നു. അതിലൂടെ നോക്കിയാൽ അപ്പുറത്തായി നിബിഡമായി വളർന്നുനിന്ന പലവിധ ചെടികളാൽ ഹൃദയാകർഷകമാംവണ്ണം അലങ്കരിക്കപ്പെട്ടിരുന്ന ഒരു ഉദ്യാനം കാഴ്ചക്കാരനു നയനഗോചരമായിത്തീരുന്നു. മറെറാരററത്തു സ്വർണ്ണം പൂശിയ ഇരുമ്പുകമ്പികൾകൊണ്ടുണ്ടാക്കിയിട്ടുള്ള തട്ടുകൾ പുതിയ പുതിയ മാസികകളെയും വർത്തമാനപത്രങ്ങളെയും വഹിച്ചുകൊണ്ടു നിൽക്കുന്നു വേറെ ഒരററത്തു പലമാതിരിയിലുള്ള അനേകം പുകയിലക്കുഴലുകൾ ശേഖരിച്ചു വച്ചിട്ടുള്ളതു കണ്ടാൽ ആ ഗൃഹത്തിന്റെ ഉടമസ്ഥൻ ഒരു വലിയ പുകവലിക്കാരനാണെന്നു ആരും സംശയിച്ചുപോകും. പരമാർത്ഥത്തിൽ അവയൊന്നും അദ്ദേഹത്തിന്റെ സുഖസാദ്ധ്യത്തിനായി തയ്യാറുചെയ്തിട്ടുള്ളവയായിരുന്നില്ല. അവിടെ വരുന്ന അതിഥികളൊന്നും ആ കാര്യത്തിൽ മുറുമുറുക്കുന്നതിനിടവരരുതെന്നു കരുതി കാലേകൂട്ടി നിശ്ചയിച്ചിട്ടുള്ളതിന്റെ ഫലമായിരുന്നു അതു്. അതൊന്നും കൂടാതെ പലവിധത്തിലുള്ള സിഗററുകളും ചുരുട്ടുകളും അവിടെയുണ്ടായിരുന്നു

“ഈ ഡമാസ്കസ് ചുരുട്ടൊന്നു പരീക്ഷിക്ക. അതു തുർക്കിസുൽത്താന്റെ ഏജൻറിൽനിന്നു വാങ്ങിയിട്ടുള്ളതാണ. ഈ ലോകത്തിൽ സുഖം അനുഭവിക്കുന്ന ജാതിക്കാർ തുർക്കികളാണെന്നുള്ളതിനു സംശയമില്ല” എന്നു പറഞ്ഞു് ആ വീട്ടിന്റെ ഉടമസ്ഥൻ രഞ്ജിററ്സിംഗിനു് ഒരു നല്ല ചുരുട്ടെടുത്തു കൊടുത്തു. പുകവലിച്ചും വെടിപറഞ്ഞും അയാൾ ആ മുറിക്കകത്തു താമസിച്ചിടത്തോളം കാലം ഇഹലോകവാസത്തെപ്പററി തന്നെ അയാൾ വിചാരിച്ചിരുന്നതായി തോന്നിയില്ല. മനുഷ്യശരീരത്തിന്റെ പൂർത്തിയായ സംതൃപ്തിക്കു് ആവശ്യകങ്ങളായ എല്ലാ പദാർത്ഥങ്ങളും സംഭരിച്ചിരുന്ന ആ മുറിയിൽ കഴിച്ചുകൂട്ടുക തന്നെയാണു് സ്വർഗ്ഗമെന്നു് അയാൾ തീർച്ചപ്പെടുത്തി.

അനന്തരം ലഘുഭക്ഷണത്തിനു സമയമായതുകൊണ്ടു് ആ ഗൃഹാധിനാഥൻ അവിടെ വെച്ചിട്ടുണ്ടായിരുന്ന ഒരു പിയാനൊയന്ത്രത്തിന്റെ കമ്പികളിൽ രണ്ടുമൂന്നു് ആവർത്തി തട്ടി. ഒരു പത്തു സെക്കണ്ടു കഴിഞ്ഞപ്പോൾ ഒരു ചെറിയ ശബ്ദത്തോടുകൂടി ചുവരുകളുടെ ഇടയിൽനിന്നു് ഒരു മേശ പ്രത്യക്ഷപ്പെട്ടു അതിന്റെ മുകളിലായി രണ്ടുപേൎക്കു വേണ്ട കാപ്പിയും പലഹാരങ്ങളും തയാറുണ്ടായിരുന്നു.

ഈ ഏർപ്പാടു വളരെ കണിശമായിരിക്കുന്നു. ഇതുവരെ ഇങ്ങനെ ഒരു സൂത്രം ആരെങ്കിലും കണ്ടുപിടിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല ആ ആണി നോക്കുക! അതിൽ ഒന്നുരണ്ടാവർത്തി തട്ടുമ്പോൾ അതു വിദ്യുച്ഛക്തി പ്രവഹിക്കുന്ന ചില കമ്പികൾക്കു് ഇളക്കം കൊടുക്കുന്നു. ആ കമ്പികൾ അടുക്കളയിലുള്ള കാപ്പിപ്പാത്രങ്ങളുമായി ഘടിപ്പിക്കപ്പെട്ടിട്ടുണ്ടു്. രണ്ടു തവണ തട്ടിയാൽ ഒരു കപ്പു നിറയും. പിന്നെയും രണ്ടു തവണ തട്ടിയാൽ മറെറാരു കപ്പും നിറയും. ഈ കപ്പുകളെല്ലാമിപ്പോഴും കാപ്പിപ്പാത്രത്തിന്റെ പല കുഴലുകളുടെ അടിയിൽ വെച്ചിട്ടുള്ളവയാണ്. ചുററിക്കറങ്ങുന്ന ഒരു മേശമേൽ അടപ്പുകളിരിക്കുന്നു. പാത്രത്തിൽ കാപ്പി നിറയുമ്പോൾ വായുടെ ഘനം കൂടുന്നു. തൻമൂലം ഈ മുറിയുമായി ഘടിപ്പിച്ചിട്ടുള്ള ഒരു കുഴലിൽകൂടെ തിരിഞ്ഞുതിരിഞ്ഞു താഴോട്ടു സാവധാനത്തിൽ സഞ്ചരിക്കുന്നു. അങ്ങനെയാണ് നമുക്കിപ്പോൾ. വേലക്കാരുടെയും മററും സഹായം കൂടാതെ കാപ്പി കിട്ടാൻ ഇടയായതു്. ഇതൊരു നല്ല വിദ്യയാണ് അല്ലേ?. ഞാൻ ഈ മാതിരി സൂത്രങ്ങൾ പ്രയോഗിക്കുന്നതിൽ നിങ്ങൾക്കു മുഷിച്ചിലില്ലെന്നു വിശ്വസിക്കുന്നു യന്ത്രംകൊണ്ടുള്ള തന്ത്രങ്ങൾ ഏതെല്ലാം വിധത്തിലാകാമെന്നു പരീക്ഷിക്കണമെന്നുള്ള എന്റെ കൌതുകമാണ് ഈ മാതിരി കാര്യങ്ങളിൽ എന്നെ പ്രധാനമായി പ്രേരിപ്പിച്ചിട്ടുള്ളതു്.

രഞ്ജി.റ.—ഹേയ്, എനിക്കൊരു മുഷിച്ചിലുമില്ല. പ്രത്യുത എനിക്കു മേൽക്കുമേൽ അത്ഭുതവും ജിജ്ഞാസയും കൂടിവരികയാണ് ചെയ്യുന്നതു്. ഇതെല്ലാം ക

ണ്ടിട്ട് ഞാൻ ദേവലോകത്താണ് ഇപ്പോൾ ഇരിക്കുന്നതെന്നു തന്നെ എനിക്കു തോന്നിപ്പോകുന്നു. ഇങ്ങനെയുള്ള വിദ്യകൾ എന്റെ കണ്ണുകൊണ്ടു തന്നെ ഞാൻ കണ്ടിരുന്നില്ലെങ്കിൽ തീർച്ചയായും വിശ്വസിക്കയില്ലായിരുന്നു.

മോഹന— നിങ്ങളെ കാണിക്കാനുള്ളതു മുഴുവനും ആയിട്ടില്ല സ്വല്പം നമുക്കു വിശ്രമിക്കാം. ഇനിയും പലതു കാണാനുണ്ട്. ആകട്ടെ, ഞാൻ നിങ്ങളോടൊന്നു ചോദിക്കട്ടെ. നിങ്ങൾ എനിക്കൊരു ഉപകാരം ചെയ്യുമോ?

രഞ്ജിററു—നിങ്ങൾക്കു വേണ്ടി എന്തും ചെയ്വാൻ ഞാൻ സന്നദ്ധനാണ്.

മോഹന—എന്നാൽ കേൾക്കുക. എന്റെ സ്ഥിതി എന്താണെന്ന് ഇപ്പോൾ നിങ്ങൾക്കു മനസ്സിലായല്ലൊ. ഞാൻ ഇവിടെ കേവലം അപരിചിതനായ ഒരാളാണ്. നല്ല സ്ഥിതിയിലുള്ളവരുമായി എനിക്കു യാതൊരു സംബന്ധവും ഇല്ല. അവരുമായി സമ്മേളിക്കുന്നതിനും എനിക്കാഗ്രഹമില്ല. ഞാൻ ഒരു വിദ്യാർത്ഥി മാത്രമാണ്. എന്റെ ആഗ്രഹങ്ങളും എന്നെപ്പോലെ തന്നെ നിസ്സാരങ്ങളാണ് എനിക്കു വലിയ ആളുകളുടെ പരിചയം സമ്പാദിക്കേണ്ട ആവശ്യവുമില്ല. ഞാൻ പറയുന്നതിന്റെ താല്പര്യം മനസ്സിലാകുന്നോ?

രഞ്ജിററു—പൂർത്തിയായിട്ടും.

മനോ—നേരെമറിച്ച് ഒരു പാവപ്പെട്ടവന്റെ പരിചയം സമ്പാദിക്കുക വളരെ പ്രയാസമുള്ള ഒരു കാര്യമെന്ന് എന്റെ ലോകപരിചയം എന്നെ പഠിപ്പിച്ചിട്ടുണ്ട്. ധനവാന്മാർ ആളെ അല്ല അയാളുടെ ധനത്തെയാണ് വിലമതിക്കുന്നത്. എന്നാൽ സാധുക്കളാവട്ടെ ആളിനെ വിലമതിക്കുന്നു. ഇതാണ് വ്യത്യാസം.

രഞ്ജിററു—അതിനെ സശിരഃകമ്പം സമ്മതിച്ചു.

മനോമോഹനൻ തുറന്നുപറഞ്ഞു—തന്മൂലം രണ്ടു കൂട്ടരുമായി ഞാനിടപെടുന്നില്ല. എന്റെ ജീവിതം ഏകാന്തമായ ഒന്നാണ്. ഏകാന്തം ഞാനാഗ്രഹിക്കുന്നു എന്നു വിചാരിക്കരുത്. പക്ഷെ ആ ജീവിതരീതിയാണ് എനിക്കു പരിചയപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുള്ള ദോഷവും എനിക്കറിയാം. ഞാൻ അന്യന്മാർക്ക് ഉപയോഗപ്പെടേണ്ടതുപോലെ ഉപയോഗപ്പെടുന്നില്ല. നന്മ ചെയ്യുന്നതിന് എനിക്കാഗ്രഹമുണ്ട്. പക്ഷെ എപ്പോൾ ഏവർക്കാണ് അതു ചെയ്യപ്പെടേണ്ടതെന്ന് എനിക്കു നിശ്ചയമില്ല. ഈശ്വരാനുഗ്രഹത്താൽ ഇന്നു ഞാൻ ഒരാളുടെ പരിചയം സമ്പാദിച്ചു. അദ്ദേഹത്തെ നിങ്ങൾ അറിയുമെന്നു വിചാരിക്കുന്നു. ഈ ഗ്രാമത്തിലെ പ്രധാനപുരോഹിതനാണ്. ഇത്ര സ്വാർത്ഥതല്പരത ഇല്ലാത്തവനും വിശ്വാസയോഗ്യനുമായ ഒരാളെ ഇതിനു മുൻപു ഞാൻ കണ്ടിട്ടില്ല. ബഹിർലോകമായി ഏർപ്പെടുന്നതിനു ഞാൻ അദ്ദേഹത്തെ ഒരായുധമാക്കാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. ആ കാര്യത്തിലേക്ക് എന്നെ സഹായിക്കാൻ നിങ്ങളും തയ്യാറാണോ?

രഞ്ജിററു—വളരെ സന്തോഷം.

ഈ പ്രമേയം രഞ്ജിററുസിംഗിനെ വളരെ സന്തോഷിപ്പിച്ചു. ഇങ്ങനെയുള്ള ഒരാളുമായി ഇടപെടുന്നതു തന്നെ ഒരു വലിയ അനുഗ്രഹമായി അയാൾ കരുതി. ഇതിൽ കൂടുതലായി അയാൾ യാതൊന്നും ഇച്ഛിച്ചിരുന്നില്ല.

മനോമോഹനൻ അദ്ദേഹത്തിന്റെ സംഭാഷണത്തെ തുടർന്നു—നാം തമ്മിൽ യദൃച്ഛയാ നടന്ന സംഭാഷണത്തിൽനിന്നു നിങ്ങൾ സ്വാർത്ഥപ്രതിപത്തിയില്ലാത്ത ഒരു ദേഹമാണെന്നു മനസ്സിലാക്കുന്നതിന് എനിക്കു സാധിച്ചു. ആദ്യമായി കാണുമ്പോൾ തന്നെ പരിചയം സമ്പാദിക്ക എന്നുള്ളത് എന്റെ സ്വഭാവമല്ല. അതിനാൽ അന്ന് നാം തമ്മിൽ ആദ്യമായി കണ്ട അവസരത്തിൽ ഞാൻ അധികമൊന്നും സംസാരിക്കാതെ ഇരുന്നത്. എന്റെ പരിചയക്കാരെ അളക്കുന്നതിന് ആദ്യമായി ഞാൻ ശ്രമിക്കും. അതൊരു കുററമായി നിങ്ങൾ കരുതുന്നെങ്കിൽ എന്നെയല്ല ലോകത്തെയാണ് നിങ്ങൾ കുററപ്പെടുത്തേണ്ടത്. ആളുകൾ ഏതെല്ലാം മാതിരിയിൽ ഓരോ കൃത്രിമങ്ങൾ അഭിനയിക്കുന്നുണ്ടെന്നു നിങ്ങൾക്കറിയാമൊ? യാദൃച്ഛികമായി സംഭവിച്ചിട്ടുള്ളതാണെന്നു നാം വിചാരിക്കുന്ന പല സന്ദർശനങ്ങളും കാലേകൂട്ടി തയ്യാറാക്കീട്ടുള്ള കാര്യപരിപാടി അനുസരിച്ചിട്ടാണെന്നു കാണുമ്പോൾ ലോകരെപ്പററി ഒരാൾക്കു പൊതുവെ അവിശ്വാസം ജനിക്കുന്നത് ആശ്ചര്യമല്ലല്ലൊ ഉദാഹരണത്തിന് ഒരു കഥ പറയാം.

ഒരിക്കൽ ഒരു സ്ത്രീയെ ഒരു കാള ഓടിച്ചു. അവളെ രക്ഷിക്കുന്നതിനായി ഞാൻ എന്റെ ജീവൻ തന്നെ പണയപ്പെടുത്തി. ഒടുവിൽ കാര്യം മനസ്സിലായപ്പോൾ എനിക്കുണ്ടായ ആശ്ചര്യം എങ്ങനെ പറഞ്ഞറിയിക്കാം? എന്റെ പരിചയം സമ്പാദിക്കുന്നതിനു മാതാവിനാൽ പ്രേരിപ്പിക്കപ്പെട്ട ഒരു സ്ത്രീയെ ആയിരുന്നു കാള ഓടിച്ചതെന്നും

ആ കാള, തൽക്കാലാവശ്യത്തിനു കൂലിക്കു വാങ്ങിയതാണെന്നും ഒടുവിൽ എനിക്കു മനസ്സിലായി. എന്തിനിതൊക്കെ പറഞ്ഞു മനുഷ്യരിൽ നിങ്ങൾക്കുള്ള വിശ്വാസത്തെ ഞാൻ നശിപ്പിക്കുന്നു? എൻെറ വിശ്വാസം മിക്കവാറും നശിച്ചുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് എന്നെ ഗുണദോഷിക്കുന്നതിനു് ഒരു സ്നേഹിതൻ ആവശ്യമുണ്ടെന്നു തോന്നുന്നതു്.

രഞ്ജിററു്—എന്നാൽ കഴിയുന്നതു ഞാൻ ചെയ്യാം. ഇവിടെയും ലാഹൂറിലും അയൽപ്രദേശങ്ങളിലും ഉള്ള ജനങ്ങളെപ്പററി എനിക്കറിയാം.

മനോ—അതു തന്നെയാണ് എനിക്കു വേണ്ടതു്. ധനത്തിനു ഗുണം ചെയ്യുന്നതിനും ദോഷം ചെയ്യുന്നതിനും ശക്തിയുണ്ടു്. എനിക്കു സംശയമുണ്ടാകുമ്പോൾ അതിനെപ്പററി നിങ്ങളോടു് അപേക്ഷിച്ചുകൊള്ളാം. ആട്ടെ, ഒന്നുകൂടി ചോദിച്ചുകൊള്ളട്ടെ. പ്രശാന്തഗംഭീരമായ മുഖഭാവവും ഗൌരവസംയുക്തമായ നടപ്പും ധാരാളം തലമുടിയുമുള്ള ഒരു പെൺകുട്ടിയെ ഈയിടെ ഞാൻ ആ ക്ഷേത്രത്തിനടുത്തുവെച്ചു കാണുകയുണ്ടായി. ആ സ്ത്രീ ഏതാണെന്നു നിങ്ങൾ അറിയുമെങ്കിൽ എന്നോടൊന്നു പറയാമോ?

രഞ്ജിററു് (രഹസ്യമായി സന്തോഷിച്ചുംകൊണ്ടു) അവൾ എൻെറ സഹോദരിയാണ്.

മനോ—എന്തു്? നിങ്ങളുടെ സഹോദരിയോ? അതെ. ശരിതന്നെ. നിങ്ങളുടെ രണ്ടുപേരുടെയും മുഖത്തിനു് ഏതാണ്ടൊക്കെ സാമ്യമുണ്ടു. അവൾ നിങ്ങളുടെ കൂടെ തന്നെയോ താമസിക്കുന്നതു്?

രഞ്ജിററു്—അതെ. ഞാനും, അച്ഛനും, സോദരിയും ഒരുമിച്ചു് ആ കുന്നിൻെറ ചരിവിലുള്ള ചെറിയ വീട്ടിൽ താമസിക്കുന്നു.

മനോ—അവരുടെ പരിചയവും സമ്പാദിക്കുന്നതിനാഗ്രഹമുണ്ടു്.

രഞ്ജിററു്—സൌകര്യമുള്ളപ്പോൾ അത്രം വരുന്നതു ഞങ്ങൾക്കൊക്കെ സന്തോഷമായിരിക്കും.

മനോ—നിങ്ങൾ എൻെറ വായനശാല കണ്ടില്ലല്ലോ. നിങ്ങൾക്കു് ആ മുറിയായിരിക്കും അധികം രസിക്കുന്നതു്. എനിക്കു് അധികം പുസ്തകങ്ങളില്ല. അൻപതിനായിരം പുസ്തകങ്ങളേ എൻെറ വായനശാലയിലൊള്ളൂ. അവയിൽ ചിലതു വളരെ വിശേഷപ്പെട്ടവയാണെന്നു പറയാതെയിരിക്കുവാൻ നിവൃത്തിയില്ല. നിങ്ങൾക്കു സമയമുള്ളപ്പോൾ ഇവിടെ വന്നിരുന്നു വായിക്കാം. തൽക്കാലം നമുക്കു് ഇവിടെയുള്ള വിശേഷങ്ങളൊക്കെ ഒന്നു കാണാം. ഇതാ ഈ സോഫയിൽ ഇരിക്കൂ.

മനോമോഹനൻ ചൂണ്ടിക്കാണിച്ച സോഫയിൽ രഞ്ജിററുസിംഗ് ഇരുന്നു. ഈ സോഫയുടെ ഒരററം മുറിയുടെ ഭിത്തിയിന്മേൽ തറച്ചിരുന്നു. അവർ രണ്ടുപേരും ആ സോഫയിൽ ഇരുന്ന ഉടനെ മനോമോഹനൻ ഒരു ചരടു് അടിയിൽനിന്നു സ്വല്പം ബലം പ്രയോഗിച്ചു മുകളിലേക്കു വലിച്ചു ഉടനെ അവർ ഒരു കണ്ണാടിക്കൂട്ടിലായി. ആ കണ്ണാടിച്ചുവരിന്മേൽ അനേകസ്വർണ്ണപ്പിടികളോടു കൂടിയ ആണികൾ ഉന്തി നിന്നിരുന്നു.

മനോ—ആട്ടെ, നിങ്ങൾ അധികം ഇഷ്ടപ്പെടുന്ന രാജ്യമേതാണ്. നിങ്ങൾക്കു് അവിടെ പോകണമെന്നു് ആഗ്രഹമുണ്ടോ?

രഞ്ജിററു—എനിക്കു തെക്കേഅമേരിക്കയിൽ പോയാൽ കൊള്ളാമെന്നുണ്ടു്.

പെട്ടെന്നു "ക്ര ക്ര" എന്നൊരു ശബ്ദമുണ്ടായി. അതോടു കൂടി അവരൊന്നിളകി. രഞ്ജിററു അത്ഭുതപാരവശ്യത്തോടു കൂടി അങ്ങോട്ടുമിങ്ങോട്ടുമൊന്നു നോക്കി. എവിടെ നോക്കിയാലും ഘോരാരണ്യമല്ലാതെ മറെറാന്നും കാണാനില്ലായിരുന്നു. വലിയ വലിയ വൃക്ഷങ്ങൾ നഭോമണ്ഡലത്തെ ഉരസിക്കൊണ്ടു നിന്നിരുന്നു. പന, തെങ്ങു മുതലായ വൃക്ഷങ്ങൾ അവിടവിടെ സമൃദ്ധിയായി നിന്നിരുന്നു. അഷ്ടഗ്രാമവും കോടീശ്വരൻെറ ഭവനവും ഭാരതഭൂമിയും എല്ലാം മറന്നിരിക്കുന്നു. ആമസോൺ നദീതീരത്തുള്ള ഒരു ഘോരവിപിനത്തിൽ ഒരു തടിക്കഷണത്തിന്മേൽ അവർ ഇരുന്നിരുന്നു. അതു തീർച്ചയായിട്ടും ഒരു് ഇന്ദ്രജാലക്കാരൻെറ വിദ്യയാണെന്നു് അയാൾക്കു പറയാൻ പാടില്ലായിരുന്നു. കാട്ടാറുകൾ അയാളുടെ മുമ്പിൽക്കൂടി ഊക്കോടു കൂടി ഒഴുകുന്നതു് അയാൾ കാണുന്നു. മാൻപേടകളും കഴുകൻപക്ഷികളും അവിടെ സുലഭമായിരുന്നു. അയാൾ ഇതൊക്കെ നോക്കിക്കൊണ്ടിരുന്നപ്പോൾ സർവ്വാംഗം പുള്ളിയുള്ള ഒരു വലിയ പാമ്പ് അനങ്ങാൻ പാടില്ലാതെ കിടന്നിരുന്ന ഒരു മുയൽക്കുട്ടിയെ വിഴുങ്ങാൻ പോകുന്നതു് അയാൾ കണ്ടു. പക്ഷികൾ ചിലയ്ക്കുന്നു. സിംഹങ്ങൾ ഗർജ്ജിക്കുന്നു. അരുവികൾ ഒഴുകുന്നു. സൂര്യൻ അസ്തമിക്കാൻ പോകുന്നു. രഞ്ജിററുസിംഗ് ചുററും നോക്കി. അയാൾക്കൊന്നും അറിവാൻ പാടില്ലാതെ കുഴങ്ങി. അയാളുടെ മുഖം ഭയംകൊണ്ടു രക്തമയമില്ലാതെയിരുന്നിരുന്നു.

മനോ—ഞാൻ ഭൂതവും പ്രേതവും ഒന്നുമല്ല. ഞാൻ മനുഷ്യൻ തന്നെയാണ്. മന്ത്രവാദിയുമല്ല. നിങ്ങളുടെ സ്നേഹിതൻ മോഹനനാണ്. തെക്കേ അമ്മേരിക്കാ കണ്ടതു മതിയോ? ആമസാൺനദി ഗംഭീരമായിരിക്കുന്നുവല്ലേ? ഇനി നമുക്ക് ഈജിപ്തിലേക്കു പോകാം.

വീണ്ടും "ക്രംക്രം" എന്നൊരു ശബ്ദം കേട്ടു. സവ്ത്ര മണലാരണ്യമല്ലാതെ യാതൊന്നും കാണ്മാനില്ലാതെയായി. കുറച്ചു ദൂരെയായി നാലഞ്ചു പനവൃക്ഷങ്ങൾ മാത്രം നില്പുണ്ട്. അടുത്തു കൊത്തുപണികൾ ചെയ്തിട്ടുള്ള ഒരു പാറ കിടപ്പുണ്ട്. അതിന്മേൽ അനേകം ഓന്തുകളും പല്ലികളും കളിച്ചുകൊണ്ടിരുന്നു. വേറെ യാതൊന്നും അവിടെ ഇല്ലായിരുന്നു. ചക്രവാളംവരെ മണലാരണ്യം വ്യാപിച്ചു കിടന്നിരുന്നു

രഞ്ജിററു—മിസ്റ്റർ മനോമോഹനൻ! ഇതിന്റെ ഒക്കെ രഹസ്യം എന്താണ്? ഞാൻ സ്വപ്നം കാണുകയാണോ?

മനോ—സ്വപ്നവുമല്ല, മതിഭ്രാന്തിയുമല്ല. പെട്ടെന്നുണ്ടായ ഈ കാഴ്ച നിങ്ങളുടെ തലച്ചോറിനെ ചുറ്റു പിടിപ്പിച്ചിരിക്കുന്നതായി തോന്നുന്നു. ഈ പ്രദേശം നിങ്ങൾക്കു വെറുത്തെങ്കിൽ നമുക്കു ചൈനാവരെ ഒന്നു പോയി വരാം.

രഞ്ജിററു്—ഇന്നിത്രയും മതി. ഞാൻ വല്ലാതെ കുഴങ്ങിവശായിരിക്കയാണ്. എന്റെ തലയ്ക്കു തന്നെ എന്തോ തകരാറു പററിയിട്ടില്ലേയോ എന്നു സംശയിക്കുന്നു. അതു തന്നെയുമല്ല, എനിക്കു വീട്ടിലേക്കു പോകുവാൻ വൈകി. ഇവിടെനിന്നു വെളിയിലേക്ക് ഇറങ്ങേണ്ടതു തന്നെ എങ്ങനെ എന്ന് എനിക്കറിവാൻ പാടില്ല. ആട്ടെ, ഇതിന്റെ രഹസ്യം എന്താണെന്നു വെളിപ്പെടുത്താമോ?

മനോ—ഹേയ്, ഒന്നുമില്ല വെറും നേരംപോക്കു മാത്രം. നിങ്ങൾ ആദ്യമായി മുറിക്കകത്തു കയറിയപ്പോൾ കണ്ണാടിഭിത്തിയിൽക്കൂടി അനേകം വൃക്ഷങ്ങൾ വളർന്നുനില്ക്കുന്നതു കണ്ടല്ലോ. ഈ വൃക്ഷങ്ങളും ചെടികളുമെല്ലാം അതിന് അത്യാവശ്യം വേണ്ട ചൂടുള്ള മുറികളിൽ വളർത്തപ്പെടുകയാണ്. നാമിരുന്ന കണ്ണാടിമുറി, ഒരു റയിൽപ്പാതയിൽക്കൂടി ഉരയാതെയും അനങ്ങാതെയും ഓടുന്നു. ഇതാ ഈ ആണി തിരിച്ചാൽ അതെത്ര ദൂരം പോകണമോ അത്രയും ദൂരം പോകും. ഉരസലില്ലാത്തതുകൊണ്ട് അതു വളരെ വേഗത്തിൽ യാത്ര ചെയ്യും. മുൻപറഞ്ഞ മുറിയിൽ വെന്നുചേരുന്നതിനു് ഒരു നിമിഷംകൊണ്ടു സാധിക്കുന്നു. അവയുടെ മേൽപ്പുരകളെല്ലാം ആകാശമാണോ എന്നു തോന്നുമാറു ചായംതേച്ചു മിനുക്കിശരിയാക്കീട്ടുമുണ്ട്. അവിടെ ഓരോ രാജ്യത്തിനും അനുസരണമായ വിധത്തിലുള്ള പക്ഷികളെയും മൃഗങ്ങളെയും സൂക്ഷിച്ചിട്ടുമുണ്ട്. ഇങ്ങനെ ആണ് തെക്കേഅമ്മേരിക്ക പ്രത്യക്ഷപ്പെട്ടതു്.

രഞ്ജിററു്—ഈജിപ്റ്റോ?

മനോ—അതിൽ കുറെ സാമർത്ഥ്യം കാണിച്ചിട്ടുണ്ട്. ഇതാ അവിടെ ഏകദേശം അൻപതടി ദൂരംവരെ യഥാർത്ഥമായ മണലും മൃഗങ്ങളുമുണ്ട്. അതിന്റെ അവസാനത്തിൽ ഫ്രാൻസിലെ വിഖ്യാതനായ ഒരു ചിത്രമെഴുത്തുകാരൻ എഴുതീട്ടുള്ള ഒരു വലിയ പടവും വെച്ചിരിക്കുന്നു. ആ വൃത്താകാരമായ പടം വെച്ചിരിക്കുന്ന മാതിരികൊണ്ട് അതു് എവിടെയാണ് വെച്ചിരിക്കുന്നതെന്ന് അറിവാൻ പാടില്ലാതെ ആയിരിക്കുന്നു. ആട്ടെ നിങ്ങൾക്കു പോകാൻ വൈകിയോ? എന്നാൽ നാം വീണ്ടും നമ്മുടെ പ്രധാനമുറിയിൽ വന്നിരിക്കുന്നു. തൽക്കാലത്തേക്കു പോകുക. എന്നെ സ്വീകരിക്കുന്നതിനു വിരോധമില്ലെങ്കിൽ ഞാൻ താമസിയാതെ നിങ്ങളുടെ വീട്ടിൽ വന്നുകൊള്ളാം.

ആ സുഖകരമായ ഭവനത്തിൽനിന്നു രഞ്ജിററുസിംഗ് ഇറങ്ങി വെളിയിൽ വന്നപ്പോൾ മാത്രമാണ് അഷ്ടഗ്രാമത്തെപ്പററിയും അവിടത്തെ കാലാവസ്ഥയെപ്പററിയും അയാൾക്കു ബോദ്ധ്യം വന്നതു്. അയാൾ വീണ്ടും ചിന്താമഗ്നനായിത്തീർന്നു. സംഭവങ്ങളുടെ ആധിക്യംകൊണ്ടു കാലങ്ങൾ വളരെ കഴിഞ്ഞു എന്നു നമുക്കു ചിലപ്പോൾ തോന്നിപ്പോകും. രഞ്ജിററുസിംഗിനു് അതേമാതിരി തോന്നലാണ് ഇപ്പോൾ ഉണ്ടായതു്.

ചെളിപുരണ്ട ഉടുപ്പുകളെ ധരിച്ചിരുന്ന ആ അന്യനുമായി പരിചയപ്പെട്ടിട്ട് ഇപ്പോൾ അനേകം ആണ്ടുകളായെന്ന് അയാൾക്കു തോന്നിപ്പോയി. ഈ അസാധാരണനായ മനുഷ്യന്റെ ദ്രവ്യപുഷ്ടിയും, കുശാഗ്രബുദ്ധിത്വവും, കണ്ടും കേട്ടും അറിഞ്ഞും, പരിഭ്രമിച്ചു മതിമറന്ന് ഒരു ഭ്രാന്തനെപ്പോലെ അയാൾ ഏകദേശം ആറുമണിയോടു കൂടി സ്വഭവനത്തിലെത്തി,

IVERSITY LIBRA
17 MAR. 1929
MADRAS

## അഞ്ചാം അദ്ധ്യായം.

### കമലാഭായിയുടെ അപേക്ഷ.

അന്നേദിവസം രാത്രിയിൽ അത്താഴം കഴിഞ്ഞു രഞ്ജിററുസിംഗ്, അയാൾ പുതിയ മന്ദിരത്തിൽ കണ്ട വിശേഷങ്ങളൊക്കെ പിതാവിനെയും സഹോദരിയേയും വൎണ്ണിച്ചു കേൾപ്പിച്ചു. പരമാൎത്ഥം പറയുകയാണെങ്കിൽ അപ്പോൾ മാത്രമെ അയാൾക്കു സുഖമുണ്ടായൊള്ളു. അയാളുടെ ഹൃദയത്തിൽനിന്ന് ആ വിശേഷങ്ങൾ വെളിക്കു ചാടിയപ്പോൾ ഒരു വലിയ ഭാരം അയാളുടെ തലയിൽനിന്ന് ഇറങ്ങിയതുപോലെയുള്ള സുഖം അയാൾക്കുണ്ടായി. മററുള്ളവൎക്കു വേണ്ടിയല്ലാ അയാൾ അതൊക്കെ വൎണ്ണിച്ചതു്. അങ്ങനെ ചെയ്യാതിരുന്നെങ്കിൽ പക്ഷെ, അയാളുടെ ഹൃദയം തന്നെ പൊട്ടിപ്പോകുമായിരുന്നു. ഒരു മണിക്കൂറു നേരത്തോളം അയാൾ അതിനെപ്പററി പ്രസംഗിച്ചുകൊണ്ടിരുന്നു. പണവും പുല്ലും ഒരുപോലെ ഗണിക്കുന്ന ഒരു മനുഷ്യനുണ്ടെങ്കിൽ അതു മനോമോഹനനാണെന്നും, അയാളുടെ മന്ദിരമാണ് സാക്ഷാൽ ദേവലോകമെന്നും തങ്കപ്പണിയും കനകപ്പണിയും, അല്ലാതെ വേറെ യാതൊന്നും അവിടെ കാണാനില്ലെന്നും അവിടെ കണ്ട വിവിധരത്നങ്ങൾ മഹാരാജാക്കന്മാർ മോഹിക്കത്തക്ക വിശേഷമുള്ളവയാണെന്നും, താൻ ആ കുബേരന്റെ അത്യന്തമിത്രമായി തീൎന്നിരിക്കുന്നുവെന്നും നമ്മേ എല്ലാവരേയും കാണുന്നതിനു മനോമോഹനൻ ഇവിടെ വരുമെന്നും മററും രഞ്ജിററുസിംഗ് അയാൾക്കു സ്വതസ്സിദ്ധമായ കവിതപത്തോടു കൂടി വിശദമായും വിസ്താരമായും വിവരിച്ചു. അയാളുടെ വാക്കുകൾ കേൾവിക്കാരായ പിതാവിലും സഹോദരിയിലും ഒരു പ്രത്യേകരീതിയിലുള്ള വികാരമാണുല്പാദിപ്പിച്ചതു്. വൃദ്ധനായ മോഹനസിംഗ് കട്ടിലിൽ ചരിഞ്ഞു കിടന്നു മുഖംകൊണ്ടു് അനേകം ഗോഷ്ടികൾ കാണിച്ചതിനു ശേഷം പൈശാചികമായ വിധം ഒന്നു ചിരിച്ചു. അയാളുടെ അപ്പോഴത്തെ മുഖഭാവം അസൂയയുടെയും അത്യാഗ്രഹത്തിന്റെയും പ്രതിബിംബമായിരുന്നു എന്നു വേണം പറയാൻ. കമലാഭായിയാകട്ടെ ശ്വാസം കഴിക്കാതെ അവളുടെ സഹോദരൻ പറഞ്ഞ ഒരു വാക്കുപോലും വിടാതെ അനിമേഷയായി സകലതും കേട്ടുകൊണ്ടിരുന്നു. അവളുടെ മുഖത്തിന് അസാധാരണമായ ഒരു കാന്തിയുണ്ടായി. അവരെ രണ്ടുപേരെയും പ്രത്യേകം പ്രത്യേകം രഞ്ജിററുസിംഗ് നോക്കിയപ്പോൾ പിതാവു് ഒരു പിശാചാണെന്നും കമലാഭായി ഒരു ദേവകന്യകയാണെന്നും അയാൾക്കു തോന്നി.

വളരെ നേരം ഒന്നും സംസാരിക്കാതെ ഇരുന്നതിനു ശേഷ "ഇയാൾ ആരാണ്? ഇയാൾ ഈ പണമൊക്കെ നേരായ വഴിയിൽ സമ്പാദിച്ചതാണെന്നു ഞാൻ വിശ്വസിക്കട്ടേയോ? നാല്പതു ലക്ഷം രൂപയുടെ രത്നങ്ങളെന്നോ? എന്റെ ദൈവമേ! കൊടുത്തുകളയാൻ തയാറാണെന്നോ? ഒരുത്തരേയും ചീത്തയാക്കരുതെന്നേ വിചാരമുള്ളു അല്ലേ? അത്ഭുതം! അത്ഭുതം! രഞ്ജിററു! നീ അയാളോടു ഞാൻ ഒരാൾ ഇങ്ങനെ ഇവിടെ ഉണ്ടെന്നും ഇനിക്കു വല്ലതും തന്നാൽ ഞാൻ കേമനാകുമെന്നും നീ പറയുമോ? അല്ലാ ഞാൻ തന്നെ പോയി പറയണമോ"? എന്നു വൃദ്ധൻ കൊതിയോടും, ആശയോടും അപേക്ഷിച്ചു.

കമലം—ഇയാൾ ആരായിരിക്കും? മനോമോഹനൻ എന്ന പേരു കള്ളപ്പേരല്ലയോ? അയാൾ വേഷപ്രച്ഛന്നനായ ഒരു രാജാവോ, നാടുകടത്തപ്പെട്ട ഒരു ചക്രവൎത്തിയോ ആയിരിക്കണം. എനിക്കു് ആ രത്നങ്ങളൊക്കെ ഒന്നു കണ്ടാൽ വേണ്ടില്ലായിരുന്നു. എന്നെപ്പോലെയുള്ളവർ വൈരക്കല്ലണിഞ്ഞാൽ കേമമായിരിക്കുമെന്നു് എല്ലാവരും പറയുന്നു. എന്റെ പ്രിയപ്പെട്ട സഹോദരാ, എന്നോടാക്കഥയൊക്കെ ഒന്നു കൂടെ പറയണം—രത്നങ്ങളേപ്പററി മതി.

രഞ്ജിററു്—അദ്ദേഹം വെറും മനോമോഹനൻ തന്നെയാണെന്നാണ് എന്റെ അഭിപ്രായം. ഒരു രാജാവിന്റെയൊ, പ്രഭുവിന്റെയൊ ഭാവമൊന്നും അദ്ദേഹത്തിനില്ല. കലാവിദ്യകളിൽ നല്ല ചതുരനാണ്. ഒരു സാഹിത്യരസികനാണെന്നു പറഞ്ഞാൽ ഞാനദ്ദേഹത്തെ എത്രമാത്രം ബഹുമാനിക്കുന്നു എന്നു് ഊഹിക്കാവുന്നതാണല്ലോ. എന്തിനധികം പറയുന്നു? അദ്ദേഹത്തിനു സമുദായത്തിൽ നമുക്കുള്ള സ്ഥാനമെ ഉള്ളു. ബ്രഹ്മമതക്കാരനാണ്. നാമും ബ്രഹ്മമതക്കാരാണെന്നറിഞ്ഞതിൽ അദ്ദേഹത്തിനു വലിയ സന്തോഷമായി. ആ സംഘത്തിൽപെട്ടവരുമായി കൂടിക്കഴിയുന്നതിന് ഇവിടെ അദ്ദേഹത്തി

ൻ സാധിക്കുമെന്ന് അദ്ദേഹം വിചാരിച്ചിരുന്നതേയില്ല. അദ്ദേഹം ഒരു കോടീശ്വരനാണെന്നു സംശയമില്ല. ആ വീട്ടും, സാമാനങ്ങളും, രത്നങ്ങളുമെല്ലാം കൂടി വിലമതിക്കുകയാണെങ്കിൽ നാല്പ കോടി രൂപാ വില വരും.

മോഹന—ഞാനൊരു മദനമോഹനനെ അറിയും. അയാൾ ജില്ലാക്കോർട്ടിൽ ഒരു വക്കീലാണ്. പക്ഷെ അയാൾ ഒരു വൃദ്ധനല്ലയോ എന്നു സംശയിക്കുന്നു. ഏതായാലും ഈ പണമൊക്കെ ഇയാൾക്ക് എവിടെനിന്നു കിട്ടി? ശരിയായ വഴിയെ ആണോ എന്തോ?

കമലം—അദ്ദേഹം നമ്മേ കാണാൻ വരുന്നോ? വാസ്തവമായിട്ടും അദ്ദേഹം വരുമൊ? എപ്പോൾ വരുമെന്ന് ഒന്നു പറയൂ. എനിക്കു നേരത്തെ അക്കാൎയ്യമറിയണം. അദ്ദേഹം നാളെ വരുമോ?

രഞ്ജിററു്—എനിക്ക് ഈ ചോദ്യങ്ങൾക്കൊക്കെ സമാധാനം പറയാൻ സാധിക്കുകയില്ല. എപ്പോൾ വരുമെന്ന് എന്നോടു പറഞ്ഞിട്ടില്ല.

കമലം—എനിക്കദ്ദേഹത്തെ കാണ്മാൻ ധൃതിയാകുന്നു.

രഞ്ജിററു്—ഇതാ പ്രതാപസിംഹൻെറ ഒരു എഴുത്തു നോക്കൂ. അയാൾക്കു സുഖം തന്നെ എന്നു വിശ്വസിക്കുന്നു.

കമലം എഴുത്തു വാങ്ങി മേശപ്പുറത്തിട്ടു.

കമലം—അദ്ദേഹത്തിന്ന് അൻപതു കുതിരകളുണ്ടല്ലെ? വലിയവണ്ടികളുമുണ്ടോ? അദ്ദേഹം നാളെത്തന്നെ ഇങ്ങോട്ടു വരുമെന്നു ഞാൻ വിശ്വസിക്കുന്നു.

രഞ്ജിററു്—ഇത്ര വേഗത്തിൽ ഉണ്ടാകുമെന്നു തോന്നുന്നില്ല.

മദനാ—രഞ്ജിററു്! അയാൾക്കൊരു വ്യവഹാരകാൎയ്യസ്ഥൻ ആവശ്യമുണ്ടെങ്കിൽ ആ പണിക്കു ഞാൻ ആളാണെന്ന് അയാളോടു പറയണം.

രഞ്ജിററു്—ഈ കാൎയ്യമൊന്നും ഞാൻ അദ്ദേഹത്തോടു പറകയില്ല. അദ്ദേഹവുമായുള്ള സ്നേഹം നമ്മുടെ ലാഭത്തിനുവേണ്ടി ഉപയോഗിക്കുന്നതിനു ഞാൻ തുനിയുകയില്ല.

കമലം—അച്ഛാ! അദ്ദേഹവും നാമും സമന്മാരാണ്. അങ്ങനെ ഇരിക്കെ നാം ഇരപ്പാളികളെപ്പോലെ യാചിക്കുന്നതു ഭംഗിയായിരിക്കുമൊ? ധനത്തെ വിചാരിച്ചാണ് നാം അദ്ദേഹത്തെ സ്വീകരിക്കുന്നതെന്ന് അദ്ദേഹം വിചാരിക്കുകയില്ലേ? ഇങ്ങനെയുള്ള കാൎയ്യങ്ങൾ ആലോചിക്കുന്നതിന്ന് അച്ഛനു ലജ്ജയില്ലേ?

മോഹ—ഇങ്ങനെ ഉള്ള കാൎയ്യങ്ങളൊക്കെ വിചാരിച്ചിരുന്നെങ്കിൽ ഇപ്രകാരം സംസാരിക്കത്തക്ക വിദ്യാഭ്യാസം തന്നെ നിനക്കുണ്ടാകുകയില്ലായിരുന്നു.

ആ കൂട്ടരുടെ കാൎയ്യങ്ങൾ അത്ര പന്തിയല്ലെന്നു കണ്ടു രഞ്ജിററുസിംഗ് അവിടെനിന്നു കടന്ന് അയാളുടെ മുറിക്കകത്തിരുന്നുംകൊണ്ട് അച്ഛനും മകളും തമ്മിൽ നടന്ന വാഗ്വാദങ്ങൾ മുഴുവനും കേട്ടു.

അയാളിൽ അതിനു മുൻപുണ്ടായിരുന്ന പല വികാരങ്ങളും സാവധാനത്തിൽ തലപൊക്കിത്തുടങ്ങി. പറഞ്ഞറിയിക്കാൻ പാടില്ലാത്ത ഒരു അതൃപ്തി അയാളിൽ കടന്നുകൂടി. അയാളുടെ പുറുപാടുമുള്ള ദാരിദ്ര്യവും അതൃപ്തിയും അയാൾക്ക് അസഹനീയമായി തോന്നിത്തുടങ്ങി.

പിറേറദിവസം കാലത്തെ ആ കുടുംബം കാപ്പികുടിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ സാവധാനത്തിൽ മദനമോഹനൻ അവിടെ കയറിവന്നു.

രഞ്ജിററു് ഓടിച്ചെന്നു കൈകൊടുത്തു് അദ്ദേഹത്തെ വേണ്ടവിധത്തിൽ ഉപചരിച്ചു.

മനോ—എൻെറ ഈ വരവു നിങ്ങൾക്കു് ഉപദ്രവമായിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഇത്ര വേഗം ഞാൻ വരുമെന്നു നിങ്ങൾ കരുതിയിരുന്നില്ലെന്നുള്ളതു തീച്ച് തന്നെ. ഞാൻ കാലത്തെ പതിവായി കുറച്ചു നടക്കാറുണ്ടു്. അങ്ങനെ നടന്നുകൊണ്ടിരുന്നപ്പോൾ ഇവിടെക്കൂടെ ഒന്നു കയറിക്കളയാമെന്നു വിചാരിച്ചു.

മനോമോഹനൻ അപ്പോൾ സാമാന്യം വൃത്തിയായ ഒരു് ഉടുപ്പു ധരിച്ചിരുന്നു. പൊടിയും, ചെളിയും, കറിയുമൊന്നും അയാൾ അണിഞ്ഞിരുന്നില്ല.

മനോ—മിസ്റ്റർ രഞ്ജിററ! ഇന്നലെ നിങ്ങൾ ഒരു കൃതിയെപ്പററി പറഞ്ഞല്ലൊ. "അഭിനവതരുണി". എന്നെ കാണിക്കാൻ വിരോധമില്ലെങ്കിൽ എനിക്കു കാണാൻ ആഗ്രഹമുണ്ടു്.

രഞ്ജിററു്—ഇങ്ങനെ നിന്നാലോ? ഇവിടെ ഇരിക്കുക. എൻെറ ആ ചെറിയ "കൃതി" എപ്പോൾ വേണമെങ്കിലും കാണാം. പക്ഷെ നിങ്ങൾക്കു രസിക്കത്തക്കതായി അതിൽ വല്ലതും കാണുമെന്നു തോന്നുന്നില്ല. മിസ്റ്റർ മദനമോഹനൻ, ഇതെൻെറ സഹോദരി കമലാഭായി ആണ്. ഇദ്ദേഹം ഞങ്ങളുടെ അച്ഛനാണ്. നിങ്ങൾ വന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടു്".

വൃദ്ധനായ മോഹനസിംഗ് മനോമോഹനനെ താണു വണങ്ങി. കമലം അ

ത്ഭുതത്തോടു കൂടി അദ്ദേഹത്തെ പരസ്യമായി നോക്കി. അപരിചിതനായ ഒരാളെ കണ്ടിട്ടു് അവൾ ഓടി ഒളിച്ചില്ല. അവൾ പരിഷ്കൃതസമ്പ്രദായത്തിൽ വളൎന്ന ഒരു് അഭിനവതരുണിയായിരുന്നു.

മനോ—കമലാഭായിയെ ഇതിനു മുൻപൊരിക്കൽ ഞാൻ കണ്ടിട്ടുണ്ടു്. മഴയിൽനിന്നു രക്ഷംപെടാൻ ഞങ്ങൾ രണ്ടു പേരും കൂടി ആ ക്ഷേത്രത്തിനടുത്തുള്ള ഒരു കെട്ടിടത്തിൽ കുറച്ചുനേരം കഴിച്ചുകൂട്ടീട്ടുണ്ടു്.

കമലം—പുതിയ മന്ദിരത്തിന്റെ ഉടമസ്ഥനുമായിട്ടാണ് ഞാൻ സംസാരിച്ചതു് എന്നെനിക്കു് അറിവില്ലായിരുന്നു.

മനോ—നിങ്ങൾ ആരായിരിക്കുമെന്നു ഞാൻ വളരെനാളായി ആലോചിക്കുകയായിരുന്നു. അങ്ങനെ ഇരുന്നപ്പോഴാണ് നിങ്ങളുടെ സഹോദരനെ ഇന്നലെ യദൃഛയാ കണ്ടെത്തിയതു്. നിങ്ങൾ അദ്ദേഹത്തിന്റെ സഹോദരിയാണെന്നറിഞ്ഞതിൽ എനിക്കു വളരെ സന്തോഷമുണ്ടായി. എന്തു നല്ല വീടു്! ഇതൊരു സുഖവാസസ്ഥലം തന്നെ. വേനൽക്കു് ഇവിടെ താമസിക്കുന്നതിനുള്ള സുഖം വളരെയായിരിക്കും. ഈ കുന്നു് ഇല്ലായിരുന്നെങ്കിൽ എനിക്കു നിങ്ങളെ എപ്പോഴും കണ്ടുകൊണ്ടിരിക്കാമായിരുന്നു.

കമലം—ഞങ്ങൾക്കു നിങ്ങളുടെ ഉദ്യാനവും കാണാമായിരുന്നു. ഈ കുന്നിവിടെ ഇല്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

മനോ—നിങ്ങൾക്കിഷ്ടമാണെങ്കിൽ ഈ കുന്നു് ഇവിടെനിന്നു് മാററിക്കളയാം.

കമലം—നിങ്ങൾ സാക്ഷാൽ ശ്രീകൃഷ്ണനാണൊ?

മനോ—ഈ കുന്നു് ഇവിടെനിന്നു മാററാൻ ശ്രീകൃഷ്ണനും മററും വേണ്ട.

കമലം—രാവണന്റെ ശക്തി നമുക്കുണ്ടായിരുന്നെങ്കിൽ വേണ്ടുകില്ലായിരുന്നു.

മനോ—രാവണനെക്കാൾ ശക്തിമാന്മാരാണ് പത്തൊൻപതാംശതാബ്ദത്തിലെ മനുഷ്യർ.

കമലം—നിങ്ങൾ എങ്ങനെ ഈ കുന്നിനെ മാററും?

മനോ—അതത്ര വിഷമമുള്ള കാൎയ്യമല്ല. കുറെ ആയിരം വേലക്കാരും ചില യന്ത്രങ്ങളും ഒരു തീവണ്ടിപ്പാതയുമുണ്ടെങ്കിൽ ഒരാഴ്ചയ്ക്കുള്ളിൽ ഇവിടം ഒരു മൈതാനം.

കമലം—അപ്പോൾ നമ്മുടെ വന്ദ്യപുരോഹിതന്റെ വീടും പോകുമല്ലൊ.

മനോ—ഏയ്, അതു സാരമില്ല. ഇപ്പോഴത്തെ വീടിനേക്കാൾ സുഖകരമായ ഒരു ഭവനം തീൎത്തുകൊടുക്കാൻ എനിക്കു കഴിയും. വീടു പണിയിക്കുന്ന കാൎയ്യത്തിൽ എനിക്കു സ്വല്പം വിദഗ്ദ്ധതയുണ്ടെന്നു നിങ്ങളുടെ സഹോദരൻ തന്നെ സമ്മതിക്കുന്നു. ഈ കുന്നു് ഇവിടുന്നു മാറണമെന്നു നിങ്ങൾ ഗൌരവമായി വിചാരിക്കുന്നപക്ഷം നാളെ അതു മാറിത്തുടങ്ങും.

കമലം—ഹേ, ഞാൻ വെറുതെ പറഞ്ഞു എന്നേയുള്ളു. ഈ കുന്നാണ് ഈ ഗ്രാമത്തിന്റെ രസികത്വം. ആ കുന്നു പോയാൽ പട്ടണത്തിന്റെ രസികത്വവും പോയി. അത്ര ചീത്തയായ ഒരു കാൎയ്യം ഞാൻ ചെയ്യുകയില്ല.

മോഹ—ഞങ്ങൾ താമസിക്കുന്നതു് ഒരു ചെറിയ വീടാണ്. നിങ്ങൾക്കു് ഇവിടെ ശ്വാസംമുട്ടുകയില്ലയോ എന്നു ഞങ്ങൾ സംശയിക്കുന്നു. എന്നാൽ ഞങ്ങളും വലിയ വീടുകളിൽ താമസിച്ചിട്ടുള്ളവരാണ്. ഒരു കാലത്തു ഞാനും ഒരു ലക്ഷപ്രഭു തന്നെ ആയിരുന്നു. പക്ഷെ ദുഷ്ടന്മാരായ എന്റെ ശത്രുക്കളുടെ—അവർ നശിച്ചുപോകട്ടെ.

എന്റെ അഛൻ ഇങ്ങനെയൊക്കെ പറയും എന്നു പറഞ്ഞു കമലം ആ വൃദ്ധനെ തടസ്ഥം ചെയ്തതിന്റെ ശേഷം അയാളെ കെട്ടിപ്പിടിച്ചു. അയാളാകട്ടെ ആ ആലിംഗനത്തെ സാദരം കൈക്കൊണ്ടില്ല. അയാളുടെ സൎവ്വാംഗവും ഖേദിക്കുന്നു എന്ന മട്ടിൽ അയാൾ ഞെട്ടി.

“നമുക്കു് എന്റെ മുറിയിലേക്കു പോകാം” എന്നു പറഞ്ഞു രഞ്ചിററു മനോമോഹനനെ അവിടെനിന്നു് അകററി.

രഞ്ചിററിന്റെ മുറി ഇടുങ്ങിയതും സുഖകരമല്ലാത്തതുമായ ഒരു ചെറിയ ചായ്പായിരുന്നു. എങ്കിലും അവിടെക്കിടന്ന മേശപ്പുറത്തു മനോഹരമായ രീതിയിൽ അടുക്കിവെച്ചിരുന്നതും ഗിൽട്ടു് ഇട്ടിട്ടുള്ളതുമായ ചില പുസ്തകങ്ങൾ ആ ഗുഹയുടെ അരമ്യതസ്സു് ഏതാണ്ടൊരു രമ്യത വരുത്തീട്ടുണ്ടായിരുന്നു. ആ മേശ വെള്ളത്തുണിയാൽ മൂടിയിരുന്നു. അതിനടുത്തിട്ടിട്ടുണ്ടായിരുന്ന കസേരയും വൃത്തിയായി സൂക്ഷിക്കപ്പെട്ടിരുന്നു. സജ്ജനങ്ങളുടെ സാമീപ്യംകൊണ്ടു വൃത്തികെട്ടതും വൃത്തിയുള്ളതായി കാണപ്പെടുമെന്നുള്ളതിനു് ആ മുറി ഒരു് ഉത്തമദൃഷ്ടാന്തമായിരുന്നു.

മനോമോഹനനെ ഇരുത്തിയതിന്റെ ശേഷം രഞ്ചിററു മേശ തുറന്നു് ഒരു ചെറിയ കയ്യെഴുത്തുപുസ്തകമെടുത്തു് ഇതാണ് എന്റെ “അഭിനവതരുണി” എന്നു പറഞ്ഞു് അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തു. അര മണിക്കൂർ നേരത്തേക്കു മ

നോമോഹനൻ ഒന്നും സംസാരിച്ചില്ല. അദ്ദേഹം ആ പുസ്തകം മുഴുവനും ഏകാഗ്രചിത്തനായി വായിച്ചുനോക്കി. ഒടുവിൽ നിങ്ങൾ ഇതെന്തുചെയ്യാൻ പോകുന്നു എന്നു മനോമോഹനൻ ചോദിച്ചു.

രഞ്ജിററു് — ഇതു ഞാൻ പൂനായിലെ ഒരു പുസ്തകക്കച്ചവടക്കാരനു വിൽക്കുവാൻ പോകുന്നു.

മനോ — ഇതിനവർ നിങ്ങൾക്കു് എന്തു വില തരും.?

രഞ്ജി — പക്ഷേ നൂറു രൂപാ തന്നേക്കും.

മനോ — ഞാൻ ഇതിനു് ആയിരം രൂപാ തരാം. രത്നത്തിന്റെ വില പന്നിക്കറിയാൻ പാടില്ല.

താൻ കേട്ടതു വാസ്തവമാണോ എന്നു രഞ്ജിററു ശങ്കിച്ചു.

മനോ — വിരോധം ഇല്ലെങ്കിൽ ഇതിന്റെ പകർപ്പവകാശം എനിക്കു തന്നേക്കണം. റൊക്കം പണം വാങ്ങിക്കൊള്ളുക.

രഞ്ജിററു — നിങ്ങൾ വളരെ ഔദാര്യബുദ്ധിയുള്ള ഒരാളാണു്. ഈ പുസ്തകത്തിന്റെ അവകാശം ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു.

അവർ വീണ്ടും പ്രധാനമുറിയിൽ എത്തി. അവിടെ കമലാഭായി അവരെ സ്വീകരിക്കാൻ തയ്യാറായി നിന്നിരുന്നു.

മനോ — എന്റെ ഭവനം സന്ദർശിക്കുന്നതിനു നിങ്ങളൊക്കെ എപ്പോൾ വരും എന്നു് എല്ലാവരോടുമായി ചോദിച്ചു.

“വളരെ വളരെ നന്ദി പറഞ്ഞുകൊള്ളുന്നു. ഉടനെ തന്നെ അങ്ങോട്ടു വന്നാൽ കൊള്ളാമെന്നുണ്ടു്. പക്ഷേ എനിക്കു് ഇവിടങ്ങളിലെ പാവപ്പെട്ടവരിൽ ചിലരെ ഉടനെ ചെന്നു നോക്കേണ്ടിയിരിക്കുന്നു. സാധുക്കൾ! ഈ വർഷകാലം അവർക്കു് ഏററവും അസുഖകരമായ കാലമാണ്” എന്നു കമലാഭായി അവർക്കു സഹജമായുള്ള പ്രശാന്തഗംഭീരമായ മന്ദഹാസത്തോടും വശീകരിക്കത്തക്ക സ്വരമാധുര്യത്തോടും മറുപടി പറഞ്ഞു.

രഞ്ജിററു് അയാളുടെ സഹോദരിയെ സൂക്ഷിച്ചുനോക്കി. തന്റെ സഹോദരി ഇങ്ങനെ ഉള്ള കാര്യങ്ങളെപ്പററി ഇതിനു മുമ്പിൽ ഒരിക്കലെങ്കിലും സംസാരിച്ചിട്ടുള്ളതായി അയാൾക്കു് ഓർമ്മയുണ്ടായിരുന്നില്ല. കമലത്തിന്റെ സഹതാപബുദ്ധിയെപ്പററി മനോമോഹനൻ കുറഞ്ഞൊന്നു പ്രശംസിച്ചു.

കമലം — ഇഷ്ടാനുസരണം ശീതോഷ്ണാവസ്ഥയെ ക്രമീകരിക്കുന്നതിനു സാധിക്കുന്ന നിങ്ങൾക്കു തണുപ്പുകൊണ്ടു ക്ലേശിക്കുന്ന ഈ ഗ്രാമവാസികൾക്കു സ്വല്പം ആശ്വാസം കൊടുക്കുന്നതിനു വല്ല വിദ്യയും കണ്ടുപിടിക്കാമോ?

മനോ — അതിനു വലിയ പ്രയാസമൊന്നുമില്ല. ഞാൻ ഈയിടെ ഒരു വലിയ വീട്ടുതീർത്തിട്ടുണ്ടു്. പണി മുഴുവനും പൂർത്തിയായിട്ടില്ലാത്തതിനാൽ നിങ്ങളുടെ സഹോദരനെ കാണിച്ചില്ല. അവിടെ നിങ്ങൾ പ്രവേശിക്കുന്നപക്ഷം മെഡിറററേനിയൻകടലിലുള്ള ദ്വീപുകളിലെ ശീതോഷ്ണാവസ്ഥ അനുഭവിക്കാൻ സാധിക്കും.

കമലം — മിസ്റ്റർ മനോമോഹനൻ, നിങ്ങൾ രണ്ടാമത്തെ വിശ്വകർമ്മാവാണു്. അതോ മയനോ? മയനാണെന്നു പറഞ്ഞാൽ പക്ഷേ നിങ്ങൾ കോപിക്കുമായിരിക്കും.

മനോ — കോപം എന്നൊരു മനോവികാരം എനിക്കീയിടെ എങ്ങും ഉണ്ടായിട്ടില്ലെന്നു പറയുമ്പോൾ പക്ഷേ നിങ്ങൾ വിസ്മയപ്പെട്ടുമായിരിക്കും. എന്നാലതൊരു പരമാർത്ഥമാണു്.

കമലം — ഐഹികകാര്യങ്ങളിൽ മുഴുകിയിരിക്കുന്ന ഞങ്ങളുടെ മുനീശ്വരന്റെ ഈ ഗ്രാമം ഞങ്ങൾ താമസിയാതെ സന്ദർശിക്കുന്നതാണു്.

താൻ ഒരു കോടീശ്വരനാണെന്നുള്ള ബോദ്ധ്യം ഉണ്ടായിരുന്നിട്ടും യാതൊരു കൂസലും കൂടാതെ ഗൗരവമായി സംസാരിക്കുന്ന ഈ വനിതാരത്നത്തിൽ മനോമോഹനന്റെ ഹൃദയ പെട്ടെന്നു ചെന്നു വശായി.

കമലം — മിസ്റ്റർ മനോമോഹനൻ! നിങ്ങളുടെ ഭവനത്തിൽ ധ്രുവപ്രദേശങ്ങളെ കാണിക്കുന്നതിനു വല്ലയേർപ്പാടും ചെയ്തിട്ടുണ്ടോ എന്നു പറയണം.

മനോ — ഒരു രസികത്വവുമില്ലാത്ത ആ പ്രദേശം എനിക്കു് അത്ര ഇഷ്ടമില്ല

കമലം — അവിടങ്ങളിൽ ഒരുമാതിരി വെള്ളക്കരടികൾ ഉണ്ടെന്നു കേട്ടിട്ടുണ്ടു്. ആ മൃഗങ്ങൾക്കു ഗാംഭീര്യവും ശൗര്യവും കൂടുമത്രെ.

മനോ — നിങ്ങൾക്കു മൃഗത്തിനെക്കാണണമെന്നാഗ്രഹമുണ്ടോ?

കമലം — വളരെ.

മനോ — ഞാനൊന്നിനെ താമസിയാതെ ഇങ്ങോട്ടയക്കാം. ഇപ്പോൾ മണി പന്ത്രണ്ടായിരിക്കുന്നു. ബോംബെയിലേക്കു് ഒരു കമ്പികൊടുത്താൽ നാളെ പന്ത്രണ്ടു മണിക്കു കരടി ഭവതിയെ കാണാൻ ഇവിടെ വരും എന്നുപറഞ്ഞു മനോമോഹനൻ ധൃതിയിൽ അവരോടെല്ലാം യാത്രപറഞ്ഞു പിരിഞ്ഞു.

രഞ്ജിററു് — കമലം, മനോമോഹനനെപ്പററി നിങ്ങൾ എന്തു വിചാരിക്കുന്നു

മോഹ—എന്റെ അഭിപ്രായം പറഞ്ഞേക്കാം. ആ പണമൊക്കെ ഈ സാധുവിന്റെ കയ്യിൽ കൊടുക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. എന്നെപ്പോലെയുള്ള യോഗ്യന്മാർ സഹായം ആവശ്യപ്പെടുമ്പോൾ നിസ്സാരങ്ങളായ കരടിയെ കൊണ്ടുവരുന്ന കാൎയ്യത്തിലും കുന്നുമാററുന്ന കാൎയ്യത്തിലും മററും ജാഗ്രത കാണിക്കുന്ന ഈ മനുഷ്യനാണൊ ഉദാരനാണെന്നു നീ പറഞ്ഞതു്.

കമലം—അദ്ദേഹം ഒരു രസികനാണ്. സംശയമില്ല. അദ്ദേഹത്തോടു സംസാരിക്കുന്നതു തന്നെ എത്ര കൌതുകകരമായിരിക്കുന്നു. എന്റെ സഹോദരാ, ഞങ്ങളെ എപ്പോളാണ് ആ പുതിയ മന്ദിരം കാണാൻ കൊണ്ടുപോകുന്നതു്?

ഈ ചോദ്യത്തിനു രഞ്ജിററു് മറുപടി ഒന്നും പറഞ്ഞില്ല. അയാളുടെ മനസ്സു് ആ സമയത്തിൽ പ്രതാപസിംഹനിലായിരുന്നു.

അന്നു രാത്രിയിൽ രഞ്ജിററു് അയാളുടെ കിടക്കയിൽ കിടന്നു് ഓരോ കാൎയ്യങ്ങളെപ്പററി ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ അയാളുടെ സഹോദരി ആ മുറിയ്ക്കകത്തു സാവധാനത്തിൽ കയറിച്ചെന്നു. ജന്നലിൽ കൂടി പ്രവേശിച്ചിരുന്ന നിലാവെളിച്ചത്തിൽ അയാൾക്കു സഹോദരിയെ നല്ലവണ്ണം കാണാമായിരുന്നു. അവൾ എത്ര സൌന്ദൎയ്യമുള്ളവളായി അന്നു കാണപ്പെട്ടു.

"സഹോദരാ! എനിക്കൊരു കാൎയ്യം പറവാനുണ്ടു്. ഒന്നെഴുന്നേൽക്കുക."

രഞ്ജിററു് എഴുന്നേററു വിളക്കുകൊളുത്തി.

കമലം—എനിക്കൊരപേക്ഷയുണ്ടു്. അതു സാധിച്ചുതരാമെന്നു സത്യംചെയ്യണം.

രഞ്ജിററു്—എന്റെ സഹോദരിക്കുവേണ്ടി ഈ ജീവൻ കൂടി ബലികഴിക്കാൻ ഞാൻ തയ്യാറാണല്ലൊ.

കമലം—എന്നാൽ കേൾക്കുക.

എന്നെപ്പററി വല്ലതും അറിയണമെന്നു മനോമോഹനൻ ആവശ്യപ്പെട്ടാൽ പ്രതാപസിംഹനും ഞാനുമായുള്ള വേഴ്ചയെപ്പററി യാതൊന്നും പറഞ്ഞുപോകരുതു്, കേട്ടോ?

രഞ്ജിററു്—എനിക്കു് എന്റെ സഹോദരിയുടെ രഹസ്യങ്ങളെ പരസ്യമാക്കുന്നതിൽ അഗ്രഹമില്ലല്ലൊ.

അനന്തരം അവൾ അവിടെ നിന്നു മാഞ്ഞു. അവൾ മറഞ്ഞ ഉടനെ രഞ്ജിററിന്റെ ഉള്ളിൽ പല വ്യസനവികാരങ്ങളുമുണ്ടായി. അവയുടെ കാൎയ്യകാരണങ്ങളെപ്പററി നമുക്കിപ്പോൾ ആലോചിച്ചിട്ടു കാൎയ്യമില്ല.

---

## ആറാം അദ്ധ്യായം.

### കരടി വന്നു.

പിറേറ ദിവസം ഉച്ചയ്ക്കു് ഒരുമണിക്കു കമലയും രഞ്ജിററുസിംഹും പിതാവും കൂടി തേയില കുടിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നു് അവരുടെ ശ്രദ്ധ മുഴുവനും തെരുവിലേക്കാകർഷിക്കപ്പെട്ടു. "കുതിച്ചുചാടുന്ന കുതിരകളുടെ കുളമ്പുകളിൽ നിന്നിളകി പൊങ്ങിടുന്ന പാംസുപടലം", കണ്ണുകഠോരമായ ചക്കടാവണ്ടിയുടെ ഘടഘടാശബ്ദം, ജനങ്ങളുടെ ആരവം എല്ലാം കൂടി യോജിച്ചു വ്യോമമണ്ഡലത്തെ വ്യാകുലപ്പെടുത്തുന്ന ബഹളം തെരുവീഥിയിൽ കേൾക്കാറായി. എന്തായിരിക്കാമെന്നറിയാതെ രഞ്ജിററു വെളിയിൽ ഇറങ്ങി നോക്കിയപ്പോൾ "കതകത" എന്നു കതയ്ക്കുന്നവയും നുര ചിതറുന്നവയുമായ നാലു കുതിരകളെ പൂട്ടിയ ഒരു ചക്കടാവണ്ടിയും അതിന്റെ മുകളിലായി സ്ഥാപിച്ചിരുന്ന ഒരു് ഇരിമ്പുകൂട്ടം അയാളുടെ വീട്ടിന്റെ പടിവാതുക്കൽ വന്നുചേൎന്നു. "കരടി കരടി" എന്ന ശബ്ദം ജനതതിയിൽനിന്നു മുഴങ്ങി.

"കമലം! നിന്റെ കരടി വന്നിരിക്കുന്നു" എന്നു രഞ്ജിററുസിംഹ് അകത്തേക്കു കടന്നു കമലാഭായിയെ അറിയിച്ചു.

അയാൾ ഒരു ഭ്രാന്തനാണ്. അയാളുടെ കണ്ണുകൾ നോക്കിയാലറിയാം. എത്ര രൂപ വെറുതെ കളഞ്ഞിരിക്കുന്നു. അതിൽ എനിക്കൊരു ഭാഗം തന്നിരുന്നെങ്കിൽ ഞാൻ ഇങ്ങനെ കഷ്ടപ്പെടണമൊ? ഹാ! ആ ഗുരുദാസൻ..... വൃത്തികെട്ട ജന്തു. പോലീസുസ്റ്റേഷനിലേക്കു കൊണ്ടുപോകട്ടെ എന്നു വൃദ്ധനും ക്രുദ്ധനും ആയ മോഹനസിംഹ് മുറവിളികൂട്ടി. കമലം ഇരുന്നേടത്തുനിന്നു് എഴുന്നേററു് ഈ വാക്കുകളൊന്നും കേട്ട ഭാവം നടിക്കാതെ ഒരു രാജ്ഞിയെപ്പോലെ കരടിയെ കാണാൻ തെരുവിലേക്കു ഗാംഭീൎയ്യമായ

മുഖഭാവത്തോടു കൂടി സാവധാനത്തിൽ നടന്നുപോയി.

രഞ്ജിററുസിംഹം തൻെറ സഹോദരിയെ അനുഗമിച്ചു.

മിസ്റ്റർ മനോമോഹനൻ എൻെറ ആഗ്രഹനിവൃത്തിക്ക് ഇത്രമാത്രം ശ്രദ്ധിച്ചതിൽ എനിക്കു വളരെ നന്ദിയുണ്ടെന്ന് അദ്ദേഹത്തെ അറിയിക്കണമെന്നു പറഞ്ഞു കമല പടിവാതുക്കൽ ചെന്നു കരടിയെ കണ്ടുകൊണ്ടുനിന്നു. ആ ഗ്രാമവാസികൾ ആബാലവൃദ്ധം അവിടെ ഹാജരുണ്ടായിരുന്നു. ആ കരടി ഒരു വെള്ളുത്തു തടിച്ചതും സർവാംഗം ജടയുള്ളതും കൂർത്ത മുഖവും തീപ്പൊരി ചിതറുന്ന കണ്ണുകളും ഉള്ളതും ആയിരുന്നു. ആകപ്പാടെ ഒരു ഭയങ്കരസ്വരൂപം തന്നെ. അതിനെ അടച്ചിരുന്ന ഇരുമ്പുകൂട്ടിൻെറ കമ്പികളുമായി ആ സത്വം ബലം പരീക്ഷിക്കുകയായിരുന്നു.

രഞ്ജിററു്—തന്നെ ഇങ്ങോട്ടയച്ചതാരാണ്?

വണ്ടിക്കാരൻ—തീവണ്ടിസ്റ്റേഷ്യനിൽ ഈ ഇരുമ്പു കൂട്ട് ഇന്നുച്ചക്കു വന്നുചേർന്നു. ഒരു കോടീശ്വരൻെറ ഏജൻറാണ്, ഈ വണ്ടിയുമെല്ലാം ഏർപ്പാടു ചെയ്തതും എന്നെ ഇങ്ങോട്ടയച്ചതും.

കമലം—എന്തു സുഭഗനായ മൃഗം! ഇവനെ ഒന്നു കാണേണ്ടതു തന്നെ. സംശയമില്ല.

വണ്ടിക്കാ—അവൻ മഹാതെമ്മാടിയാണ്. സ്റ്റേഷനിൽ ഞങ്ങൾ നിന്നപ്പോൾ എൻെറ സ്നേഹിതൻ "കഡ്ഢീം" അബദ്ധത്തിൽ ഈ കൂടിൻെറ അടുക്കലേക്കു ചെന്നു. അവനെ തിന്നില്ല. അത്രേ ഉള്ളൂ.

കമലം—ഇത്ര സൌന്ദര്യമുള്ള ഒരു ജന്തുവിനെ ഞാനിതിനു മുമ്പു കണ്ടിട്ടില്ല. എന്നു വണ്ടിക്കാരൻെറ അഭിപ്രായത്തെ വകവെക്കാതെ തുടർന്നു പറഞ്ഞു.

രഞ്ജിററു്—കമലം, നിനക്കു കണ്ടു തൃപ്തിയായെങ്കിൽ അതു പൊയ്ക്കൊള്ളട്ടെ. കുതിരകൾ പരിഭ്രമിക്കുന്നതു കാണുന്നില്ലേ?

വണ്ടി പൊയ്ക്കൊള്ളട്ടെ. എന്നു കമലം ഒരു റാണിയെപ്പോലെ ആംഗ്യം കാണിച്ചു. രഞ്ജിററു് ആ കല്പനയെ വണ്ടിക്കാരനെ അറിയിച്ചു. വണ്ടിയും കരടിയും ഗ്രാമവാസികളും പോയിരിക്കുന്നു.

കമലം—പണത്തിൻെറ ശക്തി അളവററതു തന്നെ. അതിനസാദ്ധ്യമായതൊന്നുമില്ലല്ലോ. ധ്രുവപ്രദേശങ്ങളിൽ കിടന്ന ഒരു കരടി ഇതാ ഒരു സ്ത്രീയെ സന്ദർശിക്കാൻ വന്നിരിക്കുന്നു.

മോഹ—വല്ല വിഡ്ഢികളുമുണ്ടെങ്കിൽ ഇതും ഇതിനപ്പുറവും നടക്കും. പക്ഷേ ജരാനര ഭവിച്ച ഒരുവൻ വിചാരിച്ചാൽ മാത്രമേ ഒന്നും സാധിക്കുകയില്ലാത്തുള്ളൂ. ഇതാണ് ഒരു നോട്ടത്തിൽ അനുരാഗമുണ്ടായെന്നു പറയുന്ന കഥ.

കമലക്കു് ഈ വാക്കുകൾ അത്രപ്രീതികരമായിരുന്നില്ല കോടീശ്വരനായ മനോമോഹനൻെറ സ്നേഹഭാജനമാണ് താനെന്നാകുന്നതു തന്നെ അവൾക്ക് ആഹ്ലാദകരമായിരുന്നു.

രഞ്ജിററു്—കമലം, മനോമോഹനനൊരു കളിപ്പിള്ളയല്ല. സൂക്ഷിച്ചു പെരുമാറണം.

കമലം—എൻെറ സഹോദരൻ മിണ്ടാതിരുന്നാൽ മതി. ഇന്നലത്തെ പ്രതിജ്ഞയെ ഓർമ്മിച്ചിരുന്നാൽ മതി.

മോഹ—ഹ! എന്തായിരുന്നു ആ പ്രതിജ്ഞ?

കമലം—ഒന്നുമില്ല അഛാ! സഹോദരാ! നിങ്ങൾ നിങ്ങളുടെ സത്യത്തെ വിസ്മരിക്കുന്ന പക്ഷം ഞാനൊരിക്കലും മാപ്പുതരികയില്ല.

കമലാഭായിയുടെ സഗൌരവമായ കല്പന രഞ്ജിററിനു സുഖപ്രദമായിരുന്നില്ല.

---

## ഏഴാം അദ്ധ്യായം

### ധനത്തിൻെറ പ്രാഭവം.

കുറേമാസങ്ങൾ കഴിഞ്ഞു. മനോമോഹനൻെറ പ്രസിദ്ധി നാടെങ്ങും കാട്ടുതീ എന്നപോലെ പരന്നു. അഷ്ടഗ്രാമവാസികൾ അദ്ദേഹത്തെ ദൈവത്തെപ്പോലെ വിചാരിച്ചു. ആണും പെണ്ണും ബാലനും വൃദ്ധനും എല്ലാവരും അദ്ദേഹത്തിൻെറ പേരിനെ ബഹുമാനപുരസ്സരം സ്മരിക്കാൻ തുടങ്ങി, അദ്ദേഹത്തിൻെറ അളവററ ധനമായിരുന്നു അവരുടെ പ്രധാനമായ സംഭാഷണവിഷയം. രണ്ടാമതു പ്രാധാന്യം കൊടുത്തിരുന്നത് അദ്ദേഹത്തിൻെറ മന്ദിരത്തിനായിരുന്നു. ആ ദിവസത്തെ കഠിനാദ്ധ്വാനം കഴിഞ്ഞു സായംകാലത്തിൽ വിശ്രമിക്കുന്നതിനായി ഗ്രാമവാസികൾ ആൽച്ചുവടുകളിൽ കൂടുന്ന അവസരത്തിൽ ഓരോരുത്തരും അവര

വരുടെ കല്പനാശക്തിക്ക് അനുരൂപമായ വിധത്തിൽ പുതിയ മന്ദിരത്തിന്റെ ഉടമസ്ഥനെപ്പററി പല ഐതിഹ്യങ്ങളും പറഞ്ഞു വായും പൊളിച്ചു കേട്ടുകൊണ്ടു നിൽക്കുന്ന അവരുടെ സഹോദരന്മാരെ രസിപ്പിച്ചിരുന്നു. ഈ വൎത്തമാനപ്രസിദ്ധീകൎത്താക്കന്മാർ കഴിയുന്നത്ര ശ്രമിച്ചിട്ടും മനോമോഹനന്റെ പൂൎവ്വചരിത്രമോ കുടുംബരഹസ്യമോ അറിയുന്നതിന്ന് അവരേക്കൊണ്ടു സാധിച്ചില്ല.

അവശ്യപ്പെട്ടുഴലുന്ന ഒരുത്തനു മനോമോഹനന്റെ സഹായം അപ്രതീക്ഷിതമായി ലഭിച്ചുകൊണ്ടിരുന്നു. പുരോഹിതന്റെയും രഞ്ചിററിന്റെയും മററു ചിലരുടെയും സഹായസഹകരണങ്ങൾ കൊണ്ടു മനോമോഹനൻ പല നല്ല കാൎയ്യങ്ങളിലും ഏൎപ്പെട്ടുകൊണ്ടുതന്നെയിരുന്നു. ഒരുദിവസം വേലയില്ലാതെ പട്ടിണി കിടക്കേണ്ടിവന്ന ഒരു കൂലിക്കാരനു പത്തും പതിനഞ്ചും ദിവസത്തേക്കു വേണ്ട ആഹാരസാധനങ്ങൾ വിചാരിച്ചിരിക്കാതെ കിട്ടിയെന്നു വരാം. കല്യാണം കഴിച്ചുകൊടുക്കാൻ നിവൃത്തിയില്ലാതെ പ്രായമായ പെൺകുട്ടികളെ രക്ഷിച്ചുവന്ന ഒരാൾക്കു പെട്ടെന്നു കല്യാണച്ചെലവിലേക്കു വേണ്ട ധനം പേരില്ലാത്ത ഒരാൾ കൊണ്ടുചെന്നു കൊടുക്കുന്നു. അഞ്ചാറു കൊല്ലമായി തുടരെ ഉണ്ടായിക്കൊണ്ടിരുന്ന കൃഷിപ്പിഴ നിമിത്തം പണക്കച്ചവടക്കാരന്റെ അടിമയായിത്തീൎന്നു സിവിൽജയിലിലേക്കു യാത്രയായ ഒരു കൃഷീവലന്റെ സകലദുരിതവും ഏതാനും രൂപ കൊടുത്തു് ഇല്ലാതാക്കിയിരിക്കുന്നുവെന്നു കേൾക്കാം. അവരുടെ ഗ്രാമത്തിനെതിരായി നിന്നിരുന്ന ആ രമ്യഹൎമ്മ്യത്തെ നോക്കുന്ന മാത്രയിൽത്തന്നെ ആ ഗ്രാമവാസികൾ അന്ധവിശ്വാസമയമായ ചില വിചാരങ്ങൾക്ക് അധീനന്മാരായിത്തീൎന്നിരുന്നു.

ഈ മിഥ്യാഭ്രമത്തെ വൎദ്ധിപ്പിക്കുന്നതിനു രാത്രികാലങ്ങളിൽ അവിടെ ജ്വലിച്ചുകൊണ്ടിരുന്ന വൈദ്യുതദീപങ്ങൾ അനുകൂലിച്ചു. ഗൃഹാധിനാഥൻ പിശാചിന്റെ അവതാരമാണെന്നും അയാളെ കണ്ടാൽ ആളുകൾ പെട്ടെന്നു മരിച്ചുപോകുമെന്നും അതിനിടകൊടുക്കരുതെന്നു ചാമുണ്ഡി അയാളേക്കൊണ്ടു സത്യം ചെയ്യിച്ചിട്ടുണ്ടെന്നും അതുകൊണ്ടാണ് അയാൾ വെളിയിലിറങ്ങി നടക്കാത്തതെന്നും മററും മുക്കിലും മൂലയിലും ഇരുന്ന് ഓരോ വയോവൃദ്ധന്മാർ പലതും പറഞ്ഞുതുടങ്ങി. അസൂയാലുക്കളും അസംതൃപ്തന്മാരുമായ ഒരു കൂട്ടർ അയാൾ ഒരു കള്ളനാണയനിൎമ്മാതാവാണെന്നു പരസ്യമായി പ്രസ്താവിക്കാൻ മടിച്ചില്ല. ഈ വൎത്തമാനം ഏറെക്കുറെ മനോമോഹനൻ അറിഞ്ഞുമിരുന്നു. എന്നിട്ടും അദ്ദേഹം തന്റെ സൽകൃത്യങ്ങളെ തുടൎന്നുകൊണ്ടു തന്നെ ഇരുന്നു. ഈ വിവരം ഗ്രാമവാസികൾ ഏറെക്കുറെ ഊഹിച്ചിരുന്നുവെങ്കിലും അവരുടെ രക്ഷിതാവിനെ ഒന്നു കാണുന്നതിനു സാധിച്ചിട്ടുള്ളവർ അവരിൽ ആരുമില്ലെന്ന് അവർ പറയാറുണ്ടായിരുന്നു.

ഒരിക്കൽ മാത്രമേ മനോമോഹനൻ അദ്ദേഹത്തിന്റെ യഥാൎത്ഥവേഷത്തിൽ വെളിയിൽ വന്നിരുന്നുള്ളു. ആ സംഭവം അഭൂതപൂൎവ്വമായ ബഹുമാനത്തോടു കൂടി വളരെക്കാലത്തേക്കു ജനങ്ങൾ സ്മരിച്ചുപോന്നിരുന്നു.

വടക്കേയിൻഡ്യയിലെവിടെയും സുപ്രസിദ്ധിയെ പ്രാപിച്ചിരുന്ന അശോകരാജക്കമ്പനി പൊളിഞ്ഞയവസരത്തിലായിരുന്നു ആദ്യമായി ജനങ്ങൾ മനോമോഹനനെ പരസ്യമായി കണ്ടതു്. ഈ കമ്പനി നടത്തിയിരുന്നതു പണവ്യാപാരമായിരുന്നു. മൎയ്യാദപലിശ വാങ്ങുകയും കൊടുക്കുകയും ചെയ്തിരുന്ന ഈ ബാങ്കിന്റെ ഉടമസ്ഥന്മാർ അശോകരാജനും, അനുജൻ കാശിരാജനും ആയിരുന്നു. സ്വഭാവനൈൎമ്മല്യത്തിലും സത്യസന്ധതയിലും അവരെ ജയിക്കുന്നതിന്ന് അക്കാലത്തു ലാഹൂർപട്ടണത്തിൽ ആരും തന്നെയില്ലായിരുന്നുവെന്നു പറയാം. പാവപ്പെട്ടവൎക്കും പ്രഭുക്കന്മാൎക്കും അവർ ഒരുപോലെ അഭയസ്ഥാനമായിരുന്നു. അനേകായിരം ആളുകൾ അവരുടെ ആദായത്തിൽ ഒരു ഭാഗം ഈ ബാങ്കിൽ നിക്ഷേപിക്കുന്നതിനു മടി കാണിച്ചിരുന്നില്ല. ആ ബാങ്കുടമസ്ഥന്മാരുടെ മൎയ്യാദയും, വണക്കവും, സാധുക്കളോടുള്ള അനുകമ്പയുംകൊണ്ടു പാവപ്പെട്ടവർ അവൎക്കുള്ള സൎവ്വസ്വവും അവിടെ ഏല്പിച്ചിരുന്നു. ഇങ്ങിനെ എല്ലാവരുടേയും സമ്മതം വാങ്ങിച്ച് അശോകരാജക്കമ്പനി അവരുടെ തൊഴിൽ നടത്തിക്കൊണ്ടിരുന്നപ്പോൾ വിചാരിച്ചിരിക്കാതെ അവൎക്കൊരബദ്ധംപററി. അവർ അത്യധികം വിശ്വസിച്ചിരുന്ന അവരുടെ ബോമ്പയിലെ ഏജന്റു കള്ളക്കണക്കെഴുതിയും, വഞ്ചന ചെയ്തും അനവധി പണം കൈക്കലാക്കിക്കൊണ്ടു് ഒളിച്ചോടി പൊയ്ക്കളഞ്ഞു. ഈ വൎത്തമാനം പരസ്യമായ ദിവസം ബാങ്കിൽ പണം ഇട്ടിരുന്നവരെല്ലാം അവരുടെ പണത്തിനായി ബഹളം കൂട്ടിത്തുടങ്ങി. അവരുടെ കൈവശം ഉണ്ടായിരുന്ന പണം മിക്കവാറും അവർ കൊടുത്തു.

പിന്നെയും കടക്കാർ വന്നുകൊണ്ടുതന്നെ ഇരുന്നു. അവരോടു സമാധാനം പറയുന്നതിന് ആ ബാങ്കുടമസ്ഥന്മാൎക്കു കഴിഞ്ഞില്ല. നേരവും രാത്രിയായി. എന്നിട്ടും ആൾക്കൂട്ടം അവരുടെ ബാങ്കിന്റെ വരാന്തയിൽ കാത്തു കിടന്നിരുന്നു.

“ഇനി ഇന്നു പണം കൊടുക്കുകയില്ല” എന്ന് ഒടുവിൽ സഹോദരന്മാർ പുഞ്ചിരിയോടുകൂടി അക്ഷമരായി കാത്തുനിന്നിരുന്ന ജനാവലിയോടു വിളിച്ചുപറഞ്ഞു. അശോകരാജക്കമ്പനിക്കാരിൽ ജനങ്ങൾക്കുള്ള വിശ്വാസം തീരെ നശിച്ചിരുന്നില്ല. രാത്രി ഏകദേശം പത്തുമണിയോടുകൂടി ബാങ്കിൽനിന്നെല്ലാവരും പോയി സഹോദരന്മാർ തനിയെ ആയപ്പോൾ.

അശോകരാജൻ—കാശി! ഇനി ഈ കതക് അടുത്ത കാലത്തെങ്ങും തുറക്കപ്പെടുമെന്നു ഞാൻ വിചാരിക്കുന്നില്ല.

കാശിരാജൻ—കഷ്ടം! കഷ്ടം! സത്യസന്ധതയുടെ കൂലിയിതാണോ?—എന്നു പറഞ്ഞ് ആ സാധുവായ മനുഷ്യൻ അയാളുടെ ജ്യേഷ്ഠസഹോദരനെ കെട്ടിപ്പിടിച്ചു കരഞ്ഞു.

അശോകരാജനു് അയാളുടെ സഹോദരനെ സമാധാനപ്പെടുത്തുന്നതിനു വാക്കുകൾ കിട്ടിയില്ല. രണ്ടുപേരും അത്യധികം വ്യസനിച്ചു. അവർ നശിച്ചതിൽ അവൎക്കു ഖേദമില്ലായിരുന്നു. അനേകായിരമാളുകളുടെ ഉപജീവനമാൎഗ്ഗം നഷ്ടപ്പെട്ടതുകൊണ്ടാണ് അവർ ദുഃഖിച്ചതു്.

കാശി നമുക്കാശക്കൊരു വഴിയുമില്ലയൊ?

അശോകരാ—ഒരു വഴിയുമില്ല കുട്ടാ.! നാം നശിച്ചതു തന്നെ.

ആയുസ്സുണ്ടെങ്കിൽ ആശയുമുണ്ട്. മനുഷ്യർ വൃഥാ വേദിക്കുകയാണ് ചെയ്യുന്നതു്. അശോകരാജക്കമ്പനി പൊളിഞ്ഞ വൎത്തമാനം നാടെങ്ങും പരന്നു. ആ വൎത്തമാനം മനോമോഹനനും അറിഞ്ഞു. അദ്ദേഹം ആ വിവരം അറിഞ്ഞതു കാലത്തു് ഏഴുമണിക്കായിരുന്നു. ഉടനെ തന്റെ സ്വകാൎയ്യമുറിക്കകത്തു പ്രവേശിച്ച് ഒരു തോൽപ്പെട്ടി എടുത്ത് അതിവേഗത്തിൽ തീവണ്ടി കയറി കമ്പനിക്കാരായ ആ സഹോദരന്മാരുടെ വീട്ടിലെത്തി. അവർ ആരെയും കാണാൻ തയ്യാറില്ലായിരുന്നു.

മനോമോ—ദയവു ചെയ്തു ബാങ്കുവരെ വരുമോ?

അശോക—എന്തിനു ഞങ്ങൾ വരുന്നു? ഇനി ആ കെട്ടിടം പണവ്യാപാരത്തിനായി തുറക്കുകയില്ല.

മനോമോ—ആകട്ടെ, വരു. വല്ല നിവൃത്തിയുമുണ്ടോ എന്നു നോക്കാം.

അശോ—അവിടെ ഒരു കാശുപോലും ഇല്ല.

കാശിരാ—ജ്യേഷ്ഠാ! ഇനിയും അവിടെ ഒരു 1000 രൂപ കാണും. ഇദ്ദേഹത്തിനു് അതിൽ ഒരു കാശും കൊടുക്കാൻ പാടില്ല. അതു സാധുക്കൾക്കു വീതിച്ചു കൊടുക്കണം.

അശോ—നിങ്ങൾക്കു വലിയ തുക വരാനുണ്ടായിരിക്കും. സ്വല്പം ക്ഷമിക്കണം. കടക്കാരെ തൃപ്തിപ്പെടുത്തത്തക്ക മുതൽ ഞങ്ങൾക്കുണ്ട്. ഞങ്ങൾ മാത്രമേ അതുകൊണ്ടു നശിക്കയുള്ളു.

മനോ—ഞാൻ പണം വാങ്ങാൻ വന്നവനല്ല. പണം ബാങ്കിലിടാൻ വന്നവനാണ്. ഇതാ മൂന്നു ലക്ഷം രൂപയുടെ നോട്ടും നാണയവും. ദയവുചെയ്തു് ഇതു സ്വീകരിച്ചു എന്റെ കണക്കിൽ വരവുവെക്കണം

അശോ—നിങ്ങൾ എന്താ ഈ പറയുന്നതു്! നിങ്ങളൊന്നും കേട്ടില്ലയോ? ഒന്നും കണ്ടില്ലയോ? ഞങ്ങൾക്കീപ്പണം സ്വീകരിക്കാൻ പാടില്ല. കാശീ! നമുക്കീപ്പണം സ്വീകരിക്കാമൊ?

കാശി—ഞങ്ങൾക്കീപ്പണം സ്വീകരിക്കാൻ പാടില്ല. ഞങ്ങൾ മുടിഞ്ഞിരിക്കുന്നു.

“അതു സാരമില്ല, കച്ചവടലോകത്തിൽ ഇതു സാധാരണമാണ്. ഇന്നു മുടിയുന്നവൻ നാളെ കുബേരൻ. ഈ പണം മുഴുവനും സ്വീകരിച്ചുകൊള്ളുക. പിന്നെയും ആവശ്യമുണ്ടെങ്കിൽ ഇതാ എന്റെ മേൽവിലാസം” എന്നു വിനയപുരസ്സരം മുറപടി പറഞ്ഞുംകൊണ്ടു മനോമോഹനൻ അവിടെ നിന്നിറങ്ങിപ്പോയി.

ഇങ്ങനെയുള്ള കാൎയ്യങ്ങളാണ് മനോമോഹനൻ ചെയ്തിരുന്നതു്. കഷ്ടപ്പെടുന്നവൎക്കു് അദ്ദേഹം കല്പവല്ലിയായിരുന്നു എന്നു വിചാരിച്ചു് അദ്ദേഹത്തെ കളിപ്പിക്കാൻ ആൎക്കും സാധിച്ചില്ല. അരോഗദൃഢഗാത്രനായ യാചകനു മനോമോഹനനിൽനിന്നു യാതൊരു സഹായവും ലഭിച്ചിരുന്നില്ല. കള്ളയെഴുത്തുകാൎക്കും അദ്ദേഹം അഭയസ്ഥാനമല്ലായിരുന്നു. രഞ്ജിറാവുസിംഗ് ചിലൎക്കു വേണ്ടി ശുപാൎശ ചെയ്തപ്പോൾ അതിലുള്ള കൃത്രിമങ്ങൾ വെളിപ്പെടുത്തുന്നതിൽ മനോമോഹനൻ പ്രദൎശിപ്പിച്ച കുശാഗ്രബുദ്ധിയും ലോകപരിചയവും അയാളെ അത്ഭുതപ്പെടുത്തി. കള്ളം എവിടെയാണെന്നു കാണുന്നതിനു് അദ്ദേഹത്തിനു പ്രത്യേകമൊരു സാമൎത്ഥ്യ

മുണ്ടായിരുന്നു. സ്വാശ്രയശക്തി ഉപയോഗിച്ചു പ്രയാസങ്ങളോട് എതിരിടുന്നതിനു കഴിയുന്ന ഒരുവനും മനോമോഹനൻ ഒരു സഹായി ആയിരുന്നില്ല. അതുപോലെ തന്നെ തന്റെ സഹായംകൊണ്ടു യാതൊരു ഗുണവും അന്യനുണ്ടാകയില്ലെന്നുള്ള ബോധമുള്ളപ്പോഴും മനോമോഹനൻ സഹായിക്കാൻ ഒരുമ്പെട്ടില്ല. വാക്കുകൾ മൂലവും ചേഷ്ടകൾ മൂലവും വൃദ്ധനായ മോഹനസിംഗ് പല പ്രാവശ്യവും മനോമോഹനനോടു സഹായം അപേക്ഷിച്ചിരുന്നെങ്കിലും അദ്ദേഹം അക്കാര്യത്തിൽ അശേഷം വഴിപ്പെട്ടില്ല. അ അവസരങ്ങളിലൊക്കെ വൃദ്ധന്റെ സങ്കടങ്ങൾ ക്ഷമയോടും മര്യാദയോടും അദ്ദേഹം കേട്ടുകൊണ്ടിരിക്കും. ഉപദ്രവം കൂടുതലാകുമ്പോൾ "നിങ്ങൾ ആശിക്കേണ്ടാ" എന്നു സൂചിപ്പിക്കുക മാത്രം ചെയ്യും.

ഈ പുരുഷകേസരിയുടെ ധനം കൈക്കലാക്കുന്നതിനു നാനാദിക്കുകളിൽനിന്നും യാചകന്മാർ വന്നുകൊണ്ടിരുന്നതുപോലെ തന്നെ തസ്കരന്മാരും അടിമകളും വന്നുകൊണ്ടു തന്നെ ഇരുന്നു. സംശയകരമായ വിധത്തിൽ സഞ്ചരിക്കുന്ന ആളുകൾ അഷ്ടഗ്രാമത്തിലേക്കു പുറപ്പെട്ടിട്ടുണ്ടെന്നുള്ള വിവരത്തിനു മനോമോഹനനു തുടരെ തുടരെ പോലീസ്സുകാരിൽനിന്ന് അറിവു കിട്ടിക്കൊണ്ടിരുന്നു. അദ്ദേഹം അനവധി ധനത്തിന്റെ ഉടമസ്ഥനായിരുന്നെങ്കിൽ അതിനെ സൂക്ഷിക്കുന്നതിനുള്ള സാമർത്ഥ്യവും അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു നിർഭാഗ്യവാന്മാരായ ഒന്നു രണ്ടു രാത്രിഞ്ചരന്മാർക്ക് ആ ഇടയിൽ ബോദ്ധ്യപ്പെടുകയുമുണ്ടായി.

"എന്റെ വീട്ടിലേക്കു വരുന്നോ, അവിടെ നിങ്ങളെ സൽക്കരിക്കാനായി ചില ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്" എന്ന് ഒരു ദിവസം കാലത്തെ മനോമോഹനൻ രഞ്ചിററിന്റെ വീട്ടിൽ പോയി പറഞ്ഞു. അവർ തമ്മിലുള്ള പരിചയം നാൾതോറും ഹാർദ്ദമായ വിധത്തിൽ വർദ്ധിച്ചു. ഇപ്പോൾ മനോമോഹനൻ ആ കുടുംബത്തിന്റെ ഒരു നല്ല പരിചയക്കാരനും സ്നേഹിതനും ആയി തീർന്നിരിക്കുന്നു.

രഞ്ചിററും, കമലവും, പിതാവും ഉടനെ തന്നെ മനോമോഹനനെ അനുഗമിച്ചു. അദ്ദേഹത്തിന്റെ ഹർമ്മ്യത്തിൽ എന്തോ പുതിയ നേരമ്പോക്കുണ്ടായിരിക്കുമെന്നു കരുതിയാണ് അവർ ഉടനെ തന്നെ പുറപ്പെട്ടതു്.

കമലം! ഭവതിയെ ഞാൻ ഒരു കരടിയെ കാണിച്ചു. എന്നാൽ ഒരു കരടിയെക്കാൾ, ഭയങ്കരമായ ഒരു സത്വത്തിനെ ഇപ്പോൾ കാണിക്കാം. വരൂ—എന്നു മനോമോഹനൻ പറഞ്ഞു രഞ്ചിററിനേയും കമലയേയും അവരുടെ പിതാവിനേയും കൂട്ടിക്കൊണ്ടകത്തേക്കു പോയി. അവർ പ്രവേശിച്ച മുറിയുടെ ഒരററത്തായി അനേകം കണ്ണാടികൾ പ്രത്യേകരീതിയിൽ ഘടിപ്പിച്ചുവെച്ചിരുന്നു. അതുകളുടെ മുമ്പിലായി സ്വല്പം ഉയർത്തി വൃത്താകാരത്തിലുള്ള ഒരു കണ്ണാടിയും പ്രതിഷ്ഠിച്ചിരുന്നു "ഇതാ ഈ കണ്ണാടികളിൽ കൂടി നോക്കുക" എന്നു മനോമോഹനൻ പറഞ്ഞു.

കമലം—ശിവ ശിവ! എന്തു മനുഷ്യർ! രണ്ടു പേരുണ്ട്. എന്തു ഭയങ്കരമായിരിക്കുന്നു!

രഞ്ചിററ്—അവരവിടെ എന്തുചെയ്യുകയാണ്? അവർ അവിടെ ഒളിച്ചിരിക്കുകയാണെന്നു തോന്നുന്നു.

മോഹനസി—അവർ തീവെട്ടിക്കൊള്ളക്കാരാണ്. ഉടനെ പോലീസുകാർക്കറിവു കൊടുക്കണം.

മനോമോ—ഞാൻ പോലീസുകാരെ അറിയിച്ചിട്ടുണ്ട്. പക്ഷേ അവർക്കു തടവുശിക്ഷയായാൽ മതിയാകുകയില്ല. തടവിൽ അവർക്കു സുഖമാണ്.

കമലം—അവരാരാണ്? അവർ എന്തിനാണിവിടെ ഒളിച്ചിരിക്കുന്നതു്?

മനോമോ— നിങ്ങൾക്കറിയാവുന്നതിൽ കൂടുതലായി യാതൊരറിവും എനിക്കീ കാര്യത്തിൽ ഇല്ല. ഇന്നലെ രാത്രിയിൽ അവർ അവിടെ ഇല്ലായിരുന്നു തീർച്ചതന്നെ. ഇന്നു കാലത്താണ് അവരെ ആദ്യമായി കണ്ടതു്. അതുകൊണ്ടവർ രാത്രിയിൽ ഇവിടെ വന്നിരിക്കണം. അവരുടെ തൊഴിലിനെപ്പററി ചോദിക്കുകയാണെങ്കിൽ അതവരുടെ മുഖത്തെഴുതിയിട്ടുണ്ട്.

രഞ്ചിററ്—അവർ എവിടെയാണിരിക്കുന്നതെന്നെനിക്കു മനസ്സിലാകുന്നില്ല. എന്നാൽ എനിക്കവരെ നല്ലവണ്ണം കാണുകയും ചെയ്യാം. ഒരുത്തൻ അതാ ചുവരിനോടടുത്തു നിൽക്കുന്നു. മററവൻ അവന്റെ പുറത്തു കയറാൻ ആരംഭിക്കുന്നു. അല്ലാ, ഒന്നാമത്തവൻ കുനിഞ്ഞു നിൽക്കുകയാണ്. മററവൻ പുറത്തു കയറിക്കൊള്ളട്ടെ എന്നു വിചാരിച്ചു നിൽക്കുകയാണ്. എന്തു ഭയങ്കരമായ കാഴ്ച!

മനോമോ—അവർ അകപ്പെട്ടുകിടക്കുകയാണ്. അവരെ ഞാൻ ഒരു കണിയിൽ അകപ്പെടുത്തിയിരിക്കുകയാണ്. എന്റെ അനുവാദം കൂടാതെ അവർക്കവിടെനിന്നു പോകാൻ പാടില്ല. എന്റെ

DEPARTMENTAL LIBRARIES
14 MAR 1950

കണിയുടെ സൂത്രമെന്താണെന്നു നിങ്ങൾക്കറിയാമോ? നോക്കൂ. നാം ഇപ്പോൾ നിൽക്കുന്ന ഈ തറ വളരെ ഉറപ്പുള്ളതല്ലേ? എന്നാൽ എല്ലാ രാത്രിയിലും ഞാൻ അതിനെ ഇളക്കി പൊടിവിതറിയിടുന്നു. അതു വീടിൻെറ ഒരററത്തു വെച്ചിട്ടുള്ള ഒരു യന്ത്രശക്തികൊണ്ട് ഒരേസമയത്തു തന്നെ ചെയ്യാവുന്നതാണ്. ഈ തറകൾ അസ്ഥിതിയിൽ ഇരിക്കുമ്പോൾ ആക്കെങ്കിലും വേണമെങ്കിൽ ജനലിൽ കൂടി മുറിക്കകത്തു പ്രവേശിക്കാം. അവക്ക് ഒളിച്ചിരിക്കുന്നതിനു വേണ്ട സ്ഥലം അവിടെയുണ്ട്. ആരെങ്കിലും അവിടെ കയറുമ്പോൾ അവരുടെ ശക്തികൊണ്ട് ഒരു സൂത്രം തിരിയുന്നു. തൻമൂലം അവർ ഒരു ശക്തിയുള്ള മുറിസ്സുള്ളിൽ അടസ്സപ്പെടുന്നു. ഇങ്ങനെയാണ് ഞാൻ ഈ കള്ളന്മാരെ അകപ്പെടുത്തിയിരിക്കുന്നതു്. അവർ എന്തുചെയ്യുന്നുവെന്നു എനിക്കീ കണ്ണാടിയിൽ കൂടി കാണുകയും ചെയ്യാം. ഇപ്പോൾ കാൎയ്യം മനസ്സിലായോ?

കമലം—സാധുക്കൾ! അവൎക്കിങ്ങനെ ഒരബദ്ധം വരുമെന്നവർ വിചാരിച്ചിരുന്നോ? എന്തായാലും നിങ്ങൾ ഇങ്ങനെ സൂക്ഷിച്ചിരിക്കുന്നതു കൊള്ളാം.

മനോമോ—ഇതാ പോലീസുകാരൻ വരുന്നു. കമലാഭായിക്കും മററും പോകാൻ ധൃതിയില്ലെങ്കിൽ വേറെയും ചില വിശേഷങ്ങൾ കാണിച്ചുതരാം. ഇതാ ആ വിനോദമുറിയിൽ ചെന്നിരിക്കുക

ഞാൻ ഇപ്പോൾ വന്നേക്കാം എന്നു പറഞ്ഞു മനോമോഹനൻ പോലീസുകാരൻെറ അടുക്കലേക്കു പോയി.

---

## എട്ടാം അദ്ധ്യായം

### മനോമോഹനൻെറ ഉദ്ദേശങ്ങൾ.

മനോമോഹനൻെറ രമ്യഹൎമ്മ്യം കമലാഭായിയുടെ തന്നെ അല്ലയോ എന്നു കാണികൾക്കു സംശയം ജനിക്കുമാറു് അവർ ആ ഭവനത്തിൽ സ്വാതന്ത്ര്യത്തോടു കൂടി പെരുമാറിത്തുടങ്ങി. അവളെ മിക്കപ്പോഴും അവിടെ കാണാമായിരുന്നു. അവിടെയുള്ള വിവിധസുഖസാമഗ്രികളിൽനിന്നുണ്ടാവുന്ന സകലസുഖങ്ങളും അനുഭവിക്കുന്നതിൽ അവളെ ആരും കുററപ്പെടുത്തിയിരുന്നില്ല. ഇക്കാലംകൊണ്ടു മനോമോഹനൻെറ പ്രീതി അവൾ അടവെ സമ്പാദിച്ചിരിക്കുന്നു. അവളുടെ പ്രീതിയും അയാളുടേതായിരുന്നുവെന്നു മനോമോഹനൻ മനസ്സിലാക്കി. കമലയെ കാണുന്ന മാത്രയിൽ, അയാൾ ഭാഗ്യവാനായി. അവളെ സന്തോഷിപ്പിക്കുന്നതിന് എന്തെല്ലാം ആ കോടീശ്വരനു കഴിയുമോ അതൊക്കെയും ചെയ്തുതുടങ്ങി.

കമലാഭായി എഴുനീൽക്കുന്നതിനു മുമ്പു മനോമോഹനൻെറ സമ്മാനമായ പൂച്ചെണ്ടുംകൊണ്ടു പുതിയ മന്ദിരത്തിലെ ഭൃത്യൻ എല്ലാ ദിവസവും അവളുടെ വീട്ടിൽ ഹാജരായിരിക്കും. അവളുടെ ഏതാഗ്രഹവും സാധിക്കുന്നതിൽ മനോമോഹനൻ സന്തോഷത്തോടു കൂടി ശ്രമപ്പെട്ടു. എന്തിനധികം പറയുന്നു. കമലാഭായി മനോമോഹനനെ അടവേ സ്വാധീനപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു.

അവളും അവളുടെ ഭാഗം പരിപൂൎണ്ണമായി അഭിനയിക്കാതെ ഇരുന്നില്ല. സ്ത്രീകൾക്കു സഹജമായ സാമൎത്ഥ്യത്തോടു കൂടി, അവൾ അദ്ദേഹത്തിന്നനുസരണമായ വിധത്തിൽ പ്രവൎത്തിക്കാൻ തുടങ്ങി. അദ്ദേഹത്തിൻെറ ഇഷ്ടം തൻെറ ഇഷ്ടം. അദ്ദേഹത്തിൻെറ അഭിപ്രായം തൻെറ അഭിപ്രായം എന്ന മട്ടിൽ പരസ്പരയോജിപ്പിന്നത്യാവശ്യമായ ഹൃദയസാദൃശ്യമുണ്ടെന്ന് അവൾ വ്യക്തപ്പെടുത്തി. അവൾ ധൎമ്മകാൎയ്യങ്ങളെപ്പററി ശുഷ്കാന്തിയോടു കൂടി സംസാരിച്ചു. ആ സംഭാഷണം മനോമോഹനനു രസപ്രദമാണെന്ന് അവൾ മനസ്സിലാക്കി. അദ്ദേഹത്തിനു പല ഉദ്ദേശങ്ങളുമുണ്ടായിരുന്നു. ആ ഉദ്ദേശങ്ങളുടെ കാൎയ്യാകാൎയ്യവിവേചനത്തിൽ അവൾ ഉത്സാഹത്തോടു കൂടി പങ്കെടുത്തു. എന്തിനധികം വിസ്തരിക്കുന്നു. തനിക്കനുരൂപയായ ഒരു ഗുണവതിയെ താൻ ഒടുവിൽ കണ്ടെത്തിയിരിക്കുന്നു എന്നുള്ള ബോധം ക്രമേണ മനോമോഹനനുണ്ടായി. തൻെറ വിവിധകാൎയ്യങ്ങളിൽ തന്നെ ഗുണദോഷിക്കുന്നതിനും, തന്നോടൊപ്പം പ്രവൎത്തിക്കുന്നതിനും സാധിക്കുന്ന ഒരു കൂട്ടുകാരിയെ കിട്ടുന്നതു് ഒരു വലിയ ഭാഗ്യമാണല്ലോ.

കമലാഭായിയുടെ അഭീഷ്ടം രഞ്ജിററിനും മോഹനസിംഗിനും മനസ്സിലാകുന്നതിന് അധികം നാൾ വേണ്ടിവന്നില്ല.

വൃദ്ധനായ മോഹനസിംഗിന്നു് ഇതിലധികം സന്തോഷകരമായ ഒരു കാൎയ്യമുണ്ടായിരുന്നില്ല. അയാളുടെ മകളുടെ ഭാഗ്യത്തെ വിചാരിച്ചല്ലാ അയാൾ സന്തോഷിച്ചതു്. അയാളുടെ മകളുടെ ഭൎത്താവാകാൻ പോകുന്ന മനുഷ്യന്റെ കുബേരത്വമായിരുന്നു അയാളെ വ്യാമോഹിപ്പിച്ചിരുന്നതു്. സ്വൎണ്ണത്തിന്റെ "മഞ്ഞളിപ്പു" രഞ്ജിററിന്റെ അധരപുടങ്ങളെ നിശ്ശേഷ്ടങ്ങളാക്കിയിരുന്നു. അതിനാൽ അയാൾ ഗുണമായിട്ടാകട്ടെ ദോഷമായിട്ടാകട്ടെ, ഈ സംഗതിയെപ്പററി ആരോടും സംസാരിച്ചില്ല. അയാളുടെ മനസ്സു, പരമാൎത്ഥത്തിൽ അപ്പോൾ ഒരു രണാങ്കണമായിരുന്നു. പരിശുദ്ധങ്ങളും പരിത്യജിക്കാൻ പാടില്ലാത്തവകളും ആയ പല വികാരങ്ങളും, സുഖാനുഭോഗേച്ഛയും തമ്മിൽ അയാളുടെ മനസ്സിൽ കടന്നു കഠിനമായ പോരാട്ടം നടത്തിയതിനു ശേഷം സുഖാനുഭോഗേച്ഛ ജയിച്ചു. മനോമോഹനനും തന്റെ സഹോദരിയും തമ്മിലുള്ള ബന്ധത്തെ താൻ എന്തിനു തടസ്സപ്പെടുത്തുന്നു? അതയാളുടെ സഹോദരിയുടെ കാൎയ്യമല്ലേ? താൻ എന്തിനു മററുള്ളവരുടെ കാൎയ്യത്തിൽ തലയിടുന്നു. പ്രതാപസിംഗിന്റെ കാൎയ്യം പരിതാപകരമാണു്. അതിനു താൻ എന്തു വേണം? പ്രതാപസിംഗിനു ചെറുപ്പമാണു്. അയാൾക്കിനിയും സ്നേഹിക്കരുതെ?" ഇങ്ങനെ ഒടുവിൽ രഞ്ജിററു തീൎച്ചപ്പെടുത്തി.

രഞ്ജിററിനു പോലും അയാളുടെ ജോലിയും, ചുററുപാടും, അസുഖകരങ്ങളായി തോന്നിത്തുടങ്ങി. മനോമോഹനനുമായി പരിചയപ്പെടുന്നതിനു മുൻപയാൾക്കുണ്ടായിരുന്ന സാഹിത്യഭ്രമം ഇപ്പോൾ മിക്കവാറും നാമാവശേഷമായിത്തീൎന്നിരിക്കുന്നു. നാക്കു് ഒന്നു മടക്കിയാൽ ഇഷ്ടമുള്ളെടത്തോളം പണം കിട്ടുമെങ്കിൽ, നിസ്സാരമായ ഒരാദായത്തെക്കരുതി ആരു കഷ്ടപ്പെടും? രഞ്ജിററിതുവരെയും മനോമോഹനനോടു് ഒരു കാശു പോലും ചോദിച്ചിട്ടില്ല. എന്നിരുന്നാലും പ്രതിദിനം വളരെ പണം താൻമാൎഗ്ഗമായി ആവശ്യപ്പെടുന്നവൎക്കു കൊടുക്കപ്പെടുന്നില്ലേ? താനാവശ്യപ്പെട്ടാൽ മനോമോഹനൻ തീൎച്ചയായിട്ടും തന്നെ ഇച്ഛാഭംഗപ്പെടുത്തുകയില്ല. ഈ വിചാരം മൂലം രഞ്ജിററു സ്വന്തജോലികളിൽ മനസ്സിരുത്താതെയായി. ലേഖനങ്ങൾക്കും ഖണ്ഡകാവ്യങ്ങൾക്കും മറുപടി അയക്കുന്നതിനു പോലും, രഞ്ജിററുത്സാഹിച്ചില്ല. പത്രാധിപത്യത്തിലും ഈയിടെ ശുഷ്കാന്തി കുറഞ്ഞിരിക്കുന്നു.

"25 രൂപായ്ക്കു നേരം വെളുത്താൽ സന്ധ്യയാകുന്നതുവരെ എന്തിനു കഷ്ടപ്പെടണം? പ്രയാസം."—എന്നു രഞ്ജിററു തന്നെ വിചാരിച്ചു. അഷ്ടഗ്രാമത്തിലും ചുററും ഉള്ള സാധുക്കളുടെ സുഖസൌഖ്യങ്ങൾ അന്വേഷിക്കുന്നതിൽ അയാൾ ശ്രദ്ധയോടു കൂടി പണിപ്പെട്ടിരുന്നു അയാൾ പ്രകൃത്യാ അത്യാഗ്രഹിയായിരുന്നില്ല. അസാമാന്യമായ ഉയൎച്ചയിലും അയാൾക്കു് ആഗ്രഹമുണ്ടായിരുന്നില്ല. ഈ ജോലി അയാളുടെ മനസ്സിനിണങ്ങിയതായിരുന്നു. അതുകൊണ്ടയാൾ അതിൽ ശ്രദ്ധിച്ചുവന്നു.

ഈ കാലത്തു മനോമോഹനനിൽ ചിലപ്പോൾ അസ്വാസ്ഥ്യത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. വളരെ നേരത്തേക്കദ്ദേഹം ആരോടും ഒന്നും സംസാരിക്കാതെ മുറിയിൽക്കയറി ഒളിച്ചിരുന്നുകളയുന്നു. സാധുക്കളുടെ സംരക്ഷണാൎത്ഥം അനവധി ധനം ചെലവുചെയ്തു പോയതിനാൽ, പണക്കാൎയ്യത്തിൽ അദ്ദേഹത്തിനു ബുദ്ധിമുട്ടു തുടങ്ങീട്ടുണ്ടെന്നും, ഭാവിയെപ്പററിയുള്ള ഭയം, കുറേശ്ശെ അദ്ദേഹത്തിൽ ഉണ്ടായിത്തുടങ്ങീട്ടുണ്ടെന്നും, ഈ ഭാവഭേദത്തിൽ നിന്നു രഞ്ജിററു് ഊഹിച്ചു. ഈ സ്ഥിതിക്കു മാററം സംഭവിക്കുന്നതു കമലാഭായിയെ കാണുമ്പോൾ മാത്രമായിരുന്നു. ചിലപ്പോൾ 5-ം 6-ം മണിക്കൂറുകൾ തുടൎച്ചയായി അദ്ദേഹം അദ്ദേഹത്തിന്റെ പ്രയോഗശാലയിൽ കയറിയിരുന്നു പണി എടുത്തുംകൊണ്ടിരിക്കും. അവിടെ പ്രവേശിക്കുന്നതിനു കമലാഭായിക്കു പോലും അനുവാദമുണ്ടായിരുന്നില്ല.

"നിങ്ങൾ ഈയിടെ കുറെ ബുദ്ധിമുട്ടുന്നു. പ്രയോഗശാലയിൽ എന്നെക്കൊണ്ടു വല്ല ഉപയോഗവും ഉണ്ടാകുമെങ്കിൽ ഞാൻ അതിലേക്കു സന്നദ്ധനാണു്. എനിക്കു രസതന്ത്രശാസ്ത്രത്തിൽ അറിവില്ലെന്നു വിചാരിക്കരുതു്. സ്വല്പമൊക്കെ എനിക്കുമറിയാം." എന്നു് ഒരു ദിവസം രഞ്ജിററു മനോമോഹനനോടു പറഞ്ഞു.

മനോ—അങ്ങിനെയോ? അതു ഞാൻ വിചാരിച്ചില്ല. ഒരു സാഹിത്യകാരൻ ഒരു രസതന്ത്രജ്ഞനാകുക എന്നുള്ളതു് അത്ര സാധാരണമല്ല.

രഞ്ജിററു—ഞാൻ രസതന്ത്രശാസ്ത്രത്തിൽ വിദഗ്ദ്ധനല്ല. ഞാൻ ബി എ ക്കു പഠിച്ചിരുന്നപ്പോൾ എന്റെ വിഷയം രസതന്ത്രമായിരുന്നു പിന്നീടതിനെ പോഷിപ്പിക്കുന്നതിനു ഞാൻ ഗൌനിച്ചിട്ടുമില്ല.

മനോ—കൊള്ളാം, സന്തോഷം. നിങ്ങളുടെ സഹായം ആവശ്യപ്പെടുമ്പോൾ

അതിനു ഞാൻ അപേക്ഷിക്കണമെന്നില്ലല്ലൊ. എങ്കിലും ഇപ്പോൾ അതിനു കാലമായിട്ടില്ല എൻെറ രീതി അധുനികമാതൃകയിൽനിന്നു സ്വല്പം വ്യത്യാസപ്പെട്ടതാണ്. അതൊക്കെ ഒരിക്കൽ ഞാൻ നിങ്ങളെ പഠിപ്പിക്കാം.

അപ്പോൾ ഒരു വേലക്കാരൻ ഒരു് എഴുത്തു കൊണ്ടുവന്നു മനോമോഹനനെ ഏൽപ്പിച്ചു.

മനോ—ഈ എഴുത്ത് എൻെറ ഒരു പരിചയക്കാരിയുടെയാണ്. ഞാൻ അത്രടം ഒന്നു ചെല്ലണം പോലും. കാൎയ്യം എനിക്ക് അറിയാൻ പാടില്ലെന്നായിരിക്കും സാധു വിചാരിക്കുന്നതു്. അതുപോകട്ടെ, രഞ്ജിററു്! ഇനിക്കീയിടെ മനസ്സിനൊട്ടും സുഖമില്ലെന്നുള്ള സംഗതി നിങ്ങൾ അറിയുന്നുണ്ടോ?

രഞ്ജിററു—എനിക്കു ചിലപ്പോൾ അങ്ങിനെ തോന്നിയിട്ടുണ്ടു്. പക്ഷെ അസ്ഥിതിക്കു ഞാൻ കാരണമൊന്നും കാണുന്നില്ല. നിങ്ങൾ ഒരു കോടീശ്വരനാണ്. ചെറുപ്പമാണ്. അരോഗദൃഢഗാത്രനുമാണ്. ഇതിലധികം മനുഷ്യനു വേണ്ടതെന്താണ്?

മനോ—ഞാൻ ഒരു കോടീശ്വരനായിരുന്നെങ്കിൽ എനിക്കെത്ര സുഖമായിരുന്നു.

രഞ്ജി—എന്താ നിങ്ങൾ കോടീശ്വരനല്ലെന്നോ?

മനോ—അല്ല, ഞാനൊരു കോടീശ്വരനല്ല.

പെട്ടെന്നു രഞ്ജിററിൻെറ മനസ്സിൽ നിഗൂഢമായി കിടന്നിരുന്ന സംശയങ്ങൾ ബലവത്തരമായ വിധത്തിൽ ഉറസ്സാൻ തുടങ്ങി.

മനോ—ഞാനൊരു കോടീശ്വരനല്ല. എങ്കിൽ ഇനിക്കിത്രയും ബുദ്ധിമുട്ടുണ്ടാകയില്ലായിരുന്നു. ഇനിക്കെത്രമാത്രം ധനമുണ്ടെന്നു നിശ്ചയമില്ല.

രഞ്ജിററിൻെറ ദേഹം തണുത്തു. ശേഷം കേൾക്കുന്നതിനു് അയാൾക്കു ധൈൎയ്യമുണ്ടായില്ല. മനോമോഹനൻ പാപ്പരായിരിക്കുന്നു എന്നു കേൾക്കുന്നതെങ്ങിനെ?

മനോമോഹനൻ രഞ്ജിററിൻെറ അസ്വാസ്ഥ്യം കാണാതിരുന്നില്ല. അയാൾ ശാന്തമായി തുടൎന്നു പറഞ്ഞു.

എനിക്കെൻെറ ധനത്തിൻെറ അളവെന്തെന്നറിയാൻ പാടില്ല. സംഖ്യയില്ലാത്ത ദ്രവ്യത്തിൻെറ ഉടമസ്ഥനാണ് ഞാൻ. എന്നെപ്പോലെ വേറെ ഒരാൾ ലോകത്തിലുണ്ടോ എന്നുള്ളതു തന്നെ സംശയമാണ്. അതുകൊണ്ടു തന്നെയാണ് ഇനിക്കു സ്വസ്ഥതയില്ലാത്തതു്. ഈ ധനം മുഴുവനും ഞാൻ എങ്ങിനെ ചെലവാക്കുന്നു? അതേ, ഗുണപ്രദമായ വിധത്തിലും, ദോഷകരമല്ലാത്ത വിധത്തിലും ഞാൻ എങ്ങിനെ ഈ ധനമൊക്കെ ചെലവാക്കുന്നു എന്നറിയാതെ കുഴങ്ങുന്നുണ്ടു്. ഈ ധനംകൊണ്ടു് അയ്യായിരം ജനങ്ങൾക്കു നന്മയുണ്ടാകുമെങ്കിൽ അതു വച്ചുകൊണ്ടു മടിയനായി ഞാൻ കാലം കഴിക്കുന്നതു് എത്ര നിന്ദ്യമാണ്. എത്ര നീചമാണ്. രഞ്ജിററിനു സമാധാനമായി.

രഞ്ജിററു—പക്ഷെ നിങ്ങൾ നിങ്ങളുടെ മുതലയപ്പററി ക്രമത്തിലധികം വ്യസനിക്കുകയായിരിക്കാം. നിങ്ങൾ ചെയ്തിട്ടുള്ള ഗുണങ്ങൾ സീമാതീതങ്ങളാണെന്നെല്ലാവരും സമ്മതിക്കുന്നു. ഇതിലധികം നിങ്ങൾക്കെന്തു വേണം? ഇതിൽ കൂടുതലായി എന്തെങ്കിലും ചെയ്യണമെങ്കിൽ സാധുസംരക്ഷണാൎത്ഥം ഏൎപ്പെടുത്തപ്പെട്ടിട്ടുള്ള എത്രയോ സംഘങ്ങളുണ്ടു്. അവക്കു നിങ്ങളുടെ സഹായം അത്യാവശ്യമായിരിക്കും.

മനോ—270 സംഘങ്ങളെപ്പററി എനിക്കറിയാം. അവക്കൊക്കെ ന്യായമായ സഹായങ്ങൾ ഞാൻ ചെയ്തുകൊടുക്കുന്നുമുണ്ടു്. ഇതിൽ കൂടുതലായി ആ സംഗതിയിൽ പ്രവൎത്തിക്കാനില്ല.

രഞ്ജിററു—നിങ്ങൾ നിങ്ങളുടെ കടമയെ ചെയ്തിരിക്കുന്നു നിങ്ങളെപ്പോലെ ഒരാൾ ഇങ്ങനെ അസുഖപ്പെടുന്നതു ശരിയല്ല. ഇനി നിങ്ങൾ ചെയ്യേണ്ടതു സുഖമായി താമസിക്കുകയാണ്.

മനോ—എനിക്കതു സാധിക്കുകയില്ല. ഇതിനുമാത്രം ധനം കൈകാൎയ്യം ചെയ്യുന്നതിനു ദൈവം എന്നെ നിശ്ചയിച്ചിരിക്കുന്നതു കണ്ണടച്ചു സുഖിച്ചിരിക്കുന്നതിനാണെന്നു തോന്നുന്നില്ല. ആട്ടെ നിങ്ങൾ സങ്കല്പശക്തിയുള്ള ഒരാളാണല്ലൊ. പൊതുജനങ്ങൾക്കു ദോഷം വരാത്ത വിധത്തിൽ ഈ ബഹുളമായ ധനത്തെ ചെലവഴിക്കുന്നതിനുള്ള ചില വഴികൾ പറയണം.

രഞ്ജിററു—അതു കുറെ പ്രയാസമുള്ള ഒരു കാൎയ്യമാണെന്നു് ഇപ്പോൾ തോന്നിത്തുടങ്ങിയിരിക്കുന്നു.

മനോ—ആട്ടെ, ഞാൻ ചിലതു പറയാം. അതുകളുടെ ഗുണദോഷങ്ങൾ പറയണം. ഇവിടെ ഞാൻ പത്തുചതുരശ്രമൈൽ സ്ഥലം വിലയ്ക്കു വാങ്ങിക്കുന്നു. അനേക ഭംഗിയുള്ള ചെറിയ വീടുകളും പണിയിക്കുന്നു. വീടില്ലാതെ അലഞ്ഞു നടക്കുന്ന ഈ നാട്ടിലെ കുടുംബങ്ങൾക്കു് ഓരോ വീടു വീതം സമ്മാനിക്കുന്നു. അപ്പോ

ൾ അവൎക്കു വീടുണ്ടായി. പിന്നീട് അവൎക്കുള്ള കാലക്ഷേപമാൎഗ്ഗമാണ് ആലോചിപ്പാനുള്ളത്. ഇങ്ങനെ ഞാൻ സ്ഥാപിക്കാൻ പോകുന്ന പട്ടണത്തിന്റെ മദ്ധ്യഭാഗത്തു പത്തുപന്ത്രണ്ടു തൊഴിൽശാലകളെ സ്ഥാപിക്കുന്നു. നല്ല ശമ്പളം കൊടുത്തു വേല ചെയ്യാവുന്നവരെയൊക്കെ അതിൽ ഏൎപ്പെടുത്തുന്നു. ഈ പ്രവൃത്തികൊണ്ടു ജനാവലിയേയും രാജ്യത്തേയും പുഷ്ടിപ്പെടുത്താൻ പാടില്ലയൊ?

രഞ്ചിറവ്—ഇത്രമാത്രം ആളുകൾക്കു ജോലിയുണ്ടാക്കത്തക്ക തൊഴിലെന്തായിരിക്കും? വേറെ തൊഴിൽശാലക്കാരുമായി മത്സരിക്കാൻ പാടില്ലല്ലൊ. അപ്പോൾ നൂതനമായ എന്തെങ്കിലും തൊഴിലായിരിക്കണം. ഇങ്ങനെ അല്ലെങ്കിൽ ഒരു കൂട്ടക്കാരെ സഹായിക്കുന്നതിനായി മറ്റൊരു കൂട്ടക്കാരെ പ്രതികൂലിക്കുകയാകുന്നു. അതുകൊണ്ടുണ്ടാകുന്ന ദോഷം അളവറ്റതാണ്.

മനോ—അതു വാസ്തവമാണ്. ഞാനാരോടും മത്സരിക്കുകയില്ല ഞാൻ നിശ്ചയിച്ചിരിക്കുന്ന തൊഴിൽ ഇതാണ്. അമേരിക്കാ നമുക്കു നേരെ താഴെയാണ് സ്ഥിതി ചെയ്യുന്നതു്. അവിടെയുള്ള ആളുകളുമായി ഇടപെടുന്നതിന് ഒരു വിദ്യ കണ്ടുപിടിച്ചാലെന്താണ്? ഇവിടെനിന്നു നേരെ താഴോട്ടു കുഴിക്കുക എന്നു വിചാരിക്കുക. ഭൂമിയുടെ മദ്ധ്യഭാഗത്തേക്കു പോകേണ്ട. വളഞ്ഞ് ഒപ്പനിരപ്പിനെ ഉപേക്ഷിക്കാതെ സൂത്രത്തിൽ ഗുഹകൾ നിൎമ്മിച്ച് അതിൽ കൂടി തീവണ്ടി നടത്തിയാലെന്താണ്.?

രഞ്ചിറവുസിംഗിന്റെ മുഖം മങ്ങി മനോമോഹനൻ ഒരു ഭ്രാന്തനാണെന്നു തന്റെ അച്ഛൻ പറയുന്നതു വാസ്തവമാണെന്ന് അയാൾക്കു ബോദ്ധ്യമായി. ആ സാധുവിന്റെ അനവധി ദ്രവ്യം അയാളെ ഒരു ഭ്രാന്തനാക്കിത്തീൎത്തിരിക്കുന്നുവെന്നു രഞ്ചിറവുസിംഗ് തീൎച്ചപ്പെടുത്തി ഒരു കുഞ്ഞിനെ സന്തോഷിപ്പിക്കുന്നതുപോലെ അയാൾ ആ പ്രമേയം പുഞ്ചിരിയോടുകൂടി അംഗീകരിച്ചു.

രഞ്ചിറവ്—അതു നല്ല ഒരു കാൎയ്യം തന്നെ. പക്ഷേ ഭൂമിയുടെ അന്തൎഭാഗം അസാധാരണമായ ചൂടുള്ളതാണെന്നുള്ള കാൎയ്യം വിസ്മരിക്കുന്നു.

മനോ—നാം വിചാരിക്കുന്നപോലെ ചൂടില്ലെന്ന് ആധുനികപരിശോധനയാൽ വെളിപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ ഉള്ളിൽ പെട്ടെന്നു ചൂടു പിടിക്കുന്ന അനേകം വായുക്കളും ഉരുകിക്കിടക്കുന്ന അനേകം ധാതുവൎഗ്ഗങ്ങളും ഉണ്ടെന്നുള്ളതു വാസ്തവം തന്നെ. ചൂടും സാധാരണയേക്കാൾ കൂടിയിരിക്കും. അവകൾക്കു നിവാരണോപായങ്ങൾ ഇല്ലെന്നില്ല. അത്യധികം ചൂടുള്ളേടത്ത് ഒരു ചെറിയ നദിയേക്കൊണ്ടുവന്നു വിട്ടാൽ മതിയല്ലൊ.

രഞ്ചി—നിങ്ങളുടെ ഉറപ്പു പാസിഫിക്കുമഹാസമുദ്രത്തിന്റെ അടിയിലാണ് ചെന്നവസാനിക്കുന്നതെങ്കിലൊ?

മനോ—അതൊന്നും ആലോചിക്കാതെ ഞാൻ ഈ കാൎയ്യത്തിൽ പ്രവേശിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നൊ? ലോകത്തിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന മഹാന്മാരായ പല ഇഞ്ചിനീയർമാരുടെയും അഭിപ്രായം ഞാൻ ഈ കാൎയ്യത്തിൽ ആവശ്യപ്പെടുകയുണ്ടായി. ഇതാ ആ കാണുന്ന പുസ്തകങ്ങൾ നോക്കുക അവയൊക്കെ ഇതിനെപ്പററി കൂലങ്കഷമായി നിരൂപണം ചെയ്തിട്ടുള്ളവയാണ്. പ്ലാനും എസ്റ്റിമെററും തയാറായിരിക്കുന്നു. ആവശ്യമുള്ള സ്ഥലം എടുക്കുന്നതിനു വേണ്ട ഏൎപ്പാടുകളും ചെയ്തിട്ടുണ്ട്. വിചാരിച്ചിരിക്കാത്ത വല്ല ആപത്തും വന്നുചേരുകയില്ലെങ്കിൽ അടുത്ത കൊല്ലത്തിൽ പണി തുടങ്ങണമെന്നു വിചാരിക്കുന്നു. ഒരു മാൎഗ്ഗമായില്ലെ? വേറെ ഒരു മാൎഗ്ഗം തോടുവെട്ടുകയാണ്.

രഞ്ചി—അതു തീവണ്ടിഏൎപ്പാടുകളുമായി മത്സരിക്കുകയാണല്ലൊ.

മനോ—ഞാൻ പറയുന്നതു നിങ്ങൾക്കു മനസ്സിലാകുന്നില്ല. ഈ ഭൂമിയിൽ അനേകം കരയിടുക്കുകൾ ഉണ്ട്. അവയൊക്കെ കടലുമായി യോജിപ്പിക്കുന്നപക്ഷം കച്ചവടത്തിനുണ്ടാകാവുന്ന അഭിവൃദ്ധി സീമാതീതമാണ്. അവിടെക്കൂടെ പ്രയാണം ചെയ്യുന്ന കപ്പലുകൾക്കു ശരിയായ ചുങ്കം ഏൎപ്പെടുത്തുന്നപക്ഷം അതു ജനാഭിവൃദ്ധിക്കുതകുന്നവയായിരിക്കും..

രഞ്ചി—ആട്ടെ, നിങ്ങൾ എവിടെയാണ് ഈ തോടുവെട്ടാൻ പോകുന്നത്?

മനോമോഹനൻ (ഭൂമിയുടെ ഒരു വലിയ പടമെടുത്ത് അവരുടെ മുൻപിൽ തൂക്കി.)

മനോ—ഈ നീലരേഖയുള്ള സ്ഥലങ്ങളിലാണ് ഞാൻ തോടു വെട്ടാൻ നിശ്ചയിച്ചിരിക്കുന്നത്. ആദ്യമായി ഞാൻ പനാമാതോടു പൂൎത്തിയാക്കും.

ആ കോടീശ്വരന്റെ ഭ്രാന്തു കുറേക്കൂടെ വ്യക്തമാകുന്നുവെന്നു രഞ്ചിറവുസിംഗിനു തോന്നി. എങ്കിലും ആ ഭ്രാന്തിനു കുറെ കണിശവും മൎയ്യാദയും ആലോചനയും ഉണ്ടെന്ന് അയാൾക്കു തോന്നാതിരുന്നില്ല.

മനോ—പിന്നീട്ട് എന്റെ ശ്രദ്ധയെ ആകൎഷിക്കുന്നതു കാറിഞ്ച്യകടലിട്ടക്കാണ്. അതു സാരമില്ല. എങ്കിലും അതുകൊണ്ടു ബാൾട്ടിക്കസമുദ്രവും ജൎമ്മൻകടലും കൂടി യോജിപ്പിക്കാമെന്നു തോന്നുന്നു. വേറെ ഒന്നു ഗംഗയും സിന്ധുവും കൂടി ഒരു തോടു വെട്ടി യോജിപ്പിക്ക എന്നുള്ളതാണ്. ഇതൊക്കെ തീൎത്തു ഭാരതീയൎക്കു പൊതുവെ ഗുണകരമായ വിധത്തിൽ ചില കാൎയ്യങ്ങൾ കൂടി ചെയ്യണമെന്ന് എനിക്കാഗ്രഹമുണ്ടു്. അതൊക്കെ പിന്നീട്ട് ഒരവസരത്തിൽ പറഞ്ഞുകൊള്ളാം. ഇങ്ങനെ പല ഉദ്ദേശങ്ങളും എനിക്കുണ്ടു്. നിങ്ങളെപ്പോലെ സ്വാൎത്ഥതല്പരതയില്ലാത്ത കുറെ ആളുകൾ എന്നെ സഹായിക്കുന്നപക്ഷം ഞാൻ അതൊക്കെ നിറവേററുകയും ചെയ്യും. ഹാ! ഇന്നു സൂൎയ്യൻ എത്ര മനോഹരമായി പ്രകാശിക്കുന്നു. ലോകം വളരെ ഭംഗിയുള്ളതു തന്നെ. ഞാൻ ജനിച്ചപ്പോൾ കണ്ട ലോകത്തിനെക്കാൾ ഭാഗ്യതരമായ ഒരു ലോകത്തെ കണ്ടിട്ടു് എനിക്കു മരിച്ചാൽ കൊള്ളാം. വരൂ, രഞ്ജിററു്! നമുക്കു വെളിയിലിറങ്ങി നടക്കാം. നമ്മുടെ സഹായം ആവശ്യപ്പെട്ടവർ ഇന്ന് ആരെങ്കിലും ഉണ്ടോ?

---

## ഒൻപതാം അദ്ധ്യായം.

### കാററു മാറിവീണു.

ഔദാൎയ്യശീലനായ മനോമോഹനന്റെ ധനം പലൎക്കും നന്മയ്ക്കു കാരണമായിത്തീൎന്നതുപോലെ പലൎക്കും തിന്മയ്ക്കും കാരണമായിത്തീരാതിരുന്നില്ല. ഈ അളവററ ധനത്തെപ്പററി പൎയ്യാലോചിച്ച പലരിലും അതു് അസുഖകരങ്ങളായ പല വികാരങ്ങളും ഉല്പാദിപ്പിച്ചു. വൃദ്ധനായ മോഹനസിംഗ് ഇതിനൊരു് ഉത്തമദൃഷ്ടാന്തമാണ്. നിരുപദ്രവകരമായവിധം പ്രലപിച്ചുകൊണ്ടിരുന്ന അയാൾ ഇപ്പോൾ ഭയങ്കരനായ ഒരു മനുഷ്യനായിത്തീൎന്നിരിക്കുന്നു. എല്ലായ്പോഴും മനോമോഹനന്റെ ധനത്തെപ്പററി മാത്രമെ അയാൾക്കു വിചാരമുണ്ടായിരുന്നുള്ളു. അതിലൊരംശം കൈക്കലാക്കാൻ വിദ്യ എന്താണെന്നുള്ള ആലോചന അയാളെ മൌനിയാക്കിത്തീൎത്തിരുന്നു. ആ മൌനം അശുഭസൂചിയായിരുന്നു എന്ന് അനുമാനിക്കുന്നതിനു രഞ്ജിററിനു വളരെ പ്രയാസമുണ്ടായിരുന്നില്ല. ആഴ്ചതോറും അനേകായിരം രൂപാ ഓരോരുത്തരുടെ ആവശ്യങ്ങൾക്കായി അയാളുടെ വീട്ടിൽ ചെന്നുചേരുന്നുണ്ടായിരുന്നതിൽ ഒരു കാശുപോലും തന്റെ ആവശ്യത്തിനും തന്റെ പ്രതികാരസാദ്ധ്യത്തിനും ഉതകുന്നില്ലല്ലോ എന്നു വിചാരിച്ചു് അയാൾ അയാളുടെ ഹൃദയത്തെ പുണ്ണാക്കിക്കൊണ്ടിരുന്നു. അഷ്ടഗ്രാമത്തിലെ പ്രസിദ്ധമായ കുന്നിന്റെ മുകളിൽ കയറി അയാൾ ദിവസവും മനോമോഹനന്റെ രമ്യഹൎമ്മ്യത്തെ നോക്കിക്കൊണ്ടു നില്ക്കും. ആ സമയത്തു് അയാളുടെ നോട്ടം മണലാരണ്യത്തിൽപെട്ടു ദാഹിച്ചു നട്ടംതിരിയുന്ന ഒരുവൻ ദൂരെ കാണുന്ന ജലാശയത്തിലേക്കു നോക്കുന്നതുപോലെയായിരുന്നു. ഈ ദുരാഗ്രഹത്താൽ പ്രേരിതനായ ആ വൃദ്ധൻ മനോമോഹനനെ സംബന്ധിച്ച സകലകാൎയ്യങ്ങളും ഉററുനോക്കാൻ തുടങ്ങി. തൽഫലമായി രഞ്ജിററിനൊ കമലാഭായിക്കോ അറിയാൻ കഴിയാതിരുന്ന ചില സംഗതികളും അയാൾക്കറിയാൻ ഇടയായി. ഒരു ദിവസം രാവിലെ അയാൾ രഞ്ജിററു് ഒരുമിച്ചു ഗ്രാമത്തിൽ കൂടി നടന്നുപോകുമ്പോൾ "മനോമോഹനന് ഈ അമിതമായ ധനം എങ്ങനെ ഉണ്ടായി എന്നു നിനക്കു് ഇനിയും ഒന്നും അറിയാൻ തരപ്പെട്ടിട്ടില്ല, അല്ലെ?" എന്നു ചോദിച്ചു.

രഞ്ജിററു്—എനിക്കതൊന്നും അറിയാൻ പാടില്ല. അയാൾ അതിനെ ശരിയായി ചെലവഴിക്കുന്നുവെന്നു മാത്രം അറിയാം.

മോഹ—ഓ. മതി. അയാൾ ആളുകളെ അലസന്മാരാക്കിത്തീൎക്കുകയാണ്. അനൎഹന്മാൎക്കാണ് അയാൾ പണം കൊടുക്കുന്നതു്. എനിക്കയാൾ ഒരു കാശുപോലും തന്നില്ലല്ലോ. പിന്നെ അയാൾ ശരിയായി ചെലവഴിക്കുന്നുവെന്നു നീ എങ്ങനെ പറയും.

രഞ്ജിററു്—അച്ഛനോടു് ഇതിനെപ്പററി വാദിക്കണമെന്ന് എനിക്കു താല്പൎയ്യമില്ല. മനോമോഹനന്റെ ഉദ്ദേശം, നിസ്സഹായന്മാരെ സഹായിക്കുക എന്നുള്ളതാണ്. നാം അദ്ദേഹത്തിന്റെ സമന്മാരാണ. നമ്മെ അവമാനിക്കുന്നതിന് അദ്ദേഹം ഒരുമ്പെടാത്തതു് ഒരു ചിത്രകാൎയ്യമായി എനിക്കു പറയാൻ പാടില്ല.

മോഹ—നിനക്കെന്തറിയാം? ഞാൻ അയാളോടു യാചിക്കുകയല്ല ചെയ്തതു്. എനി

ക്കു കടം തരണമെന്നേ ഞാൻ ആവശ്യപ്പെട്ടൊള്ളു.

തന്റെ അഛൻ ധാരാളം കുടിച്ചിരുന്നതായി രഞ്ചിററിനു ബോദ്ധ്യപ്പെട്ടു. അയാളുടെ നിലയും ഭാവവും എല്ലാം അതിനെ സൂചിപ്പിച്ചിരുന്നു. ഈയിടെ കുറേനാളായി ആ വൃദ്ധനു ചാരായക്കുപ്പിയായിരുന്നു ഒരാശ്രയം.

മോഹ—നീ എന്താണ് ഊമയെപ്പോലെ നിൽക്കുന്നതു്? എന്റെ സമാധാനത്തിനു മറുപടി പറയൂ, കേൾക്കട്ടെ.

രഞ്ചിററു—അയാൾക്കു പണമുണ്ടെങ്കിൽ അതിനെ ചെലവഴിക്കുന്നതിനു് അയാൾക്കു് അധികാരവുമുണ്ടു്. അയാളുടെ പ്രവൃത്തികളെപ്പററി ആക്ഷേപിക്കുന്നതിനു നമുക്കെന്തു് അധികാരമാണുള്ളതു്?

മോഹ—അയാൾക്കു പണം എവിടെനിന്നുണ്ടായി? അതൊന്നും നിനക്കറിയാൻ പാടില്ല. ഇങ്ങനെ പണം വാരി എറിയുന്നതിൽ നീ അവനെ സഹായിക്കുമ്പോൾ നീ ഒരു വലിയ കൊള്ളക്കാരനെ സഹായിക്കുകയാണെന്നു് അറിയുന്നില്ല. ന്യായമാർഗ്ഗേണ ഇത്രയും ധനം ആരെങ്കിലും സമ്പാദിച്ചിട്ടുണ്ടോ? അതു് അസംഭാവ്യമാണെന്നു ഞാൻ നിന്നോടു പറയുന്നു. സ്വർണ്ണം അയാൾക്കു കരിക്കട്ടപോലെയാണ്.

രഞ്ചിററു്—അദ്ദേഹത്തിനു വളരെ പണമുണ്ടെന്നെനിക്കറിയാം. അതിനെ വിനിയോഗിക്കേണ്ടുന്ന ക്രമത്തെപ്പററി പറയുമ്പോൾ അയാൾ ഒരു ഭ്രാന്തനാണോ എന്നു തന്നെ ഞാൻ സംശയിച്ചിട്ടുമുണ്ടു്.

മോഹ—അയാൾക്കു പണമുണ്ടെന്നുള്ളതിനു സംശയമില്ല. പണം എവിടെയുണ്ടോ അവിടം കണ്ടുപിടിക്കാൻ എനിക്കറിയാം. നീ ആഴ്ചതോറും ബോംബയിൽനിന്നു് ഇവിടെ വരുന്ന വണ്ടികൾ സൂക്ഷിക്കുന്നുണ്ടോ?

രഞ്ചിററു്—അങ്ങനെ കണിശമായി വണ്ടികൾ വരുന്നുണ്ടോ?

മോഹ—അതൊക്കെയുണ്ടു്. എനിക്കു നിന്നോടു പല കാര്യങ്ങൾ പറയാനുണ്ടു്. ആ വണ്ടി ഇന്നു കാലത്തെ ഇവിടെ എത്തും. എല്ലാ ശനിയാഴ്ച കാലത്തുമാണ് ആ വണ്ടി വരുന്നതു്. ഇതാ നോക്കു—ആ വണ്ടിയാണു ആ വളവിൽ കൂടി വരുന്നതു്, നോക്കൂ.

ആ സമയം രണ്ടു വലിയ കാളകളെ പൂട്ടിയിട്ടുള്ള ഒരു വലിയ ചക്കടാവണ്ടി ആ വഴിയെ വന്നു പുതിയ മന്ദിരത്തിലേക്കു പോകുന്നതു രഞ്ചിററു കണ്ടു.

ആ കാളകളുടെ ബുദ്ധിമുട്ടും വണ്ടിയുടെ സാവധാനഗതിയും അതിലുള്ള ഭാരം വലിയതാണെന്നു് ആരെയും മനസ്സിലാക്കത്തക്കവയായിരുന്നു. അതിനുള്ളിൽ പല ചെറിയ പെട്ടികൾ അടുക്കി അടുക്കി ഒന്നിനു മീതെ ഒന്നായി വെച്ചിരുന്നു.

മോഹ—ആ പെട്ടികളിൽ എന്താണെന്നു നിനക്കറിയാമോ?

രഞ്ചിററു്—ഞാൻ എങ്ങനെ അറിയുന്നു?

മോഹ—തലച്ചോറുണ്ടെങ്കിലേ അതൊക്കെ അറികയുള്ളൂ. എന്നാൽ കേട്ടോ. ഞാൻ കുറച്ചുനാളായി ഇതിന്റെ രഹസ്യം കണ്ടുപിടിക്കുന്നതിനു തന്നെ ശ്രമിച്ചുവരികയായിരുന്നു. അങ്ങനെയിരിക്കെ കഴിഞ്ഞ ശനിയാഴ്ച നിശ്ചിതസമയത്തു് ആ വണ്ടി ഈ വഴിയെ വന്നു. തലേദിവസം രാത്രിയിലുണ്ടായ വലിയ കാററത്തു് അഘോരനാഥന്റെ വലിയ താന്നിമരം ഒടിഞ്ഞുവീണു വഴിയിൽ കിടന്നതു നീ ഓർക്കുന്നുണ്ടല്ലോ. ആ തടി വെട്ടിമാററുന്നതിനു രണ്ടു നാഴിക വേണ്ടിവന്നു. അതുവരെക്കും വണ്ടിക്കു മുമ്പോട്ടു പോകാൻ നിവൃത്തിയില്ലാതെ കിടപ്പായി. ആ സമയം ഞാനും അവിടെ ഉണ്ടായിരുന്നു. ഞാൻ ആരും കാണാതെ അതിന്റെ അടുത്തു ചെന്നു് അതിലെ പെട്ടി ഒന്നു പൊക്കിനോക്കി. ശിവ ശിവ! അതിന്റെ ഘനം. രഞ്ചിററു്! അതിന്റെ അകത്തു മുഴുവനും സ്വർണ്ണക്കഷണങ്ങളായിരുന്നു.

രഞ്ചി—എന്തു്? സ്വർണ്ണക്കഷണങ്ങളാണോ?

മോഹ—അതേ, സ്വർണ്ണക്കഷണങ്ങൾ തന്നെ. നീ എന്റെ കൂടെ ആ പുതിയ വീട്ടിലേക്കു വരാമെങ്കിൽ ആ സ്വർണ്ണക്കഷണങ്ങൾ എന്തിനുപയോഗിക്കുന്നു എന്നു കാണിച്ചുതരാം.

അവർ രണ്ടുപേരും കൂടി പ്രധാനപടിവാതൽ കടന്നു പുതിയ ഭവനം ഇരിക്കുന്ന വിസ്തൃതമായ പുരയിടത്തിൽ ചെന്നുചേർന്നു. സ്വല്പം മാറിനിന്നിരുന്ന പ്രയോഗശാലയുടെ മുമ്പിലായി ആ വണ്ടി ചെന്നു നിലയായി. ഉടനെ തന്നെ ഒരുകൂട്ടം വേലക്കാർ അവിടെ വന്നു്, ആ ചെറിയ പെട്ടികൾ ഓരോന്നായി എടുത്തു മാററിത്തുടങ്ങി. ആ പ്രയോഗശാലയിൽ ഗൃഹാധിനാഥനെ ഒഴിച്ചു മററാരും പ്രവേശിക്കുന്നതു രഞ്ചിററു കണ്ടിരുന്നില്ല. ഇപ്പോഴാകട്ടെ അദ്ദേഹം അവിടെ കാണപ്പെട്ടില്ല. ഒററ മണിക്കൂറുകൊണ്ടു വണ്ടിയിലെ ഭാരം ഇറക്കുകയും അവിടെനിന്നു വണ്ടി വേഗത്തിൽ വെളിയിലേക്കു് ഓടിച്ചുപോകയും ചെയ്തു.

രഞ്ജിററു് — എനിക്കു് ഇതിൻെറ രഹസ്യം മനസ്സിലാകുന്നില്ല. വണ്ടിയിൽ നിന്നിറക്കിയതു മുഴുവൻ സ്വൎണ്ണക്കട്ടകളാണെന്നു വാദത്തിനുവേണ്ടി സമ്മതിക്കാം. എന്നാൽ ഇത്രമാത്രം മനോമോഹനനു് ആരയച്ചുകൊടുക്കുന്നു?

മോഹനസിംഗ് — അതേ, നിനക്കീ കാൎയ്യമൊന്നും മനസ്സിലാകുന്നില്ല. വരൂ. ഞാൻ പറയാം. എനിക്കിതിൻെറ രഹസ്യം പുസ്തകത്തിൽനിന്നെന്നപോലെ അറിയാവുന്നതാണ്. ഇയാളുടെ ഒരു സ്നേഹിതനു സ്വൎണ്ണഖനികൾ ഉണ്ടെന്നു വിചാരിക്കുക. അവിടെനിന്നു സ്വൎണ്ണം പെട്ടിയിലാക്കി ശുദ്ധിപ്പെടുത്താൻ ഇങ്ങോട്ടു് അയക്കുന്നു. ഇവിടെനിന്നു് അതു ശരിയാക്കി വിൽപ്പനക്കായി ബോമ്പയിലേക്കും കൽക്കട്ടായിലേക്കും അയക്കുന്നു. ഇതാണ് ഇയാളുടെ തൊഴിൽ. മനസ്സിലായോ? പക്ഷെ എനിക്കതിലും സംശയമില്ലെന്നില്ല. പെട്ടി സ്വൎണ്ണപ്പെട്ടികളായിട്ടാണൊ തിരിച്ചുപോകുന്നതെന്നു് എനിക്കു നല്ല നിശ്ചയമില്ല. പവനായിരിക്കാനാണ് അധികം എളുപ്പം.

രഞ്ജിററു് — മതി മതി; അഛാ! തെളിവു കിട്ടുന്നതുവരെ ആരെയും കുററപ്പെടുത്തുന്നതു നല്ലതല്ല.

ഇങ്ങനെ പിതാവും പുത്രനും ഓരോന്നു സംസാരിച്ചുകൊണ്ടു മനോമോഹനൻെറ രഹസ്യം കണ്ടുപിടിക്കുന്നതിനു് ഉദ്യമിക്കുമ്പോൾ അദ്ദേഹമാവട്ടെ, കമലാഭായിയുമായി സരസസല്ലാപത്തിൽ ലീനനായി സമയം പോക്കുകയായിരുന്നു.

മനോ — കമലം! എനിക്കു നിന്നോടു രഹസ്യമായി ഒരു കാൎയ്യം പറയാനുണ്ടു്.

കമലം അവളുടെ മുഖം മനോമോഹനനിൽനിന്നു തിരിച്ചു പൂന്തോട്ടത്തിൽ എന്തോ വിശേഷസംഭവം നടക്കുന്നതുപോലെ അവൾ അങ്ങോട്ടു തന്നെ നോക്കിക്കൊണ്ടിരുന്നു. അവളുടെ മുഖം അളവററു ശോഭിച്ചിരുന്നു. അവളുടെ ശ്വാസോഛ്വാസം ശീഘ്രഗതിയിലും ആയിരുന്നു.

മനോ — നാം തമ്മിൽ ആദ്യമായി കണ്ട ആ അവസരം ഭവതി ഓൎക്കുന്നുണ്ടോ?

കമലം — ഇന്നലത്തേപ്പോലെ.

മനോ — എന്നാൽ നാം പിരിഞ്ഞപ്പോൾ ഞാൻ പറഞ്ഞ വാക്കുകളും ഭവതി ഓൎക്കുന്നുണ്ടായിരിക്കും. അന്നു് അതു സ്വല്പം കടുത്തുപോയി എന്നു് ഇനിക്കു തന്നെ തോന്നി. എന്നാൽ അനേകം നാളായി ഏകാന്തതയിൽ കഴിച്ചുകൂട്ടിയ ഒരാൾ അയാളുടെ മനസ്സിനിണങ്ങിയ ഒരു യുവതിയെ കണ്ട മാത്രയിൽ അറിയാതെ ചില വാക്കുകൾ അയാളുടെ മുഖത്തുനിന്നു പുറപ്പെട്ടു പുറത്തു വന്നുപോയതിൽ അയാൾ ശിക്ഷാൎഹനാണോ? ഭവതിയുടെ ശബ്ദവും മുഖവും ഉടുപ്പും നടപ്പും എല്ലാം ഒരുത്തമയുവതിയുടേതാണെന്നു് എനിക്കു തോന്നി. ഒരു സ്ത്രീ എൻെറ ഭാൎയ്യയായിരിക്കണമെങ്കിൽ അവൾക്കു് ഇതരവനിതകളേയപേക്ഷിച്ചു ചില വിശേഷഗുണങ്ങളുണ്ടായിരിക്കണമെന്നു് ഇനിക്കു നിൎബന്ധമുണ്ടായിരുന്നു. അതിലേക്കു ഞാൻ എൻെറ ജീവിതത്തിൻെറ പ്രധാനഭാഗം ചെലവഴിക്കയും ചെയ്തിട്ടുണ്ടു്. ഒരു സ്ത്രീ സത്യവതിയും ഉദാരശീലയും വിസ്തൃതമാനസയും ആയിരിക്കേണ്ടതു് അത്യാവശ്യമാണ്. അതുപോലെ തന്നെ അവളുടെ ഹൃദയം അനുകമ്പാപൂൎണ്ണവും പരമപാവനവും ആയിരിക്കേണ്ടതാണ്. നിസ്സാരനായ ഒരുവൻ ഭൎത്താവായി ഭവിച്ചാൽ തന്നെയും അയാൾ അവസാനത്തിൽ ക്ലേശിക്കേണ്ടതായി വരാത്ത വിധത്തിൽ അവൾ കുലധൎമ്മപത്നിയും കുടുംബത്തിനു ശ്രീയും ആയിരിക്കേണ്ടതാണ്. എൻെറ ഭാൎയ്യയാകാൻ പോകുന്ന സ്ത്രീക്കു് ഈ ഗുണങ്ങളെല്ലാം ഉണ്ടായിരിക്കണം. എന്നാൽ, കഷ്ടം! ലോകത്തിൽ സ്ത്രീകൾ കനകത്തെയാണ് പരിശുദ്ധമായ ഒരു ഹൃദയത്തിനേക്കാൾ അധികം വിലമതിക്കുന്നതു്. ഞാൻ വളരെക്കാലം ശ്രദ്ധയോടു കൂടി അന്വേഷണങ്ങൾ നടത്തിയിട്ടും എൻെറ ആദൎശത്തിനനുസരണമായ ഒരുവളെ കണ്ടെത്തുന്നതിനു സാധിച്ചില്ല. ഒടുവിൽ ജീവിതം നിഷ്ഫലം എന്നു മിക്കവാറും തീൎച്ചപ്പെടുത്തിയ അവസരത്തിലാണ് ഞാൻ ഭവതിയെ കണ്ടെത്തിയതു്. ഭവതിയുടെ മുഖവും ശബ്ദവും എൻെറ മനസ്സിൽ പതിഞ്ഞ ആ മാത്രയിൽ ഭവതി ഒരു സാധാരണസ്ത്രീ അല്ലെന്നും എന്നെ ഭാഗ്യവാനാക്കിത്തീൎക്കുന്നതിനു് ഒരുവേള ലോകത്തിലേക്കയച്ച ഒരു ദിവ്യകന്യകയാണെന്നും എനിക്കു പെട്ടെന്നു തോന്നിപ്പോയി. ആ തോന്നലിൻെറ പ്രതിഛായയായിരുന്നു ഭവതിയോടപ്പോൾ വിചാരിക്കാതെ പറഞ്ഞുപോയ വാക്കുകൾ.

കമലം — അവിടുത്തേക്കു് എന്നെപ്പററിയുള്ള നല്ല അഭിപ്രായം എനിക്കു് എത്രമാത്രം പ്രിയപ്പെട്ടതാണെന്നു ഞാൻ എങ്ങനെയാണ് അറിയിക്കേണ്ടതു്?

മനോ — എനിക്കു നിങ്ങളെപ്പററി പെട്ടെന്നു തോന്നിയ അഭിപ്രായങ്ങളെല്ലാം വാസ്തവമാണെന്നു പിന്നീടു നാം തമ്മിൽ നല്ലവണ്ണം പരിചയപ്പെട്ടപ്പോൾ എ

നിക്കു ബോദ്ധ്യമായി. കമലം! എന്നെപ്പററി ഒരഭിപ്രായം തോന്നത്തക്ക പരിചയം നാം തമ്മിൽ ഇപ്പോൾ ഉണ്ടായിരിക്കുന്നു. എൻെറ ഭാൎയ്യയായി ഭവിച്ചാൽ ഭവതിക്കു സുഖമായി കാലം കഴിക്കാൻ സാധിക്കുമോ എന്ന് ഒന്നു പറഞ്ഞാൽ കൊള്ളാം.

കമലം ഉത്തരം ഒന്നും പറഞ്ഞില്ല. അവൾ തോട്ടത്തിലേക്കു തന്നെ നോക്കിക്കൊണ്ടിരുന്നു.

മനോ—ഭവതി ഇക്കാൎയ്യത്തെപ്പററി തീൎച്ചപ്പെടുത്തുന്നതിനു മുമ്പു സ്വല്പം കൂടി ആലോചിക്കുന്നതു നന്നായിരിക്കും. എങ്കിലും എന്നെപ്പററി അധികം ഇനിയും അറിയാനുണ്ടെന്നു തോന്നുന്നില്ല. ഇനിക്ക് അഛനാകട്ടെ, അമ്മയാകട്ടെ, ഒരു ബന്ധുവാകട്ടെ ലോകത്തിൽ ഇല്ല. എൻെറ അഛൻ ഒരു നല്ല കുടുംബക്കാരനായിരുന്നു. അദ്ദേഹം ഒരു വക്കീലായിരുന്നു. എന്നെയും ഒരു വക്കീലാക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ മോഹം. എന്നാൽ ഞാൻ പരീക്ഷയിൽ ജയിക്കുന്നതിനു മുമ്പു തന്നെ അദ്ദേഹം മരിച്ചുപോയി. എൻെറ സംരക്ഷണാൎത്ഥം ഒരു ചെറിയ തുക അദ്ദേഹം ബാങ്കിലിട്ടിട്ടുണ്ടായിരുന്നു. അഛൻ മരിച്ചതിനോടു കൂടി വക്കീൽപ്പണിയിൽ പ്രവേശിക്കുന്നതിന് ഇനിക്കു താല്പൎയ്യം ഇല്ലാതെയായി. യദൃഛയാ ഞാൻ ഒരു രസതന്ത്രശാസ്ത്രജ്ഞനുമായി കൂട്ടിമുട്ടുകയും അദ്ദേഹത്തിൽനിന്നു രസതന്ത്രത്തിൻെറയും, പ്രകൃതിശാസ്ത്രത്തിൻെറയും നിഗൂഢങ്ങളായ രഹസ്യങ്ങളുടെ ശക്തിയെപ്പററി കേൾക്കുന്നതിനു സംഗതിയാകയും ചെയ്തു. അന്നു മുതൽക്കു രസതന്ത്രശാസ്ത്രത്തിൽ എനിക്കു താല്പൎയ്യം ജനിക്കുകയും എൻെറ അഛൻ ബാങ്കിലിട്ടിരുന്ന പണം വാങ്ങി സ്വന്തമായി ഒരു പ്രയോഗശാല ഏൎപ്പെടുത്തുകയും ചെയ്തു. ഈ ശാലയിൽ പല പരിശോധനയും നടത്തിവന്ന അവസരത്തിൽ എനിക്കൊരു വഴിയിൽ അനവധി ധനം ലഭിച്ചു. ആ ധനം ശരിയായ വിധത്തിൽ വിനിയോഗിക്കേണ്ടതു് ഇന്ന വിധത്തിൽ എന്നു പൎയ്യാലോചിച്ചതിൽ നാട്ടുംപുറത്ത് ഒരു വീടു പണിയിച്ചു ചുററുപാടുമുള്ള ആളുകളുമായി സംസൎഗ്ഗം ചെയ്താൽ എന്നെക്കൊണ്ടു പൊതുജനങ്ങൾക്ക് ഉപകാരമുണ്ടാകുമെന്നെനിക്കു തോന്നി. ഉടനെ തന്നെ ഈ ഗ്രാമത്തിൽ കുറെ സ്ഥലം വിലയ്ക്കു വാങ്ങുകയും ഒരു വീടു പണിയിക്കുകയും ചെയ്തു. ശേഷം കാൎയ്യങ്ങൾ എല്ലാം ഭവതിക്കറിയാവുന്നതാണല്ലോ. എനി എനിക്കു ചെയ്യാനുള്ളതു് എൻെറ ഉദ്ദേശങ്ങൾ എല്ലാം നിൎവ്വിഘ്നം അനുഷ്ഠിക്കപ്പെടുകയാണ്. കമലം! ഭവതി ഈ കാൎയ്യത്തിൽ എന്നോടു സഹകരിക്കയോ എന്നെ സഹായിക്കുകയോ ചെയ്യുമോ?

കമലം സാവധാനത്തിൽ മനോമോഹനൻെറ മുഖത്തേക്കു നോക്കി. വിളറി ഒതുങ്ങിയിരുന്ന ആ മുഖത്തിൽ ബുദ്ധികൂൎമ്മതയും സത്യസന്ധതയും വിശാലമനസ്കതയും കളിയാടുന്നുണ്ടെന്ന് അവൾക്കു തോന്നി. അപ്പോൾത്തന്നെ ബലിഷ്ഠനും, സുമുഖനും, നിഷ്കല്മഷനും ആയ പ്രതാപസിംഗിൻെറ രൂപവും അവളുടെ മനോദൎപ്പണത്തിൽ പ്രതിബിംബിച്ചു. അവളുടെ വിജയം പരിപൂൎത്തിയായിരുന്ന ആ അവസരത്തിൽ അവളുടെ കഷ്ടകാലദശയിൽ, പ്രതാപസിംഗ് എത്രമാത്രം ഔദാൎയ്യത്തോടു കൂടി പെരുമാറിയിരുന്നുവെന്നും, മററുള്ളവരൊക്കെ അവരെ ഉപേക്ഷിച്ച അവസരത്തിൽ, ഏകനായി അയാൾ അവരെ എങ്ങനെ സഹായിച്ചിരുന്നുവെന്നും ഉള്ള പരമാൎത്ഥങ്ങളും അവൾ ഓൎക്കാതിരുന്നില്ല. അവർ തമ്മിൽ പിരിഞ്ഞപ്പോൾ പറഞ്ഞിരുന്ന വാക്കുകളും അവൾ ഓൎത്തു. ഇതിനൊക്കെയും ഒരഞ്ചു മിനിട്ടിലധികം സമയം വേണ്ടിവന്നില്ല. ഒടുവിൽ—

കമല—തീൎച്ചയായിട്ടും, അവിടുത്തെ സദുദ്ദേശങ്ങളെ ഞാൻ ബഹുമാനിക്കുന്നു. എന്നാൽ ഇങ്ങനെ ഈ കാൎയ്യത്തെപ്പററി ഞാൻ ഇതുവരെയും വിചാരിച്ചിട്ടില്ല. അതുകൊണ്ടു് ഉടനെ മറുപടി പറയാൻ എനിക്കു വളരെ വൈമനസ്യമുണ്ടു്. അതുകൊണ്ടു സ്വല്പം ക്ഷമിക്കണം.

മനോ—എനിക്കു ശേഷം ധൃതിയില്ല. ഭവതി നല്ലവണ്ണം ആലോചിച്ചതിൻെറ ശേഷം മറുപടി പറഞ്ഞാൽ മതി. എന്നെപ്പററി വല്ല വിവരങ്ങളും ഇനിയും അറിയാനുണ്ടോ?

കമലം—അവിടുത്തെ ഞാൻ അറിയുന്നതുപോലെ വേറെ ആരെങ്കിലും അറിയുന്നുണ്ടെന്നു തോന്നുന്നില്ല.

മനോ—എന്നാൽ മറുപടിക്കായി ഞാൻ എപ്പോഴാണ് വരേണ്ടതു്? ഇന്നു രാത്രിയിൽ?

കമലം—അങ്ങനെയാകട്ടെ.

മനോ—എന്നാൽ തൽക്കാലത്തേക്കു ഞാൻ പിരിയട്ടെ. ഞാൻ ആശയിൽ ജീവിച്ചുകൊള്ളാം.

അദ്ദേഹം അവളുടെ കൈ ചുംബനം ചെയ്തതിൻെറ ശേഷം വേപഥുഗാത്രനാ

യി തിരിഞ്ഞുനോക്കാതെ വെളിയിലേക്കു പോയി.

എന്നാൽ കമലാഭായിയുടെ അപ്പോഴത്തെ വിചാരങ്ങൾ എന്തെല്ലാമായിരുന്നു?

പ്രതാപസിംഗിന്റെ മുഖം അവളുടെ ഹൃദയത്തിൽനിന്നു കുറേശ്ശ കുറേശ്ശയായി മറയുന്നതിനു തുടങ്ങി. അതോടുകൂടി തന്നെ അവളുടെ മുമ്പിൽ സ്ഥിതിചെയ്യുന്ന രമ്യഹർമ്മ്യത്തിന്റെ നാനാവിധങ്ങളായ രാമണീയകത്വവും, പ്രൌഢിയും, വലിപ്പവും, വിവിധവിഭവങ്ങളും അവളുടെ ഉള്ളിൽ തിക്കിത്തിരക്കി പ്രവേശിച്ചു സ്ഥലം പിടിച്ചു. അനവധി ധനത്തിന്റെ ഉടമസ്ഥയായി, ഗംഭീരമായ പദവിയെ പ്രാപിച്ചു "മന്ദ്രഝംപാനാനുകൂലനനിർഘോഷമാം സ്യന്ദനത്തിൽ" കയറി സ്വച്ഛന്ദം സവാരിചെയ്തു കാണികളുടെ വിഭ്രമത്തിനും, വിസ്മയത്തിനും, പാത്രീഭവിച്ചു സകലരുടേയും, ശിരഃകമ്പനങ്ങൾ സ്വീകരിച്ചു പ്രൌഢിയേറിയതും, പ്രതാപസമ്പൂർണ്ണവും ആയ ജീവിതം എവിടെ? സാധുവായ ഒരു സർക്കാരുദ്യോഗസ്ഥന്റെ ഭാര്യയായി, ജീവിതരസികത്വങ്ങളിൽ പങ്കുകൊള്ളാതെ വനകുസുമംപോലെ ജീവിക്കുന്ന അവസ്ഥാഭേദം എവിടെ? ഈ രണ്ടു പ്രമേയങ്ങളും അവളുടെ മനസ്സിനെ സ്വല്പനേരത്തേക്കു് അസ്വാസ്ഥ്യപ്പെടുത്തിയ ശേഷം പ്രഭാവമേറിയ കനകശക്തിക്കു് അവൾ സ്വയം കീഴടങ്ങി.

ഉടനെ തന്നെ പ്രതാപസിംഗിനു് അവൾ ഇപ്രകാരം ഒരു കത്തെഴുതി—

"പ്രിയപ്പെട്ട പ്രതാപ! നാം തമ്മിലുള്ള ബന്ധത്തെ ദൃഢീകരിക്കുന്നതിനു് എന്റെ ഇപ്പോഴത്തെ അവസ്ഥ വിചാരിച്ചു. നിങ്ങളുടെ പിതാവിനു വളരെ വൈമനസ്യമുള്ളതായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അങ്ങനെയിരിക്കെ, ഗുരുജനങ്ങളുടെ ഇഷ്ടത്തു വിപരീതമായി പ്രവർത്തിക്കുന്നതിനു ഞാൻ നിങ്ങളെ ഒരിക്കലും, നിർബന്ധിക്കയില്ല. നിങ്ങൾ ഞങ്ങളുടെ ആപൽകാലത്തു ഞങ്ങൾക്കു ഒരുററബന്ധുവായിരുന്നു എന്നുള്ള കാര്യവും ഞാൻ വിസ്മരിക്കുന്നില്ല. എന്നെ കാണാതിരുന്നെങ്കിൽ നിങ്ങൾ ഇപ്പോഴത്തെക്കാൾ ഭാഗ്യവാനായിരിക്കുമായിരുന്നു. എനിക്കു നിങ്ങളെ എന്നോടുകൂടി ബന്ധിക്കണമെന്നു താല്പര്യവും ഇല്ല. നമ്മുടെ ചെറുപ്പത്തിൽ നാം പരസ്പരം വല്ല വാഗ്ദത്തവും ചെയ്തുപോയിട്ടുണ്ടെങ്കിൽ അതു കാര്യാകാര്യവിവേചനാശക്തിയുടെ അഭാവംകൊണ്ടുണ്ടായതാണെന്നു മാത്രം നിങ്ങൾ വിചാരിച്ചാൽ മതി. ഇതു കുറെ കടുപ്പമായിപ്പോയി എന്നു പക്ഷെ നിങ്ങൾക്കിപ്പോൾ തോന്നിയേക്കാം. എന്നാൽ വലിയ വലിയ ഉദ്യോഗം ഭരിച്ചു കേമനായിരിക്കുന്ന കാലത്തു ഞാനിപ്പോൾ ചെയ്തിട്ടുള്ള ഈ ഉപകാരം നിങ്ങൾ നന്ദിയോടുകൂടി സ്മരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഞാൻ വിവാഹം ചെയ്താലും, ഇല്ലെങ്കിലും, ലോകാഭ്യുദയത്തിനുവേണ്ടി ജീവിതശിഷ്ടം ചെലവഴിക്കുന്നതിനു തീർച്ചപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ അച്ഛനും സുഖം തന്നെ. വേറെ വിശേഷമൊന്നും ഇല്ല".

എന്നു നിങ്ങളുടെ സ്നേഹിതയായ
കമലാഭായി.

ഈ എഴുത്തു് എഴുതി കൂട്ടിലാക്കിയ ഉടനെ അവളുടെ അച്ഛനും, സഹോദരനും, അവിടെ വന്നുചേർന്നു. അവളുടെ മുഖഭാവം കണ്ടു് അവർ രണ്ടുപേരും, ആശ്ചര്യപ്പെട്ടു. ഒടുവിൽ കമലാഭായി അവരോടു് ഇപ്രകാരം പറഞ്ഞു.

"എന്റെ അച്ഛാ! എന്റെ സഹോദരാ! ഞാൻ മിസ്റ്റർ മനോമോഹനനെ എന്റെ ഭർത്താവായി സ്വീകരിച്ചിരിക്കുന്നു.

മോഹനസിംഗ്—നീ തന്നെ നല്ല പെണ്ണു്. ആ അഴകുപ്രതാപനെ കല്യാണം കഴിക്കുമെന്നു ഞാൻ ഭയപ്പെട്ടുകൊണ്ടിരിക്കയായിരുന്നു.

രഞ്ജിദ്രു—കമലം! പ്രതാപസിംഹനെ നീ ഉപേക്ഷിച്ചുവോ—എന്നു മനോവേദനയോടുകൂടി ചോദിച്ചു.

കമലം—ആ വിവരത്തിനു് എഴുതിയ എഴുത്താണിതു്. ഇന്നു തന്നെ തപാലിലിടണം—എന്നു കൂസൽ കൂടാതെ പ്രതിവചിച്ചു.

## പത്താം അദ്ധ്യായം

### ഭീമരഹസ്യം.

കമലാഭായി മനോമോഹനനെ വിവാഹം ചെയ്യുന്നതിനു തീൎച്ചപ്പെടുത്തി. വൃദ്ധനായ മോഹനസിംഗിന്റെ സന്തോഷം പറഞ്ഞറിയിക്കാൻ പ്രയാസം. പണവും അയാളുമായി ഒരടി കൂടി അടുത്തുയെന്നു് അയാൾക്കു തോന്നി.

രഞ്ജിററിലും ഏറെക്കുറെ വ്യത്യാസം സംഭവിച്ചിരുന്നില്ലെന്നില്ല. അയാൾക്കു് അയാളുടെ ജോലിയിൽ തൃപ്തിയില്ലാത്തവനെപ്പോലെ കാണപ്പെട്ടു. "അഭിനവതരുണി"ക്കു ശേഷം പകുതി പൂൎത്തിയാക്കി വെച്ചിരുന്ന "ലോകരഹസ്യം" അതുപോലെ തന്നെ ഇരിക്കുന്നു. അയാൾ ഇപ്പോൾ ഗ്രഹിക്കാൻ ശ്രമിക്കുന്നതു കനകരഹസ്യമായിരുന്നു. കമലാഭായിയുടെ അനുമതി ലഭിച്ച ദിവസം തന്നെ അതിന്റെ ഓൎമ്മക്കായി മനോമോഹനൻ അവൾക്കു വൈരം പതിച്ച ഒരു മോതിരം സമ്മാനിച്ചു. അതിനു ശേഷം സായംകാലം മിക്കവാറും ദിവസങ്ങളിൽ മനോമോഹനൻ കമലയുമായിട്ടു തന്നെ കഴിച്ചുകൂട്ടി. ആ സമയങ്ങളിൽ അവർ ഭാവിയിൽ ചെയ്യേണ്ട ഓരോ വലിയ കാൎയ്യങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരുന്നു.

എന്റെ മകൾ പുണ്യവതിയായിരിക്കട്ടെ. അവളുടെ സംഭാഷണം കേട്ടാൽ അവൾ കോടീശ്വരന്റെ പുത്രിയായിട്ടാണു് ജനിച്ചതെന്നു തോന്നിപ്പോകും. അവളുടെ വിവാഹം നടന്നു കഴിഞ്ഞാൽ സാധുവായ മനോമോഹനന്റെ പണം തുമ്പില്ലാതെ ചെലവായി പോകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

രഞ്ജിററു—ഭീമരഹസ്യം കമലയിൽ എന്തു വ്യത്യാസമാണു് വന്നുഭവിച്ചിരിക്കുന്നതു്. ഇപ്പോൾ അവൾ ഒന്നു കൂടി ഗംഭീരയായിരിക്കുന്നു. ഇല്ലയോ? അഛ്ശാ!

മോഹ—നീ മിണ്ടാതിരിക്കു. അവളൊരു നല്ല പെണ്ണാണു്. അവൾ ചെയ്യുന്നതെന്തെന്നു് അവൾക്കറിയാൻ ശക്തിയുണ്ടു്. അവൾ തീൎച്ചയായിട്ടും അവളുടെ അഛ്ശനെ പട്ടിണിക്കിടുകയില്ല. ഹാ! എന്തു രസം. സ്വൎണ്ണവും കരിക്കട്ടയും സമാനമായി കരുതുന്ന ഒരു കോടീശ്വരനെ അവൾ വിവാഹം ചെയ്യാൻ പോകുന്നു. ഉള്ള പണമെല്ലാം കയ്യിലെടുത്തു ഗുണം പിടിക്കാത്തവരെ രക്ഷിക്കാനായി ഇതാ എന്റെ മകൻ കോപ്പുകൂട്ടിയിരിക്കുന്നു. എന്നാൽ അവരുടെ പിതാവൊ വയറുവേദനക്കു മരുന്നായി ഉപയോഗിക്കാൻ ഒരു കുപ്പി ബ്രാൻറിപോലുമില്ലാതെ വലയുന്നു. നേരംപോക്കു തന്നെ.

രഞ്ജിററു്—അഛ്ശന്റെ ആവശ്യങ്ങൾ ഞാൻ വിസംവദിക്കാറുണ്ടോ?

മോഹ—അതേ അതേ. ഞാൻ നിങ്ങളോടു പിച്ചതെണ്ടണമല്ലെ? രഞ്ജിററു്! നീ ഒരു കാൎയ്യം മനസ്സിലാക്കിക്കൊ. ഞാൻ എന്റെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും ഉപയോഗിക്കാൻ പോകുന്നു. ഈ മനോമോഹനനാരാണെന്നും അയാളുടെ ഈ ധനമെല്ലാം എവിടെനിന്നു വന്നു എന്നും എന്നെ അറിയിക്കാതെ ഇരിക്കുന്നെടത്തോളം കാലം ഞാൻ ഈ വിവാഹം സമ്മതിക്കുകയില്ല. നാം പാവപ്പെട്ടവരാണെങ്കിലും സത്യവാന്മാരാണു്. ഞാനിതാ ആ പുതിയ വീട്ടിലേക്കു പോകുന്നു. അയാളോടു് ഒന്നും ചോദിക്കാതെ ഞാനടങ്ങുകയില്ല—എന്നു പറഞ്ഞു വൃദ്ധൻ വടിയുമെടുത്തു വെളിയിലേക്കു പോകുവാൻ ഭാവിച്ചു.

"പാടില്ല. പോവാൻ പാടില്ലെന്നു ഞാൻ അപേക്ഷിക്കുന്നു" എന്നു രഞ്ജിററു് അഛ്ശനെ തടുത്തു.

"ഈ കാൎയ്യത്തിൽ അഛ്ശൻ പ്രവേശിക്കാതിരിക്കുകയാണു് നന്നു്. മനോമോഹനൻ വല്ലാത്ത ആളാണു്. അയാളോടു കളിക്കുന്നതു നന്നാ സൂക്ഷിച്ചുവേണം. അയാളുടെ ജീവിതരഹസ്യങ്ങൾ വെളിപ്പെടുന്നതിൽ പ്രകൃത്യാ അയാൾക്കു അസമ്മതമുണ്ടായേക്കാം. അപ്പോൾ നിങ്ങൾ തമ്മിൽ കലഹമുണ്ടായേക്കും."

മോഹന—പോടാ. നിങ്ങൾ പറയുന്നതുപോലെ പ്രവൎത്തിക്കാനാണൊ ഞാനിവിടെ?

രഞ്ജിററു്—എന്തായാലും കമലയോടു ചോദിക്കാതെ അങ്ങനെ ചോദിക്കുന്നതും ഭംഗിയായിരിക്കുകയില്ല. ഞാൻ കമലയെ വിളിക്കാം.

മോഹ—വേണ്ട വേണ്ട. അവളുടെ ദേഷ്യഭാവം എനിക്കു കാണാൻ

പാടില്ല—എന്നു പറഞ്ഞു് അയാൾ വീണ്ടും അവിടെത്തന്നെ ഇരുന്നു.

മോഹനസിംഗിനു കമലാഭായിയെ വലിയ ഭയമായിരുന്നു. അവളെ കോപിപ്പിക്കുന്നതിനു് ആ സാധുവിനു ധൈൎയ്യവുമുണ്ടായിരുന്നില്ല.

രഞ്ജിററു്—വിശേഷിച്ചും മനോമോഹനൻ നമ്മോടു് അദ്ദേഹത്തിന്റെ കഴിഞ്ഞ കാൎയ്യത്തെപ്പററി സംസാരിക്കാതിരിക്കുകയുമില്ല. അയാളുടെ വിശ്വാസത്തിനു നമുക്കവകാശമുണ്ടെന്നു മനസ്സിലാക്കത്തക്ക ബുദ്ധിശക്തി ഉണ്ടെന്നു.—ഇത്രയും പറഞ്ഞു കഴിയുന്നതിനു മുൻപു് അവർ ആരേപ്പററി സംസാരിച്ചുകൊണ്ടിരുന്നോ ആ ആൾ സാവധാനത്തിൽ മുറിക്കകത്തു കടന്നു വന്നു.

മനോമോ—രഞ്ജിററു്! എനിക്കു നിങ്ങളെക്കൊണ്ടു് ഒരാവശ്യം നിറവേററേണ്ടിയിരിക്കുന്നു. ദയവു ചെയ്തു് എന്റെകൂടി വീട്ടിലോളം ഒന്നു വരുമോ?

അയാൾക്കു് എന്തോ ഗൌരവതരങ്ങളായ കാൎയ്യങ്ങളെപ്പററി സംസാരിക്കാനുണ്ടെന്നു് അയാൾക്കു തോന്നി. യാതൊരു വിസമ്മതവും കൂടാതെ രഞ്ജിററു് മനോമോഹനനെ അനുഗമിച്ചു. വഴിക്കു് അവർ രണ്ടുപേരും ഒന്നും സംസാരിച്ചില്ല. മനോമോഹനൻ ചിന്താമഗ്നനായിരുന്നു. രഞ്ജിററിന്റെ കൌതുകം വൎദ്ധിച്ചു. എന്തോ പ്രധാനമായ സംഗതികൾ വെളിപ്പെടാൻ പോകുന്നുവെന്നയാൾ തീൎച്ചപ്പെടുത്തി. വൎഷകാലം മിക്കവാറും അവസാനിച്ചിരുന്നു. പച്ചപ്പുല്ലുകൾ പച്ചപ്പരവതാനി വിരിച്ചതുപോലെ എവിടെയും മോഹനമാക്കിത്തീൎത്തിരുന്നു. പെട്ടെന്നു് ആലോചനയിൽനിന്നുണൎന്നു—രഞ്ജിററു്! നിങ്ങളുടെ "ലോകരഹസ്യം" എങ്ങിനെ ഇരിക്കുന്നു. അതച്ചടിക്കാൻ കൊടുത്തോ എന്നു മനോമോഹനൻ ചോദിച്ചു.

രഞ്ജിററു്—അതിനിയും പൂൎത്തിയായിട്ടില്ല.

മനോമോ—നിങ്ങൾ ഒരു നല്ല വേലക്കാരനാണല്ലോ. അതു മിക്കവാറും പൂൎത്തിയായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

രഞ്ജിററു്—ഇല്ല. അതിനിയും പകുതിയായിട്ടില്ല. ഈയിട ഞാൻ ആ കാൎയ്യത്തിൽ ശ്രദ്ധ വെക്കാറില്ല.

മനോമോഹനന്റെ മുഖം മങ്ങി. എന്തോ ദുസ്സഹമായ ചില വിചാരങ്ങൾ അയാളെ ക്ലേശിപ്പിച്ചിരുന്നു. അവർ വീട്ടിനുള്ളിൽ പ്രവേശിച്ചു രത്നശാലയിൽ പോയി ഇരുന്നു. അവിടെ തറയിൽ രണ്ടു ചെറിയപെട്ടികൾ കിടന്നിരുന്നു.

മനോമോ—ഇതാ ഈ പെട്ടിക്കകത്തു ചില വിശേഷരത്നങ്ങൾ ഉണ്ടു്. ഞാൻ അതു് ഇനിയും തുറന്നു നോക്കിയിട്ടില്ല. എങ്കിലും അതുകളോടു കൂടി വന്ന എഴുത്തുകളിൽ നിന്നു് അതുകളുടെ ഉള്ളടക്കം വളരെ വിലപിടിച്ച രത്നങ്ങളാണെന്നു് എനിക്കു മനസ്സിലായി. അതവിടെ കിടക്കട്ടെ. നമുക്കു വേറെ കാൎയ്യങ്ങൾ നോക്കാം. നിങ്ങൾക്കു വല്ലതും ആവശ്യമുണ്ടെങ്കിൽ ഇതാ ആ ആണി അമൎത്തിയാൽ മതി. എന്നാൽ ഒരു കാൎയ്യം ചോദിച്ചുകൊള്ളട്ടെ. ഞാൻ ഒരു ഭ്രാന്തനാണെന്നു നിങ്ങൾ പലപ്പോഴും വിചാരിച്ചിട്ടില്ലേ?

രഞ്ജിററുസിങ്ങു് ഇളിഭ്യനായി. അയാൾ ഉത്തരം ഒന്നും പറഞ്ഞില്ല.

മനോമോ—എന്റെ രഞ്ജിററു്! അതിനു ഞാൻ നിങ്ങളെ കുററപ്പെടുത്തുന്നില്ല. എന്നെപ്പററി നല്ലവണ്ണം അറിഞ്ഞിട്ടില്ലാത്ത ഒരാൾക്കു് ഇങ്ങിനെ ഒരഭിപ്രായം ഉണ്ടാകുവാൻ ഇടയുണ്ടു്. ഞാൻ നിങ്ങളോടു സംസാരിച്ചതുപോലെ വേറെ ആരെങ്കിലും എന്നോടു സംസാരിച്ചിരുന്നുവെങ്കിൽ അയാൾ ഒരു ഭ്രാന്തനാണെന്നു ഞാനും വിചാരിക്കുമായിരുന്നു. എന്നാൽ ഞാൻ പറഞ്ഞിട്ടുള്ളതൊന്നും ഭ്രാന്തല്ല. ആ കാൎയ്യങ്ങളൊക്കെ സാധിക്കുന്നതിനു് എനിക്കു ശക്തിയുമുണ്ടു്. ഞാൻ പാപ്പരായിട്ടുമില്ല. എന്റെ ധനം എന്റെ ആഗ്രഹത്തെ ആശ്രയിച്ചുമിരിക്കുന്നു. എനിക്കെത്രമാത്രം ധനം വേണോ അത്രയും ധനം എനിക്കു സ്വാധീനമാണു്. ലോകത്തിലുള്ള എല്ലാ പണക്കച്ചവടക്കാരും ഒന്നററു ശ്രമിച്ചാൽ തന്നെയും എന്നോളം പണം വെളിയിൽ കൊണ്ടുവരുവാൻ കഴികയില്ല.

രഞ്ജിററു്—അതിനെപ്പററി എനിക്കു തൎക്കമില്ല.

മനോമോ—ഈ ധനമൊക്കെ എനിക്കെങ്ങിനെ അധീനമായി എന്നുള്ളതിനെപ്പററി അറിയുന്നതിനു പ്രകൃത്യാ നിങ്ങൾക്കു കൌതുകമുണ്ടായിരിക്കും. എന്നെ വിശ്വസിക്കുക. ഈ അളവററ ധനത്തിൽ ഒരു ചില്ലിക്കാശുപോലും ന്യായമല്ലാത്ത വിധത്തിൽ സമ്പാദിച്ചിട്ടുള്ളതല്ല. ഞാൻ ഒരുത്തരോടും പിടിച്ചുപറിച്ചിട്ടില്ല. ആരെയും ചതിച്ചി

ട്ടുമില്ല. മററുള്ളവരെക്കൊണ്ടു കഠിനാദ്ധ്വാനം ചെയ്യിച്ചു സമ്പാദിച്ചതുമല്ല. ആരെയും നശിപ്പിച്ചിട്ടുമില്ല. എനിക്കു നിങ്ങളുടെ പിതാവിന്റെ മനസ്സു വിശദമായി വായിക്കുവാൻ കഴിയും. അയാൾ എന്നെ അവിശ്വസിക്കുന്നുവെന്നെനിക്കറിയാം. പക്ഷെ അതിൽ അയാൾ കുററക്കാരനല്ലായിരിക്കാം. അയാളുടെ നിലയായിരുന്നു എന്റേതുമെങ്കിൽ ഞാനും പക്ഷെ ഇങ്ങിനെയൊക്കെ വിചാരിച്ചേക്കാം. അതുകൊണ്ടു ഒരു സമാധാനം പറയേണ്ട ആവശ്യം ഉണ്ടെന്നു് എനിക്കു ബോദ്ധ്യമായിരിക്കുന്നു. നിങ്ങൾക്കു് എന്നിൽ വിശ്വാസമുണ്ടു്. നിങ്ങളുടെ കുടുംബത്തിലെ ഒരംഗമായി തീരുന്നതിനു മുൻപു് എന്നെപ്പററി വല്ല ദുശ്ശങ്കയുമുണ്ടെങ്കിൽ അതു തീർക്കേണ്ട ഭാരം എനിക്കുണ്ടു്. നിങ്ങളെ വിശ്വസിച്ചാൽ തരക്കേടില്ലെന്നു് എനിക്കറിയാം. അതിനാണു് ഞാൻ ഇപ്പോൾ നിങ്ങളെ ക്ഷണിച്ചിരിക്കുന്നതു്.

രഞ്ജിററു്—നിങ്ങളുടെ രഹസ്യങ്ങളെ ഉററുനോക്കുന്നതിനു് എനിക്കാഗ്രഹമില്ലെന്നു ദയവു ചെയ്തു വിശ്വസിക്കണം. എങ്കിലും നിങ്ങൾ എന്നെ വിശ്വസിക്കുന്നു എങ്കിൽ ഞാൻ കൃതാർത്ഥനായി.

മനോമോ—ഞാൻ നിങ്ങളെ വിശ്വസിക്കാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു എന്നു വെച്ചു് എന്റെ രഹസ്യങ്ങൾ മുഴുവനും ഞാൻ വെളിപ്പെടുത്തുകയുമില്ല. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം അതാരും അറിയുകയുമില്ല. ഞാൻ മരിച്ചാൽ എന്റെ ജോലി നിർവ്വിഘ്നം നടത്തിക്കൊണ്ടുപോരുന്നതിനു നിങ്ങളെ സഹായിക്കണമെന്നു വിചാരിച്ചു വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തിട്ടുണ്ടു്. ആ ഏർപ്പാടുകൾ എന്തെല്ലാമാണെന്നു് ഇപ്പോൾ പറയുന്നില്ല. തൽക്കാലം ചില രഹസ്യങ്ങൾ മാത്രം മനസ്സിലാക്കിയാൽ മതി.

എന്തോ ദിവ്യമന്ത്രം ഉപദേശിക്കാൻ പോകുന്ന ഗുരുവിന്റെ അടുക്കലിരിക്കുന്ന ശിഷ്യനെപ്പോലെ രഞ്ജിററു ഭയഭക്തിബഹുമാനങ്ങളോടു കൂടി മനോമോഹനിൽനിന്നു പുറപ്പെടാൻ പോകുന്ന പ്രവചനത്തെ ഒരക്ഷരം പോലും വിടാതെ കേൾക്കുന്നതിനു ഇരുന്നിടത്തുനിന്നു് ഇളകി ഒന്നുകൂടി ഉറച്ചിരുന്നു.

മനോമോ—എന്റെ ജീവിതത്തിന്റെ ഒരു പ്രധാനഭാഗം രസതന്ത്രശാസ്ത്രപരിശീലനത്തിനായി ഞാൻ വിനിയോഗിച്ചിട്ടുണ്ടെന്നു നിങ്ങൾക്കറിയാവുന്നതാണല്ലോ. ഒരൊന്നാംതരം രസതന്ത്രശാസ്ത്രജ്ഞന്റെ കീഴിലാണു് ആദ്യമായി ഞാൻ അഭ്യസിക്കാൻ തുടങ്ങിയതു്. പിന്നീടു ഞാൻ ഫ്രാൻസിൽ പോയി ഒരു പ്രൊഫസ്സരുടെ അടുക്കൽ കുറച്ചുനാൾ പഠിച്ചു. അനന്തരം രസതന്ത്രവിദ്യയിൽ അസാധാരണമായ നൈപുണ്യത്തിനു കീർത്തികേട്ടിട്ടുള്ള ജർമ്മനിയിലേക്കു ഞാൻ തിരിച്ചു. അവിടെ ഒരു സർവ്വകലാശാലയിൽ മൂന്നു കൊല്ലം പഠിച്ചതിന്റെ ശേഷം നാട്ടിലേക്കു തിരിച്ചുവന്നു ഹിമാലയപർവ്വതത്തിന്റെ സാനുപ്രദേശങ്ങളിൽ ഒരിടത്തു് ഒരു ശാല സ്ഥാപിച്ചു് അവിടെ പല അന്വേഷണങ്ങളും നടത്തിക്കൊണ്ടു നാലഞ്ചു കൊല്ലം താമസിച്ചു. ആ അന്വേഷണങ്ങളുടെ ഫലമായി ഇതിനു മുൻപു ലോകരാരും അറിഞ്ഞിട്ടില്ലാത്ത ഒരു "ഭീമരഹസ്യം" എനിക്കു വെളിവായി. നിങ്ങൾക്കും രസതന്ത്രത്തിൽ സ്വല്പം പരിജ്ഞാനം ഉണ്ടെന്നു പറഞ്ഞല്ലൊ. അതുകൊണ്ടു ഞാൻ പറയുന്നതിനെ എളുപ്പത്തിൽ ഗ്രഹിക്കുന്നതിനു നിങ്ങൾക്കു സാധിക്കും. ലോകത്തിൽ യാദൃച്ഛികമായി പല വിശേഷകാര്യങ്ങളും സംഭവിക്കാറുണ്ടു്. അതുപോലെ ഒരു സംഭവമാണു് 1874-ാമാണ്ടു മെയ് മാസം 15-ാംനു- എന്റെ പ്രയോഗശാലയിൽ സംഭവിച്ചതു്. പ്രസ്തുത യാദൃച്ഛികസംഭവം ഉണ്ടാകാതിരുന്നുവെങ്കിൽ തീർച്ചയായിട്ടും ഈ അളവററ ധനങ്ങൾക്കു ഞാൻ ഉടമസ്ഥനാകുകയില്ലായിരുന്നു. വളരെക്കാലമായി വിദ്യുച്ഛക്തിപ്രവാഹംകൊണ്ടു് ഓരോ സാധനങ്ങളിൽ മാററമുണ്ടാക്കുന്ന വിഷയത്തിൽ ഞാൻ ശ്രമിച്ചുവരികയായിരുന്നു. ഒരു കമ്പിത്തപാൽകമ്പികളിൽ കൂടി പ്രവഹിക്കുന്ന ക്ഷീണിച്ച വിദ്യുച്ഛക്തിപ്രവാഹത്തെയല്ല ഞാനിവിടെ വിവക്ഷിക്കുന്നതു്. ആ പ്രവാഹത്തിന്റെ ഏററവും കൂടുതലായ ശക്തിയാണു് ഞാൻ പ്രയോഗിച്ചിരുന്നതു്. ഇതുകൊണ്ടു് എന്തു ഫലമുണ്ടാകുമെന്നറിയുന്നതിനു ഞാൻ പല പരീക്ഷകളും നടത്തി. ദ്രാവകങ്ങളെയും കട്ടിയായ മിശ്രവർഗ്ഗങ്ങളെയും അതു വേർതിരിച്ചിരുന്നുവെന്നു് എനിക്കു മനസ്സിലായി. എന്നാൽ അമിശ്രമായ ഒരു വസ്തുവിൽ അതിന്റെ ശക്തി എന്തായിരിക്കും? എന്റെ അന്വേഷണ

ങ്ങളിൽനിന്ന് അതിന്റെ അകപ്പാടെയുള്ള സ്ഥിതിക്കു ഭേദം വരാതെ കനത്തിൽ കുറവുവരുമെന്ന് എനിക്കു മനസ്സിലായി. ഞാൻ പറയുന്നതു നിങ്ങൾക്കു മനസ്സിലായി എന്നു വിശ്വസിക്കുന്നു.

രഞ്ചിറവ്—വ്യക്തമായിട്ടും.

മനോമോ—ഞാൻ പല ധാതുക്കളിലും ഈ വിദ്യ പ്രയോഗിച്ചുനോക്കി. എല്ലാററിലും ഒരുപോലെ ഒരു മണിക്കൂറു നേരത്തെ വിദ്യുഛക്തിപ്രവാഹംകൊണ്ടു കനക്കുറവു സംഭവിക്കുന്നതായി എനിക്കു ബോദ്ധ്യപ്പെട്ടു.

ഒരു ശനിയാഴ്ച രാത്രിയിൽ "ബിസ്മത്ത" എന്ന ലോഹക്കഷണത്തിന്മേൽ ഈ ശക്തി പ്രയോഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ എന്റെ ജോലിയെല്ലാം പൂർത്തിയാക്കിയതിന്റെ ശേഷം ഫലം പ്രതീക്ഷിച്ചുകൊണ്ടിരുന്ന അവസരത്തിൽ എന്റെ ആത്മസ്നേഹിതനായ "ആനന്ദറായി" മരിക്കാറായിരിക്കുന്നുവെന്നും എന്നെ കാണുന്നതിനു താല്പര്യപ്പെടുന്നുവെന്നും ഡാർജ്ജിലിംഗ് വഴിയായി കൽക്കട്ടായിൽനിന്ന് എനിക്കൊരു കമ്പി കിട്ടി. ഉടനെ തന്നെയുണ്ടായ പരിഭ്രമം നിമിത്തം കയ്യിൽ കിട്ടിയ ചില സാധനങ്ങൾ മാത്രം എടുത്തുകൊണ്ടു റയിൽവേ സ്റ്റേഷനിൽ ചെന്ന് അചിരേണ കൽക്കട്ടായിൽ എത്തി. അപ്പോൾ മാത്രമാണ് വിദ്യുഛക്തിപ്രവാഹത്തിന് ഉപയോഗിച്ചിരുന്ന യന്ത്രത്തിലെ കമ്പികൾ വേർപെടുത്താതെയാണ് ഞാൻ പുറപ്പെട്ടതെന്ന് എനിക്കു ബോദ്ധ്യപ്പെട്ടത്. ആ യന്ത്രത്തിൽനിന്ന് ഉണ്ടാകുന്നെടത്തോളം വിദ്യുഛക്തി വെറുതെ പോകുമല്ലോ എന്നു വിചാരിച്ച് എനിക്കു സ്വല്പം ക്ലേശമുണ്ടായെങ്കിലും ആനന്ദറായിയുടെ മരണവൃത്താന്തം മനസ്സിലായതിനോടു കൂടി ആ കാര്യമൊക്കെ ഞാൻ മറന്നുപോയി. എന്റെ സ്നേഹിതന്റെ മരണപത്രപ്രകാരം പ്രവർത്തിക്കേണ്ടിയിരുന്ന ചില കാര്യങ്ങൾ നടത്തിയതിന്റെ ശേഷം ഒരാഴ്ച കഴിഞ്ഞു ഞാൻ എന്റെ പ്രയോഗശാലയിൽ മടങ്ങിയെത്തി. ഉടനെ തന്നെ വിദ്യുഛക്തിയന്ത്രം സൂക്ഷിച്ചിരുന്ന മുറിക്കുള്ളിൽ പ്രവേശിച്ചു നോക്കിയപ്പോൾ എനിക്കുണ്ടായ വിസ്മയം അളവററതായിരുന്നു. ഞാൻ അവിടെ വച്ചിരുന്ന "ബിസ്മത്ത്" ലോഹക്കഷണം കാണാനേയില്ല. അവിടെയൊക്കെ ഒന്നുകൂടി പരിശോധിച്ചപ്പോൾ ആ കഷണം വെച്ചിരുന്ന മേശമേൽ അവിടവിടെയായി എന്തോ വെളുത്തു തിളങ്ങുന്നതു കണ്ടു. ഞാൻ ആദ്യമായി ബിസ്മത്തിൽ വിദ്യുഛക്തി പ്രയോഗിച്ചപ്പോൾ ആ മേശമേൽ യാതൊരു പദാർത്ഥവും ഇല്ലായിരുന്നു. പിന്നെ ഈ വെള്ളിപോലെയുള്ള ദ്രാവകത്തുള്ളികൾ അവിടെ എങ്ങനെ വന്നു? ഞാൻ ആ തുള്ളികളെല്ലാംകൂടെ ശേഖരിച്ചു നോക്കിയപ്പോൾ ആ തുള്ളികൾ രസമാണെന്നു കാണപ്പെട്ടു. ഉടനെ തന്നെ യാദൃഛികമായി ഒരു രഹസ്യം എനിക്കു വെളിപ്പെട്ടു എന്നു ഞാൻ തീർച്ചപ്പെടുത്തി. "ബിസ്മത്തി"ൽ ശക്തിയേറിയ വിദ്യുഛക്തി പ്രയോഗിച്ചാൽ അതു ക്ലിപ്തസമയംകൊണ്ടു രസമായിത്തീരുമെന്നുള്ള പരമാർത്ഥമായിരുന്നു ആ രഹസ്യം. ബിസ്മത്തു രസമാകുമെങ്കിൽ രസം എന്തായിത്തീരുമെന്നുള്ള ആകാംക്ഷ എനിക്കു വർദ്ധിച്ചു. ഇതിന്റെ ഫലം കണ്ടല്ലാതെ ഞാൻ വിശ്രമിക്കയില്ലെന്നു തീർച്ചപ്പെടുത്തി.

ഉടനെ തന്നെ വിദ്യുഛക്തിയന്ത്രം സജ്ജമാക്കി വീണ്ടും ജോലിയാരംഭിച്ചു. പതിനാറു മണിക്കൂർ ഇടവിടാതെ വിദ്യുഛക്തി പ്രയോഗിച്ചപ്പോൾ രസം പ്ലാററിനം എന്ന ലോഹമായിത്തീർന്നു. ഒരു രസതന്ത്രജ്ഞന് ഈ മാററങ്ങൾ ചില ഊഹങ്ങളെ കൊടുക്കാതെ ഇരിക്കയില്ല. ഈ ഊഹങ്ങൾ എന്തായിരിക്കുമെന്നു പക്ഷേ നിങ്ങൾക്കിപ്പോൾ മനസ്സിലായിരിക്കും.

കണ്ണും മിഴിച്ചു വായും പൊളിച്ചു നോക്കിക്കൊണ്ടിരുന്ന രഞ്ചിറവ് "എനിക്കു മനസ്സിലാകുന്നില്ല" എന്നു മാത്രം ഉത്തരം പറഞ്ഞു.

മനോമോ—ഞാൻ മനസ്സിലാക്കാം, കേട്ടുകൊൾക. അണുക്കളുടെ കനം കണക്കുകൂട്ടുകയാണെങ്കിൽ എല്ലാ ലോഹങ്ങളിലും വച്ചു കൂടുതൽ കനം ബിസ്മത്തിനാണ്. അതിന്റെ അണുകനം നൂററിപത്താണെന്നറിയാമല്ലോ. അതിനേക്കാൾ കുറഞ്ഞതു ഈയ്യമാണ്. അതിലും കുറഞ്ഞതു രസം. വളരെ ദിവസം തുടരെ പ്രവഹിച്ചിരുന്നതുകൊണ്ടു ഞാനില്ലായിരുന്ന കാലത്തു ബിസ്മത്ത് ഈയ്യമായി. ഈയ്യം രസമായിത്തീർന്നിരിക്കണം എന്നിങ്ങനെ ഊഹിച്ചു. പ്ലാററിനത്തിന്റെ അണുകനം നൂററിതൊണ്ണൂററി ഏഴരയാണ്. ഇപ്പോൾ കാര്യം മനസ്സിലായോ? അതിൽനിന്ന് ഒന്നു

കൂടിത്താണാൽ അടുത്ത ലോഹമായിരിക്കും — അതായതു സ്വൎണ്ണം. സ്വൎണ്ണത്തിൻെറ അണുക്കനം നൂററിതൊണ്ണൂററിഏഴാണെന്നു ഞാൻ പറയണമെന്നില്ലല്ലൊ. പണ്ടത്തെ കനകനിൎമ്മാതാക്കന്മാർ അവരുടെ തൊഴിലിലേക്കു് ഈയവും രസവും ഉപയോഗിച്ചിരുന്നതിൻെറ രഹസ്യം ഇതായിരിക്കണമെന്നു് അപ്പോൾ എനിക്കു ബോദ്ധ്യപ്പെട്ടു. എന്തിനധികം വിസ്തരിക്കുന്നു പ്ലാററിനത്തിന്മേൽ ഒരു മണിക്കൂർ വിദ്യുഛക്തി പ്രയോഗിച്ചതിനോടു കൂടി അതു കനകക്കട്ടയായിത്തീൎന്നു. എന്താ മുഷിയുന്നുണ്ടോ? ഇതിനെ ശരിയായി മനസ്സിലാക്കണമെന്നുണ്ടെങ്കിൽ ഇനിയും പല കാൎയ്യങ്ങൾ ഗ്രഹിക്കേണ്ടതായുണ്ടു്. അതൊന്നും വിസ്തരിക്കാൻ തൽക്കാലം സാധിക്കയില്ല. ആ കാൎയ്യങ്ങളൊന്നുമറിയാതെ സ്വൎണ്ണമുണ്ടാക്കുന്നതിനും പററുകയില്ല. ഞാൻ വാസ്തവത്തിൽ സ്വൎണ്ണമുണ്ടാക്കിയിരിക്കുന്നുവെന്നു കണ്ടയുടനെ അതിലൊരു കഷണംമുറിച്ചു് ഒരു രസതന്ത്രശാസ്ത്രജ്ഞനെ ഏല്പിച്ചു. അതൊന്നാന്തരം സ്വൎണ്ണമാണെന്നു് അയാളുടെ റിപ്പോർട്ടും കിട്ടി. കുറച്ചുനാൾ കൂടി ഇതിനെപ്പററി അന്വേഷണങ്ങൾ നടത്തിയപ്പോൾ ഇത്രയൊന്നും ബുദ്ധിമുട്ടുകൂടാതെ തന്നെ ഈ വഴികൊണ്ടു സ്വൎണ്ണമുണ്ടാക്കാമെന്നു ഞാൻ കണ്ടുപിടിച്ചു. അങ്ങനെയുള്ള സ്വൎണ്ണ വിററാണു് ഞാൻ ഇത്ര കോടീശ്വരനായിത്തീൎന്നിരിക്കുന്നതു്. എൻെറ ധനത്തിൻെറ തുക എൻെറ അഗ്രഹത്തെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടാണ്. ഞാൻ പറഞ്ഞതു വെറുതെ അല്ലെന്നു് ഇപ്പോൾ നിങ്ങൾക്കു ബോദ്ധ്യമായിരിക്കുമല്ലൊ.

രഞ്ചിററു് — ആശ്ചൎയ്യം! ആശ്ചൎയ്യം! അത്യാശ്ചൎയ്യം! ഇങ്ങനെയുള്ള ഒരു രഹസ്യം സൂക്ഷിച്ചുകൊണ്ടു നിങ്ങൾ ഉറങ്ങുന്നതിലാണ് വിസ്മയം. ഈ നിശ്ചയം വിശ്വസ്തനായ ഒരാളെ മനസ്സിലാക്കുന്നതിനു നിങ്ങൾക്കു് ആഗ്രഹം ഉണ്ടായിരുന്നില്ലേ?

മനോമോ — ഞാൻ അതിനെപ്പററി നല്ലവണ്ണം ആലോചിച്ചിട്ടുണ്ടു്. ഒടുവിൽ ഈ രഹസ്യം പരസ്യമായാൽ ലോകത്തിൽ പല ബുദ്ധിമുട്ടുകളും നേരിടുമെന്നു് എനിക്കു തോന്നിയതുകൊണ്ടു ഞാൻ അതിനായി ഒരുമ്പെട്ടില്ല. ഈ രഹസ്യം വെളിപ്പെട്ടാൽ സ്വൎണ്ണത്തിൻെറ വില കുറയും. ആരും അതിനെ ഉപയോഗിക്കുകയില്ല. അതിനു പകരം വേറെ വല്ല സാധനങ്ങളും വന്നുചേരും. അതുകൊണ്ടു ലോകൎക്കു് ഉണൎവും ഉണ്ടായിരിക്കുകയില്ല. നേരെ മറിച്ചുഞാൻ ഈ വിദ്യയെ രഹസ്യമായി സൂക്ഷിച്ചു സൂക്ഷ്മമായി പെരുമാറുന്നപക്ഷം എനിക്കു പല നല്ല കാൎയ്യങ്ങളും സാധിക്കാൻ കഴിയും. അങ്ങനെ ലോകോപകാരപ്രദമായ വിധത്തിൽ എനിക്കു ജീവിക്കാവുന്നതുമാണ്.

രഞ്ചിററു — നിങ്ങളുടെ ഈ രഹസ്യം എന്നിൽനിന്നു വെളിയിൽ പോകുകയില്ല എന്നു ഞാൻ സത്യം ചെയ്യുന്നു.

മനോമോ — എനിക്കങ്ങനെ വിശ്വാസം ഇല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടു പറയുകയില്ലായിരുന്നു. ഇനി ഈ വിദ്യ പ്രയോഗിക്കുന്നതെങ്ങനെയാണെന്നു ഞാൻ നിങ്ങളെ കാണിച്ചുതരാം. വരൂ — എന്നു പറഞ്ഞു് അവർ രണ്ടു പേരും കൂടി മനോമോഹനൻെറ പ്രയോഗശാലയിലേക്കു പുറപ്പെട്ടു.

---

## പതിനൊന്നാം അദ്ധ്യായം.

### പ്രയോഗശാല.

നേരം മദ്ധ്യാഹ്നമായി. ആകാശത്തിൽ പ്രതാപത്തോടു കൂടി പ്രശോഭിച്ചിരുന്ന സൂൎയ്യഭഗവാൻെറ കിരണസമൂഹങ്ങൾ ആ രമ്യഹൎമ്മ്യത്തേയും ചുററുമുള്ള കെട്ടിടങ്ങളേയും മനോഹരമായ വിധത്തിൽ പ്രകാശിപ്പിച്ചിരുന്നു. ഉഷ്ണം അതികഠിനമായിരുന്നെങ്കിലും അതൊന്നും വകവെക്കാതെ ആശ്ചൎയ്യപരതന്ത്രനായ രഞ്ചിററും ഹൃദയമൊഴിക്കുന്നതിനു് അത്യാശയോടു കൂടിയ മനോമോഹനനും പ്രയോഗശാലയുടെ വളപ്പിനുള്ളിൽ പ്രവേശിച്ചു. അവിടെ ഒരിടത്തു് അനേകം ഈയക്കഷണങ്ങൾ കൂട്ടിയിരുന്നു. അതെവിടെനിന്നു വന്നുവെന്നും അതെന്തിനാണ് കൊണ്ടുവരപ്പെട്ടതെന്നും ഇപ്പോൾ രഞ്ചിററിനു വിശദമായിരുന്നു.

മനോമോ — ഈ ഈയക്കഷണങ്ങളിൽനിന്നാണ് ഞാൻ സ്വൎണ്ണമുണ്ടാക്കുന്നതു്. എല്ലാ ശനിയാഴ്ചയും ഓരോ വ

ണ്ടി ഈയക്കഷണങ്ങൾ ഇവിടെ വന്നുചേരുന്നു. കമലയും ഞാനും ഭാര്യാഭർത്താക്കന്മാരായിത്തീരുമ്പോൾ പക്ഷേ ആഴ്ചതോറും രണ്ടു വണ്ടി ഈയക്കഷണങ്ങൾ ഇവിടെ വരുമായിരിക്കും. എനിക്കു കിട്ടുന്ന ഈയം ഏററവും നന്നായിരിക്കണമെന്നു നിർബന്ധമുണ്ട്. ഈയത്തിൽ എത്രമാത്രം അഴുക്കുണ്ടായിരിക്കുമോ അത്രയും അഴുക്കു സ്വർണ്ണത്തിലും ഉണ്ടായിരിക്കും.

ഇങ്ങനെ സംസാരിച്ചുകൊണ്ട് അവർ യന്ത്രങ്ങൾ സ്ഥാപിച്ചിരുന്ന മുറിയുടെ വെളിയിൽ ചെന്നുചേർന്നു. മനോമോഹനനു മാത്രം അറിയാമായിരുന്ന ഒരു സൂത്രംകൊണ്ടു കതകു പെട്ടെന്നു തുറന്നു. ആ മുറിയുടെ തറ പലകകൊണ്ടുണ്ടാക്കപ്പെട്ടതായിരുന്നു. "രാത്രി ഞാൻ ഈ തറകളൊക്കെ വേർപെടുത്തിയിടും. ഇവിടെ ഞാൻ എന്താണ് ചെയ്യുന്നതെന്നറിയാനായി പല വേലക്കാർക്കും ഉത്സാഹമുണ്ടാകുന്നതാണല്ലോ" എന്നു നേരംപോക്കായി മനോമോഹനൻ പറഞ്ഞു.

ആ കോടീശ്വരന്റെ ദീർഘാലോചന ശ്ലാഘനീയം തന്നെ എന്നു രഞ്ജിററു സമ്മതിച്ചു. അനന്തരം രഞ്ജിററ് ആ മുറി സൂക്ഷ്മമായി പരിശോധിക്കുവാൻ തുടങ്ങി. കണ്ണാടികൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ള മേല്പുരയോടുകൂടിയ ആ മുറിക്ക് അസാമാന്യമായ പൊക്കമുണ്ടായിരുന്നു. ഒരററത്ത് ഉലയും ബായിലറും സ്ഥാപിച്ചിരുന്നു. മറെറ രണ്ടു വശങ്ങളിലായി വിദ്യുച്ഛക്തി ഉണ്ടാക്കുന്നതിനു വേണ്ട യന്ത്രസാമഗ്രികളും സജ്ജമാക്കി വെച്ചിരുന്നു

മനോമോ—ഇതു പണിത വേലക്കാർ പോയതിൽ പിന്നെ ഞാനൊഴികെ ഈ മുറിക്കകത്ത് ആദ്യമായി പ്രവേശിച്ചതു നിങ്ങളാണ്. ഇവിടെ വേണ്ട കാര്യങ്ങളൊക്കെ നാം തന്നെ നിർവഹിക്കുന്നു. ശരി, ഇനി ഇങ്ങോട്ടു നോക്കുക. എന്നു പറഞ്ഞു മനോമോഹനൻ വേറെ ഒരു കതകു തുറന്നു.

രഞ്ജിററ് ആ മുറിക്കുള്ളിലേക്കു നോക്കിയ ഉടൻ ആശ്ചര്യംകൊണ്ട് ഇടിയേററവനെപ്പോലെ സ്തബ്ധനായി നിന്നുപോയി. ഏകദേശം മുപ്പതു ചതുരശ്രഅടി സ്ഥലമുണ്ടായിരുന്ന ആ മുറിയുടെ തറകളും ചുവരുകളുമെല്ലാം സ്വർണ്ണംകൊണ്ടുണ്ടാക്കപ്പെട്ടതായിരുന്നു. ഇഷ്ടിക അടുക്കി വെക്കുന്നതു പോലെ സ്വർണ്ണക്കട്ടകൾ അവിടെ അട്ടി അട്ടിയായി അടുക്കിവെച്ചിരുന്നു. അന്ധകാരമായിരുന്ന ആ മുറിക്കുള്ളിൽ അപ്പോൾ ഒരു ചെറിയ വിദ്യുൽപ്പന്തം മാത്രം കത്തുന്നതേ ഉണ്ടായിരുന്നുള്ളൂ.

മനോമോ—ഇതാണെന്റെ ഭണ്ഡാരം. എന്താ ഞാൻ കുറച്ചു ശേഖരിച്ചുവെച്ചിട്ടില്ലേ? ഇപ്പോൾ തന്നെ എനിക്കു ന്യായമായ വിധത്തിൽ വിൽക്കാൻ പാടില്ലാത്തത്രത്തോളം സ്വർണ്ണം ഇവിടെ ഉണ്ട്. എല്ലാ ദിവസവും രാത്രിയിൽ കുറേശ്ശെ ആയി ഈ സ്വർണ്ണം ബോംബയിലേക്കും കൽക്കട്ടായിലേക്കും കറാച്ചിയിലേക്കും അയക്കുന്നു. അതൊക്കെ വിററു മുതലാക്കുന്നതിനു ഞാൻ ആകെ പതിനേഴു വിശ്വസ്തന്മാരായ ഏജണ്ടന്മാരെ നിയമിച്ചിട്ടുണ്ട്. ഓരോരുത്തരും അവൻ മാത്രമാണ് എന്റെ ഏജെന്റെന്നു വിചാരിക്കുന്നു. ഇത്രവളരെ സ്വർണ്ണം ഞാൻ എവിടെനിന്ന് അയച്ചുകൊടുക്കുന്നു എന്ന് അവർ അത്ഭുതപ്പെടാതെയിരിക്കുന്നില്ല. ലോകത്തിൽ ഇതിനേക്കാൾ നല്ല സ്വർണ്ണം കിട്ടുകയില്ലെന്നും അവർ പറയുന്നു. ഹിമാലയപർവ്വതത്തിൽ പുതുതായി കണ്ടുപിടിക്കപ്പെട്ട ഒരു സ്വർണ്ണഖനിയുടെ ഉടമസ്ഥനാണ് ഞാനെന്ന് അവർ സാധാരണയായി വിശ്വസിച്ചുപോരുന്നു. ഈ മുറിക്കകത്തു കാണുന്ന സ്വർണ്ണത്തിനു എന്തു വില വരുമെന്നു പറയാമോ? ഇതു എന്റെ ഒരാഴ്ചയിലെ വേലയുടെ ഫലമാണ്.

രഞ്ജിററ്, ആകപ്പാടെ ഒന്നുകൂടി നോക്കിയതിന്റെ ശേഷം ഒരു "പത്തു ലക്ഷം രൂപായുടെ സ്വർണ്ണം കാണു"മെന്നുത്തരം പറഞ്ഞു.

മനോമോ—ശിവ! ശിവ! അത് അതിന്റെ ഒരു ഭാഗത്തിന്റെ വില ആയിട്ടില്ല നമുക്കു കണക്കു കൂട്ടാമല്ലോ. ഒരു ഔൺസിനു അൻപതു രൂപാ വില കിട്ടും. അപ്പോൾ ഒരു റാത്തൽ സ്വർണ്ണത്തിനു അൻപതിആറു പവൻ വിലയുണ്ടായിരിക്കും. ഈ ഓരോ കഷണത്തിനും മുപ്പതിആറു റാത്തൽ തൂക്കമുണ്ട്. അതായതു രണ്ടായിരത്തിൽ ചില്വാനം പവൻ വിലയുണ്ട്. ഇവിടെ ആകപ്പാടെ രണ്ടായിരം സ്വർണ്ണക്കട്ടികളുണ്ട്. അതായതു നാല്പതു ലക്ഷം പവൻ വിലയുള്ള സ്വർണ്ണം ഈ മുറിക്കകത്തുണ്ട്. അതിനെ രൂപായാക്കാൻ എനിക്കു കഴികയില്ല.

രഞ്ജിററു്—എന്തു്! ഒരാഴ്ചയിൽ നാല്പതു ലക്ഷം പവനോ? എന്റെ തല തിരിയുന്നു.

മനോമോ—എന്റെ തലയിലുള്ള പല ഉദ്ദേശങ്ങളും സാധിക്കുന്നതിനു പണമില്ലാത്ത തടസ്ഥം ഉണ്ടാകയില്ലെന്നു നിങ്ങൾക്കു ബോദ്ധ്യമായോ? മതി. ഇതുണ്ടാക്കുന്നതെങ്ങിനെയാണെന്നു ഞാൻ കാണിക്കാം.

ആ മുറിയുടെ മദ്ധ്യഭാഗത്തായി ഒരു യന്ത്രം സ്ഥാപിച്ചിരുന്നു. അതിന്റെ മുകളിൽ ഇരുവശത്തായി ശക്തിയേറിയ രണ്ടു പിച്ചളത്തകിടുകളും വെച്ചിരുന്നു. ഈ രണ്ടു തകിടുകളും യോജിപ്പിച്ചിരുന്നതു് ഒരു് ഇരിമ്പു പിരിയാണികൊണ്ടായിരുന്നു. വിദ്യുഛക്തി ഉണ്ടാക്കുന്ന യന്ത്രങ്ങളിൽനിന്നു് അനേക കമ്പികൾ ഈ തകിടുകളുമായി യോജിപ്പിച്ചിരുന്നു. ഇതിനെപ്പററിയുള്ള വിവരങ്ങളെല്ലാം ഇപ്പോൾ മനസ്സിലാകുമെന്നു പറഞ്ഞു മനോമോഹനൻ അദ്ദേഹത്തിന്റെ ഉടുപ്പൂരി ചുവരിൽ തൂക്കി. തന്റെ വിദ്യയെ പ്രയോഗിച്ചു കാണിക്കുന്നതിനായി അദ്ദേഹം ഊതാൻ തുടങ്ങി. "മതി. കൂടുതൽ ചൂടുണ്ടായാൽ കൂടുതൽ വിദ്യുഛക്തി ഉണ്ടാകും. നമ്മുടെ ജോലിയും ക്ഷണത്തിൽ അവസാനിക്കും. ആ കിടക്കുന്ന ഈയക്കഷണങ്ങളെ കുറച്ചിങ്ങോട്ടെടുക്കു."

രഞ്ജിററു് ഈയക്കഷണങ്ങൾ പെറുക്കി മനോമോഹനന്റെ ആജ്ഞാനുസരണം ആ പിച്ചളത്തകിടിന്മേൽ അടുക്കി. മുൻപൊക്കെ ഇതെല്ലാം ശരിയാക്കുന്നതിനു വളരെ നേരം വേണ്ടിയിരുന്നു. എന്നാൽ ചില സൂത്രങ്ങൾകൊണ്ടു് ഈ വേലകളിപ്പോൾ വളരെ എളുപ്പമായി തീൎന്നിരിക്കുന്നു. ആ കമ്പി നോക്കു. നമുക്കു വേണ്ടിടത്തോളം വിദ്യുഛക്തി അതിന്മേലുണ്ടു്. ഇനി നമുക്കു് ഈ കമ്പികൾ ഈ തകിടുകളുമായി യോജിപ്പിച്ചാൽ മതി.

അനന്തരം മനോമോഹനൻ കമ്പികളുടെ ഇടയിൽ കൂടി നീണ്ടു നിന്നിരുന്ന ഒരു കണ്ണാടിവടിയെപ്പിടിച്ചു കീഴോട്ടമൎത്തി "ക്ണക്ക്" എന്നൊരു ശബ്ദം. അനേകം അഗ്നിജ്വാലകൾ ഒരു വെടിപ്പൊട്ടലോടു കൂടി കാണപ്പെട്ടു. ഒരു മിനിട്ടായി. ഈയക്കഷണങ്ങൾ മുഴുവനും അഗ്നിജ്വാലയിൽ മുഴുകി ക്രമേണ രൂപം മാറാൻ തുടങ്ങി. കതിച്ചുചാടുന്ന അഗ്നിജിഹ്വയിൽനിന്നുണ്ടാകുന്ന ചടചട എന്നു ശബ്ദം, ചക്രങ്ങളുടെ മൎമ്മരശബ്ദം, ആവിയുടെ ശബ്ദം, യന്ത്രങ്ങൾ തിരിയുന്നതിന്റെ ശബ്ദം, എന്നു വേണ്ട പലവിധ ശബ്ദങ്ങളുടെ സമ്മേളനംകൊണ്ടുണ്ടായ ധ്വനിയാൽ ആ മുറി മുഴങ്ങി. പുറകോട്ടു മാറിനിൽക്കണം, അടുത്തു ചെല്ലരുതു്, അതിന്റെ വല്ല ഭാഗവും ദേഹത്തിൽ മുട്ടിയാൽ ഇക്ഷണം നിങ്ങൾ ഭസ്മമായിത്തീരും. അത്ര ശക്തിയോടു കൂടിയാണു് അവ വേലചെയ്യുന്നതു്. ഈ യന്ത്രങ്ങളുടെ തന്ത്രങ്ങൾ നല്ലവണ്ണം മനസ്സിലാക്കാതെ അടുത്തുപോകാൻ പാടില്ല. വല്ല അബദ്ധവും വന്നാൽ മരണം തീൎച്ചയായ കാൎയ്യമാണു്. നിങ്ങൾ ഇടപെടുന്നതു് ഏററവും ശക്തിയേറിയ ഒരു സത്വത്തിനോടാണു്. നോക്കു, ഈ കാണുന്നതൊക്കെ രസത്തുള്ളികളാണു്.

അപ്പോഴേക്കു താഴെവച്ചിരുന്ന കണ്ണാടിപ്പാത്രങ്ങൾ രസഗോളങ്ങൾകൊണ്ടു നിറഞ്ഞു. ആ കാഴ്ച അത്യധികം ഭംഗിയുള്ളവയായിരുന്നു. സൂൎയ്യരശ്മിയിൽ മഞ്ഞുകട്ട ഉരുകുന്നതുപോലെ ആ ഈയക്കഷണങ്ങൾ വിദ്യുഛക്തിപ്രവാഹമേററു് ഉരുകി ചാമ്പലായി രസമായിരിക്കുന്നു. ഉടനെ തന്നെ മുമ്പിലത്തെപ്പോലെ "ക്ണക്ക്" എന്നൊരു ശബ്ദം കേട്ടു. പെട്ടെന്നു രണ്ടു മൂന്നു വിദ്യുൽക്കമ്പികൾ രസത്തിൽ വന്നുവീണു. പത്തു മിനിട്ടു കഴിഞ്ഞപ്പോൾ ആ രസഗോളങ്ങൾ ഉണങ്ങി നല്ല കട്ടയായിത്തീൎന്നു.

"ഇതാ ആ കട്ടകൾ പ്ളാററിനമാണു്. ഇനി ഈ കമ്പികളൊക്കെ നമുക്കു വേർപെടുത്തേണ്ടിയിരിക്കുന്നു. അതാ ആ തണുത്ത കാററു നിറച്ചിട്ടുള്ള കുഴലൊന്നു തുറന്നേക്കണം. വരട്ടെ ഞാനിതൊന്നു വേർപെടുത്തിക്കൊള്ളട്ടെ."

മനോമോഹനൻ കമ്പികൾ വേർപെടുത്തിയശേഷം രഞ്ജിററു തണുത്ത കാററുകൾ നിറച്ചിട്ടുള്ള കുഴലുകൾ തുറന്നു. അര മിനിട്ടുകൊണ്ടു് ആ യന്ത്രശാല മുഴുവനും തണുത്തു. അവർ അനന്തരം ആ പ്ളാററിനക്കഷണങ്ങൾ യന്ത്രത്തിന്റെ മുകളിൽ വെച്ചിരുന്ന പിച്ചളത്തകിടിന്മേൽ വെച്ചു മുന്നേപ്പോലെ തന്നെ കമ്പികൾ യോജിപ്പിച്ചു. മുറി ഒട്ടു മാറെറാലികൊണ്ടു പത്തു മിനിട്ടുകൊണ്ടു മൂന്നാലു സ്വൎണ്ണക്കട്ടകൾ ആ പിത്തളത്തകിടുകളിൽ കാണപ്പെട്ടു ഇതാ നോക്കണം. ഇന്നു കാലത്തെ ജോലികൊണ്ടു് അതായതു മുപ്പതു മിനിട്ടു നേരത്തെ ജോലികൊണ്ടു് ഇരുപതിനായിരം പവ

ന്റെ സ്വപ്നം ഉണ്ടാക്കിയിരിക്കുന്നു. രഞ്ജിറവ്! നമുക്കിന്ന് ഇത്രയും മതി. ഇപ്പോൾ നിങ്ങൾക്ക് എന്റെ വിദ്യയെപ്പററി ഏകദേശജ്ഞാനമുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ വിദ്യയാണ് എന്റെ ഭീമരഹസ്യം. ഈ വിദ്യകൊണ്ടു മനുഷ്യർ രാജാക്കന്മാരുടെ രാജാവായിത്തീരുന്നു. ഈ വിദ്യകൊണ്ടു ലോകത്തിൽ സാധിക്കാവുന്ന കാൎയ്യങ്ങൾ സീമാതീതങ്ങളാണ്. എന്റെ രഞ്ജിറവ്! ഞാനീ വിദ്യ സുഖത്തിനായിട്ടോ സൌകൎയ്യത്തിനായിട്ടോ വിനിയോഗിക്കുന്നില്ല. പൊതുജനങ്ങളുടെ നന്മയ്ക്കു പ്രയോജനപ്പെടണമെന്നേ എനിക്കുദ്ദേശമുള്ളു. നേരെമറിച്ച് ഇതുകൊണ്ടെന്തെങ്കിലും ദോഷമുണ്ടാകുമെന്നിനിക്കു ബോദ്ധ്യപ്പെട്ടാൽ അന്നു ഞാനും ഈ യന്ത്രജാലങ്ങളും ഭസ്മമാണെന്നു നിങ്ങൾ വിചാരിച്ചുകൊള്ളുക. ഈ വാക്കുകൾ ഉച്ചരിച്ചപ്പോൾ അയാളുടെ കണ്ണുകൾ ജ്വലിച്ചു. അധരങ്ങൾ വിറച്ചു. ഉള്ളിൽ തള്ളിക്കയറിയ വിവിധവികാരങ്ങളുടെ ശക്തികൊണ്ട് അയാളുടെ ശബ്ദം അസാമാന്യമായി ഇടറി. ഈ കനകക്കട്ടയുടെ നടുക്കു നിന്നുകൊണ്ടു ദൈവത്തിനേയും മനുഷ്യരേയും വിചാരിച്ചു പ്രവൎത്തിക്കുന്നതിനു തീൎച്ചപ്പെടുത്തിയ ആ മനുഷ്യനെ കനകത്തിനു പോലും കളങ്കപ്പെടുത്തുന്നതിനു കഴിഞ്ഞില്ലല്ലോ എന്ന് അത്ഭുതപാരതന്ത്രനായി രഞ്ജിറവു വിചാരിച്ച് ആശ്വസിച്ചു. വിളറി ക്ഷീണിച്ചിരുന്ന അയാളുടെ ദേഹത്തിനുള്ളിൽ കുടികൊണ്ടിരുന്ന ഹൃദയത്തിന്റെ അസാമാന്യമായ നിശ്ചയവും അനിതരസാധാരണമായ കരുത്തും രഞ്ജിറവിന് ആ അവസരത്തിൽ ബോദ്ധ്യപ്പെട്ടു.

“ഈ വിദ്യയുടെ ഉടമസ്ഥൻ നിങ്ങളാകകൊണ്ടു യാതൊരു ദോഷവും വരികയില്ലെന്നു ഞാനുറപ്പായി പറയുന്നു.” എന്നു രഞ്ജിറവ് മറുപടി പറഞ്ഞു.

ഞാനും അങ്ങനെ തന്നെ വിശ്വസിക്കുന്നു. രഞ്ജിറവ്! എനിക്കൊരു സഹോദരനുണ്ടായിരുന്നെങ്കിൽ അയാളെപ്പോലും അറിയിക്കാത്ത ഒരു വലിയ വിദ്യ ഞാൻ നിങ്ങളെ അറിയിച്ചിരിക്കുന്നു. നിങ്ങളുടെ കയ്യിൽ ഈ രഹസ്യം ലഭിക്കുന്നപക്ഷം നിങ്ങൾ അതു സ്വാൎത്ഥത്തിനു വേണ്ടി പ്രയോഗിക്കയില്ലെന്നുള്ള ‘ പൂൎണ്ണവിശ്വാസമാണ് എന്നെ ഇതിലേക്കു പ്രേരിപ്പിച്ചിട്ടുള്ളതെന്നു ദയവുചെയ്തു നിങ്ങൾ മനസ്സിലാക്കണം. എങ്കിലും ഞാൻ നിങ്ങളെ മുഴുവനും പഠിപ്പിച്ചിട്ടില്ല ഇനിയും ഒരു സൂത്രം കൂടി നിങ്ങൾക്കു മനസ്സിലാകാനുണ്ട്. അതു ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം നിങ്ങൾ അറിയുകയുമില്ല. നോക്കൂ, ഈ പെട്ടി നോക്കൂ എന്നു പറഞ്ഞു സമീപത്തുണ്ടായിരുന്ന ഒരുവലിയ ഇരുമ്പുപെട്ടി മനോമോഹനൻ തുറന്ന് അതിനകത്തുനിന്ന് ഒരു ദന്തപ്പെട്ടി എടുത്തു കാണിച്ചു.

“നിങ്ങളിൽനിന്ന് ഒളിച്ചുവെച്ചിട്ടുള്ള ആ സൂത്രം ഇതിനകത്തുള്ള കടലാസ്സിൽ എഴുതിവെച്ചിട്ടുണ്ട്. ഞാൻ പെട്ടെന്നു മരിച്ചുപോകുകയാണെങ്കിൽ ഈ കടലാസെടുത്ത് ആ രഹസ്യം മനസ്സിലാക്കി എന്റെ ഉദ്ദേശങ്ങൾ നിങ്ങൾ നിറവേററണം. നാം രണ്ടുപേരും നന്നാ ക്ഷീണിച്ചിരിക്കുന്നു. നിങ്ങൾ വീട്ടിലേക്കു മടങ്ങുന്നെങ്കിൽ അങ്ങനെയാവട്ടെ”

---

## പന്ത്രണ്ടാം അദ്ധ്യായം.

### ഒരു കുടുംബകലഹം.

ഒടുവിൽ അത്യാശയോടു കൂടി പ്രതീക്ഷിച്ചിരുന്ന രഹസ്യവും പ്രത്യക്ഷമായി. രഞ്ജിറവു സ്വബോധരഹിതനായ ഒരു മദ്യപാനിയേപ്പോലെ വീട്ടിൽ ചെന്നുചേൎന്നു. അയാളുടെ മുഖകമലം അസാമാന്യമായി വികസിച്ചിരുന്നു. ശോകാവേശംകൊണ്ടു മങ്ങിയിരുന്ന ആ മുഖത്തു സന്തോഷാധിക്യത്തിന്റെ ചിഹ്നങ്ങൾ വെളിവായിക്കണ്ടുതുടങ്ങി. പ്രബലനായ മനോമോഹനന്റെ വിശ്വാസത്തിനു പാത്രീഭവിച്ചതിൽനിന്ന് അയാൾക്കുണ്ടാകാവുന്ന മാഹാത്മ്യം എത്രമാത്രമായിരിക്കുമെന്നു വിചാരിക്കുന്തോറും അയാളുടെ കണ്ണുകൾക്കു പ്രഭ വൎദ്ധിച്ചു. മുഖത്തിന്റെ സൌന്ദൎയ്യം ദ്വിഗുണീഭവിച്ചു. മഹാരാജാക്കന്മാൎക്കു പോലും അസൂയപ്പെടത്തക്ക പ്രാഭവം തനിക്കു ലഭിച്ചിരിക്കുന്നു എന്നു തന്നെ അയാൾ തീൎച്ചപ്പെടുത്തി. അനേകായിരമാളുകൾ ത

ന്റെ സഹായം സ്വീകരിച്ചു കൃതാൎത്ഥതയെ പ്രകടിപ്പിക്കുന്ന ആ ശോഭനമായ ഭാവിയെ വിചാരിച്ചു് അയാൾ അഭിനന്ദിക്കാതിരുന്നില്ല.

എന്നാൽ ഉടനെ തന്നെ അയാളുടെ മനസ്സിൽ ചില അസ്വസ്ഥതകളും ഉണ്ടായിത്തുടങ്ങി. താൻ താമസിച്ചിരുന്ന വീടു് എത്ര അരമ്യമായിരിക്കുന്നു. തന്റെ മുറി തനിക്കു യോഗ്യമായിട്ടുള്ളതല്ല. ഇവിടെ ഇരുന്നാൽ എന്തു സുഖമാണുണ്ടാകുന്നതു്, ആ വീട്ടിൽ സന്തോഷകരമായ ഒരു വസ്തു അയാളുടെ സഹോദരി മാത്രമാണല്ലൊ. ഇങ്ങനെയുള്ള വിചാരങ്ങളോടുകൂടി രഞ്ജിറവു് അയാളുടെ സഹോദരി ഇരുന്ന മുറിക്കുള്ളിൽ കടന്നു.

കമലാഭായി—എന്റെ സഹോദരാ, ഈ അച്ഛനെക്കൊണ്ടു നിവൃത്തിയില്ലാതായി. അദ്ദേഹത്തിന്റെ ദുരാഗ്രഹത്തിനും അസന്തൃപ്തിക്കും അളവില്ലാതായിത്തീൎന്നിരിക്കുന്നു. ഇന്നു ഞങ്ങൾ തമ്മിൽ ഒരു ചെറിയ ശണ്ഠയുണ്ടായി ഞാൻ വിവാഹം ചെയ്യുന്നതു് എന്റെ സുഖത്തിനായിട്ടാണെന്നു ഞാൻ അദ്ദേഹത്തെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു.

രഞ്ജിറവു്—അദ്ദേഹം ഇവിടെ ഇല്ലെ?

കമലം—ഇനിക്കറിവാൻ നിവൃത്തിയില്ല. ആ ചാരായക്കടയിൽ പക്ഷെ കാണും. അദ്ദേഹം ഈയിട അവിടെ നിന്നു് ഇറങ്ങാറില്ല. ഞാൻ കല്യാണം കഴിക്കുന്നതു കാണട്ടെ എന്നും മറ്റും പറഞ്ഞു് ഇവിടുന്നു് ഓടിപ്പോയി. അച്ഛനു് ഒരു നല്ല തുക കൊടുക്കാതെ മനോമോഹനനു് എന്നെ കല്യാണം കഴിക്കാൻ സാധിക്കയില്ലപോലും! സോദരാ! നിങ്ങൾ ഒരു കാൎയ്യം ചെയ്യണം. മൎയ്യാദയായിരിക്കയാണെങ്കിൽ നമുക്കൊക്കെ നന്നു്. അല്ലെങ്കിൽ തിണ്ടാട്ടമെന്നു പറഞ്ഞേക്കുക.

രഞ്ജിറവു—കമലം, നീ അച്ഛനെ കുറ്റപ്പെടുത്തരുതു്. അദ്ദേഹം വൃദ്ധനായിരിക്കുന്നു. ഈയിട അച്ഛൻ വെറും ഭ്രാന്തനായിത്തീൎന്നിരിക്കുകയാണു്. വല്ല വൈദ്യന്മാരെയും കാണിക്കേണ്ടയോ എന്നു ഞാൻ സംശയിക്കുന്നു. അതിരിക്കട്ടെ, ഞാനിന്നു പുതിയ മന്ദിരത്തിൽ പോയിരുന്നു.

കമലം—അതുവോ? മനോമോഹനനെ കണ്ടോ? അദ്ദേഹം എനിക്കു വല്ലതും തന്നയച്ചിട്ടുണ്ടോ?

രഞ്ജിറവു്—അദ്ദേഹം ഉടനെ വരാമെന്നു പറഞ്ഞിട്ടുണ്ടു്.

കമലം—എന്താ ജ്യേഷ്ഠൻ ഇന്നു വല്ലാതെ സന്തോഷിച്ചിരിക്കുന്നതല്ലൊ. എന്തൊരു ഭാവഭേദം! മനോമോഹനൻ വല്ല നൃത്തവും കാണിച്ചോ? അതോ അദ്ദേഹത്തിന്റെ രഹസ്യം വെളിപ്പെടുത്തിയോ? പറയണേ! പറയണേ! അദ്ദേഹത്തിനു് ഇത്രമാത്രം ധനമുണ്ടായതെങ്ങിനെ എന്നു ജ്യേഷ്ഠനോടു പറഞ്ഞിരിക്കണം ഇല്ലെ?

രഞ്ജിറവു്—അതേ. അതുതന്നെ. അദ്ദേഹം എന്നോടു മിക്ക കാൎയ്യങ്ങളും തുറന്നു പറഞ്ഞിരിക്കുന്നു. കമലം! നീ വിവാഹം ചെയ്വാൻ പോകുന്ന ആൾ ഒരു ചക്രവൎത്തിയെക്കാൾ ദ്രവ്യസ്ഥനാണു്.

കമലം—വിസ്മയം തന്നെ. നമ്മുടെ ഈ ദാരിദ്ര്യം ദൈവത്തിനു സഹിച്ചില്ല. ഇതിനെല്ലാം കാരണം എന്റെ ജ്യേഷ്ഠനാണു്. അദ്ദേഹത്തിനു ജ്യേഷ്ഠനോടു പ്രതിപത്തിയുണ്ടായിരുന്നില്ലെങ്കിൽ ഇവിടെ വരികയൊ എന്നെ കാണുകയൊ ചെയ്കയില്ലായിരുന്നു.

രഞ്ജിറവു്—ഇതിനൊന്നും കാരണം ഞാനല്ല. നമ്മുടെ നല്ലകാലം തന്നെ.

കമലം—നല്ലകാലവും ചീത്തകാലവും ഒക്കെ പോകട്ടെ. അദ്ദേഹത്തിന്റെ ധനത്തെപ്പറ്റി വിശദമായി ഒന്നു പറയണം. ആശ്ചൎയ്യം തന്നെ. ജ്യേഷ്ഠനോടു പറഞ്ഞു. എന്നോടു് ഇതുവരെ പറഞ്ഞില്ലല്ലൊ. അച്ഛൻ കൊടുത്തതല്ല. അദ്ദേഹത്തിന്റെ അച്ഛൻ ഒരു പാവപ്പെട്ട വക്കീലായിരുന്നല്ലൊ.

രഞ്ജിറവു്—അക്കാൎയ്യമൊന്നും ഞാൻ പറകയില്ല. എനിക്കു പറവാനും പാടില്ല. അദ്ദേഹത്തിനു് ഇഷ്ടമുണ്ടെങ്കിൽ പക്ഷെ നിന്നോടു പറഞ്ഞേക്കും.

എന്നോടു പറയേണ്ടാ. ഞാനൂഹിക്കുന്നതു ശരിയാണോ എന്നു പറഞ്ഞാൽ മതി. അദ്ദേഹത്തിനു നിധി കിട്ടിയതാണോ? വല്ല മന്ത്രവാദവുംകൊണ്ടുണ്ടാക്കിയതാണോ? അതോ വല്ല സേവയുമുണ്ടോ?

രഞ്ജിറവു—ചിരിച്ചു് അതൊന്നും പറയാൻ പാടില്ലെന്നു പറഞ്ഞില്ലെ? അതിനെപ്പറ്റി നമുക്കു സംസാരിക്കേണ്ട. നീ വല്ലാത്ത പെണ്ണാണു്. ഞാൻ വല്ലതും പറഞ്ഞാൽ വിഡ്ഢിയാകും. വേണ്ടാ.

കമല—ജ്യേഷ്ഠൻ ഒരു ക്രൂരനാണു്. ഞാനിതാ പോകുന്നു

രഞ്ജിറവു—എങ്ങോട്ടു?

കമലം—ലാഹ്ഹൂർവരെ.

രഞ്ജിററു്—എന്തിനു?

കമലം—എനിക്കവിടെ പല കാൎയ്യങ്ങളും സാധിക്കാനുണ്ടു്. എന്തെല്ലാം കാൎയ്യങ്ങൾ നോക്കേണ്ടിയിരിക്കുന്നു. നിങ്ങൾക്കീ കാൎയ്യങ്ങളെപ്പററി ഒന്നും അറിവാൻ പാടില്ല. എന്റെ കല്യാണം ഒരാഴ്ചക്കുള്ളിൽ നടക്കണമെന്നു് അദ്ദേഹം ആഗ്രഹിക്കുന്നു. വലിയ കോലാഹലം ഒന്നും ഉണ്ടാകയില്ല. എങ്കിലും നമുക്കു ചില സാമാനങ്ങൾ വാങ്ങേണ്ടേയോ?

രഞ്ജിററു്—ഇത്ര നേരത്തേയോ? ആട്ടെ. 'ശുഭസ്യ ശീഘ്രം'.

കമലം—അങ്ങനെ തന്നെ. ഇതാണു് ഞാനെന്റെ ജ്യേഷ്ഠനെ സ്നേഹിക്കുന്നതു്. ആ പ്രതാപസിംഗു വന്നു വല്ല ലഹളയും ഉണ്ടാക്കിയെങ്കിൽ മനോമോഹനൻ പിന്മാറിക്കളഞ്ഞേക്കും. കല്യാണം കഴിഞ്ഞാൽ പിന്നെ ആരെ വകവെക്കണം? അദ്ദേഹത്തിനയാളെപ്പററി ഒന്നും അറിയാൻ പാടില്ല. ശിവ! ശിവ! അവർ തമ്മിൽ കൂട്ടിമുട്ടിയാൽ............എന്തു വരാൻ പോകുന്നു.

രഞ്ജിററു്—നിവൃത്തിയുണ്ടെങ്കിൽ അതൊന്നും കൂടാതെ കഴിക്കണം.

കമലം—സാധുവായ പ്രതാപസിംഗ്! എനിക്കു കുണ്ഠിതമില്ലാതില്ല. പക്ഷെ ഞാനെന്തു ചെയ്യും? ചെറുപ്പത്തിൽ കളിച്ചുനടന്നപ്പോൾ വല്ലതുമൊക്കെ പറഞ്ഞിരിക്കും. എന്നു വിചാരിച്ചു് ഇങ്ങനെ ഒരു തരം വന്നാൽ വല്ലാതും വിട്ടുകളയുമൊ?

രഞ്ജിററു്—കഷ്ടം തന്നെ. നീ കാണുന്നതുപോലെ തന്നെ പ്രതാപസിംഗു കണ്ടാൽ കൊള്ളാം. ആട്ടെ, അയാളുടെ അഛനു് ഇതിനെപ്പററി വല്ലതും അറിയാമൊ?

കമലം—ഒരുവസ്തു അറിഞ്ഞിട്ടില്ല. ഇന്നലെ ഇവിടെ വന്നിരുന്നു. ഞാനൊന്നും പറഞ്ഞില്ല. ഞങ്ങളുടെ കല്യാണം ഇവിടെവെച്ചു നടത്താൻ തീൎച്ചപ്പെടുത്തീട്ടില്ലല്ലൊ. ലാഹ്ഹൂറിൽവെച്ചു സ്വകാൎയ്യമായി നടത്തിയാൽ മതിയെന്നാണു് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. നേരമായി. നമുക്കു പോകാം. അല്ലെങ്കിൽ വണ്ടി തെററിയേക്കും.

രഞ്ജിററു്—എനിക്കു വരാൻ നിവൃത്തിയില്ല ആ തെക്കേ വീട്ടിൽനിന്നു ചിലരൊക്കെ ലാഹ്ഹൂറിലേക്കു പോകുന്നുണ്ടു്. അവർ സാമാനങ്ങൾ വാങ്ങിക്കുന്നതിനുമാണു് പോകുന്നതു്. നിന്റെ കൂട്ടുകാരി സുധമ്മയുമുണ്ടു്. അവരോടു കൂടി പോകാം.

മണി ഒന്നടിച്ചതിനോടു കൂടി കമലയും സുധമ്മയും മററു ചിലരും ലാഹ്ഹൂറിലേക്കു പോയി. രഞ്ജിററു് അയാളുടെ മുറിക്കകത്തു കടന്നു ലോകരഹസ്യത്തിന്റെ ഏതാനും അദ്ധ്യായങ്ങൾ എഴുതാൻ ആരംഭിച്ചു. "ഞാൻ എന്തിനാണു് കഷ്ടപ്പെടുന്നതു്? ഇങ്ങനെ കഷ്ടപ്പെട്ടിട്ടു് എന്താണാവശ്യം? ഇങ്ങനെ കഷ്ടപ്പെട്ടിട്ടു് എന്തു സാധിക്കുന്നതിനാണു്? പണത്തിനായിട്ടാണെങ്കിൽ അതിനിവിടെ ക്ഷാമം എന്താണു്? പണം വേണമെന്നറിയിച്ചാൽ മതി. എത്ര വേണമെങ്കിലും തയാറുണ്ടു്. പണം കീൎത്തിക്കോ? മനോമോഹനന്റെ പദവി തനിക്കു ലഭിച്ചാൽ അതിലുപരിയായി എന്തു കീൎത്തിയാണു് തനിക്കു വേണ്ടതു്? പിന്നെ ഇങ്ങനെ കഷ്ടപ്പെട്ടിട്ടു് ഒരു കാൎയ്യവുമില്ല". അയാൾ പേനയും കടലാസ്സും ദൂരെ എറിഞ്ഞു. എന്നാൽ അയാളുടെ അഛൻ അയാളെ വെറുതെയിരിക്കാൻ സമ്മതിച്ചില്ല. അയാൾ മുറിക്കകത്തേക്കു കടന്നു മേശമേൽ കയറിയിരുന്നു.

എന്താ രഞ്ജിററു! പതിവുപോലെ ഇന്നും എന്നെപ്പററി ദൂഷ്യം പറകയായിരുന്നു നിന്റെ തൊഴിൽ ഇല്ലേ?

രഞ്ജിററു്—അഛൻ പറയുന്നതിന്റെ താല്പൎയ്യം എനിക്കു മനസ്സിലാകുന്നില്ല.

മോഹ—എന്നെപ്പററി ദൂഷ്യം പറക മാത്രമല്ല എന്നെ ചതിക്കാൻ കൂടി വട്ടംകൂട്ടുന്നുണ്ടു്. എനിക്കറിയാം. നിങ്ങൾ മനസ്സിൽ കണ്ടാൽ ഞാൻ മരത്തിൽ കാണം. എടാ മഠയാ! നീ ഇനിയും നിന്റെ അഛനെ മനസ്സിലാക്കിയില്ലല്ലൊ. നിനക്കു മനസ്സിലായില്ലപോലും. ആ മനോമോഹനനും, നീയും, ആ പെണ്ണും കൂടി രാവും പകലും ഒരുപോലെ പിറുപിറുക്കുന്നതു ഞാൻ അറിയുന്നില്ലെന്നാണോ നിങ്ങളുടെ ഒക്കെ ഭാവം? എന്നെക്കണ്ടാൽ സംസാരവും നിന്നു. നല്ല പണി തന്നെ. മനോമോഹനന്റെ രഹസ്യം നിനക്കു മനസ്സിലായി എന്നു നീ കമലയോടു പറയുന്നതു ഞാൻ കേട്ടില്ലെന്നായിരിക്കും നിന്റെ വിചാരം. നോക്കിക്കോ. ഈ ക്ഷണം എന്നോടതെന്താണെന്നു പറഞ്ഞില്ലെങ്കിൽ ഫലം പിന്നെ അറിയും.

രഞ്ജിററു്—അച്ഛാ, എനിക്കു രഹസ്യം പറവാൻ പാടില്ല. പറവാൻ അധികാരവുമില്ല.

മോഹ—വേണ്ടെടാ, വേണ്ട. പക്ഷെ ഒരു കാൎയ്യം നിശ്ചയമാണല്ലൊ. കമല കല്യാണം കഴിക്കുന്നതു കാണട്ടെ. അവൾ മാത്രം കേമിയായാൽ പോരാ. അവളുടെ അച്ഛനും വല്ലതും കൊടുക്കണമെന്നു് അവൾക്കും തോന്നണം. അതിനു മുൻപു് ഈ കല്യാണം നടക്കയില്ലെന്നു ഞാനാണു് പറയുന്നതു്. ഈ വീട്ടിലെനിക്കു് ഒരധികാരവും ഇല്ലെന്നായോ?

രഞ്ജിററു്—അച്ഛനെന്തു വേണമെന്നാണു് പറയുന്നതു്? കമലയുടെ സുഖം നമ്മുടെ സുഖമല്ലേ?

മോഹ—കമല ഉണ്ടാൽ കമലയുടെ അച്ഛന്റെ വയറു നിറയുമോ? ഇയാൾക്കു കമലയെ വേണമെങ്കിൽ കമലയുടെ അച്ഛന്റെ മനസ്സു നോക്കണം-സൂത്രംകൊണ്ടൊന്നും പററുകയില്ല. ഞാൻ അയാളോടു് ഇന്നലെ നൂറു രൂപ കടം ചോദിച്ചു. അയാളുടെ ധൈൎയ്യം അല്ല ധിക്കാരം എത്രമാത്രമുണ്ടെന്നു നോക്കു. എന്റെ മുഖത്തു നോക്കിക്കൊണ്ടു തരികയില്ലെന്നു പറഞ്ഞു.

രഞ്ജിററു്—കഷ്ടം! അച്ഛനിത്ര ലജ്ജയില്ലാതെ ആയല്ലോ എന്നു ഞാൻ വ്യസനിക്കുന്നു.

മോഹ—എനിക്കു ലജ്ജയുണ്ടായില്ലയോ എന്നു കാണിച്ചുതരാം. അവനാരാണെന്നു നിനക്കറിയാമോ? കള്ളനാണയമടിക്കുന്നവൻ. അല്ലെങ്കിൽ അട്ടയിൽ ഈ സാമാനമൊക്കെ എന്തിനാണങ്ങോട്ടു കൊണ്ടുപോകുന്നതു. ഒരു യന്ത്രശാല എന്തിനാ?

രഞ്ജിററു—അച്ഛനു മിണ്ടാതിരിക്കാൻ പാടില്ലേ? ഈ വയസ്സുകാലത്തു മററുള്ളവരോടു വഴക്കിനു പോകുന്നതു് എന്തിനു്? അച്ഛനു് അയാളുടെ പണത്തെപ്പററി മാത്രമേ വിചാരമുള്ളു.

മോഹ—മതിയെടാ മതി. നിന്റെ തത്വജ്ഞാനം മതി. അയാൾക്കു പണമില്ലായിരുന്നെങ്കിൽ നീ പുറകെ നടക്കും! കമലം അയാളെ കല്യാണം കഴിക്കുമായിരുന്നു അല്ലേ?

രഞ്ജിററു് ഒന്നു പുറകോട്ടു നോക്കി. ഉടനെ അയാളുടെ ദേഹം ആസകലം ഒന്നു വിറച്ചു. ഇവരുടെ സംഭാഷണം കേട്ടുകൊണ്ടു മനോമോഹനൻ കതകിനടുത്തു നില്ക്കുന്നുണ്ടായിരുന്നു.

മനോ—ഞാൻ മാപ്പു ചോദിച്ചുകൊള്ളുന്നു. നിങ്ങളുടെ സംഭാഷണം കേൾക്കണമെന്നു് എനിക്കു താല്പൎയ്യമില്ലായിരുന്നു. അബദ്ധത്തിൽ അങ്ങനെ പററിയെന്നേ ഉള്ളു. വൃദ്ധനായ മോഹനസിങ്ങേ! മററുള്ളവരും നിങ്ങളെപ്പോലെ ആണെന്നു നിങ്ങൾ വിചാരിക്കുന്നു. രഞ്ജിററും കമലയും നിങ്ങളുടെ സന്താനങ്ങളാണെങ്കിലും, നിങ്ങളുടെ സ്വഭാവവിശേഷം അവൎക്കു കിട്ടീട്ടില്ലെന്നുള്ളതു് ആശ്വാസകരം തന്നെ. എന്റെ പണത്തിനായിട്ടല്ല കമല എന്നെ സ്നേഹിക്കുന്നതു്. അവരോടു് എനിക്കുള്ള വിശ്വാസത്തെയില്ലാതെയാക്കുന്നതിനു നിങ്ങൾക്കു സാധിക്കുകയില്ല. "താൻ കുഴിക്കുന്ന കുഴിയിൽ താൻ തന്നെ ചാടു"മെന്നു നിങ്ങൾ മനസ്സിലാക്കിയാൽ നന്നു്.

പിതാവിനും പുത്രനും ഉത്തരം പറയുന്നതിനു അവസരം ലഭിക്കുന്നതിനു മുൻപു മനോമോഹനൻ അവിടെനിന്നു പോയി.

അച്ഛാ! അച്ഛൻ പ്രവൎത്തിച്ചതെന്തെന്നു് അച്ഛൻ അറിയുന്നില്ല.

മോഹ—പോടാ. ഇവനെ പഠിപ്പിക്കാതെ ഞാനടങ്ങുകയില്ല. വൃദ്ധനായ നിന്റെ അച്ഛന്റെ ശക്തി എത്രമാത്രമാണെന്നു രണ്ടു മാസത്തിനുള്ളിൽ നീ അറിയും.

---

## പതിമ്മൂന്നാം അദ്ധ്യായം.

### ഒരു നീചകൃത്യം.

കമലാഭായി ഇല്ലാതിരുന്ന കാലത്തു് അവിടെ സംഭവിച്ച കാൎയ്യങ്ങളെപ്പററി അവൾ തിരിച്ചുവന്നപ്പോൾ രഞ്ജിററു യാതൊന്നും പറഞ്ഞില്ല. അവൾ സന്തോഷസാഗരത്തിൽ മുങ്ങി. അവർ കൊണ്ടുവന്നിട്ടുള്ള സാധനങ്ങളെപ്പററി ഓരോന്നു പ്രശംസിച്ചുകൊണ്ടിരുന്നു. മനോമോഹനനെ പതിവുപോലെ കാണാത്തതെന്തുകൊണ്ടാണെന്നാൾ പരിഭ്രമിച്ചു. നേരം രാത്രി ആയി. എന്നിട്ടും മനോമോഹനനെ കണ്ടില്ല. അവളുടെ പരിഭ്രമവും അസുഖവും വൎദ്ധിച്ചു.

കമലം—അദ്ദേഹം വന്നില്ലല്ലൊ. കാൎയ്യം എന്താണെന്ന് അറിവാൻ പാടില്ലല്ലൊ.

രഞ്ജിററ്—(ജന്നലിൽ കൂടി വെളിയിലേക്കു നോക്കി. മഴ നന്നായി പെയ്യുന്നു. കാററുമുണ്ട്.) അദ്ദേഹമിന്നു വരുമെന്നു തോന്നുന്നില്ല. കാററായാലും മഴയായാലും പ്രതാപസിങ്ങ് എന്നെ കാണാതെ ഇരുന്നിട്ടില്ല. ഓ! അയാൾക്കു് അത്ര സാരമില്ല! അദ്ദേഹമങ്ങിനെ അല്ലല്ലൊ. ആട്ടെ, അദ്ദേഹത്തിനു സുഖക്കേടൊന്നുമില്ലല്ലൊ?

കമലം—സുഖക്കേടൊന്നും ഇല്ലെന്നാണ് എന്റെ വിശ്വാസം.

പിന്നീട് അവർ ഒന്നും സംസാരിച്ചില്ല. വെളിയിൽ മഴ തകൎത്തുകൊണ്ടിരുന്നു. വൃദ്ധനായ മോഹനസിങ്ങ് മുറിയുടെ ഒരു കോണിൽ നഖവും കടിച്ചു തലയും ചെരിഞ്ഞു പൈശാചികമായ മുഖഭാവത്തോടു കൂടി ഇരിപ്പുണ്ടായിരുന്നു. അന്ന് അയാൾ ചാരായക്കടയിലും പോയില്ല. ഇങ്ങിനെ ഒരു മണിക്കൂറു കഴിഞ്ഞു. എന്നിട്ടും മനോമോഹനൻ വന്നില്ല. മോഹനസിങ്ങ് കിടക്കാൻ പോയിരിക്കുന്നു. ഒടുവിൽ മൌനം സഹിക്കാൻ പാടില്ലാതെ ആയപ്പോൾ കമലം ഇപ്രകാരം അതിനെ ഭഞ്ജിച്ചു.

എന്റെ ജ്യേഷ്ഠാ! ഒന്നു വിചാരിക്കുക. എന്തൊരു സുഖമാണ് നമുക്കു വരാൻ പോകുന്നതു്! നാം പെട്ടെന്ന് എത്ര വലിയ ആളുകളായി തീരാൻ പോകുന്നു! ഭാഗ്യം വന്നാൽ ഇങ്ങിനെ വരുമൊ? അവളുടെ ഇപ്പോഴത്തെ സംഭാഷണവിഷയം വലിയ കാൎയ്യങ്ങളൊന്നുമല്ലായിരുന്നു. അവൾ ശുദ്ധ കമ്പിളിയായ പെൺകുട്ടിയെപ്പോലെ ഓരോന്നു പറഞ്ഞു രസിക്കുകയായിരുന്നു എന്നു രഞ്ജിററിനു തോന്നി. കമലം തുടൎന്നു പറഞ്ഞു.

ആ ചുവന്ന കുതിര എനിക്കു വേണ്ട. എനിക്കു വെള്ളക്കുതിരകൾ മതി. ഒരൊന്നാന്തരം ഫീററൻവണ്ടി വേണം. ഹാ! രണ്ടു വെള്ളക്കുതിരകളെ പൂട്ടി എന്റെ ഫീററൻവണ്ടി തെരുവിൽക്കൂടി ഓടുമ്പോൾ എന്തു കേമമായിരിക്കും. എനിക്കു വേറെ ഒരു ചെറിയ വണ്ടി കൂടി വേണം. അദ്ദേഹത്തിനു പ്രത്യേകമൊരു വണ്ടി. ആ കുതിരകളൊക്കെ അവിടെക്കിടന്നു ചാവുകയാണെന്നു തോന്നുന്നു. അദ്ദേഹം അതിനെ ഒന്നും ഉപയോഗിക്കുന്നില്ല

മോഹന—കമലം! കല്യാണം കഴിഞ്ഞാലും നീ ഇവിടെത്തന്നെ താമസിക്കാനല്ലേ തീൎച്ചപ്പെടുത്തിയിരിക്കുന്നതു?

കമലം—അതെ. ഞാനപ്പോളിവിടെ താമസിക്കാൻ പോകുന്നു! ആണ്ടിൽ രണ്ടു മാസം മനോമോഹനനോടുകൂടി ഞാനീ മാളികയിൽ താമസിക്കും. രണ്ടുമാസം ബൊമ്പായിൽ, രണ്ടുമാസം കൽക്കട്ടായിൽ, രണ്ടുമാസം ലാഹൂറിൽ. അവിടെ ഒക്കെ എനിക്കോരോ ബംഗ്ലാവു വേണം. ബാക്കി നാലു മാസം ലണ്ടനിൽ താമസിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നതു്. അച്ഛനെ ആട്ടുണ്ട കൊടുത്തു പിരിച്ചയക്കണം. എന്നെ ഉപദ്രവിക്കാതെ ഇരിക്കുകയാണെങ്കിൽ വല്ലതും കൊടുക്കാം. ജ്യേഷ്ഠനെ സംബന്ധിച്ചിടത്തോളം എന്താവേണ്ടതെന്നറിയുന്നില്ല. ഒരു വലിയ ഉദ്യോഗം കിട്ടിയാൽ പൊസ്സുളയരുതേ?

രഞ്ജിററ് ഇതിനൊന്നും മറുപടി പറഞ്ഞില്ല. പാതിരാ കഴിയുന്നതുവരെ മനോമോഹനനെ നോക്കിയും ഈ വിധമോരോന്നു പറഞ്ഞും ഇരുന്നതിന്റെ ശേഷം ആ സഹോദരനും സഹോദരിയും കിടക്കാനായി അവരുടെ മുറികളിലേക്കു പോയി. എന്നാൽ രഞ്ജിററിന്റെ മനസ്സ് അസാധാരണമായി ചൂടു പിടിച്ചിരുന്നതിനാൽ അയാൾക്കു് ഉറങ്ങാൻ സാധിച്ചില്ല. ആ ദിവസത്തെ സംഭവങ്ങൾ അത്രമാത്രം പ്രക്ഷോഭജനകങ്ങളായിരുന്നു. കാലത്തെ രഹസ്യം, ഉച്ചക്കലത്തെ ശണ്ഠ, വൈകുന്നേരത്തെ സംഭാഷണം ഇവയെല്ലാം രഞ്ജിററുസിങ്ങിന്റെ സങ്കല്പശക്തിയെ ഉണൎത്തി, അയാളുടെ കണ്ണുകളിൽനിന്ന് ഉറക്കത്തെ ആട്ടിഓടിച്ചിരുന്നു. അയാൾ തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടും അയാൾക്കുറക്കം കിട്ടിയില്ല. ഒരു മണിക്കൂർ നേരത്തെ ഉറക്കത്തിനു വേണ്ടി അയാൾ എന്തു തന്നെ കൊടുക്കയില്ല? തോട്ടത്തിൽ ഒന്നു ലാത്തിയാൽ സ്വല്പം ഭേദമാകുമോ എന്നു പരീക്ഷിക്കുന്നതിനായി അയാൾ വെളിയിലിറങ്ങി. പെട്ടെന്ന് ആരുടെയോ കാലടികളുടെ ശബ്ദം അയാളുടെ ശ്രോത്രങ്ങളിൽ പതിച്ചു. അടുത്ത ക്ഷണത്തിനു തന്നെ ആരുടേയോ നിഴൽ ചുവരിൽ കാണപ്പെടുകയും ചെയ്തു. അയാൾ ഒരു പ്രതിമയെപ്പോലെ നിന്നിടത്തു തന്നെ നിന്നു.

തന്റെ നേരെ ആരോ ഒരാൾ വീട്ടിൽനിന്നു വരുന്നുണ്ടെന്ന് അയാൾക്കു മനസ്സിലായി. സ്വല്പം കഴിഞ്ഞു തെരുവിലേക്കുള്ള കതകു തുറന്നതും അടയ്ക്കുന്നതും അയാൾ കേട്ടു.

രഞ്ജിററിന്റെ ഉള്ളിൽ പല സംശയങ്ങളും ഉണ്ടായി. അയാൾ ഉടനെ വീട്ടിലേക്കു പോയി. തന്റെ അഛൻ കിടക്കുന്ന മുറിയിൽ പ്രവേശിച്ചു. അവിടെ ഒരു മെഴുകുതിരി കത്തിക്കൊണ്ടിരുന്നു. അഛനെ അവിടെ കണ്ടില്ല. കിടക്ക വിരിച്ചിട്ടപോലുമില്ലായിരുന്നു. ഒരു ക്ഷുരകക്കത്തിയുടെ കൂട് മാത്രം അവിടെ കിടന്നിരുന്നു. എന്തോ ഭയങ്കരമായ സംഭവം നടക്കാൻ പോകുന്നു. അഛന്റെ ഈ യാത്രയിൽ എന്തെങ്കിലും അത്യാപത്തു സംഭവിക്കാതിരിക്കുകയില്ല. ഇന്നലത്തേയും ഇന്നത്തേയും അദ്ദേഹത്തിന്റെ മുഖഭാവം കേവലം പൈശാചികമായിരുന്നു. ഉച്ചക്കു നടന്ന സംഭാഷണവും, അതു കേട്ടു നിന്ന മനോമോഹനന്റെ മറുപടിയും, അദ്ദേഹത്തിനെ പ്രതികാരത്തിനുത്സാഹിപ്പിച്ചിരിക്കയാണ്. ഇങ്ങനെ ഓരോന്നു വിചാരിച്ചു, രഞ്ജിററു് അയാളുടെ അഛനെയനുഗമിച്ചു. റോഡിൽക്കൂടി അതിവേഗത്തിൽ നടന്നിട്ടും അയാൾ മോഹനസിംഗിനെ കണ്ടില്ല. അയാൾ പുതിയ മന്ദിരത്തിന്റെ പടികൾ എത്തിയപ്പോൾ പതിവില്ലാതെ കതകു തുറന്നുകിടക്കുന്നതു കണ്ടു. തന്റെ അഛൻ എങ്ങോട്ടേക്കാണ് പോയതെന്നു രഞ്ജിററിന് ഇപ്പോൾ നിശ്ചയമായി. ഈ അർദ്ധരാത്രിസമയം തന്റെ അഛൻ എന്തിനവിടേക്കു പോയിരിക്കുന്നു? അയാളുടെ മനസ്സിൽക്കിടന്നു വേദനിപ്പിച്ചുകൊണ്ടിരുന്ന മനോമോഹനന്റെ ധനാഗമമാർഗ്ഗത്തെപ്പററി ഉററുനോക്കുന്നതിനോ, അതോ, അതിൽ കൂടുതലായ വല്ല ഉദ്ദേശത്തോടു കൂടിയോ? മോഹനസിംഗിന്റെ മുറിക്കകത്തു കിടന്ന കത്തിക്കൂട് ഇപ്പോൾ രഞ്ജിററിന്റെ ഓർമ്മയിൽ എത്തി. ആ വൃദ്ധനു് അതുകൊണ്ടു് അർദ്ധരാത്രിയിൽ എന്താവശ്യം? അയാൾ കുറേക്കൂടി വേഗത്തിൽ നടന്നു. അല്ല—ഓടി. ഒടുവിൽ അയാൾ ആ പുതിയ മന്ദിരത്തിന്റെ ബഹിർഭാഗത്തെത്തി. ഈശ്വരോരക്ഷതു. അവിടെ യാതൊരനക്കവും ഉണ്ടായിരുന്നില്ല. അയാൾ പ്രധാനകതകിനടുത്തു നിന്നുകൊണ്ടു് അകത്തുനിന്നു വല്ല ശബ്ദവുമുണ്ടാകുന്നുണ്ടോ എന്നു സൂക്ഷിച്ചു. അവിടെ യാതൊരു ശബ്ദവുമുണ്ടായിരുന്നില്ല. പിന്നെ അയാളുടെ പിതാവെവിടെ ആയിരിക്കണം? വീട്ടിനുള്ളിൽ പ്രവേശിക്കണമെന്നുണ്ടെങ്കിൽ പ്രധാനമുറിയിൽ കൂടി വേണം. അതടച്ചിരിക്കുകയാണ്. ജനലുകളിൽ കൂടി കടക്കാൻ മോഹനസിംഗ് ഒരുമ്പെടുകയില്ല. കള്ളന്മാരെ പിടിച്ച അവസരത്തിൽ അയാൾ കൂടി അവിടെ ഉണ്ടായിരുന്നില്ല. പെട്ടെന്നു രഞ്ജിററിന് ഈ യുക്തി തോന്നി. അങ്ങനെ ഉള്ള രക്ഷാമാർഗ്ഗമില്ലാതെ ഒരു ജനലുണ്ടല്ലോ. അതു പ്രയോഗശാലയുടെ മദ്ധ്യഭാഗത്തുള്ള ജനലാണ്. ഈ കാര്യം അന്നു മനോമോഹനൻ പ്രസ്താവിച്ചതായി രഞ്ജിററു് ഓർക്കുന്നുണ്ട്. അയാൾക്കു് അതു് ഓർമ്മയുണ്ടെങ്കിൽ മോഹനസിംഗ് എന്തുകൊണ്ടു മറക്കണം? ഉടനെ തന്നെ രഞ്ജിററു് അങ്ങോട്ടോടി. അയാൾ അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച, കഷ്ടം! എങ്ങനെ വർണ്ണിക്കുന്നു. അയാളുടെ ഊഹം തെററിയില്ലെന്നു രഞ്ജിററിനു ബോദ്ധ്യപ്പെട്ടു. ആ പ്രയോഗശാലയിൽ ഒരു വൈദ്യുതദീപം പ്രകാശിക്കുന്നുണ്ടായിരുന്നു. അയാൾ ജനലിൽ കൂടി അകത്തേക്കു നോക്കിയപ്പോൾ ഒരാൾ ജനൽപ്പടിയിൽനിന്നു ചാടി മുറിക്കുള്ളിൽ മറയുന്നതു കണ്ടു. അതു് അയാളുടെ അഛനായിരുന്നു എന്നു തീരുമാനിക്കുന്നതിനു രഞ്ജിററിനു യാതൊരു യത്നവും ആവശ്യമില്ലായിരുന്നു. അയാളും ജനലിന്റെ പടിയിൽ കയറി. യന്ത്രങ്ങളുടെ മുൻഭാഗം കാണുന്നതിനായി അകത്തേക്കു ചാഞ്ഞുനിന്നു. രഞ്ജിററിന്റെ പിതാവ് അവിടെ എന്തു ചെയ്യുകയായിരുന്നു. അവിടെ മേശപ്പുറത്തു് ഒരുകെട്ടു സ്വർണ്ണക്കട്ടികൾ ഇട്ടിരുന്നു. അതിന്മേൽ ആ വൃദ്ധൻ കമന്നുകിടന്നു് ഓരോന്നു പറയുകയായിരുന്നു. അനന്തരം ആ സ്വർണ്ണക്കഷണങ്ങളിൽ ചുംബിച്ചു. എല്ലാം കൂടി വാരി മാറോടു ചേർത്തു് ഒന്നു ഭയങ്കരമായ വിധത്തിൽ പൊട്ടിച്ചിരിച്ചു. ഇങ്ങനെ അഞ്ചു മിനിട്ടു കഴിഞ്ഞു. എന്താ ചെയ്യേണ്ടതെന്നറിയാതെ രഞ്ജിററു് ആ സമയം മുഴുവനും ആ ജനലിൽ തന്നെ നിൽക്കുകയായിരുന്നു. പെട്ടെന്നു് അയാൾ വേറെ ഒരാളെ കൂടി അവിടെ കണ്ടു. രഞ്ജിററു് ഒന്നു നിലവിളിച്ചു. ആ അന്യൻ

മനോമോഹനൻ ആയിരുന്നു. അദ്ദേഹം ആ മുറിയുടെ ഒരു മൂലയിൽ നിൽക്കുകയായിരുന്നു. എവിടെ നിന്നാണ് അദ്ദേഹം അവിടെ വന്നുചേർന്നതെന്നു രഞ്ജിററിന് ഊഹിക്കാൻ കഴിഞ്ഞില്ല. അയാൾ അനങ്ങുകയാകട്ടെ സംസാരിക്കുകയാകട്ടേ ചെയ്തിരുന്നില്ല. രഞ്ജിററു കണ്ട മാത്രയിൽ തന്നെ മോഹനസിംഗും മനോമോഹനനെ കണ്ടു എന്നുള്ളതു തീർച്ച തന്നെ. എന്തുകൊണ്ടെന്നാൽ അയാൾ "പോടാ, പോടാ, നിന്നെ എനിക്കു പേടിയില്ല" എന്നു പറഞ്ഞു നിലവിളിച്ചുകൊണ്ട് ഒന്നു കൂടി മുറുകെ ആ സ്വർണ്ണക്കട്ടകളെ തഴുകുന്നതും രഞ്ജിററു കണ്ടു.

"കഷ്ടം! കഷ്ടം!! നിങ്ങൾ ഇത്ര നീചനായിപ്പോയല്ലൊ" എന്നു മാത്രം ഒടുവിൽ മനോമോഹനൻ പറഞ്ഞു.

മോഹനസിംഗ് ഇതിനൊരു മറുപടിയും പറഞ്ഞില്ല.

അയാൾ വീണ്ടും വീണ്ടും ആ കനകക്കട്ടകളെ ചുംബിച്ചുകൊണ്ടു കിടന്നതേ ഉള്ളു.

"വൃദ്ധനായ മോഹനസിംഗ്,! ഞാൻ തന്റെ മകളെ സ്നേഹിക്കുന്നു. അവൾക്കു വേണ്ടി ഞാൻ തന്നെ ഇപ്പോൾ ശിക്ഷിക്കുന്നില്ല. തന്റെ ഈ രഹസ്യം ഞാൻ ആരോടും പറയുകയുമില്ല. താൻ ഈ നിമിഷം ഇവിടെ നിന്നു പൊയ്ക്കൊള്ളണം. താൻ വന്നതുപോലെ പൊയ്ക്കൊള്ളു.

മനോമോഹനൻ ഒരടി മുന്നോട്ടു വന്ന് ആ സാധുവിനെ വെളിയിലേക്കു പറഞ്ഞയക്കാൻ ശ്രമിച്ചു. മറെറ ആളാകട്ടെ പെട്ടെന്നു മനോമോഹനന്റെ നേരെ ചീറുപ്പുലിയെപ്പോലെ ചാടി. ഇങ്ങിനെ ഒന്നു വരുമെന്നു മനോമോഹനൻ വിചാരിച്ചിരുന്നില്ല. അയാൾ താഴെയായും വൃദ്ധൻ മുകളിലായും തറയിൽ അതിശക്തിയോടു കൂടി വീണു. അടുത്ത നിമിഷത്തിൽ അയാൾ അരക്കെട്ടിൽ തിരുകിയിരുന്ന കത്തി വലിച്ചെടുത്തു വിടുർത്തു. ഇങ്ങിനെ ഒരു നിലയിലായിരുന്നെങ്കിലും സ്വബോധമുണ്ടായിരുന്ന മനോമോഹനൻ തൽക്ഷണം തന്നെ ആ കത്തി തട്ടിക്കളഞ്ഞു. ഉത്തരക്ഷണത്തിൽ രഞ്ജിററ് അവിടെ വന്നുചേർന്നു.

വളരെ പണിപ്പെട്ടു മനോമോഹനനെ വൃദ്ധനിൽനിന്നു മോചിപ്പിച്ചു.

മനോമോ—നിങ്ങളും ഇവിടെ വന്നോ? ഭയങ്കരം! ഭയങ്കരം! നിങ്ങൾ എങ്ങിനെ ഇവിടെ വന്നു?

രഞ്ജിററ്—ഞാൻ അച്ഛനെ പിന്തുടർന്നു. അദ്ദേഹം വെളിയിലേക്കു പോയതു ഞാൻ കണ്ടു.

മനോമോ—ഈ സാധു എന്നെ കൊന്നുകളയുമായിരുന്നു. ഇയാൾക്കു ഭ്രാന്താണ്. ഭ്രാന്തന്റെ ലക്ഷണങ്ങൾ പൂർണ്ണമായി ഈയാളിൽ കാണുന്നുണ്ട്.

അതിനെപ്പററി രഞ്ജിററിനു യാതൊരു സംശയവുമുണ്ടായിരുന്നില്ല. വൃദ്ധൻ ഇപ്പോൾ എഴുനീററിരിക്കുകയായിരുന്നു. അയാളുടെ മുഖം മുഴുവനും ഞൊറിഞ്ഞു മറിഞ്ഞു വിളറിയിരുന്നു. വായിൽനിന്നു പതയും മൂക്കിൽനിന്നു ചോരയും വന്നുകൊണ്ടിരുന്നു. എന്നിട്ടും അയാൾ ഉറക്കെ ചിരിച്ചു. അയാളുടെ നോട്ടം മുഴുവനും ആ സ്വർണ്ണക്കഷണങ്ങളിന്മേലായിരുന്നു. അയാളുടെ ഭയങ്കരമായ ചിരി ക്രൌര്യത്തെക്കാൾ ഭയങ്കരമായി അവക്കു തോന്നി.

മനോമോ—ഇയാളെ നാം എന്തു ചെയ്യണം? നമുക്കിയാളെ നിങ്ങളുടെ വീട്ടിലേക്കു കൊണ്ടുപോകാൻ നിവൃത്തിയില്ല. കമലം പരിഭ്രമിച്ചേക്കും.

രഞ്ജിററ്—നേരം വെളുക്കുന്നതുവരെ അച്ഛൻ ഇവിടെ താമസിക്കട്ടെ. അതാണ് നന്ന്.

മനോമോ—അതു മതി.

വലിച്ചും ഇഴച്ചും എടുത്തും അവർ അയാളെ ആ മുറിയിൽനിന്നു പ്രധാന ഗൃഹത്തിലേക്കു കൊണ്ടുപോയി. നേരം വെളുത്ത് അഞ്ചുമണിക്കു വൈദ്യനെ വിളിക്കാൻ രഞ്ജിററു പട്ടണത്തിലേക്കും ഈ ദുഃഖകരമായ സംഭവത്തെപ്പററി ചിന്തിക്കുന്നതിനു മനോമോഹനൻ അയാളുടെ സ്വന്തം മുറിയിലേക്കും പോയി.

## പതിനാലാം അദ്ധ്യായം

### കമലാഭായിയും പ്രതാപസിംഹം.

പിതാവായ മോഹനസിംഹിന്റെ വേർപാട് കമലയെ വ്യസനിപ്പിച്ചു എന്നു പറയാൻ പാടില്ല. അയാൾ പ്രവർത്തിച്ച നീചകൃത്യത്തെപ്പററി അവൾക്കൊന്നും അറിയാൻ പാടില്ലായിരുന്നു. അച്ഛനിൽ ഭ്രാന്തിന്റെ ലക്ഷണങ്ങൾ വ്യക്തമായി കണ്ടുതുടങ്ങിയിരിക്കുന്നുവെന്നും വൈദ്യന്റെ വീട്ടിൽ താമസിപ്പിക്കുന്നതു നന്നായിരിക്കുമെന്നു വിചാരിച്ചു താൻ അപ്രകാരം ചെയ്തിരിക്കുന്നു എന്നും, വെളിയിൽ നിർബാധമായി നടക്കുന്നതിന് അനുവദിക്കാൻ നിവൃത്തിയില്ലെന്നും രഞ്ജിററു പിറേറദിവസം രാവിലെ കമലയെ ധരിപ്പിച്ചു. ഈ സംഗതി കമലയ്ക്കു തന്നെ ബോദ്ധ്യമായിരുന്നതുകൊണ്ടും ഈയിട കുറെ നാളായി അച്ഛനിൽനിന്നു ചില ചില്ലറ ഉപദ്രവങ്ങൾ തുടരെ ഉണ്ടായിക്കൊണ്ടിരുന്നതുകൊണ്ടും കമലയ്ക്ക് ഈ വർത്തമാനം കുറച്ച് ആശ്വാസകരമായാണ് തോന്നിയത്. അവൾ സാധാരണപോലെ തന്നെ വിനോദിച്ചും ആശിച്ചും സങ്കല്പസൌഖ്യത്തിൽ സുഖിച്ചും മനോമോഹനനുമായി സ്വൈരസല്ലാപം ചെയ്ത് ആനന്ദിച്ചും അടുത്തു നടക്കാൻ പോകുന്ന തന്റെ കല്യാണകാര്യത്തെ ഓർത്താഹ്ളാദിച്ചും ദിവസങ്ങൾ കഴിച്ചുകൂട്ടി.

എന്നാൽ മനോമോഹനന്റെ സ്ഥിതി പരിതാപകരമായിരുന്നു. അദ്ദേഹത്തിന്റെ സ്വതേ തന്നെ വിളറിയിരുന്ന മുഖം ഇപ്പോൾ കുറേക്കൂടി വിളറി വശായിരിക്കുന്നു. കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവം അദ്ദേഹത്തെ ക്രമത്തിലധികം വേദനിപ്പിച്ചു. തന്റെ ധനം മൂലം പലർക്കും ദോഷങ്ങൾ സംഭവിക്കാനിടയുണ്ടെന്ന് അയാൾ എല്ലായ്പോഴും ഭയപ്പെട്ടുകൊണ്ടിരുന്നു. അങ്ങനെ വരാതിരിക്കാൻ മനുഷ്യനാൽ കഴിയുന്ന വിധത്തിൽ വേണ്ട മുൻകരുതലുകളും അയാൾ ചെയ്തിരുന്നു. അവയൊക്കെ ഇപ്പോൾ നിഷ്പ്രയോജനമായി ഭവിച്ചിരിക്കുന്നുവല്ലോ. മര്യാദയോടും സംതൃപ്തിയോടും കാലം കഴിച്ചിരുന്ന ഒരു വൃദ്ധൻ മോഷണത്തിനൊരുമ്പെട്ടു പണം കണ്ടു കണ്ടു മതിമറന്നു നീചകൃത്യത്തിന് ഒരുമ്പെട്ടതു കൂടാതെ സാധുവിനു ഭ്രാന്തും പിടിച്ചിരിക്കുന്നു. ഒരു കുടുംബത്തിന്റെ സുഖവും മാനവും—കഷ്ടം!—വീണ്ടെടുക്കാൻ പാടില്ലാത്ത വിധത്തിൽ നഷ്ടപ്പെട്ടുപോയല്ലോ. ഇതിനൊക്കെയും കാരണം തന്റെ ധനമാണെന്നു മനോമോഹനൻ ചിന്തിച്ചു ചിന്തിച്ചു മനസ്സിനെ പുണ്ണാക്കിക്കൊണ്ടിരുന്നു.

മോഹനസിംഹിന്റെ സുഖക്കേടിന്റെ വിവരം അറിഞ്ഞ് ആ ഗ്രാമത്തിലെ പ്രധാനപുരോഹിതൻ ഒരു ദിവസം കാലത്തെ മനോമോഹനനെ കാണാനായിട്ടു പുതിയ മന്ദിരത്തിലെത്തി.

വൃദ്ധനായ പുരോഹിതനെ കണ്ട മാത്രയിൽ മനോമോഹനൻ എഴുനേററു ഉപചാരം ചെയ്തു. പുരോഹിതന്റെ ഉത്സാഹവും പ്രസന്നവദനവും കണ്ടു മനോമോഹനൻ സ്വന്ത അസുഖത്തെ വിസ്മരിച്ചിട്ട് ഓരോ കാര്യങ്ങളെപ്പററി സംസാരിക്കാൻ തുടങ്ങി.

പുരോഹിതൻ—മിസ്റ്റർ മനോമോഹനൻ! നിങ്ങൾ എന്താണ് പറയുന്നത്. ആ സാധുവിന്റെ കാര്യം പരുങ്ങലിലാണെന്നാണോ? ശരിയായി ചികിത്സിച്ചാൽ ഗുണം കിട്ടുകയില്ലെന്നുണ്ടോ? ദൈവമേ! ഭ്രാന്താകും വരുത്തരുതെ! എനിക്ക് ഈയിട കുറെനാളായി ഇതിനെപ്പററി സംശയമുണ്ടായിരുന്നു. അയാളുടെ മൌനവും പണത്തിലുള്ള ആഗ്രഹവും ഭയങ്കരമായ നോട്ടവും എല്ലാം നല്ലതിനല്ലെന്നെനിക്ക് അയാളെ കാണുമ്പോഴൊക്കെ തോന്നാറുണ്ടായിരുന്നു.

മനോ—ആട്ടെ, രഞ്ജിററിനു സുഖം തന്നെയാണല്ലോ.

പുരോഹിതൻ—അയാളിലും കുറച്ചൊക്കെ ഭാവഭേദം ഈയിട കാണുന്നുണ്ട്. അയാളും സന്തോഷമില്ലാത്തവനെപ്പോലെ കാണപ്പെടുന്നു. മനോമോഹനൻ! ഞാൻ ഒന്നു രണ്ടു വാക്കുകൾ തുറന്നു പറയട്ടെ. മുഷിയരുത്. ഞാൻ ഒരു പുരോഹിതനാണ്. നിങ്ങളുടെ അച്ഛന്റെ പ്രായവും എനിക്കുണ്ട്. അതുകൊണ്ടു ഞാൻ നിങ്ങളെ ഗുണദോഷിക്കുന്നത് അവിവേകമായിപ്പോകയില്ലല്ലോ.

മനോ—എനിക്കു നിങ്ങളുടെ ഹൃദയനൈർമ്മല്യത്തെപ്പററി പൂർണ്ണബോദ്ധ്യമുണ്ട്.

പുരോ—എന്നാൽ പറയാം. നിങ്ങൾ ഒരു ധനവാൻ. നിങ്ങൾ ആ ധനത്തെ വേണ്ടവിധത്തിൽ വിനിയോഗിക്കുന്നുമുണ്ട്. നിങ്ങളെപ്പോലെ പരോപകാരാർത്ഥം പ്രവർത്തിക്കുന്ന ഒരാളിനെ ഞാൻ കണ്ടെത്തിയിട്ടുംമില്ല. പക്ഷെ നിങ്ങളുടെ ധനം നിങ്ങളുടെ ചുററുമുള്ളവക്ക ദോഷത്തെ ചെയ്യുന്നുവെന്ന നിങ്ങൾക്ക മനസ്സിലാകുന്നുണ്ടോ?

മദനാ—എനിക്ക ചിലപ്പോൾ അങ്ങനെ തോന്നാറുണ്ട്.

പുരോ—വൃദ്ധൻെറ കാര്യത്തെപ്പററി ശോചിക്കാനില്ല. എന്നാൽ രഞ്ജിററിൻെറ സ്ഥിതി അങ്ങനെയല്ല. അയാൾ ഒരൊന്നാന്തരം എഴുത്തുകാരനായിരുന്നു. ഈ വൃദ്ധനായ ഞാൻ പോലും അയാളുടെ കവിതാരസികത്വം അനുഭവിച്ചു തല കുലുക്കിപ്പോയിട്ടുണ്ട്. അയാൾ സംസാരിക്കുന്നതു് കേൾക്കുന്നത് എത്ര സുഖകരമായിരുന്നു. നീചവും നിന്ദ്യവുമായ ഒരു വിചാരം പോലും അയാളെ മലിനപ്പെടുത്തിയിരുന്നില്ല. എന്തൊരാദർശങ്ങൾ, എന്തൊരാശയങ്ങൾ. ഇനിക്ക സഹിക്കവയ്യാതെ കുണ്ഠിതമുണ്ടാകുമ്പോൾ ഞാനി രഞ്ജിററിൻെറ അടുക്കലേക്ക പോകും. അയാൾ സംസാരിക്കുന്നതു കേട്ടാൽ, ഈ ലോകത്തിലല്ലാ നാം ജീവിക്കുന്നതെന്നു നമുക്ക തോന്നിപ്പോകും. ഇപ്പോൾ ആ മട്ടൊക്കെ മാറി. അയാൾ ഒരു വെറും മൌനിയായിത്തീൎന്നിരിക്കുന്നു. അയാളുടെ സംഭാഷണവിഷയം ധനമാണ്. ധനംകൊണ്ടു് ഒരുത്തനുണ്ടാകുന്ന പ്രതാപവും, സുഖവുമെ അയാൾക്ക വിചാരമുള്ളു. എന്നു തന്നെയല്ല, സുഖാനുഭോഗിയും, അലസനുംകൂടി ആയിത്തീൎന്നിരിക്കുന്നു. സ്വല്പം അഹംഭാവവും ഇല്ലെന്നില്ല.

മദനാമോഹനൻ യാതൊന്നും പറഞ്ഞില്ല. അയാളുടെ ഹൃദയം അപ്പോൾ തകരുകയായിരുന്നു.

പുരോ—രഞ്ജിററിൻെറ സ്ഥിതി ഇങ്ങനെ ആയി. ഈ ഗ്രാമവാസികളെപ്പററി പറയുകയാണെങ്കിൽ അവിടേയും കനകംമൂലമുണ്ടായിട്ടുള്ള ആപത്തുകൾ പ്രത്യക്ഷമായിരിക്കുന്നു. നിങ്ങളുടെ ഔദാര്യം ചിലടത്തൊക്കെ വളരെ വലിയ ദോഷം ചെയ്തിട്ടുണ്ടു്. ചിലടത്തു പ്രത്യക്ഷപ്പെടാത്ത ദോഷങ്ങളെ ചെയ്തിട്ടുണ്ടു്. വേല ചെയ്യുന്നതിൽ അവൎക്ക താല്പൎയ്യമില്ലാതായിത്തീൎന്നിരിക്കുന്നു. സ്വാശ്രയശക്തി അവരിൽ നശിച്ചിരിക്കുന്നു. രണ്ടു ദിവസത്തിനു മുമ്പു ചപ്രൻെറ തൊഴുത്തു കാററുകൊണ്ടു മറിഞ്ഞുവീണു. ഇപ്പോഴും അതു് അതേ മട്ടിൽ കിടക്കുന്നു. മൂന്നു മാസത്തിനു മുമ്പായിരുന്നെങ്കിൽ അവൻ തന്നെ, ആ മാത്രയിൽ, ആ തൊഴുത്തു നേരെ ആക്കുമായിരുന്നു. അവൻ അങ്ങനെ ചെയ്യുന്നതു ഞാൻ ഈ കണ്ണുകൾകൊണ്ടു കണ്ടിട്ടുണ്ടു്. ഈ വൎത്തമാനം നിങ്ങൾ അറിഞ്ഞാൽ ഉടനെ കൂലിക്കാരെ അയച്ചു ശരിയാക്കിക്കൊടുക്കുമെന്നാണവൻെറ വിശ്വാസം. അതുപോലെ തന്നെ ഹവിൽദാർ രാജസിങ്ങ് എത്ര മൎയ്യാദക്കാരനായിരുന്നു. അയാളുടെ അദ്ധ്വാനംകൊണ്ടു് അയാളുടെ കുടുംബം കാലക്ഷേപം ചെയ്തിരുന്നു. കുറച്ചു കഷ്ടപ്പെട്ടാണ്, എങ്കിലും അന്ന് അവൎക്കൊക്കെ തൃപ്തിയുണ്ടായിരുന്നു. ഇപ്പോൾ അതൊക്കെ പോയി. ഇന്നു കാലത്തു ഞാൻ ഇതിലെ പോന്നപ്പോൾ അയാൾ ചാരായക്കടയിൽനിന്ന് ഇറങ്ങിവരുന്നു. ഇതിനൊക്കെ കാരണം നിങ്ങളുടെ പണമാണ്. അയാളുടെ ഭാൎയ്യക്ക സുഖക്കേടു വന്നപ്പോൾ നിങ്ങൾ വൈദ്യനെ പറഞ്ഞയച്ചു ചികിത്സിപ്പിക്കയും, വൎഷകാലത്തേക്ക 100 രൂപാ കൊടുക്കയും ചെയ്യാതിരുന്നുവെങ്കിൽ, അവർ ഇപ്പോൾ സൌഭാഗ്യത്തോടുകൂടി കാലം കഴിക്കുമായിരുന്നു. രാജസിങ്ങ് ചാരായക്കടയിൽ പോകുകയും ഇല്ലായിരുന്നു. ഇങ്ങനെ നിങ്ങളുടെ സഹായം ലഭിച്ചിട്ടില്ലാത്തവർ അസൂയാലുക്കളുമായിരിക്കുന്നു. മററവൎക്ക കൊടുത്തതുപോലെ തങ്ങൾക്കും കിട്ടാതിരുന്നതെന്തുകൊണ്ടെന്ന് അവർ ചോദിച്ചുതുടങ്ങിയിരിക്കുന്നു. നിങ്ങളെ ദൂഷ്യം പറയുന്നവരുമില്ലെന്നില്ല. ഹവിൽദാരുടെ വീട്ടിൽ നിങ്ങൾക്കിഷ്ടമാണെന്ന് ഇന്നലെ ഒരു ദ്രോഹി ഉറച്ചുപറയുന്നതു ഞാൻ കേട്ടു. നിങ്ങൾ മൂലം ഈ ഗ്രാമത്തിനുണ്ടായിട്ടുള്ള വിശേഷങ്ങൾ ഇവയൊക്കെയാണ്. അഷ്ടഗ്രാമവാസികൾ, ഔദാൎയ്യഹീനന്മാരാണെന്നു ഞാൻ ആക്ഷേപിക്കാറുണ്ടായിരുന്നു. എന്നാൽ ഔദാൎയ്യംകൊണ്ടു വരാവുന്ന ദോഷങ്ങൾ ഇപ്പോൾ മാത്രമെ എനിക്ക മനസ്സിലായുള്ളു.

മദനാമോ—സംഗതികളുടെ യാഥാൎത്ഥ്യം വെളിപ്പെടുത്തിത്തന്നതിൽ എനിക്ക വളരെ കൃതാൎത്ഥതയുണ്ടു്. ഭാവിയിൽ ഞാൻ കുറെക്കൂടി സൂക്ഷ്മമായി പെരുമാറിക്കൊള്ളാം.

പിന്നെയും ഓരോ കാൎയ്യങ്ങളെപ്പററി കുറച്ചുനേരം കൂടി സംസാരിച്ചിരുന്നതിന്റെ ശേഷം പുരോഹിതൻ സ്വഭവനത്തിലേക്കു മടങ്ങി. എന്നാൽ മനോമോഹനന്റെ അപ്പോഴത്തെ മനഃസ്ഥിതി എന്തായിരുന്നു? പുരോഹിതൻ പിരിയുന്നതു വരെ അയാൾ ശാന്തനായിരുന്നു. അയാളുടെ മുഖത്തു പറയത്തക്ക യാതൊരു ഭാവഭേദവും ഉണ്ടായിരുന്നില്ല. പുരോഹിതൻ പിരിഞ്ഞ ഉടനെ അദ്ദേഹം, അദ്ദേഹത്തിന്റെ മുറിക്കകത്തു പ്രവേശിച്ചു കട്ടിലിൽ വന്നു കിടന്ന് ഏങ്ങിക്കരയാൻ തുടങ്ങി. അയാളേക്കാൾ ഹൃദയവേദന അനുഭവിക്കുന്ന ഒരുവൻ അന്നു ലോകത്തിൽ ഉണ്ടായിരുന്നില്ല. നിശ്ചയം തന്നെ. അയാൾ കെട്ടി വന്നിരുന്ന കോട്ടകളെല്ലാം തകൎന്നു പോയിരിക്കുന്നു. ഈ അളവററ ധനം അയാൾ എങ്ങനെ വിനിയോഗിക്കും? നന്മ വിചാരിച്ചു പ്രവൎത്തിച്ചാൽ, തിന്മയായി കലാശിക്കുന്നു. അയാളോടടുക്കുന്നവരൊക്കെ നിൎഭാഗ്യവാന്മാരായിത്തീരുന്നു. എത്ര നല്ല ഉദ്ദേശ്യത്തോടു കൂടിയാണ് അയാൾ ഓരോ ധൎമ്മപ്രവൃത്തികൾ ചെയ്തതു്? അതു മൂലം, ആ നാട്ടുകാർ നശിക്കാൻ പോകുന്നു എന്നല്ലേ പുരോഹിതൻ പറഞ്ഞതു്? ഈ നിസ്സാരകാൎയ്യങ്ങളുടെ ഫലം ഇങ്ങനെ ആയാൽ, വലിയ കാൎയ്യങ്ങൾ എങ്ങനെ അവസാനിക്കും. അയാളുടെ നിശ്ചയത്തിന്റെ ദൃഢതയൊക്കെ പോയിരിക്കുന്നു. കാൎയ്യകാരണങ്ങളുടെ യഥാൎത്ഥസ്ഥിതിക്കു ഭേദം വരാത്ത വിധത്തിൽ, ഒരു സാധുവിനെ സഹായിക്കുന്നതിനു തനിക്കു സാധിക്കാതെ വരുമ്പോൾ, ലോകത്തിൽ നിന്നു കഷ്ടപ്പാടുകളെ ബഹിഷ്കരിച്ചു കളയാമെന്നുള്ള തന്റെ ആശ എത്ര ബുദ്ധിഹീനമായിരിക്കുന്നു. താൻ ഏൎപ്പെടാൻ നിശ്ചയിച്ചിരുന്ന കാൎയ്യങ്ങൾ അശുഭമായി പൎയ്യവസാനിക്കുകയാണെങ്കിൽ ലോകത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്നു വിചാരിച്ച് അയാൾ പരിഭ്രമിച്ചു. ദൈവനീതിക്കു ശരിയായ ഒരു നീതി ലോകത്തിലില്ല. അതിനു വ്യത്യാസം വരുത്തുന്നതിനു, കോടികോടീശ്വരന്മാർ വിചാരിച്ചാൽ പോലും സാധിക്കുകയില്ല. താൻ ലോകത്തിന്റെ രക്ഷിതാവായിരിക്കാൻ ആഗ്രഹിച്ചു. തന്റെ അനുഭവം എന്താണ്? ഇല്ലാതിരുന്ന ദുരിതമൊക്കെ ഉണ്ടാക്കി. ഇതാണ് തന്റെ ദീൎഘകാലത്തെ പ്രയത്നഫലം. "അസാദ്ധ്യമായുള്ളതിലാശവെച്ചാൽ, അസഹ്യമായുള്ളൊരു ദുഃഖമുണ്ടാം". അതുകൊണ്ടു ലോകത്തെ രക്ഷിക്കാൻ പുറപ്പെടേണ്ടുന്ന ആവശ്യം ഇല്ല. എല്ലാം ദൈവനീതി പോലെ നടക്കട്ടെ. മനോമോഹനന്റെ വിചാരം ഈ പതനത്തിൽ എത്തിയപ്പോൾ, അയാൾക്കു കുറച്ചു സമാധാനമുണ്ടായി. അയാൾ ഉടനെ എഴുനീററു മുഖം കഴുകി തിരിച്ചുവന്നു. എല്ലാവരും സമ്മതിച്ചിട്ടുള്ള ചില വഴികളിൽ കൂടി തനിക്കു ശ്രമിച്ചാൽ എന്താണ്? അതു പ്രകൃതിയുടെ നിയമമല്ല മനുഷ്യനിയമമാണ്. മനുഷ്യന്റെ നിയമം മാററാൻ മനുഷ്യൎക്ക് അധികാരമുണ്ടു്. മനുഷ്യർ അഴുക്കുപ്രദേശങ്ങളിൽ താമസിച്ചും, പട്ടിണി കിടന്നും കഷ്ടപ്പെടണമെന്നു ദൈവത്തിനു് ഉദ്ദേശമില്ല അതു മനുഷ്യപ്രവൃത്തി ആകുന്നു. അതിനു പരിഹാരം കണ്ടുപിടിക്കുന്നതിനു മനുഷ്യനു് അധികാരവും ഉണ്ടു്. തന്റെ ഉദ്ദേശങ്ങൾ ഇവയൊക്കെ ആണല്ലോ. ഇവയൊക്കെ ശുഭകരമായി പൎയ്യവസാനിക്കാൻ പാടില്ലെന്നുണ്ടോ? തന്നോടു കൂടി ഇടപെടുന്നവരൊക്കെ നിൎഭാഗ്യവാന്മാരായിത്തീരുന്നു എന്നുള്ളതിനു യാതൊരു വാസ്തവവും ഇല്ല. കമലത്തിനെ തന്നെ ഉദാഹരണമായിട്ടെടുക്കാം. അവളെപ്പോലെ തന്നെ അറിഞ്ഞിട്ടുള്ളവർ ഇല്ല തന്നെ. എന്നിട്ടും അവൾ ഭാഗ്യവതിയും സത്യവതിയും ആയിരിക്കുന്നു. തന്നോട് ഇടപെട്ടതുകൊണ്ടു് അവൾക്കു യാതൊരു ദോഷവും വന്നിട്ടില്ല. അവൾ കുലീനയാണ്. സത്യവതിയാണ്. സഹൃദയഹൃദയാഹ്ലാദയാണ്. അവളെ കാണുന്നതും അവളോടു സംസാരിക്കുന്നതും എത്ര പരമാനന്ദമായിരിക്കുന്നു. "ഹൃദയകാപട്യമില്ലാത്തവരോടു ചെരുമാറുന്നതിൽ പരം സുഖകരമായ് ഒരു കാൎയ്യം ഇല്ലെന്നല്ലേ കവി പാടുന്നതു്". ഇങ്ങനെ വിചാരിച്ചു മനോമോഹനൻ അതിവേഗത്തിൽ കമല താമസിക്കുന്ന വീട്ടിലേക്കു പോയി.

വൎഷകാലം അവസാനിച്ചിരിക്കുന്നു. വൃക്ഷങ്ങൾ പുതുമോടിയോടു കൂടി തഴച്ചു വളരുന്നു. പൂന്തോട്ടമെങ്ങും പൂക്കളെക്കൊണ്ടു മനോഹരമായിരിക്കുന്നു. കറുത്തിരുണ്ടു തഴച്ചു വളരുന്ന വൃക്ഷങ്ങളിലും പുഷ്പവാടിയിലും തട്ടി

വന്ന കാററു് അയാളുടെ ദേഹത്തിനേയും മനസ്സിനേയും കുളുൎപ്പിച്ചു. അയാളുടെ മുമ്പിലായി സ്ഥിതിചെയ്തിരുന്ന അനേകം ഭവനങ്ങളിൽനിന്നു സന്തോഷസൂചകമായ ഗീതങ്ങൾ പ്രവഹിച്ചിരുന്നതിനെ കേട്ടു് അയാൾ സന്തോഷിച്ചു. അവർ എത്ര ഉത്സാഹമായ വിധത്തിൽ കാലയാപനം ചെയ്യുന്നു. ജീവിതം ഒരനുഗ്രഹമായി അവർ കരുതുന്നുണ്ടായിരിക്കണം. അടുത്ത നിമിഷത്തിൽ തന്നെ ആ ഭവനങ്ങളിൽ ചിലതിൽ കുടികൊള്ളുന്ന ദുരിതവും കഷ്ടാരിഷ്ടതയും അയാൾ ഓൎത്തു. ഹാ! അവയൊക്കെ ആ ഭവനങ്ങളിൽനിന്നു് അകററപ്പെട്ടാൽ അവയും സന്തോഷത്തിനു് ഇരിപ്പിടമായിത്തീരുകയില്ലയോ? അതിനായി താൻ എന്തു ചെയ്യണം? ദോഷം വരികയും അരുതു്. ഇങ്ങനെ ഓരോന്നു വിചാരിച്ചുകൊണ്ടു മനോമോഹനൻ കമലയുടെ അടുക്കൽ എത്തി. അപ്പോൾ അവൾ മാത്രമെ അവിടെ ഉണ്ടായിരുന്നുള്ളു. രഞ്ജിററു് വെളിയിൽ എവിടെയോ പോയിരിക്കയായിരുന്നു. കമലം അവളുടെ കാമുകനെ കണ്ടു ചാടിഎഴുനേററു് അദ്ദേഹത്തെ സ്വീകരിക്കാൻ തയാറായി നിന്നു.

മനോമോ—രഞ്ജിററു് എവിടെപ്പോയി? കമലം തന്നെയേ ഉള്ളോ ഇവിടെ?

കമലം—രഞ്ജിററിനെ കണ്ടില്ല. അഛന്റെ സുഖക്കേടു് എങ്ങനെയിരിക്കുന്നു എന്നറിയാമോ?

അവൾക്കു വളരെ അസുഖമുണ്ടെന്നു മനോമോഹനനു തോന്നി. "ഇത്ര [illegible]പ്പെടാനുണ്ടോ? വരുന്നതൊക്കെ നാം അനുഭവിക്കേണ്ടേ? നിന്റെ അഛനെപ്പററി ഭയപ്പെടേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല" എന്നു മനോമോഹനൻ പറഞ്ഞു.

കമലം—ഇതൊക്കെ എത്ര ക്ഷണം നടന്നു. ഞാൻ എഴുനേൽക്കുന്നതിനു മുമ്പു തന്നെ അവർ അങ്ങോട്ടേക്കു പോന്നു.

മനോമോ—അവർ കുറച്ചു നേരത്തെ അവിടെ വന്നു.

കമലം—എന്താ ഇന്നു മുഖം വല്ലാതെ ഇരിക്കുന്നല്ലോ? നിങ്ങൾക്കും മനസ്സുഖം ഇല്ലെന്നുണ്ടോ?

മനോമോ—സാരമില്ല. നമ്മുടെ പുരോഹിതനുമായി ഇന്നു കുറച്ചു സംസാരിക്കേണ്ടിവന്നു. ആകപ്പാടെ സംഭാഷണം സുഖകരമായില്ലെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

കമലം ഒന്നു ഞെട്ടി. അവളുടെ മുഖത്തു രക്തമയം തീരെ ഇല്ലാതായി. "പുരോഹിതനുമായി സംസാരിച്ചെന്നോ? സുൽത്താന്റെ രഹസ്യം മനോമോഹനനു മനസ്സിലായോ"? എന്നവൾ വിചാരിച്ചു. "എന്നിട്ടു്" എന്നവൾ ആൎത്തിയോടു കൂടി ചോദിച്ചു.

മനോമോ—ഞാൻ ചെയ്തതൊക്കെ അസ്ഥാനത്തിലായിപ്പോയി എന്നും ഞാൻ മൂലം ഈ ഗ്രാമത്തിലൊക്കെ നന്മയേക്കാൾ അധികം തിന്മയുണ്ടായിരിക്കുന്നു എന്നും എന്നോടു് ഇടപെടുന്നവൎക്കൊക്കെ നിർഭാഗ്യമാണു് ഫലമെന്നുമാണു് അദ്ദേഹം പറഞ്ഞതിന്റെ താല്പൎയ്യം.

കമലം—ആശ്വാസത്തോടു കൂടി—അത്രയെ ഉള്ളോ, സാരമില്ല. വല്ലവരും വല്ലതുമൊക്കെ പറയും. അതൊക്കെ കേട്ടു ഭ്രമിക്കാറുണ്ടോ? അദ്ദേഹം പറഞ്ഞതാണു് അസ്ഥാനത്തിലായിപ്പോയതെന്നു പ്രഥമദൃഷ്ടിയിൽ കാണാമല്ലോ. നിങ്ങൾ വന്നില്ലായിരുന്നു എങ്കിൽ അനേകം കുടുംബങ്ങൾ തെണ്ടിപ്പോകുമായിരുന്നു എന്നു പലൎക്കും അറിയാവുന്ന കാൎയ്യമാണു്. നിങ്ങളോടു് ഇടപെട്ടതുകൊണ്ടു് അവൎക്കു് എന്തു ദോഷമാണു് വന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല.

മനോമോ—അതൊക്കെ പോകട്ടെ. രഞ്ജിററിന്റെ ലോകരഹസ്യം പൂൎത്തിയായോ?

കമലം—ജ്യേഷ്ഠൻ ഈയിടെ വലിയ മടിയനായിരിക്കയാണു്. വല്ലതും എഴുതിയിട്ടും വായിച്ചിട്ടും ഏകദേശം ഒരു മാസം കഴിഞ്ഞിരിക്കുമെന്നു തോന്നുന്നുണ്ടു്. അതാ നിങ്ങളുടെ മുഖം പിന്നെയും ചിന്തയായല്ലോ. പെണ്ണുങ്ങളോടു സംസാരിക്കുമ്പോൾ ചിരിച്ചുകൊണ്ടു വേണമെന്നു് അറിയാൻ പാടില്ലേ? എന്നു കമലം നേരംപോക്കായി ചോദിച്ചു.

മനോമോ—ആകട്ടെ, എന്നെക്കൊണ്ടു യാതൊരുപദ്രവവും ഉണ്ടാകാതെ തങ്കം നീ ഒരുത്തിയെങ്കിലും ഉണ്ടല്ലോ. അതു് എനിക്കു സമാധാനകരമാണു്.

കമലം—എന്തൊന്നാ പറയുന്നതു് എന്നു് അവൾ ആക്ഷേപിച്ചു.

മനോമോ—ഇതും. വിസ്മയകരമായിരിക്കുന്നു. ഞാൻ ഇവിടെ വരുന്നതുവരെ പല സുന്ദരികളുമായി പരിചയപ്പെട്ടിട്ടുണ്ടു്. എന്നാൽ അവരെ ആരെയും സ്നേഹിക്കുന്നതിനു് എനിക്കു ക

[illegible]

ളും കലശലായി അമ്പരന്നുപോയി. കമലം വളരെ പണിപ്പെട്ടു പ്രതാപനിൽനിന്ന് ഒഴിഞ്ഞു.

കമലം—മിസ്റ്റർ പ്രതാപസിംഗ്, നിങ്ങൾക്ക് എൻെറ എഴുത്തു കിട്ടിയില്ലയോ?

പ്രതാ—എനിക്ക് എഴുത്തും കിട്ടിയില്ല, ഒന്നും കിട്ടിയില്ല. അതു തിരിച്ചു വന്നുകൊള്ളും.

മനോ—നിങ്ങൾ കമലാഭായിയെ കല്യാണം കഴിക്കുവാൻ നിശ്ചയിച്ചിരിക്കുകയാണോ?

പ്രതാ—തീർച്ചയായിട്ടും. ഞാൻ ഇപ്പോൾ ഇവിടെ വന്നുചേർന്നതേയുള്ളു. ഒരു മാസത്തിനകം ഞങ്ങളുടെ കല്യാണം നടക്കും. എനിക്കൊരുദ്യോഗം കിട്ടാതിരുന്നതുകൊണ്ടാണ് ഞാൻ ഇതുവരെയും ക്ഷമിച്ചതു്.

മനോ—ഒന്നു കൂടി ചോദിച്ചുകൊള്ളട്ടെ. തെററി ധരിക്കരുത്. മിസ്റ്റർ രഞ്ചിററിന് ഈ വിവരം അറിയാമോ?

പ്രതാ—ഞാൻ ഇവിടെനിന്നു പോയപ്പോൾ എല്ലാ വിവരവും രഞ്ചിററിനോടു പറഞ്ഞിട്ടുണ്ടായിരുന്നു. പക്ഷെ നിങ്ങൾ ഇതൊക്കെ ചോദിക്കുന്നതെന്തിനായിട്ടാണ്.?

"അല്ലാ, കമലം! നീ എന്താണ് വല്ലാതെയിരിക്കുന്നതു്?"

പിന്നീട് ഒന്നും പറയാതെ മനോമോഹനൻ അവിടെ നിന്ന് ഇറങ്ങിപ്പോയി.

പ്രതാ—എന്താ ഇതു്? ഈ ആൾ ഏതാ? നീ എന്താണ് മിണ്ടാതെ നിൽക്കുന്നതു്?

കമലം അടുത്തു കിടന്ന ഒരു കസേരമേൽ പോയി കിടന്നു. അഞ്ചു മിനിററു കഴിഞ്ഞിട്ടും പ്രതാപസിംഗിൻെറ ചോദ്യത്തിന് ഉത്തരം പറഞ്ഞില്ല.

പ്രതാ—എന്താ, എന്നോടു പിണക്കമാണെന്നുണ്ടോ? എന്തോ ഒരെഴുത്തിൻെറ കാര്യം പറഞ്ഞല്ലോ. എന്തോന്നായിരുന്നു ആ എഴുത്തു്?

കമലം—നിങ്ങളെ എനിക്കു കല്യാണം കഴിക്കുന്നതിനു നിവൃത്തിയില്ലെന്നായിരുന്നു ആ എഴുത്തിൻെറ താല്പര്യം. ഇവിടെനിന്ന് എഴുന്നേററുപോയ ആളിൻെറ പേർ മനോമോഹനൻ എന്നാണ്. അദ്ദേഹത്തെ ഞാൻ സ്നേഹിക്കുന്നു. അദ്ദേഹത്തിൻെറ ഭ[illegible] കാൻ ഞാൻ ആഗ്രഹിക്കുന്നു. അ[illegible] കം താമസിയാതെ ഞാൻ അദ്ദേ

ത്തെ വിവാഹം ചെയ്യുമായിരുന്നു. എന്നാൽ നിങ്ങൾ കാരണം അതൊക്കെ തെററിയിരിക്കുന്നു. നിങ്ങൾ ഇപ്പോൾ എന്തിനാണ് ഇങ്ങോട്ടു വന്നതു്? നിങ്ങളെ ഞാൻ വെറുക്കുന്നു. എൻെറ ജീവിതത്തെ നശിപ്പിച്ചതു നിങ്ങളാണെന്നു ഞാൻ എപ്പോഴും ഓക്കുന്നതാണ്. നിങ്ങൾ പൊയ്ക്കൊൾക. ഇനി നാം തമ്മിൽ കാണരുതു്.

പ്രതാ—ഇതാണോ [illegible] സാനമറുപടി.

കമലം—ഇതാണ [illegible] നമായി നിങ്ങളേ [illegible] തു്.

പ്രതാപൻ [illegible] ടെ താമസിച്ചു. അ[illegible] അയാൾ അപ്പോൾ ത[illegible] ക്കു പോയി.

## പതിനഞ്ചാം അദ്ധ്യായം.

### അവസാനം.

നേരം വളരെ രാത്രിയായി. എന്നിട്ടും കമലാഭായിയാകട്ടെ രഞ്ചിററാകട്ടെ ഉറങ്ങിയിട്ടില്ല. രഞ്ചിററു ചിന്താമഗ്നനായി മൌനവ്രതം ആചരിച്ചു് ഒരു മൂലയിൽ ഇരിക്കുന്നുണ്ടായിരുന്നു. കമലയുടെ കണ്ണും മുഖവും വളരെ [illegible]ച്ചിരുന്നു. അവൾ ചിലപ്പോൾ അങ്ങോട്ടുമിങ്ങോട്ടും നടക്കും. ചിലപ്പോൾ കിടക്കും. ചിലപ്പോൾ കസേരയിൽ ചെന്നിരിക്കും. അവളുടെ കഠിനമായ ഇച്ഛാഭംഗത്തെ അടക്കുന്നതിനായി അവൾ അശേഷം ശ്രമിച്ചിരുന്നില്ല. അവളുടെ കണ്ണുകൾ കണ്ടിരുന്നു എങ്കിലും കണ്ണുനീരിൻെറ ഛായപോലും അവിടെ ഇല്ലായിരുന്നു. അവിടുത്തെ ആ പരിതാപകരമായ സ്ഥിതിക്കു് എന്തെങ്കിലും പരിഹാരമുണ്ടാക്കുന്നതിനു മങ്ങിക്കത്തിക്കൊണ്ടിരുന്ന [illegible] വിളക്കിനും സാധിച്ചിരുന്നില്ല. [illegible]ദനെ വെളുപ്പാൻകാലം [illegible] വരെ കഴിഞ്ഞു. അപ്പോൾ [illegible]ത്തിലെ വേലക്കാരൻ [illegible] അവിടെ വന്നു. അവൻ [illegible]ണ്ടതു കമലാഭായിയെ [illegible] [ര]ഞ്ചിററ്‌സിംഹിനെ വി[illegible]ൽ കൊള്ളാമെന്നു് അവളെ അറി[യി]ച്ചു. അപ്പോൾ തന്നെ രഞ്ചിററ്‌സി[illegible] വെളിയിലേക്കു വന്നു.

[illegible] സോബ്രാജ്! പുതിയ മന്ദിരത്തിൽ [illegible] വിശേഷവുമുണ്ടോ?

സോബ്രാജ്—ഒന്നവിടം വരെ വ[illegible]ള്ളാമായിരുന്നു. യജമാ[illegible]ില്ല. പ്രയോഗശാലയി[illegible] കേറി[illegible]പ്പാകുന്നതു കണ്ടു. കത[illegible] പൂട്ടിയിരിക്കുന്നു. ഇ[illegible]യിലേക്കു വന്നിട്ടില്ല. [illegible]യാമോ?

അപ്പോഴേക്കു രഞ്ചിററും സോബ്രാജും പടി കടന്നിരിക്കുന്നു. അവർ അതിവേഗത്തിൽ പുതിയ മന്ദിരത്തിലെത്തി.

സോബ്രാജ്—ഇനി എന്താണ് ചെയ്യേണ്ടതു. യജമാനൻെറ ഇന്നത്തെ മട്ടു കണ്ടിട്ടു ഞങ്ങൾക്കൊക്കെയും ഇന്നു വളരെ ഭയമായിരിക്കുന്നു. വെളിയിൽ പോയിട്ടു തിരിച്ചുവന്നപ്പോൾ ഒരു ഭ്രാന്തനാണോ എന്നു [illegible]പ്പോയി. ചിലപ്പോഴൊക്കെ തന്നത്താൻ സംസാരിച്ചുകൊണ്ടിരിക്കും. ചിലപ്പോൾ എന്തു തന്നെ ചോദിച്ചാലും ഉത്തരം പറയുകയില്ല. ഞങ്ങളുടെ നേരെ തുറിച്ചു നോക്കിക്കൊണ്ടിരിക്കും. പിന്നെ കുറേ നേരം നടക്കും. ഇന്നു് ഒരു വസ്തു കഴിച്ചിട്ടില്ല. വൈകാറായപ്പോൾ കാഷ്ഠബംഗ്ലാവിലേക്കു കടന്നു് അലമാരി തുറന്നു രത്നങ്ങളെല്ലാം വാരി എടുത്തു. അതുംകൊണ്ടു പ്രയോഗശാലയിലേക്കു പോയി. ഇതുവരെയും തിരിച്ചുവന്നിട്ടില്ല. സാധാരണയിൽ കവിഞ്ഞു ശബ്ദവും, ബഹളവും പ്രയോഗശാലയിൽ കുറേനേരം കേട്ടുകൊണ്ടിരുന്നു. അർദ്ധരാത്രി കഴിയുന്നതുവരെ കുറേശ്ശ ശബ്ദമുണ്ടായിരുന്നു. ഇപ്പോൾ ശബ്ദവും ഇല്ല. കുഴലിൽ കൂടി പുക[illegible]ല്ല. ഞങ്ങൾ കത[illegible]ട്ട[illegible]റക്കെ വിളിച്ചു. അകത്തു[illegible] ശബ്ദവും ഉണ്ടായില്ല ഗൊ[illegible] ലീസുകാരനെ വിളിക്കുവാൻ[illegible]ട്ടുണ്ടു്.

അനന്തരം അവർ രണ്ടുപേര[illegible]ടി പ്രയോഗശാലയിലേക്കു [illegible] അവിടെ അവിടവിടെയായി[illegible]ക്കാർ കൂട്ടം കൂടി നിൽക്കുന്നു[illegible]

...ാമസിയാതെ പോ
... അയാൾ താക്കോ
... ഉള്ളിലേക്കു നോ
...ൻ പാടില്ല. വെ
...തകു വെട്ടിപ്പൊ
...ന്നും വരുന്നില്ല
...ലീസുകാരൻ രഞ്ജി
...ന ...ത്തം ചോദിച്ചു. അ
... ന്ന് എന്നു രഞ്ജിററു് ഉത്ത
രം ... ത്തു. ഉടനെ വേലക്കാർ വ
ളരെ പണിപ്പെട്ടു, കതകു പൊളിച്ചു
മാററി. എല്ലാവരും കൂടി പ്രയോഗ
ശാലയ്ക്കുള്ളിൽ കടന്നു. അവിടെ ന
ടുക്കായി ഏകദേശം മച്ചിനോടു മുട്ട
ത്തക്കവിധത്തിൽ ചാമ്പൽ കിടന്നിരു
ന്നു. അടുത്തു തന്നെ അനേകം സാധ
നങ്ങൾ പൊട്ടിയും പൊട്ടാതെയും മ
റിഞ്ഞും തിരിഞ്ഞും അവിടവിടെയാ
യി കിടന്നിരുന്നു. എന്തോ കഠിനമാ
യ ഒരു ഗന്ധവും ആ മുറിയിൽ സർവ്വ
ത്ര വ്യാപിച്ചിരുന്നു. അവിടെ ഒരു
മൂലയിലായി ജോലി ചെയ്തു ക്ഷീണി
ച്ചു വിശ്രമമെടുക്കുന്ന ഒരാളെപ്പോലെ
മനോമോഹനൻ ഒരു കസേരയിൽ
കൈ... കെട്ടി മലർന്നു കിടന്നിരു
ന്നു. അയാളുടെ മുഖത്തു മൃത്യുദേവത
പ്രവേശിച്ചിരിക്കുന്നു. അതേ, സൂക്ഷ്മ
മായി പരിശോധിച്ചപ്പോൾ ആ
ഹർമ്മ്യത്തിന്റെ ഉടമസ്ഥനായ കോ
ടീശ്വരൻ മരിച്ചിരിക്കുന്നതായി അ
വർക്കു ബോദ്ധ്യപ്പെട്ടു. അയാളുടെ മു
ഖത്തിന്റെ ശാന്തതയും, ചിരിപ്പും,
ഭാവവും കണ്ടാൽ അയാൾ മരിച്ചിരി
ക്കുന്നു എന്നു് ഒരുവിധത്തിലും ഊ
ഹിക്കാൻ പാടില്ലായിരുന്നു. ഭക്തി
യോടും, ദുഃഖത്തോടും അവർ ആ മ
ഹാമനസ്സിന്റെ മൃതശരീരം പ്രധാന
മുറിയിലേക്കു് എടുത്തുകൊണ്ടുപോയി.
രഞ്ജിററും പോലീസുകാരനും ആ പ്ര
യോഗശാലയിൽ തന്നെ നിന്നു. ത
ന്റെ മുമ്പാകെ കൂടിക്കിടന്നിരുന്ന ചാ
മ്പലും അവശിഷ്ടങ്ങളും കണ്ടു സ്വ
... ...പ്പോലെ രഞ്ജിററു
...ങ്ങോട്ടും ഇങ്ങോട്ടും ലാ
...രുന്നു ഒരു വലിയ കോ
...ലത്തു കിടന്നിരുന്നു. ആ മു
...ും അടുത്ത മുറിക്കകത്തും ശേ
...ന്ന സ്വർണ്ണക്കട്ടകൾ മുഴുവ
...ശക്തികൊണ്ടു ചാരമാക്കിയ
...ഷം യന്ത്രങ്ങളെ ഈ കോടാ
...ണ്ടു നശിപ്പിച്ചു എന്നവർ ഊ
അനവധി റാത്തൽ സ്വർണ്ണം

ശേഖരിച്ചിട്ടിരുന്ന ആ മുറിയിൽ ചാ
രമല്ലാതെ വേറെ ഒന്നും ഇല്ലായിരു
ന്നു. ഒരു പ്രത്യേകരീതിയിൽ വിദ്യു
ച്ഛക്തി പ്രയോഗിച്ചാൽ സ്വർണ്ണം ചാ
മ്പലാക്കാമെന്നു മനോമോഹനൻ പ
റഞ്ഞിട്ടുണ്ടായിരുന്നതു രഞ്ജിററിനി
പ്പോൾ ബോദ്ധ്യമായി. ആ മുറിക്കക
ത്തുണ്ടായിരുന്ന ഏതെങ്കിലും ഒരു സാ
ധനത്തിനെങ്കിലും അററകുററം സംഭ
വിക്കാതിരുന്നില്ല. മനോമോഹനന്റെ
ആ ദിവസത്തെ അദ്ധ്വാനം ഏററവും
കഠിനമായിരുന്നു എന്നു് അവർക്കു ബോ
ദ്ധ്യപ്പെട്ടു. പെട്ടെന്നു രഞ്ജിററു മനോ
മോഹനന്റെ രഹസ്യം രേഖപ്പെടു
ത്തി സൂക്ഷിച്ചിരുന്ന പെട്ടിയുടെയും
പെട്ടകത്തിന്റെയും കാര്യം ഓർത്തു. ക
നകനിർമ്മാണവിഷയത്തെപ്പററി ബാ
ക്കി അറിവാനുണ്ടായ കാര്യങ്ങൾ ആ
പെട്ടിയിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നു.
അതു തീച്ചയായിട്ടും നശിപ്പിച്ചിരിക്ക
യില്ല. അയാൾ വിറച്ചുംകൊണ്ടു പെ
ട്ടി തുറന്നു് ആ ദന്തപെട്ടകം വെളിയി
ലേക്കെടുത്തു. അതു പൂട്ടിയിരുന്നു എ
ങ്കിലും താക്കോൽ പൂട്ടിൽ തന്നെ ഉ
ണ്ടായിരുന്നു. അയാൾ സംഭ്രമത്തോടു
കൂടി അതു തുറന്നു നോക്കിയപ്പോൾ
അയാളുടെ പേരെഴുതിയിരുന്ന ഒരു
കടലാസുകഷണം കണ്ടെത്തി. വിറയ്ക്കു
ന്ന കൈകൊണ്ടു് എഴുത്തു പൊട്ടിച്ചു.
മനോമോഹനന്റെ നില തനിക്കു കി
ട്ടുവാൻപോകുന്നുവോ, അതോ മുന്നേ
പ്പോലെ തന്നെ സാധുവായ ഒരെഴു
ത്തുകാരനെപ്പോലെ ആജീവനാന്തം ക
ഴിച്ചുകൂട്ടണമോ? ആ എഴുത്തു് ഇപ്ര
കാരമായിരുന്നു:—“എന്റെ പ്രിയപ്പെ
ട്ട രഞ്ജിററു്! എന്റെ രഹസ്യം ഇനി
പ്രയോഗിക്കാൻ പാടില്ല. മുഴുവൻ
സംഗതികളും നിങ്ങളോടു പറഞ്ഞില്ല
ല്ലോ എന്നു വിചാരിച്ചു് എനിക്കു ...
ളരെ സമാധാനമുണ്ടു്. അന്ന് ...
ഹസ്യം മുഴുവനും നിങ്ങളോടു ...
ഞ്ഞിരുന്നു എങ്കിൽ നിങ്ങളുടെ ...
എന്തായിരുന്നേനേ? നിങ്ങളും ...
ളോടിടപെടുന്നവരും ദുരിത...
ത്തിൽ നിശ്ചയമായും നിമഗ്ന...
യിരുന്നു. അതിനിട വരുത്ത...
ദൈവം കാരുണ്യമുള്ളവനാ...
തിനു സംശയമില്ല. ഈ വിദ്യ ക...
ടിച്ചതിൽ പിന്നെ ഒരു നിമിഷം ...
ലും എനിക്കു സുഖമുണ്ടായിട്ടില്ല. ...
എന്തെങ്കിലും നന്മ ചെയ്യുന്നുണ്ടെന്ന...
ബോധം എനിക്കുണ്ടായിരുന്നെങ്ക...

സ്വല്പം സമാധാനമുണ്ടാകുമായിരുന്നു. എന്നാൽ എൻെറ ധനം പരിശ്രമശീലന്മാരെ മടിയന്മാരാക്കി, സന്തുഷ്ടന്മാരെ ദുരാഗ്രഹികളാക്കി, അതിലൊക്കയും കഷ്ടം — കഷ്ടം — പാവനയായ ഒരു പെൺകുട്ടിയെ ചതിവും സൂത്രവും പഠിപ്പിച്ചു. ഇങ്ങനെ ഉള്ള ഫലങ്ങളാണ് എൻെറ ചില്ലറപ്രവൃത്തികളിൽനിന്ന് ഉണ്ടാകുന്നതെങ്കിൽ നാം ആലോചിച്ചു തീർച്ചപ്പെടുത്തിയിട്ടുള്ള വലിയ വലിയ കാര്യങ്ങളുടെ അവസാനം എത്രമാത്രം കഷ്ടതമമായി തീരുമായിരുന്നുവെന്നു നിങ്ങൾ ഊഹിച്ചുകൊള്ളുക. എൻെറ ജീവിതം വെറുതെ പോയി. എന്നെ ഇനി നിങ്ങൾ കാണുകയില്ല. ഞാൻ ഏതു ജീവിതത്തിൽനിന്ന് ഈ നിലയിൽ എത്തിയോ ആ ജീവിതത്തെ സ്വീകരിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. അവിടെ എനിക്കു വളരെ നന്മകളൊന്നും ചെയ്വാൻ സാധിച്ചില്ലെങ്കിലും [illegible]തെ ജീവിക്കാമെന്നാണ് [illegible] വിചാരിക്കുന്നതു്. ഈ കെട്ടിടവും [illegible]തിലുള്ള സാമാനങ്ങളും [illegible] വിററു കിട്ടുന്ന മുതൽ അഗതികളെ സംരക്ഷിക്കുന്നതിനായി ബോംബയിലും മററും ഉള്ള സംഘക്കാരെ ഏൽപ്പിക്കണം. എനിക്കു സുഖമുണ്ടെങ്കിൽ ഞാൻ ഇന്നു തന്നെ ഇവിടെനിന്നു പോകും. എൻെറ ഇടത്തുവശത്തു എന്തോ കഠിനമായി എന്നെ വേദനിപ്പിക്കുന്നു. മനഃസുഖത്തിനെന്നപോലെ ദേഹസുഖത്തിനും ധനം നാശകാരണമാണ്. [illegible]ൻെറ രഹസ്യത്തിൽനിന്ന് ഉണ്ടായിട്ടുള്ള ആദായങ്ങളിൽ ഒരു കാശുപോലും എനിക്കു വേണ്ട. രഞ്ജിനീ! നീ സുഖമായിരിക്കു. നിൻെറ [illegible] ശ്രദ്ധ എടുക്ക. എന്നെപ്പോലെ നീ [illegible]മനുഭവിക്കാതിരിക്കട്ടെ.

[illegible]സ്വന്തം മനോമോഹനൻ".

[illegible] എഴുത്തു വായിച്ചു കഴി[illegible] ഇതു് ആത്മഹത്യ ആ[illegible] പോലീസുകാരൻ ചോദി[illegible]

[illegible]ചനല്ല അദ്ദേഹം. ഹൃദയം [illegible]ച്ചിരിക്കുന്നു എന്ന് എനി[illegible]ന്നു."

[illegible]

(സമാപ്തം.)

DEPARTMENTAL LIBRARIES
MAR 1950
UNIVERSITY OF MADRAS.

V.R.N.
17/3/50.

MUL
050711